# അഹിംസാത്മക ആഗോള രാഷ്ട്രതന്ത്രം

## ഗ്ലെൻ ഡി. പെയ്ജ്

ഹവായ് സർവ്വകലാശാല എമരിറ്റഡ് പ്രൊഫസറും
ഹൊണോലുലുവിലെ സെന്റർ ഫോർ ഗ്ലോബൽ ഗോൺ വയലൻസ്
സ്ഥാപക പ്രസിഡന്റുമാണ് ഗ്ലെൻ ഡി. പെയ്ജ് (1929)

പ്രിൻസെറോണിലെ ഫിലിപ്പ്സ് എക്സിററർ അക്കാദമി (A.B.)
ഹാർവാർഡ് (MA) നോർത്ത് വെസ്റേറൺ (Ph.D)
എന്നിവിടങ്ങളിൽ വിദ്യാഭ്യാസം.

സിയോൾ നാഷണൽ യൂണിവേഴ്സിറ്റി (195961), പ്രിൻസെറ്റോൺ
(1961-67) യൂണിവേഴ്സിറ്റി ഓഫ് ഹവായ് (196-92) എന്നിവിടങ്ങളിൽ
അദ്ധ്യാപകനായി സേവനം. ഹവായ്യിൽ രാഷ്ട്രീയ നേതൃത്വം,
അഹിംസാത്മക ബദൽ രാഷ്ട്രീയം എന്നീ വിഷയങ്ങളിൽ
ബിരുദ കോഴ്സുകളും ബിരുദാനന്തര സെമിനാറുകളും
സംഘടിപ്പിക്കാൻ മുൻകൈ എടുത്തു.

പ്രധാന ഗ്രന്ഥങ്ങൾ : The Korean Decision : June 24-30, 1950 (1968)
The Scientific Study of Political Leadership (1977) To Nonviolent
Political Science : From Seasons of Violence (1993)

## ജയിംസ് എ. റോബിൻസൺ

നയതന്ത്രശാസ്ത്രജ്ഞൻ, മിനെസോട്ടയിലെ മകെയ്ൽസ്റ്റർ കോളേജ്
മുൻ പ്രസിഡന്റ്, ഫ്ളോറിഡയിലെ യൂണിവേഴ്സിറ്റി ഓഫ് വെസ്റ്റ്
ഫ്ളോറിഡ പ്രസിഡന്റ് എമെരിററസ്. Congress and Foreign Policy
(1963) എന്ന പ്രശസ്ത ഗ്രന്ഥത്തിന്റെ രചയിതാവ്. അമേരിക്കയിലെ
യും ലോക രാഷ്ട്രീയത്തിലെയും തീരുമാന പ്രക്രിയയെക്കുറിച്ച്
നിരവധി ഗവേഷണങ്ങൾ നടത്തിയിട്ടുണ്ട്. ഇപ്പോൾ ഏഷ്യയിലെ
വ്യത്യസ്തങ്ങളായ ജനാധിപത്യ പ്രക്രിയകളെക്കുറിച്ച്
ഗവേഷണം ചെയ്യുന്നു.

# അഹിംസാത്മക
# ആഗോള
# രാഷ്ട്രതന്ത്രം

ഗ്ലെൻ ഡി. പെയ്ജ്

ഗാന്ധി മീഡിയാ സെന്റർ
ന്യൂഡെൽഹി, മധുര, തിരുവനന്തപുരം

©
Glenn D. Paige
Library of Congress

# അഹിംസാത്മക ആഗോള രാഷ്ട്രതന്ത്രം

# Non killing Global Political Science

| | |
|---|---|
| Glenn D. Paige | ഗ്ലെൻ ഡി. പെയ്ജ് |
| *Introduced by:* | *ആമുഖം :* |
| James A. Robinson | ജെയിംസ് എ. റോബിൻസൺ |
| *Forward by:* | അവതാരിക : |
| N. Radhakrishnan | എൻ. രാധാകൃഷ്ണൻ |
| *Translated by:* | *പരിഭാഷ:* |
| Ajith Venniyoor | അജിത് വെണ്ണിയൂർ |
| *Assisted by:* | *സഹായം :* |
| M.V. Thomas | എം.വി. തോമസ് |
| P. M. Dev, M.P. Varkey | പി.എം. ദേവ്, എം.പി. വർക്കി |
| *Type Setting:* | *ലിപി വിന്യാസം :* |
| K.V. Ganesh | ഗണേഷ് |
| *Cover Design:* | *കവർ രൂപകല്പന :* |
| Aravind | അരവിന്ദ് |
| *Published by:* | *പ്രസാധനം :* |
| Gandhi Media Centre | ഗാന്ധി മീഡിയാ സെന്റർ |
| New Delhi, Madhurai | ന്യൂഡൽഹി, മധുര |
| Thiruvananthapuram | തിരുവനന്തപുരം |

# സമർപ്പണം

റിച്ചാർഡ് ഡി. സ്നൈഡർ
1916 - 1997

എച്ച്. ഹ്യൂബർട്ട് വിത്സൺ
1990-1977

രാഷ്ട്രമീമാംസർ, അദ്ധ്യാപകർ,
സുഹൃത്തുക്കൾ
എന്നിവർക്ക്

# ഉള്ളടക്കം


അവതാരിക ........................................ 9

ആമുഖം ........................................ 11

കടപ്പാട് ........................................ 13

ഉപോദ്ഘാതം : അഹിംസയുടെ രാഷ്ട്രതന്ത്രം ........ 15

അദ്ധ്യായം 1 :
നരഹത്യയില്ലാത്ത ഒരു സമൂഹം സാദ്ധ്യമോ? ........ 88

അദ്ധ്യായം 2 :
അഹിംസാത്മക സമൂഹത്തിനുവേണ്ട ശേഷി ........ 88

അദ്ധ്യായം 3 :
രാഷ്ട്രമീമാംസയുടെ ........................................ 88

അദ്ധ്യായം 4 :
പ്രശ്നപരിഹാരത്തിനുള്ള സൂചനകൾ ........................ 88

അദ്ധ്യായം 5 :
സ്ഥാപനപരമായ ........................................ 88

അദ്ധ്യായം 6 :
അഹിംസാത്മക ആഗോള രാഷ്ട്രതന്ത്രം ................ 88

അനുബന്ധം : A ........................................ 88

" B ........................................ 88

" C ........................................ 77

" D ........................................ 66

കുറിപ്പുകൾ ........................................ 88

ഗ്രന്ഥസൂചിക ........................................ 88

നാമസൂചിക ........................................ 88

വിഷയസൂചിക ........................................ 88

# ഇന്ത്യൻ പതിപ്പിനുള്ള
# അവതാരിക

വേരുറച്ച വിശ്വാസങ്ങളെയും വ്യവസ്ഥിതികളെയും ചോദ്യം ചെയ്യുന്നതിന് അസാമാന്യമായ ധൈര്യവും ഉറച്ച താത്വികാടിത്തറയും ആവശ്യമാണ്. അത്തരമൊരു സാഹസത്തിന് ധൈര്യം കാട്ടുകയും ഒഴുക്കിനെതിരെ നീന്തുകയും ചെയ്തവർ അതിന് കനത്ത വില നൽകേണ്ടിവന്നിട്ടുണ്ട്. എന്നാൽ സ്വപ്നാടകരെന്നോ ദാർശനികരെന്നോ, വിപ്ലവകാരികളെന്നോ ഒക്കെ സ്നേഹപൂർവ്വം, ചിലപ്പോൾ നന്ദിപൂർവ്വം വിശേഷിപ്പിക്കപ്പെടുന്ന അവരെ തങ്ങളുടെ രാജ്യദ്രോഹകരമായ പ്രവൃത്തികളിൽ നിന്ന് പിന്തിരിപ്പിക്കാൻ പക്ഷേ ആർക്കും കഴിഞ്ഞിട്ടില്ല. മറിച്ച് വധഭീഷണിയും പീഢനങ്ങളും ജയിൽ ശിക്ഷയും മർദ്ദനങ്ങളുമെല്ലാം അവഗണിച്ച് മുന്നേറുന്ന അത്തരം മർദ്ദനങ്ങളുമെല്ലാം അവഗണിച്ച് മുന്നേറുന്ന അത്തരമാളുകളുടെ എണ്ണം അനുദിനം വർധിക്കുന്നതേയുള്ളൂ.

ഒരു കാലത്ത് ലോകം കണ്ടതിൽ വച്ചേറ്റവും രക്തരൂക്ഷിതമായ യുദ്ധം നയിച്ച അശോക ചക്രവർത്തി മാനസിക പരിവർത്തനത്തിലൂടെ സമാധാനത്തിന്റെ വെള്ളരിപ്രാവായി പരിവർത്തനം ചെയ്യുകയും ഒരു പക്ഷേ ചരിത്രത്തിലാദ്യമായി അഹിംസ ദേശീയ നയമായി അവതരിപ്പിക്കുകയും ചെയ്ത അഭിമാനാർഹമായ പാരമ്പര്യം കാത്തു സൂക്ഷിക്കുന്നവരാണ് ഭാരതീയർ. 1950 കളിൽ കൊറിയൻ യുദ്ധക്കളത്തിൽ അതിന് ഏതാണ്ട് സമാനമായ ഒരു മാനസിക പരിവർത്തനത്തിലൂടെ സംഘർഷ നിവാരണത്തിന് ബദൽ അന്വേഷണത്തിന്റെ ആവശ്യം ബോധ്യപ്പെട്ട് പുതിയ പാത വെട്ടിത്തെളിച്ച യുവ സൈനിക കമ്യൂണിക്കേഷൻ ഓഫീസറാണ് ഗ്ലെൻ ഡി. പെയ്ജ്. അഹിംസയെക്കുറിച്ചുള്ള ഇദ്ദേഹത്തിന്റെ പുതിയ അവബോധം മഹാത്മഗാന്ധിയുടെ ജീവിതവും പരീക്ഷണങ്ങളും ഗൗരവപൂർവ്വം പഠിക്കുന്നതിന് പ്രേരിപ്പിച്ചു. തുടർന്നുള്ള പതിററാണ്ടുകളിൽ പ്രൊ: പെയ്ജ് ഭാരതത്തോട് ആത്മീയമായി വളരെ അടുത്തു. ഇത് അദ്ദേഹ

ത്തിലും ഇന്ത്യയിലെ ഗാന്ധിയൻ പ്രസ്ഥാനത്തിലും, വിശേഷിച്ച് ശാന്തി സേനാ പ്രവർത്തനങ്ങളിൽ, അത്ഭുതകരമായ സ്വാധീനം ചെലുത്തി. ഗാന്ധിമാർഗ്ഗത്തിലുള്ള അഹിംസാ വിപ്ലവം എന്ന ആശയം ആഗോളതലത്തിൽ വ്യാപിപ്പിക്കുന്നതിൽ പ്രൊ: പെയ്ജ് ഒരു പ്രധാന ശക്തികേന്ദ്രമായി പ്രവർത്തിച്ചു. അഹിംസയോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധത ക്രമേണ പൂർണ്ണമാകുകയും അത് പ്രചരിപ്പിക്കാൻ നിരവധി രാജ്യങ്ങൾ അദ്ദേഹം സന്ദർശിക്കുകയും ചെയ്തു. വിവിധ രാജ്യങ്ങളിലെ സമാധാന പ്രവർത്തകരുമായി ബന്ധം സ്ഥാപിക്കുകയും അഹിംസയുടെ അനന്ത സാദ്ധ്യതകളെക്കുറിച്ച് പുതിയ ആശയങ്ങളും ചിന്തകളും ഉൾക്കാഴ്ചകളും പങ്കുവയ്ക്കാൻ അദ്ദേഹം വേദിയൊരുക്കി. യുവഗവേഷകർ, സാമൂഹ്യ പ്രവർത്തകർ, പരിവർത്തനവാദികൾ, അക്കാദമിക സമൂഹം തുടങ്ങി സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ളവരുമായി ആശയങ്ങൾ പങ്കുവച്ച് പുതിയതലമുറയെ അഹിംസാത്മക രാഷ്ട്രീയത്തിലേക്ക് ആകർഷിക്കാൻ അദ്ദേഹം അകമഴിഞ്ഞ് പ്രവർത്തിച്ചു. ഈ പരിശ്രമങ്ങൾ അദ്ദേഹത്തെ ആഗോളതലത്തിൽ അഹിംസയുടെ പോരാളിയായി ഉയർത്തുകയും ചിന്തിക്കുന്ന സമൂഹത്തിന്റെ പ്രചോദകശില്പിയായി അവരോധിക്കുകയും ചെയ്തു. നരഹത്യയില്ലാത്ത ഒരു സമൂഹത്തിന് വേണ്ടിയുള്ള അദ്ദേഹത്തിന്റെ അഭ്യർത്ഥന ആദ്യകാലത്ത് പലരും പുച്ഛരത്തോടെ നിരസിച്ചു തള്ളി. പലരും പുരികം ചുളിച്ചു. നിലവിലുള്ള സാമൂഹിക രാഷ്ട്രീയ സാഹചര്യത്തിൽ അതസാദ്ധ്യമാണെന്ന് മിക്കവരും ചിന്തിച്ചു. പ്രൊ: പെയ്ജിന്റെ നിസ്തുലമായ ഈ കാഴ്ചപ്പാടിനെ നിരവധി പേർ അംഗീകരിക്കുകയും അഭിനന്ദിക്കുകയും ചെയ്തു. അംഗീകൃത രാഷ്ട്രമീമാംസകർ ഒഴികെ.

ഗ്ലെൻ പെയ്ജിന്റെ "To Non Violent Political Science : From Seasons of Violences" എന്ന പുസ്തകം നിരൂപണം ചെയ്യവേ ജോഹാൻ ഗാൽടങ്ങ് ശ്രദ്ധേയമായ ഒരു നിരീക്ഷണം അവതരിപ്പിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു "അടിമത്തത്തെ തികച്ചും സാധാരണമായ ഒരു കാരണമായും മനുഷ്യാവസ്ഥയുടെ ഭാഗമായും കണ്ടിരുന്ന ഒരു കാലഘട്ടത്തിലെ സാമൂഹിക തത്വശാസ്ത്രത്തിലേക്ക് പ്രൊ: ഗ്ലെന്നിന്റെ ചിന്തകൾ എന്നെ ആനയിക്കുന്നു. അടിമത്തമില്ലാത്ത ഒരു സമൂഹം സാധ്യമാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ എന്ന അന്നത്തെ ഗ്ലെൻ പെയ്ജ്മാരുടെ ചോദ്യം എനിക്ക് കേൾക്കാം. നരഹത്യയില്ലാത്ത സമൂഹത്തെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് ഇന്ന് ഗ്ലെന്നിനു ലഭിക്കുന്ന ഉത്തരങ്ങൾക്ക് സമാനമായ മറുപടികൾ അവിടെ നിന്നുയരുന്നതും എനിക്ക് കേൾക്കാം. അടിമത്തത്തെക്കുറിച്ചുള്ള വിശ്വാസപ്രമാണങ്ങൾ വികസിപ്പിച്ചെടുത്തവരുടെ ശബ്ദവും എനിക്കിവിടെ കേൾക്കാം."

മൂന്ന് പതിറ്റാണ്ടു നീണ്ട ഗവേഷണം, ധ്യാനം, മൗനം, ചർച്ചകൾ, സംവാദങ്ങൾ എന്നിവയിലൂടെ ലോകത്തെ സമുന്നതമായ ബൗദ്ധിക സമൂഹവുമായി പ്രൊ: പെയ്ജ് നടത്തിയ ആശയമഥനത്തിന്റെ പരിണതഫലമാണ് ഈ സവിശേഷ ഗ്രന്ഥം. ഗ്രന്ഥകാരൻ വിശ്വസിക്കുന്നതുപോലെ നരഹത്യ ശീർഷകമാക്കിയ ഇംഗ്ലീഷ് ഭാഷയിലെ ആദ്യ പുസ്തകമാണ് ഇത്. നരഹത്യയെ ന്യായീകരിക്കുകയും നേട്ടമായി കണക്കാക്കുകയും അതിലഭിമാനിക്കുകയും ചെയ്യുന്ന ഇന്നത്തെ സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക, മതഘടനയിൽ ഗ്ലെൻ ഡി പെയ്ജിനെപ്പോലെ തിക പ്രതിബദ്ധതയോടും ധൈര്യത്തോടും കൂടി അതിനെ ചോദ്യം ചെയ്യുന്നവരുടെ അവസ്ഥ എന്തായിരിക്കും? അദ്ദേഹത്തിന്റെ പ്രിയങ്കരമായ ഈ ചോദ്യം വന്യമായ കാപട്യത്തിന്റേയും അസഹിഷ്ണുതയുടേയും ഇരുട്ടറകളിൽ മുങ്ങിപ്പോകുമോ അതോ അടിസ്ഥാനപരമായ മനോഭാവത്തിന് വഴിയൊരുക്കുന്ന ചിന്തകൾക്കും ആരോഗ്യകരമായ ചർച്ചകൾക്കും ഇതിടയാക്കുമോ?

കൊല്ലും കൊലയും ഇല്ലാത്ത ഒരാഗോളസമാജം സാധ്യമാണെന്നും അത് സാധ്യമാക്കുന്നതിൽ രാഷ്ട്രമീമാംസയിലെ അക്കാദമിക സമൂഹത്തിന് വലിയൊരു പങ്ക് വഹിക്കാൻ കഴിയുമെന്നും പ്രൊഫസർ പെയ്ജ് ആത്മാർത്ഥമായി വിശ്വസിക്കുന്നു. കൊല്ലുന്നതിനുള്ള വാസന മനുഷ്യസഹജമാണെന്നും സാമൂഹിക ജീവിതത്തിൽ അതൊഴിവാക്കാൻ ആവില്ലെന്നുമുള്ള ധാരണകളെ അദ്ദേഹം ഈ പുസ്തകത്തിൽ നിരാക്ഷേപമായ വാദഗതികളോടെ ചോദ്യം ചെയ്യുന്നു.

ഈ പുസ്തകത്തിന്റെ ഇന്ത്യൻ പതിപ്പ് പുറത്തിറക്കാൻ അവസരം ലഭിച്ചതിൽ ഗാന്ധി മീഡിയാസെന്ററിന് അങ്ങേ അററത്തെ അഭിമാനമുണ്ട്. അതിനനുവാദം തന്നെ പ്രൊ: ഗ്ലെന്റിനോട് ഞങ്ങൾ അങ്ങേയററം കടപ്പെട്ടിരിക്കുന്നു. മാനവ സമൂഹത്തെ ചിന്തയുടെയും പ്രവർത്തനത്തിന്റെയും പുതിയൊരു ദിശയിലേയ്ക്ക് നയിക്കുന്നതിന് അനിതരസാധാരണമായ ഈ പുസ്തകം ഒരു മുന്നണി പോരാളിയാകുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. നരഹത്യയില്ലാത്ത ഒരു സമൂഹം സാധ്യമാണെന്ന് ഞാനുറച്ച് വിശ്വസിക്കുന്നു. അങ്ങനെ ഓരോരുത്തരും വിശ്വസിക്കുകയാണെങ്കിൽ, ഇതിനുവേണ്ടി ഗ്രന്ഥകാരൻ നടത്തിയ കഠിനപ്രയത്നങ്ങൾക്ക് ഫലമുണ്ടാകുമെന്ന് ഉറപ്പാണ്.

ഈ പുസ്തകം ഹിന്ദി, തമിഴ്, മലയാളം തുടങ്ങിയ പ്രധാന ഇന്ത്യൻ ഭാഷകളിലേക്ക് വിവർത്തനം ചെയ്യാൻ ഗാന്ധി മീഡിയ സെന്റർ നടത്തിയ പരിശ്രമം ഇപ്പോൾ സഫലമായിരിക്കയാണ്. ഈ മലയാളം പതിപ്പ് നിങ്ങളുടെ സജീവ വായനയ്ക്കും ചർച്ചയ്ക്കുമായി ഞങ്ങൾ വിനയപൂർവ്വം സമർപ്പിക്കുന്നു. മലയാളം പതിപ്പിന്റെ വിവർത്തന ചുമതല ഏറെറടുത്ത്

ഭംഗിയായി നിർവ്വഹിച്ച ശ്രീ. അജിത് വെണ്ണിയൂർ, ഈ പരിശ്രമത്തിൽ ഞങ്ങളെ സഹായിച്ച ശ്രീ. എം.വി. തോമസ്, ശ്രീ. പി. എം. ദേവ്, ശ്രീ. എം. പി. വർക്കി, ശ്രീ. പ്രശാന്ത് മിത്രൻ എന്നിവരോടും ഞങ്ങൾക്കുള്ള കടപ്പാട് ഇവിടെ രേഖപ്പെടുത്തട്ടേ.

ഈ പുസ്തകത്തിലെ ആശയങ്ങളോടുള്ള ക്രിയാത്മക പ്രതികരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്,

സ്നേഹാദരങ്ങളോടെ,

**എൻ. രാധാകൃഷ്ണൻ**

*ചെയർമാൻ*

*ഇന്ത്യൻ കൗൺസിൽ ഫോർ ഗാന്ധിയൻ സ്റ്റഡീസ്*

# ആമുഖം

ആരബ്ധവിദ്യർ തൊട്ട് മഹാമനീഷികൾ വരെയുളെല്ലാ രാഷ്ട്രമീമാംസാപണ്ഡിതന്മാരുടെയും നിരൂപണ ബുദ്ധ്യാ ഉള്ള പ്രതികരണങ്ങൾ ആവശ്യപ്പെടുന്ന ഒരു ഗ്രന്ഥമാണിത്. നമ്മുടെ രാഷ്ട്രീയസിദ്ധാന്തങ്ങളിലും അതിന്റെ പ്രായോഗിക തലത്തിലും സ്വീകരിക്കപ്പെട്ട ഒരു സിദ്ധാന്തമാണ് കൊലപാതകം മനുഷ്യാവസ്ഥയിൽ നിന്ന് ഒഴിവാക്കാൻ പറ്റാത്ത ഒരു ഭാഗമാണെന്നത്. എന്നാൽ ഈ മുൻവിധി മാററിയെടുക്കാൻ ആളുകൾക്ക് പ്രായത്തിന്റെയോ പാണ്ഡിത്യത്തിന്റെയോ ആനുകൂല്യങ്ങൾ ആവശ്യമില്ല. ഈ ഗ്രന്ഥം വായിക്കുന്നവരിൽ നിന്നും പ്രതീക്ഷിക്കുന്ന ഒരു കാര്യം, അവർ ഈ മുൻവിധിയെ ചോദ്യം ചെയ്യുകയും കൊലപാതകങ്ങളില്ലാത്ത ഒരാഗോള വ്യവസ്ഥിതിയിലേയ്ക്കുള്ള ചവിട്ടുപടികൾ തീർക്കുകയും ചെയ്യും എന്നാണ്.

ഗ്രന്ഥനാമത്തിൽത്തന്നെ 'കൊലപാതകരഹിതം' എന്ന പദം വരുന്ന ഇംഗ്ലീഷിലെ ആദ്യ പുസ്തകമായിരിക്കും ഇത്. ഈ ഒരു ശൈലി നമ്മുടെ വ്യവസ്ഥാപിത ഭാഷയിൽ പ്രചാരമില്ലാത്തതാണ്. ഇത് "സമാധാനം" എന്ന പദത്തെക്കാളേറെ, അല്ല, " അക്രമരാഹിത്യം" എന്ന പദത്തെക്കാളേറെ, പരിഗണനന ആവശ്യപ്പെടുന്നതാണ്. "കൊലപാതകരഹിതം" എന്ന സങ്കല്പത്തിനു നേർക്കുള്ള പ്രാഥമിക പ്രതികരണങ്ങൾ തികച്ചും പ്രതികൂലവും ഇടുങ്ങിയതും വളരെ പ്രാധാന്യമുള്ള പല വസ്തുതകളെയും അവഗണിക്കുന്നതരത്തിലുള്ളതുമായിരുന്നു. അവർ ഗാന്ധിയുടെ അനുശാസനമായ അഹിംസയുടെ (ചിന്തയിലൂടെയോ വാക്കിലൂടെയോ പ്രവൃത്തിയിലൂടെയോ മുറിവേല്പിക്കാത്ത അവസ്ഥ) നിർവ്വചനത്തോട് സഹഭാവം പുലർത്തുമ്പോൾ "കൊലപാതകരാഹിത്യം" അതിൽ നിന്നും അല്പം മാത്രം പുരോഗതിയുള്ള ഒനനായി നിരീക്ഷിച്ചേക്കാം.

ഗാന്ധിയായാൽ പോലും ഒരു വായനക്കാരനെന്ന നിലയിൽ കൊലപാതകങ്ങളിൽ നിന്ന് വിമോചനത്തിനു വേണ്ടിയുള്ള ഒരവസ്ഥയ്ക്ക്

വേണ്ടി ആത്മാർത്ഥമായി പ്രേരണ ചൊലുത്തുക തന്നെ ചെയ്യും. അദ്ദേഹം അങ്ങനെ ചെയ്യുന്നത് ഇത് മറ്റു വിധത്തിലുള്ള അക്രമങ്ങളുടെ അതിജീവന ശക്തി എന്ന നിലയിൽ ഹിംസാരഹിത രാഷ്ട്രമീമാംസയി ലേയ്ക്കുള്ള ശ്രദ്ധേയമായ ചുവടുവെയ്പ്പാകും എന്നതുകൊണ്ടാണ്. അങ്ങനെ ജീവനെടുക്കുന്ന രാഷ്ട്രമീമാംസയിൽ നിന്ന് ജീവൻ ഉറപ്പിക്കുന്ന രാഷ്ട്രമീമാംസയിലേയ്ക്ക് ഇത് ലോകത്തെ നയിക്കും.

ഈ ഗ്രന്ഥം അവതരിപ്പിക്കുന്ന ആശയം കൊലപാതകമില്ലാത്ത ഒരു ആഗോളസമൂഹം സാധ്യമാണ് എന്നാണ്. അതിന് രാഷ്ട്രമീമാംസയുടെ അക്കാദമികമായ വിഭാഗങ്ങൾ പരിവർത്തിപ്പിച്ച് അതിന്റെ സാമൂഹ്യാവ സ്ഥയിലൂടെ ഇത്തരം ഒരു സമൂഹസൃഷ്ടിക്കുവേണ്ട സഹായങ്ങൾ ചെ യ്യാൻ കഴിയും. കൊലപാതകം മനുഷ്യന്റെ ഒഴിവാക്കാനാവാത്ത ഒരു ല ക്ഷണമാണെന്നും അതുകൊണ്ട് നമ്മുടെ സമൂഹ ജീവിതത്തിൽ ഇതി ന്റെ പഠനവും പ്രയോഗവും സ്വീകാര്യമായേ തീരൂ എന്നും ഉള്ള വാദമു ഖങ്ങളെ നമുക്ക് ഇനിപ്പറയുന്ന കാര്യങ്ങളുന്നയിച്ച് ചോദ്യം ചെയ്യാം.

ഒന്നാമത്, മനുഷ്യൻ ജീവശാസ്ത്രപരമായും വ്യവസ്ഥാപിതമായും കൊ ലയും കൊലപാതകരാഹിത്യവും പിൻതുടരാൻ പ്രാപ്തരാണ്.

രണ്ടാമത്, മനുഷ്യർക്ക് കൊല്ലാനുള്ള കഴിവുകൾ ഉണ്ടെങ്കിലും മിക്ക വാറും മനുഷ്യർ കൊലപാതകികളല്ല എന്നത്.

മൂന്നാമത്, കൊല്ലാതിരിക്കാനുള്ള കഴിവ് ഇപ്പോൾത്തന്നെ സാമൂഹ്യ സ്ഥാപനങ്ങൾ വളരെ വിപുലമായി വിശദീകരിച്ചു കഴിഞ്ഞതാണ് എന്നു മാത്രമല്ല അത് കൊലപാതകമില്ലാത്ത സമൂഹങ്ങളുടെ സൃഷ്ടിക്കുവേണ്ടി സർഗ്ഗാത്മകമായി ഉപയോഗിക്കാവുന്ന ഒരു ഘടകമായി സ്വീകരിക്കുന്നു മുണ്ട്.

നാലാമത്, കൊലപാതകത്തിന്റെ കാരണങ്ങളെക്കുറിച്ചുള്ള വിലയിരു ത്തലിലെ കാലികവും പ്രതീക്ഷാപൂർണവുമായ ശാസ്ത്രീയ മുന്നേറ്റങ്ങ ളെയും കൊലപാതകത്തിന്റെയും കൊലപാതകവിരുദ്ധ സ്വഭാവത്തിന്റെ യും കാരണങ്ങൾ വിശകലനം ചെയ്യുമ്പോഴും കൊലയിൽ നിന്ന് കൊല പാതകരാഹിത്യത്തിലേയ്ക്കുള്ള പരിവർത്തന കാരണങ്ങൾ വിശകലനം ചെയ്യുമ്പോഴും മനശ്ശാസ്ത്രപരവും സാമൂഹ്യവുമായ വസ്തുതകൾ പരി ശോധിക്കുമ്പോഴും നമ്മുടെ ഹിംസാ പ്രവണതകൾക്ക് കൊലപാതക രാ ഹിത്യത്തിലേയ്ക്കുള്ള ഒരു പരിണാമം സാധ്യമാണെന്നു കിട്ടുന്നു.

അഞ്ചാമത്, ഹിംസാത്മക മനുഷ്യപ്രകൃതി രാഷ്ട്രമീമാംസയിലും രാ ഷ്ട്രീയത്തിലും അക്രമത്തിനു സ്വീകാര്യതവരുവാനുള്ള അടിസ്ഥാന ഘ

ടകമായി അംഗീകരിക്കുമ്പോൾ ഇത് അച്ചടക്കത്തിന്റെ ആധാര യാകുന്നതിന് വളരെ ചെറിയ സാധ്യതകളേ ഉണ്ടാകുന്നുള്ളൂ എന്നത്.

ആറാമത്, പ്രാദേശികം മുതൽ ആഗോളതലം വരെയുള്ള മനുഷ്യ ജീവിതത്തിൽ നിന്ന് കൊലപാതക സ്വഭാവം നീക്കം ചെയ്യുന്നതിനു വേണ്ടി ഇന്ന് കൊലപാതകരഹിത സാമൂഹ്യ പരിവർത്തനത്തിനുവേണ്ടിയുള്ള മനുഷ്യപ്രയത്നത്തിനു പ്രേരണ ചൊലുത്താത്ത രാഷ്ട്രമീമാംസാ വിദഗ്ദ്ധരെ ഇതിലേയ്ക്ക് ചേരാൻ ക്ഷണിക്കുകയും ഇതിനെ വിശദമായ അന്വേഷണം ആവശ്യമുള്ള ഒരു വിഷയമായി പരിഗണിച്ച് സൈദ്ധാന്തികമായ അനുമാനങ്ങൾ രൂപപ്പെടുത്താൻ പ്രേരണ ചൊലുത്തുകയും ചെയ്യുക. അണ്വായുധ വ്യാപനത്തിനെതിരെ വാദമുഖങ്ങൾ നിരത്തി പരിമിതമോ വ്യാപകമോ ആയ അണ്വായുധ യുദ്ധങ്ങൾക്കെതിരെ പ്രാദേശിക തലത്തിലും ആഗോളതലത്തിലും പ്രവർത്തിക്കുന്നവരെപ്പോലെ കൊലപാതകരാഹിത്യത്തെയും അക്രമത്തെയും സ്വീകരിക്കുന്ന രാഷ്ട്രമീമാംസാവിദഗ്ദ്ധർക്കും സർഗാത്മകമായും നിരൂപണബുദ്ധിയോടെയും ഇതിൽ സഹകരിക്കുകയും അതിന്റെ തുടർപ്രവർത്തനങ്ങളിലൂടെ അതിനോടുള്ള പ്രതിബദ്ധതയുടെ ഭവിഷ്യത്തുക്കൾ മനസ്സിലാക്കി ആഗോളജീവിതത്തിലെ കൊലപാതകരഹിത സാഹചര്യങ്ങളെ അംഗീകരിക്കുകയും ചെയ്യാം.

ഈ ഗ്രന്ഥം നേരിട്ട് അഭിസംബോധന ചെയ്യുന്നത് രാഷ്ട്രമീമാംസ പഠിക്കുകയും അത് പ്രായോഗികതലത്തിൽ കൊണ്ടുവരുന്നവരെയുമാണെങ്കിലും മറെറാരു കാര്യം വളരെ വ്യക്തമാണ്. അതായത്, ഒരു ഹിംസാരഹിത സമൂഹം സാധ്യമാകുന്നത് എല്ലാ മേഖലകളിലുമുള്ള പണ്ഡിതന്മാരുടെയും എല്ലാത്തരത്തിലുമുള്ള തൊഴിലെടുക്കുന്നവരുടെയും സംഭാവനകളിലൂടെയാണ് എന്ന വസ്തുത. ഇതിനുള്ള മഹത്തായ ഒരുദാഹരണം ഹാർവാർഡിലെ സോഷ്യോളജിസ്റ്റായ പിറ്റിറിം എ. സൊറോക്ക് പരാർത്ഥവാദ സ്നേഹത്തെക്കുറിച്ചെഴുതിയ ദ വോയ്സ് ആന്റ് പവ്വർ ഓഫ് ലവ് (1954) ആണ്. ആ മട്ടിൽ ഹിംസാരാഹിത്യത്തിന്റെ പ്രാകൃതികവും ജീവശാസ്ത്രപരവുമായ ഒരു ശാസ്ത്രം നമുക്കാവശ്യമുണ്ട്. അതോടൊപ്പം ഹിംസാരഹിത മാനവകുലവും ഹിംസാരഹിത തൊഴിൽ രംഗങ്ങളും ഹിംസാ വിരുദ്ധരായ ജനങ്ങളും എല്ലാ തുറകളിലും ആവശ്യമാണ്. ഇന്നലെയുടെയും ഇന്നിന്റെയും മാനവശേഷിയുടെ സമഗ്രത മനസ്സിലാക്കുന്നതിന് നമ്മൾ നമ്മുടെ പ്രാദേശിക സാഹചര്യത്തിനും സംസ്കാരത്തിനുമപ്പുറത്ത് നമ്മുടെ അറിവും അനുഭവവും പങ്കുവെയ്ക്കേണ്ടതുണ്ട്. അതുകൊണ്ട് സൂക്ഷ്മഗ്രാഹകവും കൃതകൃത്യവും പ്രായോഗികമായി സംഗതവുമായ കൊലപാതക രഹിത രാഷ്ട്രമീമാംസാ ശാസ്ത്രം ആശയപരമായും പങ്കാളിത്തം കൊണ്ടും ഒരു ആഗോള വ്യവസ്ഥ ആയേ തീരൂ.

# കടപ്പാട്

ഈ പുസ്തകരചനയിൽ അമൂല്യമായ സംഭാവനകൾ നൽകിയ അറിയപ്പെടുന്നവരും അല്ലാത്തവരുമായ, ജീവിച്ചിരിക്കുന്നവരും മൺമറഞ്ഞവരുമായ എല്ലാപേരോടും എന്റെ ആഴത്തിലുള്ള കടപ്പാട് ഇവിടെ രേഖപ്പെടുത്തുക സാധ്യമല്ല. ഈ പുസ്തകത്തിന്റെ ഒടുവിൽ കൊടുത്തിട്ടുള്ള ഗ്രന്ഥസൂചികയിൽ അവയുടെ ഒരു തിരനോട്ടം കാണാം. ഈ ബൗദ്ധിക യാത്രയിൽ എന്നോടൊപ്പം സഞ്ചരിച്ച, എന്നെ സഹായിച്ച അഹിംസാത്മക ബദൽ രാഷ്ട്രതന്ത്രങ്ങൾ കണ്ടെത്തുന്നതിനൊപ്പം പരിശ്രമിച്ച ഹവായ് യൂണിവേഴ്സിറ്റിയിലെ 1978–92 കാലയളവിലെ ബിരുദ-ബിരുദാനന്തര-ഗവേഷക വിദ്യാർത്ഥികൾ, പിന്നീട് ഉയർന്ന അക്കാദമിക തലങ്ങളിലെത്തിച്ചേർന്ന ഫ്രാൻസൈസെൻബ്ളൂം, ഷൈവത്ത് സദാ- ആനന്ദ്, മക്കാപാദോ എ. മുസ്‌ലീം എന്നിവരോട് ഞാൻ അങ്ങേയററം കടപ്പെട്ടിരിക്കുന്നു. പ്രഖ്യാതരായ രണ്ട് രാഷ്ട്രമീമാംസ അദ്ധ്യാപകരുടെ – റിച്ചാർഡ് സി സ്നൈഡർ, ഹ്യൂബർട്ട് വിത്സൻ – സ്വാധീനം ഈ പുസ്തകരചനയിൽ ഉണ്ടായിട്ടുണ്ടെന്ന വസ്തുത എടുത്തു പറയട്ടേ. ശാസ്ത്രം, രാഷ്ട്രതന്ത്രം എന്നീ മേഖലകളിൽ പരക്കെ ആദരണീയനായ സ്നൈഡറുടെ ചിന്താഗതി ഏറെ ശ്രദ്ധേയമാണ്. അദ്ദേഹത്തിന്റെ നിഗമനത്തിൽ, "ബദൽ മാർഗ്ഗങ്ങളിൽ നല്ലത് തെരഞ്ഞെടുക്കാനുള്ള കഴിവാണ് രാഷ്ട്രീയത്തിന്റെ അന്തഃസത്ത. സാർവ്വത്രിക വിദ്യാഭ്യാസം, മൂല്യങ്ങളുടെ അഭാവത്തിൽ കാണാൻ കഴിയാത്ത കാര്യങ്ങളെ സമുന്നത മൂല്യങ്ങൾ കൊണ്ട് പ്രകാശിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങൾ എന്നിവയെ അദ്ദേഹം അങ്ങേയറ്റം വിലമതിച്ചിരുന്നു. സ്വതന്ത്രവും നീതിനിഷ്ഠവുമായ ഒരു സമൂഹം സംജാതമാവണമെങ്കിൽ പണ്ഡിതരും പൗരജനങ്ങളും അവർ സത്യമെന്ന് വിചാരിക്കുന്ന കാര്യം തുറന്നു ഉച്ചത്തിൽ പറയാൻ തയ്യാറാവണമെന്നും അതിനായി വേണ്ടിവന്നാൽ ഒറ്റയ്ക്ക് പോരാടണമെന്നും ഗാന്ധിക്കുശേഷം ശക്തിയായി വാദിച്ച രാഷ്ട്രമീമാംസകനായിരുന്നു ഹ്യൂബർട്ട് വിത്സൻ.

മറ്റെല്ലാ പണ്ഡിതന്മാരെയും പോലെ അക്കാദമിക സമൂഹത്തിനുമപ്പുറം അനേകം സ്രോതസ്സുകളിൽ നിന്നും എനിക്ക് പ്രേരണയും പ്രചോദനവും പ്രോത്സാഹനവും കിട്ടിയിട്ടുണ്ട്. ആത്മീയ നേതാക്കളായ ആചാര്യ തുൾസി, മഹാപ്രഗ്യ, റാബി ഫിലിപ്പ് ജെ. ബെന്റ്ലി റവറന്റ് സിഡ്നി ഹിൻകസ്, ദൈസേകുളക്കേഡ, സിസ്റ്റർ അന്നാമകാനി ലാമ ഡബൂൺ തുൻകു, ഫാ. ജോർജ് സബേൽക, അബ്ദുറഹ്മാൻ വാഹിദ് എന്നിവരുടെ മാർഗദർശനം നന്ദിയോടെ ഓർക്കുന്നു. പരിസ്ഥിതി, സസ്യ, സാമൂഹ്യ ശാസ്ത്രജ്ഞരിൽ ആൻ ചുങ്സി, ചുങ് യൂൻ - ജാ, ജെയിംസ് എ. ഡാറ്റോർ, ജോഹാൻ ഗാൽടങ്, പെയ്റോ ജ്യോർജി, ഹോങ് സുങ് - ചിക്ക്, ലിജേ ബോങ്, ബ്രയാൻ മാർട്ടിൻ, റൊണാൾഡ് എം. മകാർതി, ബ്രൂസ് ഇ. മാർടൺ, കിൻ ഹൈഡ് മുഷാകോജി, എർമി പർനോവ്, ഇല്യ പ്രിഗോഗിൻ, എൽ. തോമസ് ശാമ്സേ, റഹീ യോങ്-പിൻ, ഹിരോഹാരു സെകി, വില്യം സ്മിർനോവ്, ലെസ്ലി ഇ. സ്പോൺസെൽ, ജീൻ ഷാർപ്, റാഫ് സമ്മി എന്നിവരുടെ സംഭാവനകൾ എടുത്തു പറയേണ്ടിയിരിക്കുന്നു.

മാനവിക പണ്ഡിതരിൽ പ്രമുഖരായ എ. എൽ. ഹെർമൻ, റിച്ചാർഡ് എൽ. ജോൺസൻ, മൈക്കേൻ എൻ നാഗ്ലർ, ചമാൻ നഹാൽ, ജോർജ് സൈമൺ, ടാററിയാനു യാകുഷ്കിന, മൈക്കേൽട്ര എന്നിവരും ലൈബ്രേറിയൻമാരായ റൂത്ത് ബിൻസും ബ്രൂസ് ഡി. ബോന്റനും നൽകിയ സേവനം മറക്കാനാവില്ല. ജെയിംസ് വി. ആൽബെർട്ടിനി, എം. ആരം, എ. ററി. ആര്യരത്നെ, ഡാനിലോ ഡോൾഡി, ഗൈൻഫർ ഇവാൻസ്, ഹവാങ് ജാങ്-യോപ്, പെട്രാ കെ. കെല്ലി, ജീൻ സഡോക് കിങ്, മൈറീഡ് കോറിഗൻ മഗൈർ, അബ്ദുൾ സലാം അൽ-മജാലി, റൊണാൾഡ് മലോൺ, ഉസ്റുല മല്ലോൺ, ആൻഡെഡ് പെസ്ട്രാന, ഇവാ ക്വിസ്ട്രോപ്, ഷിഗു, ഇക്രം റബാനി റാണ, സുലക് ശിവരക്ഷ, ടി. കെ. എൻ. ഉണ്ണിത്താൻ തുടങ്ങിയ രാഷ്ട്രീയ - സാമൂഹിക നേതാക്കളും വിദ്യാഭ്യാസ ചിന്തകരിൽ ജോസ് വി. അബുവേവ, എൻ. രാധാകൃഷ്ണൻ, ജി. രാമചന്ദ്രൻ, ജോകിൻ ഉറേ, റീത്ത വാഹ്ൽസ്ട്രോം, അഹിംസാ പരിശീലകരിൽ ധർമാനന്ദ, ചാൾസ് എൽ. ആൽഫിൻ സീനിയർ, ബർണാഡ് ലാഫെയ്‌റ്റ് ജൂനിയർ എന്നിവർ ഏറെ പ്രോത്സാഹനം തന്നിട്ടുണ്ട്. ടിയോങ് എച്ച്കാം, ജീൻ ആർ ലെഡുക്, റാമോൺ ലെപ്പോസ് റെയ്സ്, ഇജയ് കെ. ഭരദ്വാജ്, എസ്. എൽ. ഗാന്ധി, നർമദ ശർമ, ജോർജ് സൈമൻ, എസ്. പി മായകുമാർ തുടങ്ങി ഒട്ടേറെപ്പേർ ഈ പ്രക്രിയയിൽ ഭാഗഭാക്കായിട്ടുണ്ട്.

ഈ പുസ്തകത്തിന്റെ കരട് ആദ്യമായി വായിച്ച് വിലപ്പെട്ട അഭിപ്രായങ്ങൾ അറിയിക്കുകയും ഉപോദ്ഘാതം എഴുതി സഹായിക്കുകയും ചെയ്ത ജെയിംസ് എ. നേബിൺസഹോട് ഞാൻ ഏറെ കടപ്പെട്ടിരിക്കുന്നു.

കഴിഞ്ഞ ഇരുപത്തഞ്ചുവർഷമായി ഞാൻ എഴുതിയ എല്ലാ പ്രബന്ധങ്ങളും ടൈപ്പ് ചെയ്തും ബാലി, ബാങ്കോക്ക്, ബീജിങ്, ബെർലിൻ, ബ്രസ്ബേൻ, ഹിരോഷിമ, ലണ്ടൻ, മോസ്ക്കോ, ന്യൂഡൽഹി, ന്യൂയോർക്ക്, പാരീസ്, പ്രോവിൻസ് ടൗൺ, പ്യോൻഗ്യാങ്, സിയോൾ, ടോക്യോ, ഉലാൻ ബറ്റർ എന്നീ രാജ്യങ്ങളിൽ ഞാൻ നടത്തിയ പഠന പര്യടനങ്ങളിൽ അനുഗമിച്ചും സ്വന്തം ഔദ്യോഗിക ചുമതലകൾക്ക് പുറമെ എന്റെ ദൈനംദിന കാര്യങ്ങൾ നോക്കി നടത്തിയും ഈ സപര്യയെ ധന്യമാക്കാൻ സഹായിച്ച ഗ്ളെൻഡഹററ്സുകോ നെയ്റോ പെയ്ളിനോട് ഞാൻ എന്നെന്നും കടപ്പെട്ടിരിക്കുന്നു.

ജോൺ ഡബ്ല്യൂ ബർഗസിന്റെ ഒരു അമേരിക്കൻ ഗവേഷകന്റെ സ്മരണകൾ (Reminiscences of an American Scholar) എന്ന ഗ്രന്ഥത്തിൽ നിന്ന് ചില ഭാഗങ്ങൾ എടുത്തു ചേർക്കാൻ അനുമതി തന്ന കൊളമ്പിയ യൂണിവേഴ്സിറ്റി പ്രസ്സിനോടുള്ള നന്ദിയും ഇവിടെ രേഖപ്പെടുത്തട്ടെ.

## ഉപോദ്ഘാതം

# അഹിംസയുടെ രാഷ്ട്രതന്ത്രം

അക്രമരഹിതമായ പുതിയ മാർഗ്ഗങ്ങൾ കണ്ടുപിടിക്കുകയും പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്ന പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന ഓരോരുത്തർക്കും കുററമററതും പുരോഗമനാത്മകവും കൂടുതൽ ശക്തവുമായ സിദ്ധാന്തങ്ങളും കഴിവുകളും ആവിഷ്ക്കരിക്കുവാൻ കഴിയും. അവ ആഗോളതലത്തിൽ തന്നെ സവിശേഷസന്ദർഭങ്ങൾക്ക് അനുയോജ്യമായ അഹിംസാത്മക പ്രവർത്തനങ്ങൾ നടത്തുന്നതിന് ഉപകരിക്കും.

സമകാലിക രാഷ്ട്രതന്ത്ര സാഹചര്യത്തിൽ അഹിംസാത്മക സമൂഹങ്ങളുടെ സൃഷ്ടിക്കുള്ള സാധ്യത അംഗീകരിക്കുന്നത് ഈ വിഷയത്തിന്റെ ഓരോ തലത്തിലും പുതിയ ചോദ്യങ്ങൾ ഉയർത്തും. അക്രമത്തിന്റെ അനിവാര്യതയും ന്യായയുക്തതയും അംഗീകരിക്കപ്പെടുമ്പോൾ സമൂഹത്തിലെ മററു പലരുമെന്നപോലെ രാഷ്ട്രതന്ത്രജ്ഞരും സാമാന്യേന താഴെപ്പറയുന്ന വ്യത്യസ്ത വീക്ഷണങ്ങളാണ് വച്ചു പുലർത്താറുള്ളത്. *അക്രമാനുകൂലം* : അവരവർക്കും സംസ്കാരത്തിനും പ്രയോജനം ചെയ്യുന്ന ഒന്നാണ് ഹിംസ; *അക്രമോന്മുഖം* : പ്രയോജനകരമെങ്കിൽ കൊല്ലുകയോ കൊലയ്ക്ക് പിന്തുണ നൽകുകയോ ചെയ്യുക. *വികല്പിതാക്രമം* : കൊല്ലുകയോ കൊല്ലാതിരിക്കുകയോ ചെയ്യുക; കൊലയ്ക്ക് പിന്തുണ നൽകുകയോ നൽകാതിരിക്കുകയോ ചെയ്യുക. *അക്രമം ഒഴിവാക്കൽ* : കൊല്ലുകയോ അതിന് പിൻതുണ നൽകുകയോ ഇല്ലെന്ന് മുൻകൂട്ടി നിശ്ചയിക്കുക; എങ്കിലും ആവശ്യമുള്ളപക്ഷം അത് ചെയ്യാൻ തയ്യാറായിരിക്കുക. *അക്രമരാഹിത്യം* : കൊല ചെയ്യുകയില്ലെന്ന് പ്രതിജ്ഞയെടുക്കുക; ഹിംസയ്ക്ക് സഹായകമായ സാഹചര്യങ്ങൾ മാററിയെടുക്കുക. ആദ്യത്തെ നാല് കാഴ്ചപ്പാടുകളും ഹിംസയെ അനുകൂലിക്കുന്നവയാണ്. എന്നാൽ അവസാനത്തേത് അഹിംസാത്മക രാഷ്ട്രതന്ത്രം ആവിഷ്ക്കരിക്കുന്ന തരത്തിലുള്ളതാണ്. മീമാംസയിലും സമൂഹത്തിലും അക്രമരാഹിത്യത്തിലേ

ക്കുള്ള മാറ്റം കൊണ്ടുവരിക എന്നതാണ് അതിന്റെ ലക്ഷ്യം.

സമകാലിക രാഷ്ട്രതന്ത്രം അക്രമത്തിന് പ്രാമുഖ്യം നൽകുന്നു എന്നു പറയുമ്പോൾ എല്ലാ രാഷ്ട്രതന്ത്ര അധ്യാപകരും ക്ലാസ്സിൽ നിന്ന് കൊല്ലുക, കൊല്ലുക എന്ന് സൈനികോദ്യോഗസ്ഥരെപ്പോലെ പറയുന്നു എന്നല്ല അർഥമാക്കുന്നത്. ബദൽ ജനാധിപത്യസംവിധാനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന രാഷ്ട്രതന്ത്രജ്ഞർ (കക്ഷി തലത്തിലുള്ള മത്സരങ്ങൾ, തിരഞ്ഞെടുപ്പുകൾ, നിയമസഭകൾ, നിയമം തുടങ്ങിയ മേഖലകളിൽ) അക്രമം ഒഴിവാക്കുന്നതിനുവേണ്ടി നടത്തുന്ന ശ്രമങ്ങളെയും ഇവിടെ അവഗണിക്കുന്നില്ല. ഈ പരിശ്രമങ്ങൾ ആഭ്യന്തര – രാഷ്ട്രാന്തരയുദ്ധങ്ങൾ നിർമ്മാർജനം ചെയ്യാൻ ഉപകരിക്കുന്നുണ്ട് എന്ന വാസ്തവം വിസ്മരിക്കാനാവില്ല. ഇന്നത്തെ രാഷ്ട്രമീമാംസ അക്രമത്തിന് അംഗീകാരം നൽകുന്നുവെങ്കിലും അഹിംസാ ബദലുകളുടെ സാധ്യതകൾ ഇല്ലാതാവുന്നില്ല. ഈ പശ്ചാത്തലത്തിൽ ധാർമ്മിക – നിരീക്ഷണാത്മകമുന്നേറ്റങ്ങൾക്കും നിരീക്ഷണാത്മക – ധാർമ്മിക മുന്നേറ്റങ്ങൾക്കും അവസരമുണ്ട്. സ്വാതന്ത്ര്യം, സമത്വം, നീതി, ജനാധിപത്യം എന്നിവയെ താത്മിക – നിരീക്ഷണതലത്തിലും നിരീക്ഷണ–താത്ത്വികതലത്തിലും പഠിക്കുമ്പോൾ അഹിംസയ്ക്ക് അർഹമായ സ്ഥാനം നൽകേണ്ടതുണ്ടെന്നാണ് ഇത് വ്യക്തമാക്കുന്നത്.

### അക്രമരഹിത ശാസ്ത്രീയ വിപ്ലവം

അഹിംസാത്മക സമൂഹങ്ങളുടെ സൃഷ്ടിക്കുള്ള സാധ്യത അംഗീകരിക്കുമ്പോൾ അത് സൂചിപ്പിക്കുന്നത് രാഷ്ട്രതന്ത്രത്തിലെ ഒരു അക്രമരഹിത ശാസ്ത്രീയ വിപ്ലവമാണ്. ഇതോടൊപ്പം പരസ്പരാശ്രിതമായ ഏഴ് ഉപവിപ്ലവങ്ങളും ആവശ്യമാണ്. അവ താഴെ ചേർക്കുന്നു: *താത്ത്വിക വിപ്ലവം:* ഇന്ന് അംഗീകാരം നേടിയിട്ടുള്ള ഹിംസയെ താത്ത്വികമായി നിരാകരിക്കുക, *വസ്തു നിഷ്ഠവിപ്ലവം* : അഹിംസാത്മക സാമൂഹിക പരിവർത്തനത്തിന് അനുകൂലമായ ഘടകങ്ങൾ കണ്ടെത്തുക. സൈദ്ധാന്തിക വിപ്ലവം: അഹിംസാത്മക പരിവർത്തനത്തിന്റെ കാരണങ്ങളും പ്രക്രിയകളും മനസ്സിലാക്കുക, *വിദ്യാഭ്യാസ – പരിശീലന വിപ്ലവം:* അഹിംസാത്മക പരിവർത്തനത്തിനാവശ്യമായ അറിവുകളും കഴിവുകളും പ്രദാനം ചെയ്യുക; *പ്രയുക്ത വിപ്ലവം:* അഹിംസാത്മക പരിജ്ഞാനം പ്രാവർത്തികമാക്കുക; *സംഘടനാത്മക വിപ്ലവം:* അഹിംസാത്മക വിപ്ലവം പ്രാവർത്തികമാക്കുന്നതിന് സഹായകമായ രീതിയിൽ സംഘടനകളെ മാറ്റിയെടുക്കുകയും പുതിയ സംഘടനകൾക്ക് രൂപം നൽകുകയും ചെയ്യുക; *സാമ്പ്രദായിക വിപ്ലവം:* അഹിംസാത്മകപരിവർത്തനപ്രക്രിയയ്ക്ക് ഏറ്റവും അനുയോജ്യമായ അന്വേഷണം, അപഗ്രഥനം, പ്രവർത്തനം എന്നിവയു

ടെ സമ്പ്രദായങ്ങൾ സൃഷ്ടിക്കുകയും അനുരൂപപ്പെടുത്തുകയും ചെയ്യു ക.

താത്ത്വിക വിപ്ലവം

താത്ത്വിക പരിവർത്തനം എന്നതുകൊണ്ട് അർഥമാക്കുന്നത് ഹിംസ യ്ക്കുള്ള പ്രാമുഖ്യത്തിൽ നിന്ന് അഹിംസയ്ക്കുള്ള പ്രാമുഖ്യത്തിലേ യ്ക്കുള്ള മാറ്റമാണ്. ധാർമ്മികവും അന്വേഷണാത്മകവുമായ കണ്ടെത്ത ലുകളുടെ സംയോജനത്തിലൂടെയും മൂല്യവർധിത പ്രതിപ്രവർത്തന പ്ര ക്രിയയിലൂടെയും ഇത് കൈവരിക്കുന്നതാണ് ഒരു മാർഗം. ധാർമ്മികമാ യി നോക്കുമ്പോൾ ഈ പരിവർത്തനത്തിന് പല ഘട്ടങ്ങൾ ഉള്ളതായി കാണാവുന്നതാണ്. അത് ഇപ്രകാരമാണ്. ഹിംസ ധാർമ്മികമാണ് എന്ന തിൽ നിന്ന് അത് ചോദ്യം ചെയ്യപ്പെടേണ്ടതാണ് എന്നതിലേക്കും അഹിം സ നല്ല ആദർശമാണ് എന്ന നിലയിലേക്കും അഹിംസയിൽ താത്ത്വിക മായി പ്രതിജ്ഞാബദ്ധമാവണം എന്നതിലേക്കുമാണ് ആ പരിവർത്തനം പുരോഗമിക്കുന്നത്. ഇതിനു സമാന്തരമായി അന്വേഷണാത്മകമായ ഒരു തരം പുരോഗതിയുമുണ്ട്. അതിൽ അഹിംസാ സമൂഹങ്ങൾ അസാധ്യമാ ണെന്ന ധാരണയിലാണ് തുടക്കം. അതിൽ നിന്ന് അഹിംസാ സമൂഹങ്ങൾ ചോദ്യം ചെയ്യപ്പെടേണ്ടവയാണ് എന്നതിലേക്കും അഹിംസാ സമൂഹങ്ങ ളുടെ സ്വഭാവ വിശേഷങ്ങൾ കണ്ടെത്തുന്നതിലേക്കും അഹിംസാ സമൂ ഹങ്ങൾ സൃഷ്ടിക്കുന്നതിനും നിലനിർത്തുന്നതിനും അറിവുനേടുന്നതി ന് ശാസ്ത്രീയമായി പരിശ്രമിക്കുമെന്ന് പ്രതിജ്ഞയെടുക്കുന്ന ഘട്ടത്തി ലേക്കും പുരോഗമിക്കുന്നു.

ധാർമ്മികമായ വെല്ലുവിളിയുടെയും അന്വേഷണാത്മകമായ പ്രതിക രണത്തിന്റെയും - അഥവാ അന്വേഷണാത്മകമായ വെല്ലുവിളിയുടെയും ധാർമ്മികമായ പ്രതികരണത്തിന്റെയും - ഈ വ്യാഖ്യാന പ്രക്രിയയിലൂ ടെ വെബർ പറയുന്ന പ്രകാരം അക്രമരാഹിത്യ സിദ്ധാന്തങ്ങളെയും അ ക്രമാസക്തരാഷ്ട്രീയത്തെയും വേർതിരിക്കുന്ന കനത്ത മതിൽ മറികട ക്കാവുന്നതാണ്. ഈ വിധത്തിൽ ജീവനോടുള്ള വിട്ടുവീഴ്ചയില്ലാത്ത ആദ രവിനൊപ്പം "തെളിവുകളോടും അനുമാനങ്ങളോടുമുള്ള വിട്ടുവീഴ്ചയി ല്ലാത്ത പ്രതിജ്ഞാബദ്ധതയും" (അൽമോണ്ട് 1996:89) കൂട്ടിച്ചേർക്കാവു ന്നതാണ്. ആധുനിക അക്കാദമിക രാഷ്ട്രതന്ത്രത്തിന്റെ പൊതുവായ ധാർ മ്മിക അടിത്തറയായി ഇതിനെ അംഗീകരിക്കാൻ കഴിയും.

ധാർമ്മികമായ വെല്ലുവിളിയുടെയും അന്വേഷണാത്മകമായ പ്രതിക രണത്തിന്റെയും - അഥവാ അന്വേഷണാത്മകമായ വെല്ലുവിളിയുടെയും ധാർമ്മികമായ പ്രതികരണത്തിന്റെയും - ഈ വ്യാഖ്യാന പ്രക്രിയയിലൂ ടെ വെബർ പറയുന്ന പ്രകാരം അക്രമരാഹിത്യ സിദ്ധാന്തങ്ങളെയും അ

ക്രമാസക്തരാഷ്ട്രീയത്തെയും വേർതിരിക്കുന്ന കനത്ത മതിൽ മറികടക്കാവുന്നതാണ്. ഈ വിധത്തിൽ ജീവനോടുള്ള വിട്ടുവീഴ്ചയില്ലാത്ത ആദരവിനൊപ്പം "തെളിവുകളോടും അനുമാനങ്ങളോടുമുള്ള വിട്ടുവീഴ്ചയില്ലാത്ത പ്രതിജ്ഞാബദ്ധതയും" (അൽമോണ്ട് 1996:89) കൂട്ടിച്ചേർക്കാവുന്നതാണ്. ആധുനിക അക്കാദമിക രാഷ്ട്രതന്ത്രത്തിന്റെ പൊതുവായ ധാർമ്മിക അടിത്തറയായി ഇതിനെ അംഗീകരിക്കാൻ കഴിയും.

## വസ്തു നിഷ്ഠവിപ്ലവം

ഹിംസാവാദികൾ അവഗണിച്ചു കളയുന്ന അഹിംസാത്മകമായ മാനവശേഷികൾ ബോധപൂർവ്വം പുനഃസ്ഥാപിക്കുകയും കണ്ടെത്തുകയും ചെയ്യുകയെന്നത് അഹിംസാത്മക പരിവർത്തനത്തിന്റെ ഭാഗമാണ്. ഇത്തരം വസ്തുതകൾ സിരാശാസ്ത്രം മുതൽ അഹിംസാത്മകമായ സമുന്നത സാങ്കേതിക വിദ്യകൾ വരെ വ്യാപിച്ചു കിടക്കുന്നു. അന്യഥാ അക്രമാസക്തമായ ചരിത്ര-സാംസ്കാരിക സാഹചര്യങ്ങളിൽ അക്രമരാഹിത്യത്തിന്റെ ആവിർഭാവം പ്രത്യേകം ശ്രദ്ധേയമാണ്. ഉദാഹരണത്തിന് ക്രിസ്തുവിനുമുമ്പ് 399 ൽ ഗ്രീസിലെ 500 അഥീനിയൻ സെനറ്റർമാരിൽ ഏതാണ്ട് 140 പേർ സോക്രട്ടീസിനെ വധിക്കരുതെന്ന ആവശ്യത്തെ അനുകൂലിച്ച് വോട്ടു ചെയ്തു. (സ്റ്റോൺ 1989:187) ജപ്പാനിൽ ബുദ്ധിസ്റ്റ് ഹെയ്യാൻ കാലഘട്ടത്തിൽ (794-1192) "ഏതാണ്ട് 350 വർഷക്കാലം വധശിക്ഷ നടപ്പാക്കിയിരുന്നില്ല." (നകമുറ 1967:145) 1917 ഏപ്രിൽ 4, 6 തീയതികളിൽ അമേരിക്കൻ ഐക്യനാടുകളിൽ നടന്ന വോട്ടെടുപ്പിൽ ആറ് സെനറ്റർമാരും 50 ജനപ്രതിനിധിസഭാംഗങ്ങളും ജർമ്മനിക്കെതിരേ യുദ്ധം പ്രഖ്യാപിക്കുന്നതിനെ എതിർത്തു. റഷ്യയിൽ 1917 ഒക്ടോബർ 23 ന് റഷ്യൻ കേന്ദ്ര കമ്മിറ്റിയിലെ രണ്ട് ബോൾഷേവിക്കുകൾ - ഒരു പക്ഷേ അഞ്ചോ ആറോ പേർ - ലെനിന്റെ സായുധ വിപ്ലവനയം അംഗീകരിക്കുന്നതിനെ എതിർത്തു. തങ്ങളുടെ സഹായത്തോടെ നിർമ്മിച്ച അണുബോംബ് യാതൊരു സൈനികാവശ്യത്തിനും ഉപയോഗിക്കരുതെന്ന് യു. എസ്. എ. യിലെ മൻഹാട്ടൻ പ്രോജക്ടിൽ പ്രവർത്തിച്ച ശാസ്ത്രജ്ഞന്മാരിൽ 150 പേർ ഹിരോഷിമയിലെയും നാഗസാക്കിയിലെയും അണുബോംബാക്രമണത്തിനുതൊട്ടുമുമ്പ് ആവശ്യപ്പെട്ട് വോട്ടു ചെയ്തു. (ജിയോ വനിറ്റി & ഫ്രീഡ് 1965:168) അൽപെറോവിറ്റ്സ് 1995). മാരകമല്ലാത്ത ആയുധങ്ങളെ സംബന്ധിച്ച ഗവേഷണം, അവയുടെ വികസനം, സമ്പാദനം എന്നിവ സംബന്ധിച്ച് എല്ലാ പ്രതിരോധവകുപ്പുകളുടെയും മറ്റ് സർക്കാർ ഏജൻസികളുടെയും പ്രവർത്തനം സംയോജിപ്പിക്കുകയെന്ന ചുമതല അമേരിക്കൻ ഐക്യനാടുകളിലെ നാവിക സേന (Marine Corps) ഏറ്റെടുത്തു. (ല്യൂവർ & സ്കോഫീൽഡ് 1997:45) അഹിംസാത്മക സുരക്ഷ സംബന്ധിച്ച ചിന്തയാണ് ഈ ഒടുവിൽ പറഞ്ഞ നടപടിയുടെ പിന്നിലുള്ളത്.

എന്നാൽ ഇത്തരം ആയുധങ്ങൾ ഇന്നുപയോഗിക്കുന്നത് മാരകായുധങ്ങൾക്കൊപ്പമാണ്. തന്മൂലം അവയും മാരകായുധങ്ങളായിത്തീർന്നിരിക്കുന്നു.

*അഹിംസാത്മകമായ വസ്തു നിഷ്ഠ പരിവർത്തനം ഏതൊരു സമൂഹത്തിലും പരിശ്രമിക്കുന്നത് ഭൂതകാലത്തെയും വർത്തമാനകാലത്തെയും അഹിംസാത്മക പ്രവണതകളുടെ സൂചകങ്ങൾ കണ്ടെത്തുന്നതിനാണ്.*

**സൈദ്ധാന്തിക വിപ്ലവം**

*അഹിംസാത്മകമായ അപഗ്രഥനം* യുക്തി *ഭദ്രമാക്കുന്നതിനാവശ്യമായ* താത്ത്വിക സിദ്ധാന്തങ്ങളും അന്വേഷണപരമായ സിദ്ധാന്തങ്ങളും ആവിഷ്ക്കരിക്കുക എന്ന ഉദ്ദേശ്യമാണ് സൈദ്ധാന്തിക വിപ്ലവത്തിനുള്ളത്. വ്യക്തിപരമായ തീരുമാനങ്ങൾ, സമൂഹത്തിലെ പൗരപ്രവർത്തനങ്ങൾ, പൊതുനയങ്ങൾ എന്നിവയെ സംബന്ധിച്ചിടത്തോളം വൈജ്ഞാനികമായ ഈ മുന്നേററം പ്രയോജനകരമാണ്. ഉദാഹരണത്തിന് സൈദ്ധാന്തികമായ ഉൾക്കാഴ്ചയുടെ മൂന്ന് പ്രമുഖ സ്രോതസ്സുകൾ - തത്ത്വാത്മകം, പ്രായോഗികം, സംസ്കരണപരം - അഹിംസയിൽ അധിഷ്ഠിതമായ രാഷ്ട്രീയാധികാരത്തിന്റെ സാധ്യതകൾ കണ്ടെത്തുന്നതിനുതകുന്ന അസാധാരണമായ ഉൾക്കാഴ്ച പ്രദാനം ചെയ്യുന്നതിന് പര്യാപ്തമാണ്. ജീവനെ ആദരിക്കുന്ന സത്യാന്വേഷണപരമായ (നീതി അന്വേഷിക്കുന്ന) ആധ്യാത്മിക ശക്തിയുടെ പ്രാധാന്യം ആദ്യമായി ഗാന്ധിജി കണ്ടെത്തും വരെ അവഗണിക്കപ്പെട്ടിരുന്നു. വ്യക്തിതലത്തിലും സാമൂഹികതലത്തിലും ആളുകളെ പ്രവൃത്യുന്മുഖരാക്കാൻ ഈ ശക്തിക്കു കഴിയുമെന്ന് ഗാന്ധിജി തെളിയിച്ചു. ഗാന്ധിജിയുടെ 'സത്യാഗ്രഹത്തിന്റെ ശാസ്ത്രം' (1970) എന്ന ഗ്രന്ഥം കാണുക. *ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം സത്യമെന്ന് നിർവചിക്കപ്പെട്ടിരിക്കുന്ന ദൈവത്തിലുള്ള സജീവവിശ്വാസം, സ്നേഹം, അക്രമരാഹിത്യം എന്നിവ - എല്ലാ മതങ്ങളുടെയും അന്തഃസത്തയാണിവ- അക്രമരഹിതമായ അധികാരത്തിന്റെ അജയ്യമായ സ്രോതസ്സാണ്.* അക്രമരാഹിത്യത്തിന്റെ ചൈതന്യവും യാഥാർത്ഥ്യവുമാണ് മനുഷ്യജീവിതത്തിന്റെ അടിസ്ഥാനനിയമം; അക്രമം ഇതിൽ നിന്നുള്ള വ്യതിക്രമമാണ്.

അക്രമരഹിതമായ അധികാരത്തെ സംബന്ധിച്ച രണ്ടാമത്തെ സിദ്ധാന്തം 'അക്രമരഹിതപ്രവർത്തനത്തിന്റെ രാഷ്ട്രീയം' (1973) എന്ന ഗ്രന്ഥത്തിലൂടെ ജീൻഷാർപ്പ് (Gene Sharp) ആണ് അവതരിപ്പിച്ചത്. രാഷ്ട്രീയാധികാരത്തിന്റെ അനുസരണാശ്രയ സ്വഭാവത്തെ നിശിതമായി അപഗ്രഥിച്ച ഷാർപ്പ് ചരിത്രത്തിലൂടെ പ്രകടിതമായ അക്രമരഹിതസമരതന്ത്രങ്ങൾ വിവരിക്കുകയും അക്രമരഹിത രാഷ്ട്രീയ പരിവർത്തനത്തിന്റെ ചടുലത വൈദഗ്ധ്യപൂർവ്വം അപഗ്രഥിക്കുകയും ചെയ്തു. അക്രമരഹിത രാഷ്ട്രീയപ്രവർത്തനം കേവലം രാഷ്ട്രീയമായി ശക്തിമത്താണെന്ന്

അദ്ദേഹം സിദ്ധാന്തിക്കുന്നു. അതിന് ശക്തി പകരാൻ ആധ്യാത്മികതയുടെയോ മതത്തിന്റെയോ സമാധാനസിദ്ധാന്തങ്ങളുടെയോ അകമ്പടി ആവശ്യമില്ലെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

മൂന്നാമത്തെ സ്രോതസ്സ് ജോൺ ബർട്ടന്റെ ആവശ്യ- അപഹരണ അപഗ്രഥനമാണ്. അഹിംസ നേരിടുന്ന വെല്ലുവിളിയിലേക്ക് വെളിച്ചം വീശാൻ ഇതിനുകഴിയും. അക്രമത്തിന്റെ ഉദ്ഭവം, ആവശ്യ-നിറവേററൽ പ്രക്രിയ എന്നിവ അപഗ്രഥിച്ച് അക്രമരഹിത പരിവർത്തനത്തെ അദ്ദേഹം വ്യാഖ്യാനിക്കുന്നു. വ്യതിയാനം, ഭീകരവാദം, യുദ്ധം, പരിഹരിക്കപ്പെടാത്ത സാമൂഹിക - രാഷ്ട്രീയ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്ന പ്രക്രിയ (Deviance, Terrorism & war: The Process of solving unsolved social and political problems - 1979) മറ്റ് ഗ്രന്ഥങ്ങൾ (1984, 1996, 1997) എന്നിവയിലൂടെയാണ് ബർട്ടൻ തന്റെ സിദ്ധാന്തം അവതരിപ്പിച്ചത്. വ്യക്തിഹത്യ മുതൽ യുദ്ധം വരെയുള്ള എല്ലാത്തരം ഹിംസയും ആവിർഭവിക്കുന്നത് മനുഷ്യന്റെ ആവശ്യങ്ങൾ നിറവേറ്റപ്പെടാതെ വരുമ്പോഴാണെന്ന് അദ്ദേഹം സിദ്ധാന്തിക്കുന്നു. ഇവയിൽ ഒന്നാമത്തേത് വ്യക്തിത്വവും പദവിയും അംഗീകരിക്കപ്പെടണം എന്നതാണ്. ചൂഷകർക്കും ചൂഷിതർക്കും ഒരേ ആവശ്യങ്ങൾ തന്നെയാണുള്ളത്. ചൂഷണത്തിന് അനുയോജ്യമായ സാഹചര്യങ്ങൾ നിലനിൽക്കുമ്പോൾ മൂല്യങ്ങൾ പാലിക്കണമെന്ന അഭ്യർഥനകൾക്കോ ബലപ്രയോഗത്തിനോ ഹിംസയെ നിയന്ത്രിക്കാനാവില്ല. എന്നാൽ അവകാശങ്ങൾ നിഷേധിക്കപ്പെടുന്നവരുടെ പങ്കാളിത്തത്തോടെ എല്ലാവരുടെയും എല്ലാ അടിസ്ഥാനാവശ്യങ്ങളും നിറവേറ്റിക്കൊടുത്താൽ അഹിംസാത്മക സമൂഹങ്ങൾ കെട്ടിപ്പടുക്കാൻ കഴിയും.

ആത്മീയ ശക്തി, പ്രായോഗിക പ്രവർത്തനശേഷി, പങ്കാളിത്ത പ്രശ്ന പരിഹാരം എന്നീ ഉൾക്കാഴ്ചകൾ അഹിംസാ സിദ്ധാന്തത്തിന്റെ അടിസ്ഥാന ഘടകങ്ങളാണ്. ചരിത്രം, രാഷ്ട്രം, വർഗം, സാമ്പത്തിക വ്യവസ്ഥ, സ്ഥാപനങ്ങൾ, ലിംഗഭേദം, വംശം, ഗോത്രം, മതം, സംസ്കാരം, പരിസ്ഥിതി, ഭാവി പ്രതീക്ഷകൾ, മറ്റ് പ്രാദേശിക - ആഗോളസാഹചര്യങ്ങൾ എന്നിവയുമായി ഇതിനെ സന്ദർഭോചിതം സംയോജിപ്പിക്കുവാൻ കഴിയും. ഇപ്രകാരം അക്രമരാഹിത്യ സിദ്ധാന്തത്തെ യഥായോഗ്യം ബന്ധപ്പെടുത്തുകയും അതിന്റെ സൃഷ്ടിപരതയെ പുരോഗമിപ്പിക്കുകയും ചെയ്തവരിൽ പ്രധാനികൾ റോബർട്ട് ജെ. ബുറോവെസ് (1996), ബെറെനൈസ് എ. കരോൾ (1998), ജോഹാൻ ഗാൽടുങ് (1996), ബ്രിയാൻമാർട്ടിൻ (1989), കാടേമക് ഗിന്നെസ് (1993) എന്നിവരാണ്.

### പ്രയുക്ത വിപ്ലവം

താത്ത്വികവും വസ്തുനിഷ്ഠവും സൈദ്ധാന്തികവുമായ പരിവർത്ത

നങ്ങൾ സംയുക്തമായി അഹിംസാത്മക രാഷ്ട്രതന്ത്രത്തിന് പ്രായോഗികതലത്തിൽ നടപ്പിലാക്കാവുന്ന പുതിയൊരു പ്രതിജ്ഞാബദ്ധത പ്രദാനം ചെയ്യുന്നു. ചിന്ത, വ്യക്തികൾ, സംഘടനകൾ, പ്രസ്ഥാനങ്ങൾ, നയങ്ങൾ, സ്ഥാപനങ്ങൾ മുതലായവക്ക് അഹിംസയിൽ പുതിയ താത്പര്യം ജനിപ്പിക്കാനും അതിന് സർഗാത്മക പിന്തുണ നൽകാനും താത്ത്വിക പരിവർത്തനത്തിന് കഴിയും. അക്രമാസക്തമായ മർദ്ദക ഭരണകൂടങ്ങളെ അക്രമരാഹിത്യത്തിലേക്ക് ആനയിക്കുവാൻ ഷാർപ്പിന്റെ സിദ്ധാന്തം സഹായകരമാണ്. അതുപോലെ തന്നെ ജനങ്ങളോടുള്ള ഉത്തരവാദിത്വങ്ങൾ നിറവേറ്റാത്ത ജനാധിപത്യഭരണ സമ്പ്രദായങ്ങളെ സ്വാധീനിക്കുവാനും മാറ്റിയെടുക്കുവാനും അതിനു പ്രാപ്തിയുണ്ട്. സാമൂഹിക - രാഷ്ട്രീയതലങ്ങളിലെ പ്രശ്നപരിഹാരങ്ങൾക്ക് ജനകീയ പങ്കാളിത്തത്തോടെ മാനുഷികമായ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുകയാണ് വേണ്ടതെന്ന് ഷാർപ്പ് പറയുമ്പോൾ രാഷ്ട്രതന്ത്രത്തിന് പുതിയൊരു ദിശാബോധം നൽകുകയാണ് അദ്ദേഹം ചെയ്യുന്നത്. ഗാന്ധിജിയാവട്ടെ ധർമ്മശാസ്ത്രം, സമ്പ്രദായങ്ങൾ, ചൂഷിതരുടെ ആവശ്യങ്ങളോടുള്ള പ്രതിപ്രവർത്തനം എന്നിവ സംയോജിപ്പിച്ച് ഗാന്ധിജി രൂപം നൽകിയ സിദ്ധാന്തം രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക, സാംസ്ക്കാരിക, ഘടനാപരമായ മേഖലകളിലെ അക്രമസാഹചര്യങ്ങൾ മാറ്റിയെടുക്കുന്നതിനു പര്യാപ്തമാണ്. ഈ സാഹചര്യങ്ങൾ ഹിംസയുടെയും ഹിംസാ ഭീഷണികളുടെയും സ്രഷ്ടാക്കളും സൃഷ്ടികളുമാണ്. അഹിംസാത്മക ആധ്യാത്മിക തത്ത്വങ്ങൾ കൊണ്ട് പ്രചോദിതരായ ഗാന്ധിജിയും കിങ്ങും മറ്റും അക്രമരഹിത സാമൂഹിക പരിവർത്തനത്തിനുവേണ്ടി പ്രതിജ്ഞാബദ്ധതയോടെ പ്രവർത്തിച്ചിരുന്നു.

അഹിംസാത്മക അപഗ്രഥനത്തിനാവശ്യമായ വിജ്ഞാനം ആർജിക്കുകയും, ഹിംസയുടെ കുഴലിനെ അഹിംസാ ബദലുകളുടെ അഴിയുന്ന ചുരുളാക്കി മാറ്റുകയും അഹിംസാധിഷ്ഠിത രാഷ്ട്രതന്ത്രം പ്രാദേശികവും ആഗോളപരവുമായ പരിവർത്തനത്തിന് സഹായകമായിത്തീരുന്നു. 'ജനാധിപത്യരാഷ്ട്രീയം', 'സ്വതന്ത്ര വിപണികൾ' എന്നിവയുടെ പേരിൽ സമകാലികലോകത്ത് നിലനിൽക്കുന്ന വ്യക്തിപരവും സംഘടിതവുമായ ഹിംസ മനുഷ്യന്റെ സുസ്ഥിതിയെ സംശയാസ്പദമാക്കുന്നു. ഈ സാഹചര്യങ്ങൾ 'ജനാധിപത്യവിരുദ്ധ രാഷ്ട്രീയം', 'അസ്വതന്ത്രവിപണികൾ' എന്നിവയുമായി ചേർന്ന് പ്രയുക്ത അഹിംസാത്മക രാഷ്ട്രതന്ത്രത്തിന്റെ സർഗാത്മകതയ്ക്ക് ഭീഷണികൾ ഉയർത്തുന്നു.യപ്പെടുന്നവരും അല്ലാത്തവരുമായ, ജീവിച്ചിരിക്കുന്നവരും മൺമറഞ്ഞവരുമായ എല്ലാപേരോടും എന്റെ ആഴത്ത

ഈ പുസ്തകരചനയിൽ അമൂല്യമായ സംഭാവനകൾ നൽകിയ അറിയപ്പെടുന്നവരും അല്ലാത്തവരുമായ, ജീവിച്ചിരിക്കുന്നവരും മൺമറഞ്ഞവരുമായ എല്ലാപേരോടും എന്റെ ആഴത്ത

ഈ പുസ്തകരചനയിൽ അമൂല്യമായ സംഭാവനകൾ നൽകിയ അറിയപ്പെടുന്നവരും അല്ലാത്തവരുമായ, ജീവിച്ചിരിക്കുന്നവരും മൺമറഞ്ഞവരുമായ എല്ലാപേരോടും എന്റെ ആഴത്ത

ഈ പുസ്തകരചനയിൽ അമൂല്യമായ സംഭാവനകൾ നൽകിയ അറിയപ്പെടുന്നവരും അല്ലാത്തവരുമായ, ജീവിച്ചിരിക്കുന്നവരും മൺമറഞ്ഞവരുമായ എല്ലാപേരോടും എന്റെ ആഴത്ത

ഈ പുസ്തകരചനയിൽ അമൂല്യമായ സംഭാവനകൾ നൽകിയ അറിയപ്പെടുന്നവരും അല്ലാത്തവരുമായ, ജീവിച്ചിരിക്കുന്നവരും മൺമറഞ്ഞവരുമായ എല്ലാപേരോടും എന്റെ ആഴത്ത

## അദ്ധ്യായം : 1

# നരഹത്യയില്ലാത്ത സമൂഹം സാദ്ധ്യമോ?

*ഒരാൾ പൊതുവായ ഒരു സംശയം ഉന്നയിക്കുമ്പോഴാണ് തത്ത്വശാസ്ത്രം രൂപം കൊള്ളുന്നത്. അതുപോലെ തന്നെയാണ് ശാസ്ത്രവും.*

*- ബ്രട്രാൻഡ് റസ്സൽ*

*ഒരു രാജ്യം ഉയർത്തുന്ന ചോദ്യങ്ങൾ ആ രാജ്യത്തിന്റെ രാഷ്ട്രീയ വികാസത്തെ സൂചിപ്പിക്കുന്നു. പലപ്പോഴും ഒരു രാജ്യത്തിനുണ്ടാകുന്ന പരാജയത്തിനുകാരണം ആ രാജ്യം ശരിയായ ചോദ്യങ്ങൾ സ്വയം ചോദിക്കാത്തതാണ്.*

*- ജവഹർലാൽ നെഹ്റു*

**നരഹത്യയില്ലാത്ത ഒരു സമൂഹം സാധ്യമാണോ? സാധ്യമല്ലെങ്കിൽ എന്തുകൊണ്ട്? ആണെങ്കിൽ എങ്ങനെ?**

എന്താണ് നരഹത്യയില്ലാത്ത സമൂഹം? ഏറ്റവും ചെറുതു മുതൽ ഏറ്റവും വലുതുവരെ, പ്രാദേശികതലം മുതൽ ആഗോളതലം വരെ, കൊലപാതകമില്ലാത്ത, കൊലപാതകഭീഷണിയില്ലാത്ത, കൊല്ലുന്നതിനുള്ള ആയുധങ്ങളില്ലാത്ത, ആയുധങ്ങളുടെ ഉപയോഗത്തെ ന്യായീകരിക്കാത്ത, കൊലയാളികളുടെ ഭീഷണിക്കു വിധേയമാകാത്ത സമൂഹം.

നരഹത്യയോ നരഹത്യാഭീഷണിയോ അവിടെയുണ്ടാവില്ല. മൃഗങ്ങൾ

ക്കും മറ്റു ജീവജാലങ്ങൾക്കും വരെ അതുബാധകമാകാം. എന്നാൽ ഏറ്റവും കുറഞ്ഞത് നരഹത്യാമുക്തമായിരിക്കണം. എന്നാൽ ആ ഒരവസ്ഥ സൃഷ്ടിക്കുന്നത് ഭീകരപ്രവർത്തനത്തിലൂടെയാവരുത്.

മനുഷ്യനെ കൊല്ലുന്നതിനുള്ള ഒരു ആയുധവും ആ സമൂഹത്തിലുണ്ടാവില്ല. (ചരിത്രത്തിലെ രക്തപങ്കിലമായ മനുഷ്യക്കുരുതികൾ രേഖപ്പെടുത്തിയ മ്യൂസിയങ്ങളിലൊഴികെ). മനുഷ്യക്കുരുതിയെ ന്യായീകരിക്കുന്ന ഒരു നിയമവും ആ സമൂഹത്തിലുണ്ടാവില്ല. ശരിയാണ്, ആയുധങ്ങളില്ലാതെതന്നെ മനുഷ്യനെ കൊല്ലാം. എന്നാൽ കൊല്ലുന്നതിനുള്ള ചോദനയോ സാങ്കേതിക വിദ്യയോ പരിപോഷിപ്പിക്കുന്നതും കൊലയ്ക്കുതുല്യം തന്നെ. മതങ്ങളൊന്നുംതന്നെ മനുഷ്യക്കുരുതിയെ വിശുദ്ധീകരിക്കുന്നില്ല. ഒരു മതവും അതിന് ആഹ്വാനം ചെയ്യുന്നില്ല. സർക്കാരുകൾ കൊലപാതകത്തെ നീതിമത്ക്കരിക്കുന്നില്ല. ദേശസ്നേഹം ഊട്ടിവളർത്താൻ അരുംകൊല ആവശ്യമില്ല. വിപ്ലവകാരികൾ നരഹത്യക്ക് അനുകൂലമല്ല. ബുദ്ധിജീവികൾ അതിനോട് യോജിക്കുന്നില്ല. കലാകാരന്മാർ അത് ആഘോഷിക്കുന്നില്ല. ഗോത്രസംസ്ക്കാരവും പാരമ്പര്യവും നരഹത്യക്ക് വിരുദ്ധമാണ്. സാമാന്യബുദ്ധിക്ക് നിരക്കുന്നതല്ല, അത്. ഈ യുഗത്തിലെ കമ്പ്യൂട്ടർ ഭാഷയിൽ പറഞ്ഞാൽ സമൂഹം നരഹത്യയ്ക്കുള്ള 'ഹാർഡ്വെയറോ' 'സോഫ്റ്റ്വെയറോ' പ്രദാനം ചെയ്യുന്നില്ല.

നരഹത്യയെ ആശ്രയിച്ചല്ല സമൂഹത്തിന്റെ ഘടന നിലനിൽക്കുന്നത്. സാമൂഹിക ബന്ധങ്ങൾ നിലനിർത്തുന്നതിനോ അതിൽ മാറ്റങ്ങൾ വരുത്തുന്നതിനോ മനുഷ്യക്കുരുതി സഹായിക്കുന്നില്ല. ഭീഷണിയും അപ്രസക്തമാണ്. ആധിപത്യത്തിന്റെയോ പ്രാന്തവൽക്കരണത്തിന്റേതോ ആയ ഒരു സാമൂഹികബന്ധത്തിലും - അതിർത്തികൾ, സർക്കാരുകൾ, സമ്പത്ത്, ജാതി, മതം, വർഗം, വംശം, ലിംഗഭേദം - അതിനെ നിലനിർത്താനോ ചോദ്യം ചെയ്യാനോ മനുഷ്യഹത്യ ആവശ്യമില്ല. സമൂഹത്തിൽ ഭിന്നതകളില്ലെന്നോ സംഘർഷരഹിതമാണെന്നോ അതിനർത്ഥമില്ല. ഭിന്നതകൾ പരിഹരിക്കുന്നതിനും പരിവർത്തനം സാദ്ധ്യമാക്കുന്നതിനും നാം ഹിംസയെ ആശ്രയിക്കേണ്ടതില്ല എന്നേ അർത്ഥമാക്കുന്നുള്ളൂ. ന്യായമോ അന്യായമോ ആയ കൊലപാതകത്തെ സമുദായം ഒരാളുടെയും തൊഴിലായി അംഗീകരിക്കുന്നില്ല. ചുരുക്കത്തിൽ നരഹത്യയോ നരഹത്യാ ഭീഷണിയോ ഇല്ലാത്ത അതിനെ ന്യായീകരിക്കുന്ന സാങ്കേതിക വിദ്യയോ തത്വശാസ്ത്രങ്ങളോ ഇല്ലാത്ത വധഭീഷണിക്ക് വിധേയമാകാതെ, അത്തരം ശക്തികളെ ഭയന്ന് ആശ്രയിക്കാതെ സമാധാനമായി കഴിയുന്ന സമൂഹമാണ് ഹിംസാമുക്തസമൂഹം.

അത്തരം ഒരു ഹിംസാമുക്ത സമൂഹം സാധ്യമാണോ?

***

വ്യക്തിപരമായ അനുഭവങ്ങൾ, പ്രൊഫഷണൽ പരിശീലനം, സംസ്ക്കാരം, സന്ദർഭം – എന്നിങ്ങനെ രാഷ്ട്രമീമാംസ പരാമർശിക്കുന്ന പലവിധ ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു നമ്മുടെ ഓരോരുത്തരുടെയും ഉത്തരം.

**ഇത് തികച്ചും അചിന്ത്യമാണ്!**

അമേരിക്കയിൽ നിന്നുള്ള ഇരുപതോളം രാഷ്ട്രമീമാംസാ അദ്ധ്യാപകരുടെ പ്രതികരണമിതായിരുന്നു. 1979 ൽ നാഷണൽ എൻഡോവ്മെന്റ് ഫോർ ഹ്യൂമാനിററീസ് വേനലവധിക്കാലത്ത് പാശ്ചാത്യ രാഷ്ട്രീയ ചിന്താധാരകളെക്കുറിച്ച് സംഘടിപ്പിച്ച സെമിനാറായിരുന്നു വേദി.

ചോദ്യമിതായിരുന്നു : "അഹിംസാത്മകരാഷ്ട്രീയവും അഹിംസാത്മക രാഷ്ട്രമീമാംസയും സാദ്ധ്യമാണോ?"

അമേരിക്കൻ രാഷ്ട്രമീമാംസാ പദ്ധതിയിലെ നാല് പ്രധാന ധാരകളിൽ – രാഷ്ട്രമീമാംസ (Political theory) അമേരിക്കൻ ഗവൺമെന്റ്, താരതമ്യ രാഷ്ട്രീയം (Comparative politics) അന്താരാഷ്ട്ര ബന്ധം (International relations) പ്പെട്ടവർ തുല്യമായി പ്രതിനിധീകരിച്ച സെമിനാറായിരുന്നു അത്. ഒരാളൊഴികെ എല്ലാവരും പുരുഷന്മാരായിരുന്നു.

സെമിനാറിലെ ഒരു ചെറിയ സെഷന്റെ ഒടുവിൽ മൂന്നു നിഗമനങ്ങളിലെത്തിച്ചേർന്നു. ആ രാഷ്ട്രമീമാംസകർ.

ഒന്ന് : മനുഷ്യർ ജന്മനാ കൊലപാതകികളാണ്. നരഹത്യയ്ക്ക് അർഹരായ അപകരകാരികളാണ് മനുഷ്യർ.

രണ്ട് : വിഭവദാരിദ്ര്യമാണ് മത്സരത്തിനും സംഘർഷങ്ങൾക്കും നരഹത്യകൾക്കും കാരണമാകുന്നത്.

മൂന്ന് : പുരുഷനിൽ സദാ കണ്ടുവരുന്ന ബലാൽസംഗവാസന പലപ്പോഴും തന്റെ ഇരയുടെ കൊലപാതകത്തിൽ കൊണ്ടു ചെന്നെത്തിക്കുന്നു. (ഒരു ശരാശരി അമേരിക്കൻ സ്ത്രീയുടെ വാദം – "എന്റെ കുഞ്ഞിന്റെ ജീവന് ആരെങ്കിലും ഭീഷണി ഉയർത്തിയാൽ ഞാൻ അയാളെ കൊല്ലും" – അവിടെ ഉയർന്നു കേട്ടില്ല. ഹിംസാമുക്ത രാഷ്ട്രീയത്തിന്റെ സാദ്ധ്യതകൾ നിരാകരിക്കുന്നതിനും അതിനു വേണ്ടി വാദിക്കുന്നവരെ നിശബ്ദരാക്കുന്നതിനും സാധാരണയായി ഉന്നയിച്ചു കേൾക്കുന്ന മറ്റൊരു വാദവും ആരും ചോദിച്ചില്ല. "ഹിറ്റ്ലറെയും ഹോളോ കാസ്റ്റിനെയും അഹിംസ കൊണ്ട് നിങ്ങൾ എങ്ങനെ നേരിടും?").

മനുഷ്യപ്രകൃതം, സാമ്പത്തിക പ്രയാസങ്ങൾ, ലൈംഗിക പീഡനം എന്നിങ്ങനെ മൂന്നു പ്രാഥമിക കാരണങ്ങളിലൊതുക്കി നിർത്തി, എന്തു കൊണ്ട് ഒരു ഹിംസാമുക്ത രാഷ്ട്രീയം അസാദ്ധ്യമാണെന്ന അവരുടെ അന്വേഷണം.

പാശ്ചാത്യ രാഷ്ട്രതന്ത്രത്തിന്റെ പുനർവായനകൾ അവിടെ അപ്രസക്തമായി. ചൈനയിലെ ദുർബലമായ ലീഗലിസ്റ്റ് പാരമ്പര്യവും ഇന്ത്യയിലെ ചാണക്യതന്ത്രപാരമ്പര്യവും തങ്ങളുടെ വാദങ്ങൾക്ക് ഉപോൽബലകമായി അവർ എടുത്തുകാട്ടുന്നു. ഒരു നല്ല സമൂഹത്തിന്റെ സൃഷ്ടിക്കും ചെറുത്തുനിൽപ്പിനും കൊല്ലാനുള്ള സന്നദ്ധത അനുപേക്ഷണീയമാണെന്ന ധാരണ സ്പഷ്ടമായോ അസ്പഷ്ടമായോ സമൂഹത്തിൽ അന്തർലീനമായിരിക്കുന്നു.

തത്വജ്ഞാനികളായി ഭരണാധികാരികൾ യോധാക്കളുടെ കുലത്തിൽ നിന്ന് ആളുകളെ തെരഞ്ഞെടുത്ത് നിയമിച്ചാണ് ബലപ്രയോഗത്തിലൂടെ ഉല്പാദകരെയും അടിമകളെയും കീഴടക്കി ഭരിച്ചിരുന്നതെന്ന് പ്ലാറ്റോയുടെ (427-347 BCE) 'റിപ്പബ്ളിക്കിൽ' പറയുന്നു. ലിയോൺ ഹാരോർഡ് ക്രെയ്ഗ് (Leon Harold Craig) ഇങ്ങനെ നിരീക്ഷിക്കുന്നു. "രാഷ്ട്രഭരണത്തിലെ അടിസ്ഥാന ഘടകമായി യുദ്ധത്തെ കാണേണ്ടതുണ്ടെന്നും അത് ഉൾക്കൊണ്ടു മാത്രമേ ജീവിതത്തിൽ എന്തുതീരുമാനവും എടുക്കാനാവൂ എന്നുമുള്ള ചിന്താഗതിയെ (പ്ലാറ്റോയുടെ 'റിപ്പബ്ളിക്കിൽ') മുൻവിധിയില്ലാത്ത ഏതൊരു നിരീക്ഷകനും തള്ളിക്കളയാനാവില്ല." (Craig 1994, 17; of segan 1979)

അരിസ്റ്റോട്ടിലിന്റെ (384-322 BCE) പൊളിറ്റിക്സിൽ ഇതിനു സമാനമായ നിഗമനങ്ങൾ കാണാം. ഒരു നല്ല രാഷ്ട്രഭരണത്തിൽ - അത് ഒരാളുടേതാവട്ടെ, കുറച്ചുപേരുടേതാവട്ടെ, ഒരു കൂട്ടം ആളുകളുടേതാവട്ടെ - സമ്പത്തിന്റെ ഉടമസ്ഥർ ആയുധങ്ങളണിയുന്നതും അടിമകളെ അടക്കി നിർത്താനും മറ്റുള്ളവർ തങ്ങളെ കീഴടക്കുന്നത് ചെറുക്കാനും ഭരണകർത്താക്കൾ സൈന്യത്തെ പരിപാലിക്കുന്നതും അനിവാര്യമായി അരിസ്റ്റോട്ടിൽ ചൂണ്ടിക്കാട്ടുന്നു. ഭരണത്തിൽ സൈന്യത്തിന്റെ ഉടനീളമുള്ള സാന്നിദ്ധ്യത്തെ പ്ലാറ്റോയോ അരിസ്റ്റോട്ടിലോ ചോദ്യം ചെയ്യുന്നില്ല.

തങ്ങളുടെ സ്ഥാനവും അധികാരം നിലനിർത്തുന്നതിനും പ്രശസ്തി ഉയർത്തുന്നതിനും ഭരണകൂടത്തിന്റെ അന്തസ്സ് വർദ്ധിപ്പിക്കുന്നതിനും മനുഷ്യരെ കൊല്ലുന്നതിനെ അത്യാദരണീയനായ മാക്കിയ വെല്ലി (1469–1527) 'ദ പ്രിൻസസി'ൽ സ്പഷ്ടമായി ന്യായീകരിക്കുന്നു. ഒരു കുറുക്കന്റെ സൂത്രശാലിത്തത്തോടെ ഭരിക്കുന്നതാണ് നല്ലതെങ്കിലും ആവശ്യമായി വരു

മ്പോൾ ഒരു സിംഹത്തിന്റെ വന്യമായ ബലം കാട്ടാൻ ഭരണാധികാരി അറച്ചു നിൽക്കരുതെന്ന് മാക്കിയവെല്ലി പറയുന്നു. റിപ്പബ്ളിക്കൻ ഭരണ കൂടത്തെ ശക്തിപ്പെടുത്താൻ പൗരന്മാരുടെ സൈന്യം നല്ലതാണെന്നും അദ്ദേഹം നിർദ്ദേശിക്കുന്നു.

സാമൂഹിക ക്രമം നിലനിർത്തുന്നതിനും യുദ്ധത്തിൽ വിജയം നേടു ന്നതിനും നരഹത്യ നടത്തുന്നതിനെ തോമസ് ഹോബ്സ് (Thomas Hobbes - 1588 - 1679) 'Leviathan' എന്ന ഗ്രന്ഥത്തിൽ ന്യായീകരിക്കു ന്നു. മനുഷ്യൻ ആത്യന്തികമായി കൊലചെയ്യുന്നവരായതിനാൽ ഒരു സ മൂഹത്തിലെ അരാജകത്വം നരഹത്യയിൽ കലാശിക്കുന്നു. എന്നാൽ മനു ഷ്യർ ആത്യന്തികമായി നിലനിൽപ്പ് കാംക്ഷിക്കുന്നവരാകയാൽ തങ്ങളു ടെ സുരക്ഷയ്ക്കായി അവർ കൊല്ലിനും കൊലയ്ക്കും അധികാരമുള്ള ഒരു അധികാരകേന്ദ്രത്തെ അനുസരിച്ചേ മതിയാവൂ: ചെറുത്തു നിൽപ്പി നായി മററൊരാളെ കൊല്ലുന്നതിനുള്ള അവകാശം നിലനിർത്തിക്കൊണ്ടു തന്നെ ഹോബ്സ് സായുധ വിപ്ലവത്തെ ന്യായീകരിക്കുന്നില്ലെന്നേയുള്ളൂ, തന്റെ വാദഗതികൾ അവസാനിപ്പിക്കുമ്പോൾ.

ജോൺ ലോക് (1632-1704) 'Two treatises of Goverment' എന്ന പു സ്തകത്തിൽ പ്ലാറ്റോ, അരിസ്റ്റോട്ടിൽ, മാക്കിയവെല്ലി, ഹോബ്സ് എന്നി വരുടെ അഭിപ്രായങ്ങളോട് യോജിക്കുന്നു. രാഷ്ട്രഭരണത്തിൽ നരഹത്യ അനിവാര്യമാണെന്ന അഭിപ്രായത്തിനപ്പുറം സായുധ വിപ്ലവത്തെ ന്യാ യീകരിക്കുക കൂടി ചെയ്യുന്നു, അദ്ദേഹം. രാഷ്ട്രത്തിന്റെ പരമാധികാരി സ്വത്തിനും സ്വാതന്ത്ര്യത്തിനും ജീവിക്കാനുമുള്ള തങ്ങളുടെ അവകാ ശങ്ങൾ നിഷേധിക്കുമ്പോൾ എല്ലാം തച്ചുതകർക്കുന്നതിനുള്ള അവകാ ശം മർദ്ദിതജനവിഭാഗങ്ങൾക്കുണ്ട് എന്നുകൂടി അദ്ദേഹം കൂട്ടിച്ചേർക്കുന്നു. ഭരണത്തിൽ ഒരു പൗരൻ കൊല്ലപ്പെടുന്നത് സ്വാഭാവികമാണെന്നിരിക്കെ സ്വേഛാധിപതിയായ ഭരണാധികാരിയെ ഒരു പൗരനുകൊല്ലാം.

ഭരിക്കുന്നവരുടെയും ഭരണീയരുടെയും കൊല്ലും കൊലയും ന്യായീ കരിക്കുന്ന ഹോബ്സ് - ലോക് വാദങ്ങൾ സാമ്പത്തിക വർഗയുദ്ധത്തി ലേയ്ക്ക് നീളുകയാണ് കാറൽ മാർക്സിന്റെയും (1818 - 1883) ഫ്രഡറിക് ഏംഗൽസിന്റെയും (1820 - 1895) കമ്യൂണിസ്റ്റ് മാനിഫെസ്റ്റോയിൽ. സമ്പ ന്നവർഗം തങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും സമ്പത്ത് വർ ദ്ധിപ്പിക്കുന്നതിനും അക്രമാസക്തമായ മാർഗ്ഗങ്ങൾ സ്വീകരിക്കുക സ്വാ ഭാവികമാണ്. അതുപോലെ തന്നെയാണ് ഭൗതികവും സാമൂഹികവുമാ യി അതീവ പ്രതിസന്ധിഘട്ടത്തിലാവുമ്പോൾ ചൂഷിതവർഗം സമൂഹത്തി ന്റെ സാമ്പത്തിക - രാഷ്ട്രീയ ഘടനയിൽ മാററം ആവശ്യപ്പെട്ട് സായുധ വിപ്ലവത്തിന് നിർബന്ധിതമാവുന്നു. സമാധാനപരമായ മാററം സാധ്യമായ

ഏതാനും പ്രത്യേക അനുഭവങ്ങൾ ആധുനിക ജനാധിപത്യസംവിധാനത്തിൽ ഉണ്ടായിരിക്കാം. ഭാവിയിൽ ഒരുപക്ഷേ സാമ്പത്തിക ചൂഷണം അവസാനിക്കുമ്പോൾ വർഗാടിസ്ഥാനത്തിലുള്ള കൊല്ലും കൊലവിളിയും നിലച്ചേയ്ക്കാം. എന്നാൽ ഈ പരിവർത്തനഘട്ടത്തിൽ സാമ്പത്തിക ഘടകങ്ങൾ മനുഷ്യക്കുരുതിക്ക് പ്രേരകമായി ഭവിക്കുന്നുണ്ട്.

ലോക്, മാർക്സ് എന്നിവരുടെ കാലഘട്ടത്തിനിടയിൽ ജീവിച്ച ജീൻ ജാക്ക്സ്റൂസ്സോ (1712 – 1778) എഴുതിയ "ദ സോഷ്യൽ കോൺട്രാക്ടി"ൽ ഹോംബ്സ് ചിന്തകളുടെ പ്രതിധ്വനിയുണ്ട്. ഭരണസംവിധാനത്തിൽ സമൂഹഘടനയുടെ അടിത്തറ ഒരു സാമൂഹിക ഉടമ്പടിയാണെന്ന് റൂസ്സോ സമർത്ഥിക്കുന്നു. ആര് ഭരിക്കണമെന്നും എങ്ങനെ ഭരിക്കണമെന്നും പൗരന്മാർ കൂട്ടായി തീരുമാനിക്കുന്നു. ഒരു പൊതു ഇച്ഛാശക്തിയുടെ അടിസ്ഥാനത്തിൽ നിർമിക്കുന്ന നിയമങ്ങൾ അനുസരിച്ച് ജീവിക്കാൻ അവർ സ്വയം പ്രതിബദ്ധരാവുന്നു. ഈ യുദ്ധം ചെയ്യാനും ആക്രമിച്ച് കീഴടക്കാനും വഞ്ചകരെ വധിക്കാനും കുററവാളികളെ കൊല്ലാനും ഭരണകൂടത്തിന് ഈ ഉടമ്പടിപ്രകാരം അധികാരം കൈവരുന്നു. രാഷ്ട്രത്തിനുവേണ്ടി ജീവൻ ത്യജിക്കാൻ പൗരന്മാരോട് ആജ്ഞാപിക്കാൻ ഭരണകൂടത്തിന് കഴിയുന്നു.

> ഒരു ലക്ഷ്യപ്രാപ്തിക്കായി ഒരാൾ മരിക്കണമെന്ന് ഭരണകൂടം ആജ്ഞാപിച്ചാൽ അയാൾ മരിച്ചേ തീരൂ. കാരണം അയാളുടെ ജീവൻ അതോടെ പ്രകൃതിയുടെ വരദാനം മാത്രമല്ലാതായിത്തീരുന്നു. അത് രാഷ്ട്രത്തിന്റെ സോപാധികദാനമാവുന്നു.
>
> \- The Social Contract, ബുക്ക് II, അദ്ധ്യായം V

ആത്യന്തികമായി റൂസോയുടെ "സോഷ്യൽ കോൺട്രാക്ട്" നരഹത്യയുമായുള്ള ഒരു ഒത്തുതീർപ്പു കൂടിയാണ്.

ഇരുപതാം നൂററാണ്ടിലെ ശക്തനായ ജർമൻ രാഷ്ട്രീയ സാമ്പത്തിക വിദഗ്ദ്ധനും സാമൂഹിക ശാസ്ത്രജ്ഞനുമായ തോമസ് വെബർ (1864 –1920) 1918 ൽ മ്യൂണിച്ചിൽ ചെയ്ത പ്രസംഗത്തിന്റെ പുസ്തക രൂപമായ Politics as a Vocation' (രാഷ്ട്രീയം ഒരു തൊഴിലെന്ന നിലയിൽ) ൽ, രാഷ്ട്രീയം ഹിംസാമുക്തമായ ഒരു തൊഴിലാണെന്ന ആശയത്തെ അതിനിശിതമായി തള്ളിക്കളയുന്നു. ചരിത്രപരമായി അധികാരത്തിനുവേണ്ടിയുള്ള ഹിംസാത്മക പോരാട്ടങ്ങളിലൂടെ ഉടലെടുത്തവയാണ് എല്ലാ പ്രമുഖ രാഷ്ട്രീയാധികാര സ്ഥാപനങ്ങളും. "ഒരു മനുഷ്യസമൂഹം നിശ്ചിത അധികാരാതിർത്തിയിൽ ന്യായയുക്തമായ ബലപ്രയോഗത്തോടെ (വിജയക

രമായി) കയ്യടക്കിയ അധികാര കുത്തക"യായി വെബർ ആധുനിക ഭരണകൂടമായി നിർവഹിക്കുന്നു. അതുകൊണ്ട് തന്റെയും മററുള്ളവരുടെയും ആത്മസാക്ഷാത്കാരത്തിനായി ആഗ്രഹിക്കുന്നവർ അത് രാഷ്ട്രീയത്തിലൂടെയാവാമെന്ന് ധരിക്കരുത്. രാഷ്ട്രീയമായ പ്രശ്നങ്ങൾ ഹിംസാമാർഗങ്ങളിൽ കൂടി മാത്രമേ പരിഹരിക്കാനാവൂ (Weber 1958: 121, 78, 126)

അതുകൊണ്ട് വെബർ പാരമ്പര്യം പിന്തുടരുന്ന പ്രൊഫസർമാരും ആതത്വശാസ്ത്രത്തിലെ പൂർവ ഗുരുക്കന്മാരും ഹിംസാമുക്ത രാഷ്ട്രതന്ത്രവും അഹിംസാധിഷ്ഠിത രാഷ്ട്രമീമാംസയും അചിന്ത്യമാണെന്ന് അഭിപ്രായപ്പെടുന്നത് മനസ്സിലാക്കാവുന്നതേയുള്ളൂ. ജീവിതകാലം മുതൽ രാഷ്ട്രതന്ത്രം പഠനവിഷയമാക്കിയ ഒരു മുതിർന്ന അമേരിക്കൻ രാഷ്ട്രമീമാംസകനോട് രാഷ്ട്രതന്ത്രത്തെക്കുറിച്ചുള്ള തന്റെ നിർവചനങ്ങൾ പങ്കുവയ്ക്കാമോ എന്ന് ഒരു യുവപണ്ഡിതൻ ചോദിച്ചു. ഹുക്കയിൽ നിന്ന് പുകവലിച്ചൂതിക്കൊണ്ട് അദ്ദേഹം പ്രതിവചിച്ചു. " മരണം വിധിക്കാനുള്ള ഭരണകൂടത്തിന്റെ അധികാരത്തെക്കുറിച്ച് ഞാൻ പഠിച്ചുകൊണ്ടിരിക്കുകയാണ്". മാരകമായ തത്ത്വശാസ്ത്രപാരമ്പര്യവും ഹിംസയെ സാധൂകരിക്കുന്ന മതങ്ങളും അമേരിക്കയുടെ രാഷ്ട്രീയ സാംസ്കാരിക ചരിത്രവുമെല്ലാം ഒരു ഹിംസാമുക്തസമൂഹം അസാദ്ധ്യമാണെന്ന ധാരണയിലേയ്ക്ക് സമൂഹത്തിന്റെ ചിന്താധാരയെ കൊണ്ടുചെന്നെത്തിച്ചിരിക്കുന്നു. അമേരിക്കൻ വിപ്ലവത്തെ ആളിക്കത്തിച്ച ലെക്സിൻടൺ വെടിയുടെ ഒച്ചകൾ അവരുടെ കാതിലുണ്ട്. സ്വതന്ത്രമായി ജീവിക്കുക, അല്ലെങ്കിൽ മരിക്കുക എന്ന ന്യൂഹംപ്ഷയർമാരുടെ വെല്ലുവിളി കലർന്ന നിലവിളിയും അവർ കേൾക്കുന്നു. കോൺഫെഡറേറ്റ് വിപ്ലവകാരികളെ കീഴടക്കാനുള്ള പോരാട്ടത്തിനുവേണ്ടി തയ്യാറാക്കിയ പടപ്പാട്ടുകളിലും കടലിലും കരയിലും നടത്തിയ യുദ്ധങ്ങളിൽ ആവേശം പകർന്ന കടൽപ്പാട്ടുകളിലും ആക്രമണാഹ്വാനത്തിന്റെ പ്രതിധ്വനി കേൾക്കാം. പ്രസിഡന്റിനെ കമാൻഡർ - ഇൻ - ചീഫ് ആയി അവരോധിക്കുന്ന ചടങ്ങിൽ മുഴക്കുന്ന 21 ആചാര വെടിയും തോക്കുകൊണ്ടുള്ള സല്യൂട്ടും രാഷ്ട്രത്തിന്റെ ഭൂതകാലഹിംസകളുടെയും ഇപ്പോഴത്തെ സൈനിക ശക്തിയുടെയും ഓർമകൾ ഉണർത്തുന്നു.

ജീവത്യാഗം ചെയ്തവരെയും കൊലചെയ്യപ്പെട്ടവരെയും സ്തുതിച്ചുകൊണ്ടുള്ള മംഗള ഗാനങ്ങൾക്കും പതാകകൾക്കുമൊപ്പം സായുധസേനയുടെ അകമ്പടിയോടെയാണ് അവർ ചരിത്രത്തിലുടനീളം വിശേഷസന്ദർഭങ്ങൾ കൊണ്ടാടിയത്. അവയെ വിശുദ്ധീകരിച്ചുകൊണ്ട് പ്രസിഡന്റ് പ്രാർഥനയും : "ദൈവം അമേരിക്കയെ അനുഗ്രഹിക്കട്ടെ" (Twain 1970)1

അമേരിക്കയുടെ വിസ്തീർണ്ണം വർധിപ്പിക്കുന്നതിലും ദേശീയോദ്ഗ്രഥനം ഊട്ടി ഉറപ്പിക്കുന്നതിലും ആഗോളതലത്തിൽ അതിന്റെ ശക്തി പ്രകടിപ്പിക്കുന്നതിലും നരഹത്യ വലിയൊരു പങ്കു വഹിച്ചിട്ടുണ്ട്. രാജ്യം വെട്ടിപ്പിടിക്കുന്നതിനും അധികാരമുറപ്പിക്കുന്നതിനുമുള്ള പോരാട്ടങ്ങളിൽ മരിച്ചു വീണവരും മാരകമായി മുറവേറ്റവരുമായ നാട്ടുകാരും വിദേശികളും സേനാംഗങ്ങളും സാധാരണക്കാരും എത്രയെന്നതിന് കണക്കില്ല. അഥവാ കണക്കെടുക്കാനാവാത്തവിധം ബൃഹത്താണത്. കൊല്ലും കൊലയും അമേരിക്കൻ ഭരണകൂടത്തിൽ എന്നും അനിവാര്യമായ യാഥാർഥ്യമായി നിലകൊള്ളുന്നു. തങ്ങളുടെ രാഷ്ട്രീയമായ നിലനില്പിനു വേണ്ടി ഓരോ രാജ്യത്തും ഭരണവർഗം നടത്തിയ കൊല്ലും കൊലയും സംബന്ധിച്ച് അതത് രാഷ്ട്രങ്ങളിലെ രാഷ്ട്രമീമാംസകർ വിലയിരുത്തേണ്ടതാണ്.

അടിമകളെ അടിച്ചമർത്തിക്കൊണ്ട് രാജവാഴ്ചയ്ക്കെതിരെ സായുധ വിപ്ലവം നടത്തിയാണ് പുതിയ രാജ്യം നിലവിൽ വന്നത്. തദ്ദേശീയരായ ഗോത്രവർഗക്കാരെ കൊന്നൊടുക്കിയും അയൽ നാടുകളെ ആയുധബലം ഉപയോഗിച്ച് കീഴടക്കിയും സ്വത്തുവകകൾ കയ്യടക്കിയും രക്തപങ്കിലമായ പ്രവൃത്തികളിലൂടെയാണ് അവർ തങ്ങളുടെ സാമ്രാജ്യം വിപുലീകരിച്ചതും വാണിജ്യ താല്പര്യങ്ങൾ ഊട്ടി ഉറപ്പിച്ചതും ദേശീയോദ്ഗ്രഥനം പൂർത്തിയാക്കാൻ 74,540 ഭടന്മാരെയും 1,40,414 പൗരന്മാരെയും അവർ കുരുതി കൊടുത്തു.

ഇത്തരം അതിക്രമങ്ങളിലൂടെ അവർ ഹവായി (1898) പ്യൂട്ടോ റൈകോ, ഗ്വാം, ഫിലിപ്പൈൻസ് (1898) കിഴക്കൻ സാമോ (1899) പസിഫിക് ദ്വീപിലെ അതിർത്തി പ്രദേശങ്ങൾ എന്നിവയിൽ ആധിപത്യമുറപ്പിച്ചു. ഫിലിപ്പൈൻസിൽ അവർ സാമ്രാജ്യത്വവിരുദ്ധ പോരാളികളെ അടിച്ചമർത്തി (1898–1902) അതിനെ പ്രതിരോധിച്ച മുസ്‌ലീം മോറാസുകളെ കൂട്ടത്തോടെ കൊന്നൊടുക്കി (1901–1913) നാവികമായ കീഴ്പ്പെടുത്തലുകളിലൂടെ ജപ്പാനെ വിദേശ വാണിജ്യത്തിന്റെ വഴിയിൽ വരുത്തി (1853–54)

തങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും എതിർപ്പുകളെ ചെറുക്കുന്നതിനുമായി യുദ്ധങ്ങളുടെ ഒരു പരമ്പര തന്നെ അവ്ര് അഴിച്ചുവിട്ടു. ബ്രിട്ടൺ (1812–14) മെക്സിക്കോ (1846–48) സ്പെയ്ൻ (1898) ജർമനി, ആസ്ട്രിയ - ഹംഗറി, ടർക്കി, ബർഗേറിയ (1916 – 18), ജപ്പാൻ, ജർമനി, ഇററലി (1941–45) നോർത്ത് കൊറിയ, ചൈന (1950–53) നോർത്ത് വിയററ്നാം (1961–75) ഇറാഖ് (1991 എന്നിവർക്കെതിരെയാണ് പല കാലഘട്ടങ്ങളിലായി അവർ യുദ്ധം നടത്തിയത്. പീക്കിംഗ് (1900) പനാമ (1903) റഷ്യ (1918–19) നിക്കരാഗ്വ (1912–25) ഹൈററി (1915–34) ലെബനൺ (1958), ഡൊമിനിക്കൻ റിപ്പബ്ളിക് (1965–66), സൊമാലിയ (1992) എന്നിവിടങ്ങ

ളിൽ അവർ നടത്തിയ സായുധ ഇടപെടലുകളും ചരിത്ര രേഖയാണ്. ക ടന്നാക്രമണങ്ങളിലൂടെ അവർ ഗ്രെനാഡ (1983) യിലെയും പനാമ (1989) യിലെയും സർക്കാരുകളെ പുറത്താക്കി. കടന്നാക്രമണ ഭീഷണിയിലൂടെ ഹൈററി (1992)യിലെ ഭരണകൂടത്തെയും.. കൊളമ്പിയ (1970) ലാവോസ (1971), ലിബിയ (1986) അഫ്ഘാനിസ്ഥാൻ (1998), സുഡാൻ (1998) ഇറാ ഖ് (1993) ബോസ്നിയ (1995) യുഗോസ്ലാവിയ (1999) എന്നീ രാജ്യങ്ങ ളിൽ ഭരണകൂടങ്ങളെ തടയുന്നതിനോ പ്രതികാരനടപടികൾ വഴി അടി ച്ചമർത്തുന്നതിനോ നടത്തിയ ഇടപെടലുകൾ ലോകം കണ്ടതാണ്.

രണ്ടാം ലോകയുദ്ധത്തിനുശേഷമുള്ള അര നൂററാണ്ടു കാലത്തിനിട യിൽ മുതലാളിത്ത വിരുദ്ധ ഭരണകൂടങ്ങൾക്കും വിപ്ലവകാരികൾക്കും മററു ശത്രുക്കൾക്കുമെതിരെ അമേരിക്ക നടത്തിയ പോരാട്ടങ്ങളിലൂടെ അമേ രിക്ക അതിന്റെ മാരകശക്തിയും ശേഷിയും ആഗോളതലത്തിലേയ്ക്ക് വ്യാ പിപ്പിച്ചു. വിപ്ലവകാലത്ത് കേവലം ആയിരത്തിൽ താഴെ സൈനികരുണ്ടാ യിരുന്ന അമേരിക്കയിൽ 1990 ആയപ്പോഴേയ്ക്കും സേനാബലം ഒന്നര ദശലക്ഷം ആയി ഉയർന്നു. 23,000 പെന്റഗൺ പ്ലാനർമാരും ശാസ്ത്രജ്ഞ രുടെ ഒരു വൻവ്യൂഹവും ഏററവും ആധുനികമായ ആയുധ നിർമാണ ശാലയുമെല്ലാം ചേർന്ന് സായുധശക്തിയായി അമേരിക്കയെ നിലനിർ ത്താൻ സാധാരണപൗരന്മാരുടെ നികുതിപ്പണത്തിൽ നിന്ന് പ്രതിവർഷം ചെലവിടുന്നത് കുറഞ്ഞത് 2500 ലക്ഷം കോടി (25 ട്രില്യൺ) ഡോളറാ ണ്, അമേരിക്കൻ കോൺഗ്രസിന്റെയും പ്രസിഡന്റിന്റെയും അംഗീകാര ത്തോടെ. 1940–96 കാലയളവിൽ ആണവായുധ പരിപാടിക്കുമാത്രം 5.821 ട്രില്യൺ ഡോളർ ചെലവഴിച്ചുവെന്നാണ് ഏകദേശ കണക്ക് (ടരവംമൃഥ 1988). ശത്രുക്കളെ, ചിലപ്പോൾ മിത്രങ്ങളെ, പലപ്പോഴും സ്വന്തം ആളുക ളെതന്നെ കൊന്നൊടുക്കാൻ അമേരിക്ക വിദേശ രാജ്യങ്ങളിൽ സൈനി കരെ വിന്യസിക്കുകയും സൈനിക ഉടമ്പടി പ്രകാരം സംവിധാനമുണ്ടാ ക്കുകയും വൻതോതിൽ പണമിറക്കി സൈനികരെ പരിശീലിപ്പിക്കുകയും ശിഥിലീകരണ ശക്തികളെ ആയുധമണിയിക്കുകയും ചെയ്യുന്നു. ഇന്ന് ലോകത്ത് ഏററവും ശക്തിയേറിയ ആയുധങ്ങൾ ഉല്പാദിപ്പിച്ചുവിൽക്കുന്ന ലാഭകരമായ ആയുധനിർമാണ മേഖലയിൽ അവർ ആധിപത്യമുറപ്പിച്ചി രിക്കുന്നു. കരയിലും കടലിലും ആകാശത്തും വച്ച് ജനങ്ങളെ കൊന്നൊ ടുക്കുന്നതിനും മനുഷ്യവംശത്തെതന്നെ ഉന്മൂലനം ചെയ്യുന്നതിനും സാ ങ്കേതിക ശേഷിയുള്ള വൻ ആയുധശക്തിയായി ഇന്ന് അമേരിക്ക സ്വയം വീമ്പിളക്കുന്നു. 1766 ൽ യുദ്ധത്തിലൂടെ സ്വാതന്ത്ര്യം പ്രഖ്യാപിച്ച അമേ രിക്ക 1990 ആയപ്പോഴേയ്ക്കും ലോകത്തെ ഒരേയൊരു "സൈനിക സൂ പ്പർ പവ്വർ" ആയും ഏററവും വലിയ സാമ്പത്തിക ശക്തിയായും സ്വയം പ്രഖ്യാപിച്ചു. (1993 ഫെബ്രുവരി 19 ലെ പ്രസിഡന്റ് വില്യം ജി. ക്ലിന്റന്റെ

പ്രസംഗം)

ജപ്പാനുമേൽ നേടിയ ആണവായുധ ആക്രമണത്തിന്റെ അമ്പതാം വാർഷികം ആഘോഷിച്ചുകൊണ്ട് 1995 ൽ ഹവായ്യിൽ എല്ലാ വിഭാഗം സൈനികരെയും സംബോധന ചെയ്തുകൊണ്ട് പ്രസിഡന്റ് പ്രഖ്യാപിച്ചു:

" എക്കാലവും ലോകത്തെ ഏററവും മികച്ച പരിശീലനം നേടിയ സായുധ പോരാളികളായിരിക്കും നിങ്ങൾ". അദ്ദേഹം കൂട്ടിച്ചേർത്തു: "നമ്മുടെ കാലഘട്ടത്തിലെ ഏത് ഇരുണ്ട ശക്തികളെയും തോല്പിക്കാൻ കഴിവുള്ള ഭൂമിയിലെ ഏററവും ശക്തമായ രാഷ്ട്രമായി നാം നിലനിൽക്കണം". ഈ പ്രതിബദ്ധത വിളംബരം ചെയ്യുന്നതായിരുന്നു 1996 എയർ ഫോഴ്സിലെ ചീഫ് ഓഫ് സ്റ്റാഫ് ജനറൽ റൊണാൾഡ് ഭോഗൽമാൻ സേനയുടെ സ്ട്രാററജിക് പ്ലാനിംഗ് സംബന്ധിച്ച് നൽകിയ വിശദീകരണം : " ലോകത്ത് ചരിക്കുന്ന എല്ലാററിനെയും കണ്ടെത്തി നമമടെ വരുതിയിലാക്കുകയാണ് നമ്മുടെ ലക്ഷ്യം. അദ്ദേഹം ഒന്നുകൂടി വെളിപ്പെടുത്തി. " ഇപ്പോഴും നമുക്കത് ചെയ്യാനാവും. പക്ഷേ ചെയ്യുന്നില്ല എന്നു മാത്രം. (ഹെറിറേറജ് ഫൗണ്ടേഷനിലെ പ്രസംഗം വാഷിങ്ടൺ ഡി.സി. 1996 ഡിസംബർ 13)

ഇരുപതാം നൂററാണ്ടിന്റെ അന്ത്യത്തിൽ അതിനെ " അമേരിക്കൻ നൂററാണ്ട്" എന്ന് പതിവായി വിശേഷിപ്പിക്കുകയും മൂന്നാം സഹസ്രാബ്ദത്തിലെ അടുത്ത നൂററാണ്ടിനെ " രണ്ടാം അമേരിക്കൻ നൂററാണ്ടാക്കി മാററാനുള്ള പ്രതിബദ്ധത വെളിപ്പെടുത്തുകയും ചെയ്തു. ഹിംസയുടെ പാരമ്പര്യം ഊട്ടി ഉറപ്പിക്കാനുള്ള പ്രതിബദ്ധതയുടെ ഈ വെളിപ്പെടുത്തലുകൾക്കിടയിൽ ഹിംസാമുക്തമായ ഒരു അമേരിക്ക തീർത്തും അചിന്ത്യമാണ്.

കൊല്ലും കൊലഭീഷണികളും വഴി നേടിയ ദേശീയ സ്വാതന്ത്ര്യം, ഉന്മൂലനം ചെയ്ത അടിമത്തം, പരാജയപ്പെടുത്തപ്പെട്ട നാസിസവും ഫാസിസവും ജപ്പാനിലെ ബോംബ് വർഷം വഴിയുണ്ടാക്കിയ നേട്ടങ്ങൾ, കമ്യൂണിസത്തിന്റെ ആഗോളവ്യാപനം തടയുന്നതിൽ കൈവരിച്ച വിജയം, സോവിയററ് യൂണിയനെ തകർച്ചയിലേയ്ക്ക് നയിച്ച കാരണങ്ങൾ, ഇപ്പോൾ ജനാധിപത്യസ്വാതന്ത്ര്യവും മുതലാളിത്ത സമ്പദ്‌വ്യവസ്ഥയും സംരക്ഷിക്കുന്നതിലെ മുന്നണിപ്പോരാളി എന്ന അവകാശവാദം. ഇരുപത്തൊന്നാം നൂററാണ്ട് തങ്ങളുടേതാണെന്ന് അമേരിക്ക അവകാശപ്പെടുന്നതിൽ എന്തത്ഭുതം? വിദ്യാർത്ഥികൾ മുതൽ മുതിർന്ന പ്രൊഫസർമാരെ, രാഷ്ട്രതന്ത്രം പഠിക്കുന്ന ഏതൊരു അമേരിക്കക്കാരനും തത്ത്വശാസ്ത്രങ്ങളുടെയോ രാഷ്ട്രീയ പാരമ്പര്യ ചരിത്രത്തിന്റെയോ സഹായമില്ലാതെ ഒരു കാ

ര്യം സമ്മതിക്കും – ഒരു ഹിംസാമുക്ത സമൂഹം അസാദ്ധ്യമാണ്. ദൈനം ദിന ജീവിതത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ഹിംസ അത്രയ്ക്കും പ്ര കടമാണ്; രൂക്ഷവും.

ഓരോ വർഷവും അമേരിക്കക്കാരാൽ കൊല്ലപ്പെടുന്ന അമേരിക്കക്കാ രുടെ എണ്ണം 15,000 ൽപ്പരം ആണ് (1999 ൽ 15,533) ലക്ഷത്തിന് 5.7 എന്ന തോതിൽ. 1990 ൽ അത് 1.2 ആയിരുന്നു. പോലീസും മററുള്ളവരും നട ത്തുന്ന "ന്യായമായ" നരഹത്യകളുടെ എണ്ണം ഇക്കൂട്ടത്തിൽപെടുന്നില്ല. (പോലീസ് കൊന്നത് 294, മററുള്ളവർ 188 – 1999 ലെ കണക്ക്)

രണ്ടാം ലോകമഹായുദ്ധത്തിനിപ്പുറം അമേരിക്കയിൽ നടന്ന നരഹ ത്യകൾ (750,000) എല്ലാ ലോക രാഷ്ട്രങ്ങളിലുമായി നടന്ന പ്രധാന യു ദ്ധങ്ങളിലുണ്ടായ മരണത്തെ (650,053)ക്കാൾ അധികമാണ്. ഇതിനെക്കാൾ ഭയാനകമാണ് ആക്രമണങ്ങളിൽപ്പെട്ട് മാരകമായ പരിക്കേററവരുടെ ക ണക്കുകൾ. (1999 ൽ 916, 383– ഒരു ലക്ഷത്തിന് 336.1 എന്ന തോതിൽ) മര ണകാരണമാകാവുന്ന ആയുധങ്ങൾ ഉപയോഗിച്ച് നടത്തിയ വധശ്രമങ്ങ ളിൽ പരിക്കേററവരുടെ എണ്ണവും കുറവല്ല. (ഫെഡറൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ 2000:13, 23, 32) അമേരിക്കൻ സമൂഹത്തിൽ വർധിച്ചു വരുന്ന ആത്മഹത്യകളും ആശങ്ക ഉളവാക്കുന്നതാണ്. (1995 ൽ 31, 248 – ലക്ഷത്തിന് 11.9) ഇതിന്റെ ഇരുപത്തഞ്ചുമടങ്ങാണ് ആത്മഹത്യാശ്രമം. പ്രതിവർഷം നടക്കുന്ന ഗർഭഛിദ്രമാകട്ടെ പത്തു ലക്ഷത്തിലധികം വരും.

മർദ്ദനം, ശിരച്ഛേദം, ബോംബിംഗ്, തീപ്പൊള്ളൽ, മുക്കിക്കൊല്ലൽ, തൂ ങ്ങിച്ചാകൽ, വിഷം കഴിക്കൽ, കത്തിക്കുത്ത്, വെടിവെപ്പ്, ശ്വാസം മുട്ടി ക്കൽ തുടങ്ങി പല രീതികളിലും അമേരിക്കയിൽ അനുദിനം അരും കൊ ലകൾ വർധിച്ചുവരികയാണ്. അതിൽ തോക്കിനിരയായവർ 64.5 (1999) ആണ്. മുൻകൂട്ടി ആസൂത്രണം ചെയ്തവ, അവിചാരിതമായി സംഭവി ച്ചവ, വാടക കൊലയാളികൾ വഴി ചെയ്തവ എന്നിങ്ങനെ പലതരത്തി ലാണ് നരഹത്യ. ദമ്പതിമാർ തമ്മിലുള്ള കലഹം, കുട്ടികളുമായുള്ള വഴ ക്ക്, മുതിർന്നവരുമായുള്ള തർക്കങ്ങൾ, മദ്യപാനം, മയക്കുമരുന്ന്, ഗുണ്ടാ പോരാട്ടം, ചൂതുകളി, അസൂയ, തട്ടിക്കൊണ്ടുപോകൽ, വ്യഭിചാരം, ബലാൽ സംഗം, കൊള്ള, ദിവ്യന്മാരുടെയോ സാത്താന്മാരുടേയോ കല്പനകൾ എന്നിങ്ങനെ പല കാരണങ്ങളാലാണ് സമൂഹത്തിൽ ഇത്തരം അരും കൊ ലകൾ നടക്കുന്നത്. ഒരു സ്ഥലവും സുരക്ഷിതമല്ല. വീട്, സ്കൂൾ, തെരു വുകൾ, ഹൈവേകൾ, തൊഴിൽ ശാലകൾ, ആരാധനാലയങ്ങൾ, തടവറ കൾ, ഉദ്യാനങ്ങൾ, പട്ടണം, നഗരം, വിജനപ്രദേശങ്ങൾ, എന്തിന് നിയമ നിർമ്മാണ സഭകൾ പോലും നരഹത്യയുടെ മേച്ചിൻപ്പുറങ്ങളായി മാറി യിരിക്കുന്നു. ഒററയ്ക്കും കൂട്ടായും പരമ്പരയായും കൊല നടക്കുന്നു.

കൊല്ലപ്പെടുന്നവരിൽ ഭൂരിഭാഗം (76% - 1999) പുരുഷന്മാരാണ്. എന്നാൽ 1976-85 കാലഘട്ടത്തിൽ കൊല്ലപ്പെട്ട ദമ്പതിമാരിൽ ഭാര്യമാരാണ് (9,480) ഭർത്താക്കന്മാരെക്കാൾ (7,115) കൂടുതൽ. (ഞല്യൃ മിറ മെഹഢമി 1989) കൊലയാളികൾ, വ്യക്തികൾ, ദമ്പതിമാർ, വാടക ഗുണ്ടകൾ, വർഗീയ വാദികൾ, ഭീകര പ്രവർത്തകർ, നിയമപരിപാലനത്തിന് നിയോഗിക്കപ്പെട്ടവർ എന്നിങ്ങനെ പല വിഭാഗത്തിൽപ്പെടുന്നു. കൊലപാതകികളിൽ ഭൂരിഭാഗം പുരുഷന്മാർതന്നെ (പുരുഷന്മാർ 9,140 സ്ത്രീകൾ 1,046 - 1999) അക്കൂട്ടത്തിൽ ചെറുപ്പക്കാരുടെ എണ്ണം വർദ്ധിച്ചു വരുന്നതാണ് ആശങ്കാ ജനകമായ മറെറാരു ഘടകം.

അമേരിക്കയിലെ വെള്ളക്കാരിൽ 240 ൽ ഒരാളും കറുത്ത വർഗക്കാരുൾപ്പെട്ട മററ് ന്യൂനപക്ഷങ്ങളിൽ 47 ൽ ഒരാളും എന്ന തോതിൽ കൊലയ്ക്കിരയാകാൻ സാധ്യതയുണ്ട് എന്നാണ് 1980 ൽ നടത്തിയ ഒരു പഠനത്തിന്റെ നിഗമനം. (ഞീലിിയല്യൃഴ മിറ ഞല്യൃ 1986:376) 1998 ജനുവരി 27 ന് പ്രസിഡന്റ് ക്ലിന്റൻ ദേശീയ ടെലിവിഷൻ ചാനലിലൂടെ നടത്തിയ " സ്റേററ് ഓഫ് ദ യൂണിയൻ അഡ്രസ്സി"നെപ്പററി സെനററിലെ ഭൂരിപക്ഷവിഭാഗം റിപ്പബ്ളിക്കൻ നേതാവ് ട്രെന്റ് ലോട്ട് ഇപ്രകാരം പ്രതികരിച്ചു: "വർദ്ധിച്ചു വരുന്ന അക്രമങ്ങളും കുററകൃത്യങ്ങളും നമ്മുടെ രാജ്യത്തെ ഒരു സ്വതന്ത്രഭൂമി എന്ന നിലയിൽ നിന്ന് ഭയം നിറഞ്ഞ ഭൂമിയെന്ന നിലയിലേയ്ക്ക് മാററിക്കൊണ്ടിരിക്കയാണ്."

അമേരിക്കയിലെ ഭയാനകമായ ഈ സ്ഥിതിവിശേഷത്തെ സാക്ഷ്യപ്പെടുത്തുന്നതാണ് അനുദിനം മാധ്യമങ്ങളിൽ കണ്ടും കേട്ടും അറിയുന്ന വാർത്തകൾ. ഒരു മകൾ അമ്മയുടെ ശരിസ് ഛേദിച്ച് അതുമായി പോലീസ് സ്റേഷനിലേക്ക് കാറോടിക്കുന്നു. വഴിയരികിലേയ്ക്ക് തലവലിച്ചെറിയുന്നു; ഒരമ്മ രണ്ടു പുത്രന്മാരെ വെള്ളത്തിൽ മുക്കിക്കൊല്ലുന്നു; രണ്ട് പുത്രന്മാർ അച്ഛനമ്മമാരെ വെടിവെച്ചു കൊല്ലുന്നു. ഒരു സ്ഥിരം കൊലയാളി രണ്ട് അഭിസാരികമാരെ കൊന്നുതിന്നുന്നു; ഒരു സ്വവർഗഭോഗി ചെറുപ്പക്കാരെ മയക്കി ഇംഗിതത്തിനു വിധേയമാക്കിയശേഷം കൊന്ന് റഫ്രിജറേററിൽ സൂക്ഷിച്ച് ഭക്ഷണമാക്കി ഉപയോഗിക്കുന്നു. ഒരു കൊലയാളി ഒളിഞ്ഞിരുന്ന് ഒരു സർവ്വകലാശാലയിലെ 15 പേരെ വെടിവച്ചു കൊല്ലുന്നു. നാട്ടുമ്പുറത്തെ ഒരു മിഡിൽ സ്കൂളിൽ രണ്ട് ആൺകുട്ടികൾ സഹപാഠികളായ നാലു പെൺകുട്ടികളെയും അദ്ധ്യാപികയെയും റൈഫിൾ ഉപയോഗിച്ച് വെടിവച്ചുകൊല്ലുന്നു; ഒമ്പതുസഹപാഠികളെയും മറെറാരു അദ്ധ്യാപികയെയും മാരകമായി പരിക്കേൽപ്പിക്കുന്നു. ലിററിൽടണിലെ കൊളമ്പയിൽ ഹൈസ്കൂളിൽ മാരകായുധങ്ങളുമായെത്തിയ രണ്ട് വിദ്യാർത്ഥികൾ 13 സഹപാഠികളെ കൊല്ലുകയും 28 പേരെ പരിക്കേൽപ്പിക്കുക

യും ചെയ്തശേഷം വെടിവച്ച് ആത്മഹത്യ ചെയ്യുന്നു - ഇതൊക്കെയാണ് നാം മാദ്ധ്യമങ്ങൾ വഴി ദിവസവും കണ്ടുകൊണ്ടിരിക്കുന്നത്.

1996-99 കാലയളവിൽ 11 നും 18 നും മദ്ധ്യേ പ്രായമുള്ള സ്കൂൾ വിദ്യാർഥികൾ 27 സഹപാഠികളെയും രണ്ട് അദ്ധ്യാപകരെയും മൂന്നു രക്ഷിതാക്കളെയും കൊന്നു. 65 പേരെ പരിക്കേല്പിച്ചു എന്നാണ് കണക്ക്. ഒരു യന്ത്രത്തോക്കുപയോഗിച്ച് ഒരു മനുഷ്യൻ ഗ്രാമത്തിലെ ഒരു സ്കൂളിൽ കളിക്കളത്തിൽ നിന്ന കുട്ടികൾക്കുനേരെ നിറയൊഴിച്ചു. ഒരു ഫാസ്റ്റ് ഫുഡ് ഫാമിലി റസ്റേറാറന്റിൽ വിയററ്നാം യുദ്ധത്തിലെ ഒരു പഴയ ഭടൻ, അവിടെ ഭക്ഷണം കഴിക്കാനെത്തിയ 20 പേരെ വെടിവച്ചു കൊന്നു. 13 പേർക്ക് മാരകമായ മുറിവേററു. പട്ടാളവേഷത്തിൽ ആയുധമണിഞ്ഞെത്തിയ മറെറാരുത്തൻ ഒരു പള്ളിയിൽ കയറി നിറയൊഴിച്ച ശേഷം ആർത്തട്ടഹസിച്ചു. "ഞാൻ ഒരായിരം പേരെ മുമ്പ് കൊന്നിട്ടുണ്ട്. ഇനിയും ഒരായിരം പേരെ ഞാൻ കൊല്ലും"

അമേരിക്ക ഇന്ന് അക്ഷരാർത്ഥത്തിൽ ഭീതിയുടെ നിഴലിലാണ്. ഇവിടെ ഇരുന്നൂറുദശലക്ഷം ആളുകൾ തോക്കുമായി ജീവിക്കുന്നു - കുറഞ്ഞത് 70 ദശലക്ഷം റൈഫിൾ, 65 ദശലക്ഷം കൈത്തോക്കുകൾ, 49 ദശലക്ഷം 8 ദശലക്ഷം മററുതരം തോക്കുകൾ! തോക്കുകളുടെ ഉല്പാദനം, വിപണനം, കയററുമതി, ഇറക്കുമതി എന്നിവ വലിയൊരു വ്യവസായമായി വളർന്നിരിക്കുന്നു. പതിനായിരക്കണക്കിന് വ്യാപാരികൾ- അധികൃതവും അനധികൃതവും - ഇന്ന് ഈ മേഖലയിലുണ്ട്. അമേരിക്കയിലെ മൂന്നിലൊന്ന് വീടുകളിലെങ്കിലും മാരകമായ ഒന്നിലധികം തോക്കുകളോ മാരകായുധങ്ങളോ സൂക്ഷിക്കുന്നുണ്ടെന്നാണ് കണക്ക്. ഭൂരിഭാഗം കുട്ടികൾക്കും അവ ഉപയോഗിക്കാനറിയാം; പല രക്ഷിതാക്കൾക്കും അതറിയില്ലെങ്കിലും. അമേരിക്കയിൽ ഏതാണ്ട് 1,35,000 കുട്ടികൾ തോക്കുമായാണ് സ്കൂളിൽ പോകുന്നതെന്ന് ചിൽഡ്രൺസ് ഡിഫൻസ് ഫണ്ട് ഒരു പഠനത്തിൽ ചൂണ്ടിക്കാട്ടിയ കാര്യം 1996 ൽ അന്നത്തെ പ്രഥമ വനിത ഹിലാരി ക്ലിന്റൻ ഒരു പ്രസംഗത്തിൽ വെളിപ്പെടുത്തുകയുണ്ടായി. (ടുലലരവ ശി ചമവൌമ, ചലം ഒമാവെശൃല, എലയൃൗമൃ്യ 22, 1966) അമേരിക്കൻ ഐക്യനാടുകളുടെ ഭരണഘടന 1791 ന്റെ രണ്ടാം ഭേദഗതി പ്രകാരം പൗരന്മാർ സ്വരക്ഷയ്ക്കും വേട്ടയ്ക്കും വിനോദത്തിനും സർക്കാരുകളുടെ അടിച്ചമർത്തലുകൾക്കെതിരെ പോരാടുന്നതിനും തോക്ക് കൈവശം വയ്ക്കുന്നതിനുള്ള അവകാശം ഉറപ്പാക്കുന്നു. " ഒരു സ്വതന്ത്രരാഷ്ട്രത്തിന്റെ സുരക്ഷിതത്വത്തിനും യുദ്ധപരിശീലനം സിദ്ധിച്ച അച്ചടക്കമുള്ള പൗരജനം കൂടിയേ കഴിയൂ. അതിനാൽ ജനങ്ങൾ ആയുധങ്ങൾ സൂക്ഷിക്കുന്നതും ഉപയോഗിക്കുന്നതും തടയാനാവില്ല" - എന്ന് ഭരണഘടന വ്യക്തമാക്കുന്നു.

ആഭ്യന്തര കൊലപാതകങ്ങളും അക്രമങ്ങളും കൊലപാതകങ്ങളും നിയന്ത്രിക്കുന്നതിന് വിപുലമായ ഒരു സായുധ പോലീസ് വ്യൂഹത്തെ വിന്യസിച്ചിട്ടുണ്ട്. 1999 ലെ രേഖ പ്രകാരം ഫെഡറൽ - സംസ്ഥാനതലങ്ങളിൽ 6, 41, 208 പോലീസ് ഓഫീസർമാരാണ് പോലീസ് സേനയിലുള്ളത്. ആ വർഷം 42 പോലീസുകാർ കൊല ചെയ്യപ്പെട്ടു. (ഫെഡറൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ 2000:91) ആവശ്യാനുസരണം നാഷണൽ ഗാർഡ്, യു. എസ്. സായുധസേന എന്നിവയിൽ നിന്ന് ആളെടുത്ത് പോലീസ് സേനയെ വിപുലീകരിക്കാറുമുണ്ട്. വിവിധ കുററകൃത്യങ്ങളിൽ ശിക്ഷ വിധിക്കപ്പെട്ട് 1.8 ദശലക്ഷം പേർ അമേരിക്കയിലെ വിവിധ ജയിലുകളിൽ കഴിയുന്നു. ഇവരിൽ 3,527 പേർ വധശിക്ഷയ്ക്ക് 1999) വിധിക്കപ്പെട്ടവരാണ്. (ബ്യൂറോ ഓഫ് ജസ്റ്റിസ് 2000 യ ; 2000 മ) ഗുരുതരമായ കുററകൃത്യങ്ങൾക്ക് കേന്ദ്രത്തിലും 38 സംസ്ഥാനങ്ങളിലും വധശിക്ഷ നിലനിൽക്കുന്നു. 1977-99 കാലയളവിൽ 598 പേർ വധശിക്ഷയ്ക്ക് വിധേയരായി. ഇരുപത്തൊന്നാം നൂററാണ്ടിന്റെ തുടക്കത്തോടെ വർധിച്ചുകൊണ്ടിരിക്കുന്ന കുററകൃത്യങ്ങൾക്കും കൊലപാതകങ്ങൾക്കും തടയിടുന്നതിന് കൂടുതൽ സായുധപോലീസിനെ നിയോഗിക്കുന്നതിനും പുതിയ ജയിലുകൾ നിർമിക്കുന്നതിനും കുററവാളികൾക്ക് ആജീവനാന്ത തടവുശിക്ഷയടക്കം കഠിനമായ ശിക്ഷകൾ നടപ്പാക്കുന്നതിനുമുള്ള മുറവിളികൾ രാജ്യത്തെങ്ങും അലയടിക്കുന്നുണ്ട്.

അമേരിക്കയിൽ കുററകൃത്യങ്ങൾ സാമൂഹികമായും സാംസ്ക്കാരികമായും അംഗീകരിക്കപ്പെട്ട ഒന്നായി മാറിയിരിക്കുന്നു. കൊല്ലും കൊലയും നടത്തുന്നതിന് ഔപചാരികമായോ അനൗപചാരികമായോ നിയമവിധേയമായോ നിയമവിരുദ്ധമായോ പരിശീലനം നേടിയവരാണ് ഭൂരിഭാഗം ജനങ്ങളും. 24 ദശലക്ഷത്തിലധികം വരുന്ന സൈനികർ നരഹത്യയിൽ ബിരുദം നേടിയവരാണ്. പ്രായപൂർത്തിയായ നാലുപുരുഷന്മാരിൽ ഒരാൾ അക്കാര്യത്തിൽ വിദഗ്ദ്ധ പരിശീലനം നേടിയിട്ടുണ്ട്. മിക്ക ഹൈസ്കൂളുകളിലും കോളേജുകളിലും സർവ്വകലാശാലകളിലും സൈനികസേവനത്തിനുള്ള പ്രാഥമിക പരിശീലനം നൽകുന്നുണ്ട്. സ്വരക്ഷയ്ക്ക് സജ്ജരാക്കാൻ വ്യവസായ സ്ഥാപനങ്ങൾ അവരുടെ ജീവനക്കാർക്ക് പരിശീലനം നൽകുന്നു. തെരുവു ഗുണ്ടകളും ഭീകരപ്രവർത്തകരും കൊലപാതകത്തിൽ വിദഗ്ദ്ധപരിശീലനം നേടിയവരാണ്. കൊള്ളയും കൊലയും അഭ്യസിക്കുന്നതിനുള്ള കോളേജുകളാണ് ജയിലുകൾ. കൊലപാതക കല പഠിപ്പിക്കുന്ന ലേഖനങ്ങളും ആയുധങ്ങളുടെ വിവരങ്ങളും വാടകകൊലയാളികളുടെ ലഭ്യതയും മററും പ്രസിദ്ധപ്പെടുത്തുനന മാഗസിനുകൾ പൊതുവിപണിയിൽ ധാരാളം. കുട്ടികൾക്കു വേണ്ടി രൂപകല്പന ചെയ്തിട്ടുള്ള വീഡിയോ - കമ്പ്യൂട്ടർ ഗെയിമുകൾ മിക്കതും കൊലപാത

കത്തിന് പ്രേരണ നൽകുന്നതാണ്. കരയിലും കടലിലും ആകാശത്തും ശൂന്യാകാശത്തുപോലും എങ്ങനെ പോരാട്ടം നടത്താമെന്നും ആളെ കൊല്ലാമെന്നും കുട്ടികൾക്ക് അതിഭാവുകത്വത്തോടെ കാണിച്ചു കൊടുക്കുന്നവയാണ് ഏറിയ പങ്കും. സ്കൂളിലും കോളേജുകളിലും ചെറുപ്പക്കാർ പരസ്പരം കൊല്ലുന്നതിനുള്ള വിദ്യകളാണ് വിനോദവേളയിൽ പോലും അഭ്യസിക്കുന്നത്. പലപ്പോഴും കാമ്പസുകൾ അവയുടെ പരീക്ഷണ ശാലകളായും മാറുന്നു. കളിപ്പാട്ടം മുതൽ കലാലയ വിദ്യാഭ്യാസം വരെ നീളുന്നു യുവ മനസ്സുകളിൽ നരഹത്യയോട് ആഭിമുഖ്യം വളർത്തുന്നതിനുള്ള സംരംഭങ്ങൾ.

ബഹുജന മാദ്ധ്യമോപാധികൾ മിക്കതും നരഹത്യ അഭ്യസിപ്പിക്കുന്നതിനുള്ള ഉപാധികളായി തീർന്നിട്ടുണ്ട്. കാർട്ടൂണുകൾ, ചലച്ചിത്രങ്ങൾ, ടെലിവിഷൻ – റേഡിയോ പരിപാടികൾ, പാട്ടുകൾ, പുസ്തകങ്ങൾ, മാഗസിനുകൾ, വാണിജ്യപരസ്യങ്ങൾ എന്നിവയിലെല്ലാം കൊലയ്ക്കുള്ള വാസന ഊട്ടി ഉറപ്പിക്കുന്ന ഘടകങ്ങൾ പ്രത്യക്ഷമായും പരോക്ഷമായും കടന്നുകൂടുന്നു. കുട്ടിക്കാലം മുതൽ മനസ്സുകളിൽ ചേക്കേറുന്നത് മനുഷ്യനും മൃഗങ്ങൾക്കും പ്രകൃതിക്കും വസ്തുവകകൾക്കും നേരെ നായകന്മാരും വില്ലന്മാരും നടത്തുന്ന നാശോന്മുഖമായ ആക്രമണങ്ങളുടെ പ്രതിബിംബങ്ങളാണ്. രക്തച്ചൊരിച്ചിലും ക്രൂരകൃത്യങ്ങളും ലൈംഗികാക്രമണങ്ങളും കുത്തിനിറച്ച ചലച്ചിത്രങ്ങളും അവയുടെ പരസ്യ ചിത്രങ്ങളും യുവമനസ്സുകളിൽ അക്രമവാസന വളർത്തുന്നു.

ആക്രമണങ്ങളുടെയും നരഹത്യകളുടെയും ചിത്രങ്ങൾ പതിയാത്ത തലച്ചോറുള്ള ഒരു മനുഷ്യനും ചരിത്രത്തിലെവിടെയുമുണ്ടാവാനിടയില്ല. സൈനിക പരിശീലനത്തിൽ മനുഷ്യനെ കൊല്ലുന്നതിനുള്ള വൈമുഖ്യമകററാൻ സ്ഥിരമായി ഉപയോഗിക്കുന്ന ഒരു അംഗീകൃതരീതിയാണ് അക്രമാസക്തമായ ജനക്കൂട്ടത്തിന്റെ പാതകളുടെയും അവയെ നേരിടാൻ നടത്തുന്ന കൂട്ടക്കൊലകളുടെയും രംഗങ്ങൾ കുത്തിനിറച്ച ചലച്ചിത്രങ്ങൾ കമാൻഡോകളെ നിർബന്ധമായും കാണിക്കുകയെന്നത്.

(Watson 1978:248-51) മനുഷ്യജീവന് യാതൊരു വിലയും കല്പിക്കാത്ത വിധം രാഷ്ട്രത്തിന്റെ മൂല്യനിലവാരവും ജനങ്ങളുടെ മനോവികാരവും വഴിമാറിയിരിക്കുന്നു. പ്രായപൂർത്തിയെത്താത്ത കൊലകുറ്റവാളികളിൽ ഇത് വർധമാനമായ രീതിയിൽ പ്രകടമാണെന്ന് ജഡ്ജിമാർ ചൂണ്ടിക്കാട്ടുന്നു. പൗരസമൂഹത്തിന് എത്ര തന്നെ ദോഷകരമാണെങ്കിലും രാജ്യത്തിനുവേണ്ടി കൊല ചെയ്യാൻ വൈദഗ്ധ്യമുള്ളവരുടെ ഒരു യുവനിര ഉണ്ടാക്കിയെടുക്കുന്നതിൽ ബദ്ധശ്രദ്ധമാണ് ഭരണകൂടം. അതിനുവേണ്ടി കോടിക്കണക്കിന് ഡോളർ ചെലവഴിക്കാനും മടിക്കുന്നില്ല.

ആധുനിക ഭാഷാ പ്രയോഗങ്ങളിലും 'കൊല' പ്രയോഗങ്ങളുടെ സ്വാധീനം തെളിഞ്ഞുകാണാം. അമേരിക്കൻ സമ്പദ്ഘടനയുടെ അടിസ്ഥാനം സ്വതന്ത്ര വ്യാപാര-വ്യവസായ സംരംഭങ്ങളാണ്. സ്റ്റോക്ക് മാർക്കറ്റുമായി ബന്ധപ്പെട്ട് പ്രചാരത്തിലുള്ള ഒരു പ്രയോഗമാണ് "Making a killing on the stock market" ഒരു ചുമർ പരസ്യത്തിൽ കണ്ട മറ്റൊരു വാചകം : "You buy where there's blood in the streets". അവിടെ വ്യാപാരം പൂർത്തിയാവുന്നത് "പ്രൈസ് വാർഡി"ലാണ്.

സ്വതന്ത്ര ജനാധിപത്യ തെരഞ്ഞെടുപ്പ് രീതിയിലെ അമേരിക്കൻ രാഷ്ട്രീയത്തിന്റെ കാതൽ. അതിന്റെ പ്രചാരപ്രവർത്തകരെ വിശേഷിപ്പിക്കുന്നത് troops അല്ലെങ്കിൽ foot solders എന്നാണ്. നിയമ നിർമാണ സഭയിൽ "ബില്ലുകളെ കൊല്ലുക"യാണ് (Bills are killed). സർക്കാർ ദാരിദ്ര്യത്തിനും കുറ്റകൃത്യങ്ങൾക്കും മയക്കുമരുന്നുകൾക്കുമെതിരെ "യുദ്ധ പ്രഖ്യാപനം" നടത്തുന്നു.

ബേസ്ബാൾ ആണ് ദേശീയ കളി. കളിയിൽ അസന്തുഷ്ടിയോ നിരാശയോ വരുമ്പോൾ വേദനയോടെ പ്രേക്ഷകർ പതിവായി വിളിച്ചു പറയുന്ന ഒരു വാചകമുണ്ട് " അമ്പയറെ കൊല്ലൂ" (Kill the umpire) നല്ല ഉറച്ച ഫുട്ബോൾ ടീമുകളെ വിവരണം നൽകുന്നവർ വിശേഷിപ്പിക്കുന്നത് കില്ലേഴ്സ് (Killers) എന്നാണ്. കളിക്കാരെ " ആയുധങ്ങൾ" (ണലമുീി) എന്നും പാസ്സിനെ ലോങ് ബോംബ്സ് (ഘീിഴ ആീായ) എന്നും തോൽക്കുന്ന ടീമുകളെ "ഹമരസ വേല സശഹഹലൃ ശിരെശിരസ" എന്നും കളിക്കളങ്ങളിൽ പറഞ്ഞു കേൾക്കാറുണ്ട്.

മതസ്വാതന്ത്ര്യത്തിലും സമാധാനത്തിലും അഭിമാനം കൊള്ളുന്ന അമേരിക്കക്കാർ ശാന്തിയുടെ രാജകുമാരനെ വാഴ്ത്തുമ്പോഴും പാടുന്നത് കൃസ്ത്യൻ ഭടന്മാരേ (ഇവൃശശെേമി ീെഹറശലൃെ) മുന്നോട്ട് എന്നാണ്. കൃസ്തുവിന്റെ ജീവത്യാഗത്തെ അനുസ്മരിച്ച് കുരിശിന്റെ മാഹാത്മ്യം പറയുമ്പോൾ ഉപയോഗിക്കുന്നതാവട്ടെ "കുരിശിന്റെ ഭടന്മാർ" (ടീഹറശലൃെ ീള വേല രൃീൈ) എന്ന പ്രയോഗവും. സമയം പോകാനാവാതെ നിരാശനായിരിക്കുമ്പോൾ "സമയം കൊല്ലാ"നുള്ള വഴി (ഗശഹഹശിഴ ശോല) കളെപ്പറ്റി നാം ചിന്തിക്കുന്നു, പറയുന്നു.

വംശീയവും ലിംഗപരവുമായ വിവേചനം ധ്വനിപ്പിക്കുന്ന പദപ്രയോഗങ്ങളെക്കുറിച്ച് പൗരസമൂഹം കൂടുതൽ കൂടുതൽ ശ്രദ്ധ പുലർത്തുമ്പോൾ തന്നെ □കൊല'യുടെ, അക്രമത്തിന്റെ ധ്വനിയുടെ വാക്കുകൾ അമേരിക്കക്കാർ ഒരു ഉൽക്കണ്ഠയും ചിന്തയുമില്ലാതെ നിരന്തരം ഉപയോഗിക്കുന്നു.

അമേരിക്കൻ ഇംഗ്ലീഷിന്റെ " ആയുധപ്പുര"കളിൽ ചരിത്രത്തിലിന്നോ

ളം അറിയപ്പെട്ടിട്ടുള്ള എല്ലാത്തരം ആയുധങ്ങളെയും അവയുടെ പ്രയോഗരീതിയെയും പ്രയോജനങ്ങളെയും കുറിച്ചുള്ള ധ്വനി കലർന്ന പ്രയോഗങ്ങൾ നിറച്ചുവച്ചിട്ടുണ്ട്. ചില വാക്കുകൾക്ക് നൽകിയിരിക്കുന്ന പ്രയോഗരൂപം നോക്കുക:

Belrayal = "A staf in the back"

Budget = "axed"

Attempt = "to take a shet at it"

ideas = "for pedoed"

Opposition = "Flack"

Consequences of action = "fall-out)

Lawyers = "Hired guns"

A beautiful movie star = "Blonde bombshell"

നല്ല പദങ്ങൾ ഉപയോഗിച്ച് അസുഖകരമായ ആശയം പ്രകടിപ്പിക്കുന്ന പ്രവണതയും ഒരു അമേരിക്കൻ ശൈലിയായി മാറിയിട്ടുണ്ട്. ഹിരോഷിമയിൽ വർഷിച്ച ലോകത്തെ ആദ്യ ആണവ ബോംബിന് അമേരിക്ക നൽകിയ പേര് "Little boy" എന്നാണ്. അത് വർഷിച്ച B-29 ബോംബറിനു നൽകിയ പേര് പൈലററിന്റെ അമ്മയുടെ പേര് - "Enola Gay" ആയിരുന്നു. നാഗസാക്കിയിലിട്ട "Fat man" ബോംബ് വർഷിച്ചത് "Block's Car" അത്രെ. നഗരവാസികളെ കൂട്ടക്കൊല ചെയ്യാൻ ശേഷിയുള്ള അന്തർഭൂഖണ്ഡ ആണവ മിസൈലുകൾ നൽകിയിരുന്ന ഓമനപ്പേര്!! Peace Makers"! സ്പോർട്ടിസിൽ നടക്കുന്ന മത്സരങ്ങളിൽ "യുദ്ധ"ത്തെ ധ്വനിപ്പിക്കുന്ന വാക്കുകൾ നിർലോഭം പ്രയോഗിക്കുമ്പോൾ മറിച്ച് കൂട്ടക്കൊലയ്ക്കായി പട്ടാളം നടത്തുന്ന മുന്നൊരുക്കങ്ങൾക്ക് പറയുന്നത് "games" എന്നാണ്. പോരാട്ടങ്ങളിൽ സ്വന്തം സേനയിലെ അംഗങ്ങളെയും സാധാരണ പൗരന്മാരെയും കൊന്നൊടുക്കുമ്പോൾ അതിന് നൽകുന്ന വിശേഷണം : "Collateral damage" മുൻ പ്രസിഡന്റ് റൊണാൾഡ് റീഗൻ പറഞ്ഞതു കേൾക്കുക: " ആധുനിക ചരിത്രത്തിൽ യുദ്ധസാദ്ധ്യത ഏറ്റവും കുറഞ്ഞ അങ്ങേയറ്റം ശാന്തസുന്ദരമായ രാജ്യമാണ് അമേരിക്ക" (PBS 1993)

അമേരിക്കയിൽ അടിക്കടിയുണ്ടാകുന്ന അക്രമസംഭവങ്ങൾ പിന്നീട് പ്രതികാരത്തോടെയുള്ള കൂട്ടക്കൊലകൾക്കും ജനങ്ങൾ തമ്മിലും ജനങ്ങളും സർക്കാരും തമ്മിലും ഏറെ നാൾ നീണ്ടുനിൽക്കുന്ന പോരാട്ടങ്ങൾക്കും വഴിയൊരുക്കുന്നു. 1992 ൽ കറുത്ത വർഗത്തിൽപ്പെട്ട ഒരു അ

മേരിക്കൻ പൗരനെ പോലീസുകാർ ക്രൂരമായി പീഡിപ്പിച്ചതുമായി ബന്ധപ്പെട്ട കേസിൽ വന്ന കോടതി വിധിയിൽ പ്രതിഷേധിച്ച് സൗത്ത് സെൻട്രൽ ലോസ് ആഞ്ചൽസിൽ സംഭവിച്ച വെടിവെയ്പിലും കൊള്ളയിലും 52 പേർ മരിക്കുകയും ഏതാണ്ട് 2000 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. രണ്ടു മാസത്തിനുള്ളിൽ ആ പ്രദേശത്തെ ഭീതിപൂണ്ട പൗരന്മാർ വാങ്ങിക്കൂട്ടിയത് 70,000 തോക്കുകൾ. രക്തരൂക്ഷിതമായ പോരാട്ടങ്ങളിലൂടെ കൊല ചെയ്യപ്പെട്ടവരുടെ പൂർവ്വസ്മരണകൾ ഇന്നും പല പ്രദേശങ്ങളിലും ജനങ്ങളെ വേട്ടയാടുന്നു. വാററ്സ് (ണമമേ 1965 34 പേർ) നെ വാർക്ക് (Newark 1967-26 പേർ) ഡെട്രോയിററ് (Detroit 1967-46 പേർ) എന്നിവിടങ്ങളിൽ നടന്ന കലാപങ്ങളിലും 18, 19 നൂററാണ്ടുകളിൽ അടിമകളുടെ ഉയിർന്നെഴുന്നേല്പിനായി നടത്തിയ പോരാട്ടങ്ങളിലും പൊലിഞ്ഞത് എത്രയോ മനുഷ്യജീവിതങ്ങളാണ്. 1967 ൽ ഡെട്രോയ്ററിൽ ക്രമസമാധാനം പുനഃസ്ഥാപിക്കാനായി 4,700 പാരാ ആർമി ട്രൂപ്പിനെയും 1600 നാഷണൽ ഗാർഡ്മെൻനെയും 360 മിഷിറൻ സംസ്ഥാന ട്രൂപ്പിനെയും നിയോഗിക്കേണ്ടിവന്നു. (Lock 1969)

ഹൊറാബേഷ്യൻ വെബേറിയൻ സംസ്ഥാനങ്ങൾ സംയോജിപ്പിക്കുന്നതിനുവേണ്ടി നടത്തിയ നിയമഭേദഗതി ടെക്സാസ്സിലെ വാകോയിൽ 1993 ലും ഒക്‌ലഹോമ നഗരത്തിൽ 1995 ലും കൂട്ടക്കുരുതികൾക്കിടയാക്കി. വാകോയിൽ നിയമം നടപ്പാക്കാൻ ബാദ്ധ്യസ്ഥരായ സായുധ ഉദ്യോഗസ്ഥരെ ഒരു മതവിഭാഗത്തിലെ സായുധരായ ഒരു സംഘം നേരിടുകയായിരുന്നു. ആ ഏററുമുട്ടലിൽ നാല് ഫെഡറൽ ഉദ്യോഗസ്ഥരും സായുധമതസംഘത്തിലെ 89 പേരും കൊല്ലപ്പെട്ടു. ഒരു ഡസൻ പോലീസുകാർക്ക് മാരകമായ മുറിവേററു. ഈ ദുരന്തത്തിന്റെ രണ്ടാം വാർഷിക ദിനത്തിൽ ഒക്‌ലഹോമ നഗരത്തിലെ ഫെഡറൽ ഓഫീസിൽ ബോംബ് നിറച്ച ട്രക്ക് ഇടിച്ചുകയററി സ്ത്രീകളും കുട്ടികളുമടക്കം 168 പേരെ കൊന്നു.

അമേരിക്കയിൽ മാത്രമല്ല ലോകത്തിന്റെ മററു ഭാഗങ്ങളിലും അനുദിനം അരങ്ങേറിക്കൊണ്ടിരിക്കുന്ന സംഭവങ്ങൾ വിലയിരുത്തുമ്പോൾ കൊല്ലും കൊലയുമില്ലാത്ത ഒരു സമൂഹം അസാദ്ധ്യമാണെന്ന നിഗമനത്തിൽ അമേരിക്കക്കാർ ചെന്നെത്തുന്നു. മനുഷ്യരാശി കണ്ടിട്ടുള്ളതിൽ വെച്ചേററം കൊല നടന്നിട്ടുള്ള ഇരുപതാം നൂററാണ്ട്, അതിന്റെ മികവ് തെളിയിച്ചത് മനുഷ്യരെ കൂട്ടത്തോടെ കൊന്നൊടുക്കാനുള്ള അതിന്റെ ശേഷി പ്രകടിപ്പിച്ചു കൊണ്ടാണ്.

റുഡോൾഫ് ജെ. റുമേൽ നടത്തിയ ഒരു ഗവേഷണം രക്തരൂക്ഷിതമായ പോരാട്ടങ്ങളെ ചരിത്രപശ്ചാത്തലത്തിലും ആഗോള കാഴ്ചപ്പാടിലും വിലയിരുത്തുന്നു. സ്വന്തം രാഷ്ട്രം തന്നെ തങ്ങളുടെ ആളുകളെ കൊ

ന്നൊടുക്കിയതിന്റെയും (കൂട്ടക്കൊല, വധശിക്ഷ, മനുഷ്യനിർമ്മിതമായ പട്ടിണി, വംശീയ പോരാട്ടങ്ങൾ മുതലായവ വഴി) യുദ്ധങ്ങളിൽ രക്തസാക്ഷികളായവരുടെയും (ലോകയുദ്ധങ്ങൾ, പ്രാദേശിക പോരാട്ടങ്ങൾ, സിവിൽ യുദ്ധങ്ങൾ, വിപ്ലവങ്ങൾ, ഗറില്ലാ ആക്രമണങ്ങൾ) വിവരങ്ങൾ വിലയിരുത്തി ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള കൊലകളെ റുമേൽ താരതമ്യം ചെയ്യുന്നു. (പട്ടിക 1)

പട്ടിക 1

1987 വരെ കൂട്ടക്കൊലകളിലും യുദ്ധങ്ങളിലും കൊല ചെയ്യപ്പെട്ടവർ

| | 1900 നുമുമ്പ് | 1990–87 | ആകെ |
|---|---|---|---|
| രാഷ്ട്രങ്ങൾക്കുള്ളിൽ നടന്ന കൊലകൾ (Democide) | 133,147,000 | 1,69,198,000 | 302,345,000 |
| യുദ്ധം | 40,457,000 | 34,021,000- | 74,478,00 |
| ആകെ | 173,604,000 | 203,219,000 | 376,823,000 |

IVI:Source : Rummel 1994 Table 1.6; 66-71

നാന്നൂറുദശലക്ഷത്തിലധികം ആളുകൾ ഇങ്ങനെ നിഷ്ഠൂരമായി കൊല്ലപ്പെട്ടതിന്റെ ചരിത്രം റുമ്മേൽ സൂക്ഷ്മമായി വിശകലനം ചെയ്യുന്നു. രാജ്യത്തിനുള്ളിൽ നടന്ന അരുംകൊലകളിൽ ഏററവുമധികം നടന്നത് കമ്മ്യൂണിസ്റ്റ് ഭരണത്തിലും രണ്ടാമത് ഏകാധിപത്യ-സ്വേഛാധിപത്യ രാജ്യങ്ങളിലും ഏററവും കുറവ് ജനാധിപത്യരാഷ്ട്രങ്ങളിലുമാണെന്ന് കണക്കുകൾ വെളിപ്പെടുത്തുന്നു. ഹിററ്ലറുടെ ഏകാധിപത്യകാലഘട്ടവും സ്റ്റാലിനിസ്റ്റ് ശുദ്ധീകരണവും ജാപ്പനീസ് ആക്രമണവും മാവോയിസ്റ്റ് കുരുതികളുമാണ് അമേരിക്കൻ മനസ്സുകളിൽ മായാതെ നിൽക്കുന്ന ചിത്രങ്ങൾ.

1900 നും 1995 നും മദ്ധ്യേ ഇരുപതാം നൂററാണ്ടിൽ യുദ്ധത്തിൽ കൊല്ലപ്പെട്ടവരുടെ എണ്ണം കുറഞ്ഞത് 106, 114,000 ആണെന്ന് വില്ല്യം ജെ. എക്കാർട്ടും സഹപ്രവർത്തകരും നടത്തിയ പഠനത്തിൽ കണക്കുകൂട്ടുന്നു. കൊല്ലപ്പെട്ടവരിൽ 62, 194,000 പേർ നിരപരാധികളായ പൗരന്മാരാണ്. 43, 920,000 പട്ടാളക്കാരും. (ടശ്മ്യറ 1996:19). 1945 നും 1942 നും മദ്ധ്യേയുള്ള “ശാന്തഗംഭീരമായ” കാലയളവിൽ “ശീതയുദ്ധ”ങ്ങളിൽ 149 യുദ്ധങ്ങളിലായി കൊല്ലപ്പെട്ടവർ കുറഞ്ഞത് 22,057,000 ആണ്. ഇതിൽ 14,505,000 പൗരന്മാരും 7,552,000 യോദ്ധാക്കളും ഉൾപ്പെടുന്നു. (ടശ്മ്യറ 1993: 201)

1996 ൽ മാത്രം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ചെറുതും വലുതുമായി കുറഞ്ഞത് 30 യുദ്ധങ്ങൾ നടന്നുവെന്നാണ് കണക്ക്.

ലോകത്തിന്റെ പല ഭാഗത്തും നടക്കുന്ന രക്തരൂക്ഷിതമായ പോരാട്ടങ്ങളുടെ ദൃശ്യങ്ങൾ ദിവസേനയെന്നോണം ടെലിവിഷൻ സ്ക്രീനുകളിൽ പ്രത്യക്ഷപ്പെടുന്നു.

ചിലത് പൂർവ്വകാല ക്രൂരതകളുടെ പുനരാവിഷ്ക്കാരമാണ്. മററു ചിലവ സമീപകാല കൊലകളുടെ ത്രസിപ്പിക്കുന്ന ദൃശ്യങ്ങൾ. പ്രേക്ഷകരെ ഉൽക്കണ്ഠയുടെ മുൾമുനയിൽ നിർത്തത്തക്കവിധം മാധ്യമങ്ങൾ ഒന്നിൽ നിന്ന് മറെറാന്നിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു.

രക്തച്ചൊരിച്ചിൽ പല രൂപത്തിലാണെങ്കിലും അതിന്റെ അടിപേര് ഒന്നു തന്നെ: കൊല്ലുന്നതിനുള്ള മനുഷ്യന്റെ സന്നദ്ധത. അന്താരാഷ്ട്ര യുദ്ധങ്ങൾ, ജനക്കൂട്ടങ്ങൾ തമ്മിലുള്ള പോരാട്ടം, സായുധ വിപ്ലവങ്ങൾ, വിഘടന വാദികളുടെ പോരാട്ടങ്ങൾ, സൈനിക കലാപങ്ങൾ, കൂട്ടക്കുരുതികൾ, വംശ-വർഗ-മത ആചാരങ്ങൾ, ശത്രുത, അതിർത്തിതർക്കങ്ങൾ, വധം, വൈദേശിക ഇടപെടലുകൾ, അവഗണയ്ക്കും അടിച്ചമർത്തലുകൾക്കുമെതിരെയുള്ള പ്രതികാരങ്ങൾ - അങ്ങനെ കാരണങ്ങൾ അനേകം. വൈദേശികാക്രമണത്തിലൂടെ സ്വന്തം നാട്ടിൽ അമേരിക്കക്കാർ കൊല ചെയ്യപ്പെടുന്ന സംഭവങ്ങളും അപൂർവ്വമല്ല. 1993 ൽ ഇസ്രായേലിനു നൽകിയ പിന്തുണയുടെ പേരിൽ അമേരിക്കയിലെ വേൾഡ് ട്രേഡ് സെന്ററിൽ ബോംബിട്ട് ആറുപേരെ കൊല്ലുകയും ആയിരത്തിലേറെപ്പേരെ പരിക്കേൽപ്പിക്കുകയും ചെയ്ത സംഭവം മറക്കാറായിട്ടില്ല. അതുപോലെ 1998 ൽ നൈറോബിയിലും ദാർ ഇസ്ലാമിലും ഒരേ സമയം അമേരിക്കൻ എംബസികളിൽ ബോംബ് നിറച്ച ട്രക്ക് ഇടിച്ചു കയററി 12 അമേരിക്കക്കാരെയും 300 ആഫ്രിക്കക്കാരെയും കൊന്നൊടുക്കി 5000 ലധികം പേർക്ക് പരിക്കേററു.

ഇരുപതാം നൂററാണ്ടിലെ പരീക്ഷണമായ ലോകസ്ഥിതി വിലയിരുത്തുന്ന അമേരിക്കൻ രാഷ്ട്രീയ നേതാക്കൾ ഹോബ്സിന്റെ ചിന്തിഗതിയോട് യോജിക്കുന്നു: " അതൊരു വന്യമായ ലോകം തന്നെ". ക്ഷയിച്ചുപോയ റോമാ സാമ്രാജ്യത്തിന്റെ ആപ്തവാക്യം അവർ നമ്മെ ഓർമ്മിപ്പിക്കുന്നു: "സമാധാനം വേണമെങ്കിൽ യുദ്ധത്തിന് തയ്യാറെടുക്കുക!" (ടശ്ശ ുമരലാ ുമൃമ യലഹഹൗാ)

* *

ഇത്തരത്തിലുള്ള ഉറച്ച വിശ്വാസങ്ങൾ, തത്ത്വശാസ്ത്രപാരമ്പര്യം, ദേശീയ വികാരം, മാദ്ധ്യമങ്ങളുടെ സ്വാധീനം, സാംസ്കാരികമായ അവസ്ഥാ

ന്തരം എന്നിവ കണക്കിലെടുക്കുമ്പോൾ കൊലയില്ലാത്ത ഒരു സമൂഹം അസാദ്ധ്യമാണെന്ന് അമേരിക്കൻ രാഷ്ട്രമീമാംസകരുടെയും അവരുടെ ശിഷ്യരുടെയും ചിന്താഗതിയിൽ അത്ഭുതപ്പെടാനാവില്ല.

ലൈംഗികമായ അതിക്രമങ്ങളെയും മററു തരത്തിലുള്ള ആക്രമങ്ങ ളെയും സർവകലാശാലകളിൽ പ്രാരംഭ കോഴ്സ് മുതൽ ബിരുദതലം വരെ യുള്ള വിദ്യാർഥികൾ സമാനമായ കാരണങ്ങൾ നിരത്തി ന്യായീകരിക്കു ന്നതുകാണാം. മനുഷ്യ പ്രകൃതവും സാമ്പത്തിക പ്രശ്നങ്ങളും അവയിൽ പ്രധാനം. ഓരോ തവണയും ഈ ചോദ്യം ഉയരുമ്പോൾ വിദ്യാർഥികൾ മനുഷ്യ പ്രകൃതത്തിന്റെ ഓരോ പുതിയ വശങ്ങൾ അവതരിപ്പിക്കുന്നു - മനുഷ്യർ അധികാരമോഹികളാണ്, സ്വാർത്ഥരാണ്, അസൂയക്കാരാണ്, ക്രൂരരാണ്, ഭ്രാന്തരാണ്, സ്വരക്ഷയ്ക്കായി ശത്രുവിനെ കൊല്ലുന്നത് ഭൗ തികമായ ആവശ്യവും മനുഷ്യവകാശവുമാണ്, എന്നൊക്കെ. അവരുടെ ദൃഷ്ടിയിൽ മനുഷ്യരെല്ലാം സാമ്പത്തിക കാര്യത്തിൽ അത്യാഗ്രഹികളാ ണ്. അതിൽ മത്സര ബുദ്ധികാണിക്കുന്നവരാണ്. താല്പര്യ സംരക്ഷണ ത്തിനുവേണ്ടി മററുള്ളവരെ കൊല്ലാൻ മടിക്കാത്തവരാണ്. കൊല്ലുന്നതി നെക്കാൾ ദുസ്സഹമാണ് മാനസികമായ പീഡനവും സാമ്പത്തിക നീതി നിഷേധവും. നരഹത്യ നിരോധിച്ചാൽ സമൂഹം ഏകാധിപത്യത്തിലാവും. സ്വാതന്ത്ര്യം നഷ്ടപ്പെടും. മററു രാജ്യങ്ങൾ ആക്രമിച്ച് കീഴടക്കും. ഒരു രാഷ്ട്രതന്ത്രം എന്ന നിലയിൽ നരഹത്യാനിഷിദ്ധ സമൂഹം ആദർശവിരു ദ്ധമാണ്. ആക്രമണത്തിനിരയാവുന്നവരെ രക്ഷിക്കുന്നതിന് അക്രമികളെ കൊല്ലുന്നത് ന്യായമാണ്. സമൂഹത്തിന്റെ ഉയർച്ചയ്ക്കും കുററവാളികളെ ശിക്ഷിക്കുന്നതിനും നരഹത്യ അനിവാര്യമാണ്. ആയുധങ്ങളെ നിഷ്ക്കാ സനം ചെയ്യാനാവില്ല. കൊല്ലുന്നതിനുള്ള സാങ്കേതിക വിദ്യകളും രീതി കളും എന്നും നിലനിൽക്കും. ചരിത്രത്തിൽ ഇന്നോളം നരഹത്യയില്ലാത്ത സമൂഹത്തെക്കുറിച്ച് കേട്ടറിവുപോലുമില്ല. അതുകൊണ്ട് അത്തരമൊരു സമൂഹം അചിന്ത്യമാണ്.

എന്നാൽ ക്ലാസ്സുമുറികളിൽ നിന്നുയരുന്ന ഈ അഭിപ്രായങ്ങൾ എല്ലാ വരുടേതുമല്ല. വ്യത്യസ്തമായി ചിന്തിക്കുന്നവരുമുണ്ട്. മനുഷ്യർ ആത്യ ന്തികമായി സർഗശേഷിയും അനുകമ്പയുമുള്ളവരായതിനാൽ ബോധന വീകരണത്തിലൂടെ കൊല്ലും കൊലയുമില്ലാത്ത ഒരു സമൂഹം സാദ്ധ്യമാ ണെന്ന് ചില അമേരിക്കൻ വിദ്യാർഥികൾ വിശ്വസിക്കുന്നു. മററു ചിലരാ കട്ടെ ഈ ആശയം ചെറു സമൂഹങ്ങളിൽ മാത്രം പ്രായോഗികമായേയ്ക്കാ മെന്നും, ദേശീയ അന്തർദേശീയതലങ്ങളിൽ അപ്രായോഗികമാണെന്നും ചിന്തിക്കുന്നു. അമേരിക്കയിലെ രാഷ്ട്രമീമാംസാ, പ്രൊഫസർമാരും വി ദ്യാർത്ഥികളും മററു രാജ്യങ്ങളിലെ അദ്ധ്യാപകരെയും വിദ്യാർഥികളെ

യും അപേക്ഷിച്ച് അക്രമാസക്തരാണെന്ന് ഇതുകൊണ്ടർത്ഥമില്ല. അത് അപഗ്രഥിക്കണമെങ്കിൽ ശാസ്ത്രീയമായ പഠനവും ഗവേഷണവും താരതമ്യ വിശകലനവും ആവശ്യമാണ്. എന്നാൽ ഒരു കാര്യം തീർച്ചയാണ്. രാഷ്ട്രമീമാംസകർക്കിടയിൽ ഇക്കാര്യത്തിൽ പൊതുവെ ശുഭാപ്തി വിശ്വാസം വളരെ കുറവായി കാണപ്പെടുന്നു.

എങ്കിലും "നരഹത്യയില്ലാത്ത ഒരു സമൂഹം സാദ്ധ്യമാണോ?" എന്ന " അചിന്ത്യ"മായ ഈ ചോദ്യം വ്യത്യസ്ത രാഷ്ട്രീയ സംസ്കാരം പുലർത്തുന്ന സമൂഹങ്ങളിൽ ഉന്നയിക്കുമ്പോൾ അത്ഭുതകരമെന്നു പറയട്ടെ അത്യന്തം വ്യത്യസ്തമായ ഉത്തരങ്ങൾ ലഭിക്കുന്നു.

" ഇതിനുമുമ്പൊരിക്കലും ഇങ്ങനെയൊരു ചോദ്യത്തെക്കുറിച്ച് ഞാൻ ചിന്തിച്ചിട്ടേയില്ല"

നരഹത്യയില്ലാത്ത രാഷ്ട്രതന്ത്രത്തിന്റെ സാദ്ധ്യതകളെക്കുറിച്ച് ചർച്ച ചെയ്യാൻ 1980 ൽ സ്റേറാക്ക് ഹോമിൽ ചേർന്ന സ്വീഡിഷ് ചിന്തകരുടെ യോഗത്തിൽ ഒരു സുഹൃത്ത് പറഞ്ഞു: " ഇങ്ങനെയൊരു പ്രശ്നത്തെക്കുറിച്ച് ഞാൻ ഇതുവരെ ചിന്തിച്ചിട്ടില്ല. അതിനെനിക്ക് കുറച്ചുസമയം കൂടി വേണം" അതിന്റെ സാദ്ധ്യതകളെ ഒററയടിക്ക് തള്ളിക്കളയുകയോ അനുകൂലിക്കുകയോ ചെയ്തില്ല. കൂടുതൽ ചിന്തയും മനനവും ആവശ്യമാണെന്ന വിചാരം തന്നെ ശുഭകരമാണ്. സാമൂഹിക വ്യവസ്ഥകളെക്കുറിച്ച് 1997 ൽ സിയോളിൽ നടന്ന ഒരു അന്താരാഷ്ട്ര യോഗത്തിൽ നോബൽ ജേതാവായ ഒരു രസതന്ത്രശാസ്ത്രൻ ഇതേ ചോദ്യത്തിനുത്തരമായി പറഞ്ഞത് " എനിക്കറിയില്ല" എന്നാണ്. ശാസ്ത്രീയമായ വിവരങ്ങളുടെയും വിശകലനങ്ങളുടെയും പിൻബലമില്ലാതെ ഇതിന് കൃത്യമായൊരു മറുപടി പറയുന്നത് ശരിയല്ല എന്ന് അദ്ദേഹം വിശദീകരിച്ചു. മാത്രമല്ല, " അദാദ്ധ്യ"മെന്ന ചിന്തയെ ചോദ്യം ചെയ്യുകയാണ് ശാസ്ത്രത്തിന്റെയും സംസ്കാരത്തിന്റെയും പ്രഥമ ദൗത്യമെന്നതിനാൽ ഈ ചോദ്യം ഒരു വെല്ലുവിളിയായി ഏറെറടുക്കണമെന്ന് സമ്മേളനത്തിൽ സംബന്ധിച്ച ശാസ്ത്രജ്ഞരോട് അദ്ദേഹം അഭ്യർഥിക്കുകയും ചെയ്തു.

" ഇത് ചിന്തനീയമാണ് പക്ഷേ..."

1979 ൽ മോസ്കോയിൽ ഇന്റർനാഷണൽ പൊളിററിക്കൽ സയൻസ് അസ്സോസിയേഷന്റെ പതിനൊന്നാം കോൺഗ്രസ് പങ്കെടുത്ത രണ്ട് റഷ്യൻ പണ്ഡിതന്മാർ " നരഹത്യയില്ലാത്ത രാഷ്ട്രതന്ത്രത്തെ"ക്കുറിച്ച് പ്രബന്ധാവതരണത്തോട് പ്രതികരിച്ചതിങ്ങനെയാണ്. തീവ്രമായി ചിന്തിക്കേണ്ട ഒരാശയമാണതെന്ന് ഇരുവരും സമ്മതിച്ചു. പക്ഷേ അതിലൊരാൾ ചോദിച്ചു: " അഹിംസാധിഷ്ഠിത രാഷ്ട്രീയത്തിന്റെയും രാഷ്ട്രതന്ത്രത്തിന്റെയും സാ

മ്പത്തിക ദർശനം എന്താണ്?" മറെറ പണ്ഡിതൻ കൂട്ടിച്ചേർത്തു: "ചിലിയിലെയും (ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട സോഷ്യലിസ്റ്റ് സർക്കാരിനെ പട്ടാളക്കാർ നിഷ്ക്കാസനം ചെയ്തത്) നിക്കരാഗ്വയിലെയും (ബലം പ്രയോഗിച്ചുള്ള അടിച്ചമർത്തലും അതിനെതിരായ വിപ്ലവപ്രവർത്തനങ്ങളും നടക്കുന്ന രാജ്യം) കമ്പൂച്ചിയായിലെയും (നഗര-വർഗത്തെ നിർമാർജനം ചെയ്യുന്നതിന് പത്തുലക്ഷത്തിലധികം പേരെ കൊന്നൊടുക്കിയ അക്രമാസക്തവിപ്ലവം അരങ്ങേറിയ പ്രദേശം) ദുരന്തങ്ങളുമായി നമുക്കെങ്ങനെ പൊരുത്തപ്പെടാൻ കഴിയും?

ശരിയാണ്, ഇന്നത്തെ □മുതലാളിത്ത', □കമ്യൂണിസ്റ്റ്' തത്ത്വശാസ്ത്രങ്ങളിൽ ഹിംസയെ ആശ്രയിക്കുകയോ അതിനെ പിന്തുണയ്ക്കുകയോ ചെയ്യാത്ത ഒരു സമ്പദ്ശാസ്ത്രം സാദ്ധ്യമാണോ? മാരകമായ ആക്രമണങ്ങളെയും ഹിംസയെയും തടയിടാൻ, പ്രതിരോധിക്കാൻ, അവയുടെ പ്രത്യാഘാതങ്ങളെ ഇല്ലാതാക്കാൻ ഒരു അഹിംസാത്മക രാഷ്ട്രതന്ത്രത്തിന് എങ്ങനെ കഴിയും? അഹിംസ അസാദ്ധ്യമല്ലെന്ന നിഗമനത്തിൽ നിന്നുകൊണ്ടുതന്നെ അതുമായി ഉയർന്നു കേട്ട ഇത്തരം ചിന്തകളും ചോദ്യങ്ങളും ഗൗരവപൂർണ്ണമായ ചിന്തകൾക്കും പര്യവേക്ഷണങ്ങൾക്കും വിധേയമാക്കേണ്ടിയിരിക്കുന്നു.

"മനുഷ്യൻ സഹജമായി ആക്രമണകാരിയല്ലെന്ന് ഞങ്ങൾക്കറിയാം. പക്ഷേ..."

1981 ൽ അമാനിലെ ജോർദാൻ സർവ്വകലാശാലയിൽ ഒരു സംഘം അറബ് രാഷ്ട്രമീമാംസകരുമായി ഈ ആശയം പങ്കുവച്ചപ്പോൾ ഒരു പ്രൊഫസർ തങ്ങളുടെ പൊതു അഭിപ്രായം വെളിപ്പെടുത്തി. " മനുഷ്യർ സഹജമായി അക്രമവാസനയുള്ളവരല്ല. പക്ഷേ, സ്വരക്ഷയ്ക്കായി പോരാടാൻ ഞങ്ങൾ നിർബന്ധരാവുന്നു." മനുഷ്യർ ജന്മനാ അനിവാര്യമായും അക്രമാസക്തരാണെന്ന വാദം ചോദ്യം ചെയ്യപ്പെട്ടിരിക്കുന്ന സ്ഥിതിക്ക് ഒരാളും കൊല ചെയ്യപ്പെടാത്ത സാമൂഹിക സ്ഥിതി കൈവരിക്കാനുള്ള സാഹചര്യവും സാദ്ധ്യതകളും തേടുന്നതിനുള്ള വഴി തുറന്നിരിക്കുകയാണ്.

" ഇത് സാദ്ധ്യമല്ല, പക്ഷേ..."

1985 ൽ ഹിരോഷിമ സർവ്വകലാശാലയുടെ ഇൻസ്റ്റിററ്യൂട്ട് ഓഫ് പീസ് സയൻസിലിന്റെ ദശവാർഷിക സമ്മേളനത്തിൽ പങ്കെടുത്ത ജാപ്പനീസ് പ്രതിനിധികൾ ഇക്കാര്യത്തിൽ ഏതാണ്ട് തുല്യചേരികളിൽ അണിനിരന്നു. സാദ്ധ്യമെന്നും അസാദ്ധ്യമെന്നുമുള്ള വാദങ്ങൾ നടക്കവെ ഒരു പ്രൊഫസർ പറഞ്ഞു : " ഇത് അസാദ്ധ്യമാണ്. പക്ഷേ സാദ്ധ്യമാക്കാനുള്ള ബാദ്ധ്യതകളുണ്ട്." നരഹത്യയില്ലാത്ത ഒരു സമൂഹം ഉടനെ യാഥാർഥ്യ

മാവില്ല. എന്നാൽ ഭാവിയിൽ അതിനുള്ള സാധ്യത തള്ളിക്കളയാനാവി ല്ല. അദ്ദേഹം തുടർന്നു ചോദിച്ചു: " ഒരു അക്രമരഹിത സമൂഹം സാധ്യ മാക്കുന്നതിന് ഏതു തരം വിദ്യാഭ്യാസമാണ് ഇന്ന് ആവശ്യമായിരിക്കുന്ന ത്?" പ്രശ്നപരിഹാരത്തിന് വഴിയൊരുക്കുന്ന സർഗാത്മകമായ ചിന്തയും അന്വേഷണവുമാണ് ആ ചോദ്യത്തിൽ തെളിഞ്ഞു നിൽക്കുന്നത്.

" ഇത് തീർത്തും സാദ്ധ്യമാണ്...."

1987 ഡിസംബറിൽ "കൊറിയൻ അസ്സോസിയേഷൻ ഓഫ് സോഷ്യൽ സയന്റിസ്റ്റ്സ്" പ്രസിഡന്റും രാഷ്ട്രീയ നേതാവുമായ ഒരു ഫിലോസഫി പ്രൊഫസർ തികച്ചും വിസ്മയകരമായ രീതിയിൽ പ്രതികരിച്ചു. ഒരു സ ന്ദേഹവും കൂടാതെ അദ്ദേഹം പറഞ്ഞു. " ഇത് തീർത്തും സാദ്ധ്യമാണ്" എന്തുകൊണ്ട്?

ഒന്ന് : മനുഷ്യർ സഹജമായി ഹിംസാവാസനയുള്ളവരല്ല. " അവബോ ധം, യുക്തി, ക്രിയാശേഷി എന്നിവയാണ് മനുഷ്യന്റെ സഹജഗുണങ്ങൾ. അവ മൂന്നും അക്രമവാസനയെ, ഹിംസയെ നിരാകരിക്കുന്നു.

രണ്ട് : സാമ്പത്തിക ക്ഷാമം നരഹത്യയെ ന്യായീകരിക്കുന്നതിന് ഉപ യോഗിക്കാൻ പാടില്ല. മനുഷ്യൻ സമ്പത്തിന്റെ അടിമയല്ല. ക്രിയാശേഷി, ഉല്പാദന ക്ഷമത, അതിലൊക്കെ പ്രധാനമായി തുല്യമായ വിതരണം എന്നിവയിലൂടെ ക്ഷാമം പരിഹരിക്കാൻ കഴിയും.

മൂന്ന് : ബലാൽസംഗങ്ങൾ, നരഹത്യയില്ലാത്ത സമൂഹസങ്കല്പം നി രാകരിക്കുന്നതിനുള്ള അപരിഹാര്യ കാരണമായി കാണരുത്. ശരിയായ ബോധനം, ശരിയായ സാമൂഹികാന്തരീക്ഷ സൃഷ്ടി എന്നിവയിലൂടെ ആ പ്രശ്നം പരിഹരിക്കാൻ കഴിയും.

2000 ഫെബ്രുവരിയിൽ കൊളമ്പിയായിലെ മാനിസാൽസിൽ ഇരുന്നൂ റോളം സാമൂഹിക നേതാക്കൾ പങ്കെടുത്ത യോഗത്തിലും ചോദ്യം ആവർ ത്തിച്ചു. " നരഹത്യയില്ലാത്ത ഒരു സമൂഹം സാദ്ധ്യമോ?" ആശ്ചര്യമെന്നു പറയട്ടെ, " അല്ല" എന്നു പറയാൻ ഒരു കൈ പോലും പൊങ്ങിയില്ല. മാ ത്രമല്ല, " ആണ്" എന്ന് സ്ഥാപിക്കാൻ എല്ലാവരും ഒററക്കെട്ടായി കൈ പൊക്കുകയും ചെയ്തു.

കൊറിയയിലും കൊളമ്പിയായിലും ഉണ്ടായ ശ്രദ്ധേയമായ ഈ അനു കൂല അഭിപ്രായ പ്രകടനങ്ങൾ അവരുടെ കഴിഞ്ഞ കാല അനുഭവങ്ങൾ അവരെക്കൊണ്ട് പറയിപ്പിച്ചതാണ്. ഏതാണ്ട് അമേരിക്കയ്ക്ക് സമാനമായ പാരമ്പര്യമുണ്ട്. അക്രമങ്ങളുടെയും യുദ്ധത്തിന്റെയും കാര്യത്തിൽ "ഡെ മോക്രാററിക് പീപ്പിൾസ് റിപ്പബ്ളിക് ഓഫ് കൊറിയ"യ്ക്കും. സാമ്രാജ്യ

ത്വവിരുദ്ധ സായുധ വിപ്ലവങ്ങൾ, ഐക്യത്തിനുവേണ്ടിയുള്ള പൗരയുദ്ധ ങ്ങൾ, ആഭ്യന്തര വൈദേശിക ശത്രുക്കൾക്കെതിരായ പ്രതിരോധ ശ്രമങ്ങൾ എന്നിങ്ങനെ പലതും കണ്ടതാണ് കൊറിയൻ ജനത. കൊളമ്പിയൻ സമൂഹം പതിററാണ്ടുകളോളം പട്ടാളം, പോലീസ്, അർദ്ധസൈനികർ, ഗറില്ല കൾ, കൊലയാളി കുററവാളികൾ തുടങ്ങിയവരുടെ ആക്രമണത്തിൽപ്പെട്ട് അക്ഷരാർഥത്തിൽ കൊലക്കളമായി തീർന്നിരുന്നു.

വൈവിധ്യമാർന്ന പ്രതികരണങ്ങൾ

വ്യത്യസ്തരാജ്യങ്ങളിൽ, വ്യത്യസ്ത ഗ്രൂപ്പുകളിൽ, വിഭിന്ന സംസ്കാ രങ്ങൾ പുലർത്തുന്നവരിൽ, വിവിധ മേഖലകളിൽ വ്യത്യസ്ത ചുമതല വഹിക്കുന്ന വരിലൊക്കെ ഈയൊരു ചോദ്യം - നരഹത്യയില്ലാത്ത സമൂഹം സാദ്ധ്യമോ? - യാതൊരു മുന്നറിയിപ്പുമില്ലാതെ അവതരിപ്പിച്ചപ്പോൾ സ്വാഭാവികമായി വ്യത്യസ്തമായ പ്രതികരണങ്ങളുണ്ടായി. സാദ്ധ്യമാ ണെന്ന് ചിലർ വാദിച്ചു. ചിലർ വിയോജിച്ചു. എന്നാൽ എല്ലാവരും ഒരു കാര്യത്തിൽ യോജിച്ചു: ആ വഴിക്കുള്ള അന്വേഷണം ആവശ്യമാണ്.

1998 മെയ് മാസത്തിൽ വിൽനിയസിലെ ലിത്വാനിയയിൽ മുൻ സോ വിയററ് നാടുകളിലെ രാഷ്ട്രമീമാംസകരെ പങ്കെടുപ്പിച്ച് ഓപ്പൺ സൊ സൈററി ഇൻസ്റ്റിററ്യൂട്ട് സംഘടിപ്പിച്ച സെമിനാറിൽ സംസാരിച്ച 81 പേ രിൽ 80 പേർ നരഹത്യയില്ലാത്ത സമൂഹം അസാദ്ധ്യമാണെന്ന് അഭിപ്രാ യപ്പെട്ടു. ഒരാൾ പറഞ്ഞു - സാദ്ധ്യമാണ്.

1999 മാർച്ചിൽ സിയോൾ നാഷണൽ യൂണിവേഴ്സിററിയിൽ ബിരുദ വിദ്യാർത്ഥികൾ പങ്കെടുത്ത ചർച്ചയിൽ 12 പേർ അസാദ്ധ്യമാണെന്ന് വാ ദിച്ചപ്പോൾ അഞ്ചുപേർ അതിനോട് വിയോജിച്ചു. രണ്ടു പേർ സാധ്യമ ല്ലെന്നും സാദ്ധ്യമാണെന്നും പറഞ്ഞു.

1998 ഫെബ്രുവരിയിൽ ഹവായ്യിലെ ഹോണോലുലുവിൽ ജപ്പാൻ ബേ സ്ഡ് ഫൗണ്ടേഷൻ ഫോർ സപ്പോർട്ട് ഓഫ് ദ യുണൈറ്റഡ് നാഷൻഡ് സംഘടിപ്പിച്ച പസിഫിക് പാർലിമെന്ററിയൻ ഫോറത്തിൽ പങ്കെടുത്ത ആറുപേർ അതെ എന്നും അഞ്ചുപേർ അല്ല എന്നും അഭിപ്രായപ്പെട്ടു. രണ്ടു പേർ അതെ എന്നും അല്ല എന്നും പറഞ്ഞു. നിരീക്ഷകരായി എത്തിയ ജപ്പാനിലെ സ്ത്രീ സംഘത്തിലെ 12 പേർ അല്ല എന്ന് വാദിച്ച പ്പോൾ 11 പേർ അതെ എന്ന് സമർഥിച്ചു. ഒരാൾ ആശയക്കുഴപ്പത്തിലായി രുന്നു.

1998 നവംബറിൽ കൊളംബിയായിലെ മെഡല്ലിനിൽ “വിദ്യാഭ്യാസത്തി ന്റെ ഭാവി”യെക്കുറിച്ച് വിദ്യാഭ്യാസ വിചക്ഷണന്മാരെ പങ്കെടുപ്പിച്ച് നട

ത്തിയ ദേശീയ സമ്മേളനത്തിൽ 275 പേർ അതെ എന്ന് അഭിപ്രായപ്പെട്ടു, 25 പേർ അല്ല എന്നും. സമ്മേളനത്തിൽ പങ്കെടുത്ത മെഡല്ലിനിലെ സാമൂഹ്യപ്രവർത്തക സംഘത്തിലെ 30 പേർ അതെന്നും 16 പേർ അല്ല എന്നും പറഞ്ഞു: വാടക കൊലയാളികൾ ഉൾപ്പെട്ട "സികാരിയോസ്" (കൊച്ചുകത്തികൾ എന്നർഥം) എന്ന യുവ ഗുണ്ടാസംഘത്തിലെ അംഗങ്ങളോട് ഇതേ ചോദ്യം ഉന്നയിച്ചപ്പോൾ 16 പേർ സാദ്ധ്യമല്ലെന്ന് അഭിപ്രായപ്പെട്ടു. ആറുപേർ സാദ്ധ്യമാണെന്നും!

" എന്തുകൊണ്ട് സാദ്ധ്യമല്ല?" എന്ന ചോദ്യത്തിന് ഒരു യുവാവിന്റെ മറുപടി ഇപ്രകാരമായിരുന്നു : " എനിക്ക് കൊല ഒരു തൊഴിലാണ്. അതു ചെയ്തേ കുടുംബം പുലർത്താൻ കഴിയൂ. എനിക്ക് രണ്ട് പെൺകുട്ടികളുണ്ട്. അവരെ വളർത്തണം. ഇവിടെ മറ്റൊരു ജോലിയും കിട്ടുന്നില്ല". സാദ്ധ്യമാണ് എന്ന് പറഞ്ഞ യുവാവ് തന്റെ അഭിപ്രായം ഇങ്ങനെ വിശദീകരിച്ചു: പണക്കാരും പാവപ്പെട്ടവരും തമ്മിലുള്ള അന്തരം ഇല്ലാതാകുമ്പോൾ നമുക്ക് ആരെയും കൊല്ലേണ്ടി വരികയില്ല".

1997 ൽ കാനഡയിലെ എഡ്മൊണ്ടനിൽ മഹാത്മാഗാന്ധി കനേഡിയൻ ഫൗണ്ടേഷൻ ഫോർ വേൾഡ് പീസ് സംഘടിപ്പിച്ച "മൂല്യങ്ങളും ഇരുപത്തൊന്നാം നൂറ്റാണ്ടും" എന്ന സെമിനാറിൽ ഒരു സംഘം ഹൈസ്കൂൾ വിദ്യാർഥികൾ നടത്തിയ സമാന്തര സെഷനിൽ 48 പേർ അങ്ങനെയൊരു സമൂഹം സാദ്ധ്യമല്ല എന്ന് അഭിപ്രായപ്പെട്ടപ്പോൾ 25 പേർ സാദ്ധ്യമാണെന്ന് വാദിച്ചു.

1999 ഏപ്രിലിൽ അററ്ലാൻഡയിലെ ജോർജിയായിൽ മാർട്ടിൻ ലൂഥർ കിങ് (ജുനിയർ) സെന്റർ ഫോർ നോൺ വയലന്റ് സോഷ്യൽ ചെയ്ഞ്ച് അക്രമരഹിത സാമൂഹികാക്രമത്തെക്കുറിച്ച് നടത്തിയ അന്താരാഷ്ട്ര സമ്മേളനത്തിൽ പങ്കെടുത്തവരിൽ 40 പേർ ഈ ചോദ്യത്തിന് " അതെ" എന്ന് പ്രതിവചിച്ചപ്പോൾ മൂന്നുപേർ " അല്ല" എന്ന് വാദിച്ചു.

2000 ഫെബ്രുവരിയിൽ റഷ്യയിലെ ഓമ്സ്ക്കിൽ 17 നും 26 നും മദ്ധ്യേ പ്രായമുള്ള സാഹിത്യ വിദ്യാർത്ഥികൾ പങ്കെടുത്ത ഒരു ചർച്ചയിൽ 121 പേർ അല്ല എന്ന് അഭിപ്രായപ്പെട്ടു; 34 പേർ അതെ എന്നും. മൂന്നു പേർക്ക് അതെയെന്നോ അല്ല എന്നോ നിശ്ചയിക്കാൻ കഴിഞ്ഞില്ല.

* * *

നരഹത്യയില്ലാത്ത ഒരു സമൂഹം സാദ്ധ്യമാണോ? രക്തപങ്കിലമായ അക്രമങ്ങളുടെ ഇരുപതാം നൂറ്റാണ്ട് അവസാനിച്ച് ഒരു പുതിയ നൂറ്റാണ്ടിലേക്ക് പ്രവേശിക്കുമ്പോൾ ആഗോളതലത്തിൽ വർദ്ധിച്ചുവരുന്ന നരഹത്യകളും ആക്രമണഭീഷണിയും നേരിൽക്കാണുന്ന സമൂഹം പ്രതികൂ

ലമായി പ്രതികരിക്കുക സ്വാഭാവികം. "തീർത്തും അചിന്ത്യമാണ്" എന്ന നിഗമനത്തിൽ രാഷ്ട്രമീമാംസകരും വിദ്യാർത്ഥികളും എത്തിച്ചേരുന്നതിനും കാരണങ്ങൾ വേണ്ടുവോളമുണ്ട്. എന്നാൽ ഈ ചോദ്യത്തെ ഗൗരവമായി എടുക്കാനും ആ വഴിക്ക് അന്വേഷണം ആവശ്യമാണെന്ന് ചിന്തിക്കാനും തുടങ്ങിയിരിക്കുന്നു എന്നത് ശുഭോദർക്കമാണ്. അത് ചിന്തനീയമാണ്, ചിലപ്പോൾ സാദ്ധ്യവുമാണ് എന്ന പ്രതികരണം പ്രത്യാശ ഉളവാക്കുന്നു. മുമ്പൊരിക്കലുമുണ്ടാകാത്തവിധം മനുഷ്യന്റെ നിലനില്പിനെ തന്നെ ചോദ്യം ചെയ്യുന്ന ഭീഷണമായ വെല്ലുവിളികൾ വർധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ അതിനെ പ്രതിരോധിക്കാൻ ആഗോളതലത്തിൽ ആത്മീയ, ശാസ്ത്ര പ്രസ്ഥാനങ്ങളും സ്ഥാപനങ്ങളും നടത്തി വരുന്ന പരിശ്രമങ്ങൾ ജനങ്ങളിൽ ആത്മവിശ്വാസം ഊട്ടിയുറപ്പിക്കാനും ആത്യന്തികമായി ഒരു അഹിംസാത്മക സമൂഹം സാദ്ധ്യമാക്കാനും ഇടയാക്കുമെന്ന് പ്രത്യാശിക്കാം.

അദ്ധ്യായം : 2

# കൊലയില്ലാത്ത സമൂഹസൃഷ്ടിക്ക് വേണ്ട ശേഷികൾ

പകരം വഴികൾ അന്വേഷിക്കാൻ നാം തീരുമാനിക്കുകയാണെങ്കിൽ മനുഷ്യന്റെ അക്രമായുഗത്തിന് അറുതി വരുത്തുന്നതിനെ സംബന്ധിച്ച് നമുക്ക് ഇപ്പോൾ തന്നെ വേണ്ടത്ര അറിവുണ്ട്. ഡേവിഡ് എൻ. ഡാനിയേൽസും മാർഷൽ എഫ്. ജില്യൂലയും ഡിപാർട്ട്മെന്റ് ഓഫ് സൈക്കിയാട്രി, സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റി, 1970

കൊലയില്ലാത്ത ഒരു സമൂഹം സാധ്യമാണ് എന്ന് ചിന്തിക്കാൻ സഹായിക്കുന്ന ഘടകങ്ങൾ ഏവയാണ്? ജീവനോട് സാർവലൗകിക ആദരം പുലർത്താൻ മനുഷ്യന് കഴിയും എന്ന് കരുതുന്നതിനുള്ള ന്യായങ്ങൾ ഏവ?

## കൊല ചെയ്യാത്ത മാനവ പ്രകൃതി

ഒരു ആത്മീയ അടിത്തറയിലാണ് നാം ചർച്ച ആരംഭിക്കുന്നത് എങ്കിലും, ആദ്യമായി നമുക്ക് തീർത്തും മതനിരപേക്ഷമായ ഒരു യാഥാർത്ഥ്യം പരിഗണിക്കാം. ഭൂരിഭാഗം മനുഷ്യരും കൊല ചെയ്യുന്നില്ല. ഇപ്പോൾ ജീവിച്ചിരിക്കുന്നവരും ഇതിന് മുമ്പ് ജീവിച്ചിരുന്നവരുമായ മനുഷ്യരിൽ ഒരു ന്യൂനപക്ഷം മാത്രമാണ് കൊലയാളികൾ.

യുദ്ധത്തിൽ സംഭവിക്കുന്ന കൊലയും പരിഗണിക്കാം. ലോകത്തിലുള്ള യുദ്ധത്തെയും മാനവസംസ്കൃതി വൈചിത്ര്യങ്ങളെയും പററിയുള്ള പ്രദർശനശാലകളിൽ, മനുഷ്യരാശിയിൽ പകുതി വരുന്ന സ്ത്രീകൾ യുദ്ധക്കൊലയിൽ പങ്കുവഹിച്ചിരുന്നു എന്നതിന് തെളിവുകൾ ഹാജരാക്കുന്നി

ല്ല. സ്ത്രീകളും കൊല ചെയ്യാറുണ്ടെങ്കിലും ചില സ്ത്രീകൾ യുദ്ധത്തിലും വിപ്ലവങ്ങളിലും പങ്കെടുത്തിട്ടുണ്ട് എന്നും, ചില സമൂഹങ്ങളിൽ സ്ത്രീകളും കുഞ്ഞുങ്ങളും പോലും പരാജിതരായ ശത്രുക്കളെ പീഡിപ്പിക്കും വിധമുള്ള അനുഷ്ഠാനങ്ങളിൽ പങ്കുകൊണ്ടിട്ടുണ്ട് എന്നും സമ്മതിക്കാം. ആധുനിക സൈന്യങ്ങളിൽ കൊലയ്ക്കായി സ്ത്രീകളെ റിക്രൂട്ട് ചെയ്യാറുണ്ട് എന്നും സമ്മതിക്കാം. എന്നാൽ ഭൂരിഭാഗം സ്ത്രീകളും പടയാളികളോ കൊലയാളികളോ ആയിരുന്നില്ല.

മാത്രമല്ല, പുരുഷന്മാരിലും ഒരു ന്യൂനപക്ഷം മാത്രമാണ് യുദ്ധത്തിൽ പങ്കെടുക്കുന്നത്. ഇവരിൽ തന്നെ ഒരു ന്യൂനപക്ഷം മാത്രമാണ് പ്രത്യക്ഷമായി കൊല ചെയ്യുന്നത്. കൊല ചെയ്യുന്നവരിൽ കൂടുതൽ പേരും മനസ്സില്ലാ മനസ്സോടെയാണ് കൊല നടത്തുന്നത്. എന്നുമാത്രമല്ല, കൊല ചെയ്തതിന് ശേഷം അവർക്കു കുറ്റബോധം ഉണ്ടാവുകയും ചെയ്യുന്നു. ഒരു പക്ഷേ രണ്ടു ശതമാനത്തിലധികം പേർക്ക്, ആത്മനൊമ്പരമനുഭവിക്കാതെ തുടരെത്തുടരെ കൊല ചെയ്യാനാവില്ല. യുദ്ധത്തിൽ കൊല ചെയ്യുന്നതിലുള്ള പുരുഷന്മാരുടെ വൈമനസ്യത്തെപ്പററി ചർച്ച ചെയ്യുന്നതിനിടയിൽ ലഫ്റ്റ്നന്റ് കേണൽ ഡേവ് ഗ്രോസ്മാൻ പറയുന്നത് ശ്രദ്ധിക്കാം. സാമാന്യം സുദീർഘമായ കാലയളവിൽ യുദ്ധത്തിൽ പങ്കെടുക്കുന്നവരിൽ 98 ശതമാനം പേരുടെയും മനോവീര്യം ചോർത്തിക്കളയുന്ന ഒരന്തരീക്ഷമാണ് യുദ്ധം സൃഷ്ടിക്കുന്നത്. യുദ്ധം മൂലം സ്വബോധം നശിക്കാത്ത ആ രണ്ടു ശതമാനമാളുകൾ യുദ്ധരംഗത്ത് എത്തുന്നതിനുമുമ്പു തന്നെ സ്വബോധം നശിച്ച ആക്രമണഭ്രാന്തന്മാരായിരുന്നു താനും. (ഗ്രോസ്മൻ 1995:50). കൊല ചെയ്യാനുള്ള വാസനയോടുകൂടിയാണ് മനുഷ്യർ ജന്മം കൊള്ളുന്നത് എന്ന രാഷ്ട്രമീമാംസാ സിദ്ധാന്തത്തിന് വിപരീതമായി സൈനിക പരിശീലനത്തിന്റെ മുഖ്യലക്ഷ്യം കൊല ചെയ്യുന്നതിനെ സംബന്ധിച്ച് ശരാശരി മനുഷ്യന്റെ മനസ്സിൽ വേരൂന്നിയിട്ടുള്ള അഗാധമായ വൈമുഖ്യത്തെ മറികടക്കുകയത്രേ. (295) മനുഷ്യരാശിയുടെ കൊലവിരോധസ്വഭാവത്തിന് വേറെയും തെളിവുകളുണ്ട്. മനുഷ്യർ സ്വതവേ കൊലയാളികളാണെങ്കിൽ മനുഷ്യരിൽ പകുതിപ്പേർ നിർബന്ധമായും മനുഷ്യരെ കൊല്ലുന്ന സ്വഭാവക്കാരാണെങ്കിൽ കുടുംബം അതിന്റെ വിവിധ രൂപങ്ങളിൽ നിലനിൽക്കുമായിരുന്നില്ല. അച്ഛൻ അമ്മയെ കൊല്ലും, അമ്മ അച്ഛനെയും മാതാപിതാക്കൾ മക്കളെയും മക്കൾ മാതാപിതാക്കളെയും കൊല്ലും. ഇതൊക്കെ സംഭവിക്കുന്നുണ്ട്. ശരി തന്നെ. എന്നാൽ അത് മാനവരാശിയുടെ ഭാവി നിർണയിക്കുന്ന ഒരു മാരക സ്വാഭാവിക നിയമമായിത്തീരുന്നില്ല. അങ്ങനെ ആയിരുന്നെങ്കിൽ ലോകജനസംഖ്യ പണ്ടു പണ്ടേ പൂജ്യമായിത്തീരുമായിരുന്നു. നേരെ മറിച്ച് ഭൗതിക സാഹചര്യങ്ങളുടെ ഭയാനകമായ അഭാവത്തിന്റെയും ദുർവിനിയോഗത്തിന്റെയും നടു

വിലും മാനവരാശി അഭൂതപൂർവമായ രീതിയിൽ ജീവൻ നിലനിർത്തുകയും പോഷിപ്പിക്കുകയും ചെയ്തുവരുന്നു. പരിഹാരം കാണാൻ നിരന്തര പ്രയടം നടത്തുന്ന ബുദ്ധി സാമർത്ഥ്യത്തെയും തെളിവ് ശേശരിക്കാനുള്ള അന്വേഷണത്വരയെയും നിഷ്പ്രഭമാക്കുന്ന ഒരു കൊല വിമുഖ ചോദ്യ ചിഹ്നം, ഇതിനകം എത്ര മനുഷ്യർ ജീവിച്ചിരുന്നു എന്നും എത്ര പേർ കൊലയാളികൾ ആയിരുന്നു എന്നും, എത്ര പേർ കൊലയാളികൾ അല്ലായിരുന്നു എന്നും തിട്ടപ്പെടുത്തലത്രേ.

ക്രിസ്തുവിന് പത്തുലക്ഷം വർഷം മുമ്പ് മുതൽ ക്രിസ്തുവിന് ശേഷം ഇന്നു വരെയുള്ള കാലഘട്ടത്തിൽ ജീവിച്ചിരുന്ന മനുഷ്യരുടെ ഒരു ഏകദേശകണക്ക് 91,100,000,000 അത്രേ. Keyfitz (1966), weeks (1990) എന്നിവരുടെ കണക്കുകൂട്ടലുകൾ സമന്വയിപ്പിച്ച് Ramsey (1999) നടത്തിയ പഠനം. റമ്മലിന്റെ യുദ്ധത്തെയും മനുഷ്യക്കുരുതിയെയും കുറിച്ചുള്ള കണക്കുകൾ 50 കോടിയായി പെരുപ്പിക്കുകയും തികച്ചും തെറ്റായി, ഓരോ കൊലയ്ക്കു പിന്നിലും ഒരാളുണ്ട് എന്ന ധാരണയിൽ ആറു കൊണ്ട് ഗുണിക്കുകയും ചെയ്താലും ക്രിസ്തുവിന് ആയിരം വർഷം മുതലുള്ള കൊലയാളികളുടെ സംഖ്യ 3,000,000,000 മാത്രമായിരിക്കും. (ക്രിസ്തുവിന് 10, 00000 വർഷം മുമ്പുമുതലുള്ള കണക്കുകൾ ലഭ്യമല്ല) എന്നാൽ കൊലയെ സംബന്ധിക്കുന്ന പെരുപ്പിച്ചതും ഒഴുക്കനുമായ ഈ കണക്കുപോലും സൂചിപ്പിക്കുന്നത് കുറഞ്ഞ പക്ഷം 90 ശതമാനം ആളുകൾ കൊല നടത്തിയിട്ടില്ല എന്നാണ്. അമേരിക്കൻ ഐക്യനാടുകളിലെ കൊലയാളികളുടെ നിരക്ക് ഒരു ലക്ഷത്തിന് പത്ത് എന്നാണെങ്കിൽ പ്രതിവർഷം കൊല നടത്തുന്നവരുടെ സംഖ്യ 0.01 മാത്രമായിരിക്കും. കൊലയാളികളുടെ സംഖ്യ ഒരു ലക്ഷത്തിന് 500 ആയി പെരുപ്പിച്ചാൽ കൊല ചെയ്യുന്നവരുടെ അല്ലെങ്കിൽ കൊല നടത്താൻ ശ്രമിക്കുന്നവരുടെ നിരക്ക് 0.5 ആകും. ഒരു പക്ഷേ ഒരു ശതമാനത്തിന് കൂടിപ്പോയാൽ രണ്ടു ശതമാനത്തിന് താഴെവരുന്ന മനുഷ്യർ മാത്രമാണ് സഹജീവികളെ കൊന്നിട്ടുള്ളൂ. സവിശേഷസമൂഹങ്ങളിൽ ഈ കണക്ക് വ്യത്യസ്തമായിരിക്കും, സാംസ്കാരികവും കാലഘട്ടത്തെ സംബന്ധിക്കുന്നതുമായ സവിശേഷതകൾ മൂലം എന്നിരുന്നാലും മാനവരാശിയുടെ നിലനില്പും വികസനവും സാക്ഷ്യപ്പെടുത്തുന്നത് മനുഷ്യപ്രകൃതിയിൽ ജീവചൈതന്യത്തിന് ജീവാപായത്തിന്മേലുള്ള മുൻതൂക്കത്തെയത്രേ.

ആത്മീയ അടിത്തറ

കൊലയില്ലാത്ത ഒരു സമൂഹം സാധ്യമാണ് എന്നതിന് മാനവരാശിയുടെ ആത്മീയ പൈതൃകങ്ങൾ നിദർശനങ്ങളാണ്. മനുഷ്യക്കുരുതി, വംശഹത്യ, അണ്വായുധസർവനാശം എന്നിവയെ ന്യായീകരിക്കാൻ മതപാ

രമ്പര്യങ്ങളെ പ്രയോജനപ്പെടുത്തിയിട്ടുണ്ട് എന്ന് സമ്മതിക്കുന്നു. (റവീറുണീ 1988). എന്നാൽ സ്രഷ്ടാവായ ഈശ്വരന്റെ വിശ്വാത്മാവിന്റെ അതിനെപ്പ റ്റിയുള്ള സങ്കല്പങ്ങൾ എന്തുതന്നെ ആയിരുന്നാലും മുഖ്യസന്ദേശം " മനുഷ്യവംശമേ, എന്റെ വാക്കുകൾ ശ്രദ്ധിക്കൂ. മറ്റൊരു മനുഷ്യജീവി യെ കണ്ടെത്തി കൊല്ലൂ, എന്നായിരുന്നില്ല. മറിച്ച് ജീവനെ ആദരിക്കുക, കൊല്ലരുത്" എന്നായിരുന്നു ആ സന്ദേശം. ഇക്കാരണത്താലാണ് കൊ ല്ലാനുള്ള രാഷ്ട്രീയ നിർബന്ധവും ആത്മീയ പ്രതിബദ്ധതയും പരസ്പരം പൊരുത്തമില്ലാത്തവയാണ് എന്ന് മാക്സ് വെബർ പറയുന്നത്. ജൈന ഹിന്ദുമതങ്ങൾ അഹിംസാപരമോധർമ എന്ന് ഉദ്ഘോഷിക്കുന്നു. യൂദമ തം, ക്രിസ്തുമതം, ഇസ്ലാം എന്നിവ കൊല ചെയ്യരുത് എന്ന ദൈവിക കല്പനയെ ഉയർത്തിപ്പിടിക്കുന്നു. (പുറപ്പാട് പുസ്തകം 20:13). ഒരു മനു ഷ്യന്റെ ജീവൻ സംരക്ഷിക്കുന്നവൻ അനേകം ആളുകളുടെ ജീവൻ രക്ഷി ക്കുന്നു എന്നാണ് വളരെ പുരാതനമായ ഒരു യൂദ പ്രബോധനം. ഒരു വ്യ ക്തിയുടെ ജീവൻ നശിപ്പിക്കുന്നവൻ ലോകം മുഴുവനെയും നശിപ്പിക്കു ന്നു. (Eisendrath : 144). ഈ പ്രബോധനത്തിന്റെ അന്തസത്ത, അല്പം ഭേദഗതിയോടെയാണെങ്കിലും ഇസ്ലാമിലും പ്രതിധ്വനിക്കുന്നു. കൊലപാ തകത്തിന്, അല്ലെങ്കിൽ നാട്ടിൽ ധർമ്മക്ഷയം വരുത്തുന്നതിന് ശിക്ഷയാ യിട്ടല്ലാതെ, ഒരു മനുഷ്യനെ കൊല്ലുന്നത് എല്ലാ മനുഷ്യരെയും കൊല്ലു ന്നതിന് തുല്യമാണ്. ഒരാളുടെ ജീവനെ സംരക്ഷിക്കുന്നവൻ മനുഷ്യരാ ശിയെ മുഴുവൻ രക്ഷിക്കുന്നു. (ഖുറാൻ 5:32) യൂദമതം, ക്രിസ്തുമതം, ഇ സ്ലാം എന്നിവയിലെ പ്രബോധനങ്ങളെ സമന്വയിപ്പിക്കുന്ന ബഹായി മതം പറയുന്നു. ജനമേ, ഈശ്വരനെ ഭയക്കുവിൻ, ആരുടെയും രക്തം ചിന്താ തിരിക്കാൻ ശ്രദ്ധിക്കുവിൻ" (ബഹാ ഉള്ള 1983:277)

മതനിരപേക്ഷ മാനവീയ പൈതൃകങ്ങളും കൊലയില്ലാത്ത ഒരു സമൂ ഹത്തിന്റെ അഭികാമ്യതയെയും സാധ്യതയെയും ഉയർത്തിക്കാട്ടുന്നു. കൺ ഫ്യൂഷിയനിസം, ഭരണകർത്താക്കൾ ധർമ്മിഷ്ഠരാകുമ്പോൾ വധശിക്ഷ യുടെ ആവശ്യമില്ലാതാകുന്നു എന്നു പറയുന്നു. റ്റാവോയിസ ദർശനത്തിൽ മനുഷ്യർ ലളിതവും സ്വച്ഛന്ദവും പ്രകൃതിക്കിണങ്ങുന്നതുമായ രീതി യിൽ ജീവിക്കുമ്പോൾ, യുദ്ധോപകരണങ്ങൾ ഉണ്ടായിരിക്കാമെങ്കിലും, ആരും അതിനെ പ്രയോഗിക്കുകയില്ല എന്നാണ് പറഞ്ഞിരിക്കുന്നത്. ആധു നിക സോഷ്യലിസ്റ്റ് ചിന്തയിൽ പരസ്പരം കൊല്ലാൻ തൊഴിലാളികൾ വിസമ്മതിക്കുമ്പോൾ യുദ്ധങ്ങൾ ഇല്ലാതാകും എന്നാണ് വിഭാവനം ചെ യ്തിരിക്കുന്നത്. ഒരു യുദ്ധവിരുദ്ധ മാനിഫെസ്റ്റോ പറയുന്നത് ശ്രദ്ധിക്കാം.

ലോകത്തിലെ വർഗ്ഗബോധമുള്ള വ്യവസായത്തൊഴിലാളികളെല്ലാം തന്നെ മനുഷ്യരുടെ രക്തം ചീന്തുന്നതിന് എതിരാണ്. ക്വയിക്കേഴ്സും

ഫ്രണ്ട്ലി സൊസൈററികളും ചെയ്യുംപോലെ, മതപരമായ കാരണങ്ങളാലല്ല, പിന്നെയോ അധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ താല്പര്യങ്ങളും ക്ഷേമവും എവിടെയും ഒന്നുതന്നെയാണ് എന്ന് അവർ വിശ്വസിക്കുന്നതുകൊണ്ടാണിത്. കുത്തക മുതലാളിത്തജർമൻ സർക്കാരിനെ ഞങ്ങൾ നഖശിഖാന്തം എതിർക്കുമ്പോഴും ഏതെങ്കിലും രാജ്യത്തെ തൊഴിലാളികളെ കൊല്ലുകയോ അംഗഭംഗം വരുത്തുകയോ ചെയ്യുന്നതിന് ഞങ്ങൾ എതിരാണ് (ട്രൂ 1995:49) ഉദാഹരണത്തിന് ആമഃലേ്യ 2000 കാണുക.

എല്ലാ സമൂഹങ്ങളിലും നരഹത്യ അപലപിക്കപ്പെടുന്നു. മതത്തിന് ജീവനോടുള്ള ആദരവും മതേതരമാനവീയ പ്രസ്ഥാനങ്ങളുടെ അതിനോടുള്ള മതിപ്പും ഒരേ പോലെയാണ്.

ആത്മീയവും മനുഷ്യസ്നേഹപരവുമായ ലോകപാരമ്പര്യങ്ങളിൽ കാണുന്ന കൊലയെ എതിർക്കുന്ന മനോഭാവത്തിന് കൊലയില്ലാത്ത ഒരു സമൂഹം സാധ്യമാക്കുന്നതിൽ എന്ത് സംഗത്യമാണുള്ളത്? ഒരു വശത്ത്, അത് മനുഷ്യവംശത്തിന്റെ ബോധത്തിൽ ജീവനോട് അഗാധമായ ആദരം നിക്ഷേപിക്കാനുള്ള ദൈവിക ഉദ്ദേശ്യം വെളിപ്പെടുത്തുന്നു. മറുവശത്ത്, ഇത്തരമൊരു തത്ത്വം സ്വീകരിക്കാനും അതിനോട് പ്രതികരിക്കാനും അല്ലെങ്കിൽ സൃഷ്ടിക്കാനുള്ള മനുഷ്യന്റെ കഴിവ് വ്യക്തമാക്കുന്നു. മനുഷ്യർ പ്രകൃത്യാ തന്നെ കൊല ചെയ്യുന്നവരാണെങ്കിൽ ഇത്തരമൊരു തത്ത്വം സ്വീകരിക്കാനോ കൈമാറാനോ അല്ലെങ്കിൽ സൃഷ്ടിക്കാനോ അവർക്ക് സാധിക്കുമായിരുന്നില്ല. മർദ്ദിതർ മർദ്ദകരെ ദുർബലപ്പെടുത്താനായി നടത്തുന്ന വിപ്ലവത്തെ നിരുത്സാഹപ്പെടുത്തുന്നതിനോ, കൊലയാളിയെ ശിക്ഷയിൽ നിന്ന് രക്ഷപ്പെടുത്താനോ ആയി വരേണ്യ വർഗം ഇത്തരം കൊലക്കെതിരായ ധർമ്മശാസ്ത്രം രൂപപ്പെടുത്തി എന്ന് സമ്മതിച്ചാൽ പോലും ഇത് ആർക്കുവേണ്ടി സൃഷ്ടിക്കപ്പെട്ടോ, ആ മനുഷ്യർക്ക് ഇതിനോട് ധനാത്മകമായി പ്രതികരിക്കാൻ ശേഷിയുണ്ട് എന്നു തെളിയുന്നു. ചരിത്രത്തിലെ ഏററവും ഭീതിദമായ രക്തം ചൊരിയലിന് മുതിരും അതിനോടൊപ്പവും അതിനുശേഷവും കൊലക്കെതിരെയുള്ള മനോഭാവം ഉരുത്തിരിഞ്ഞിട്ടുണ്ട്. കൊലയാളികൾ കനിഞ്ഞ് നൽകിയ ഒരു ആഡംബരവസ്തുവല്ല ഈ തത്ത്വത്തിന്റെ ആവിഷ്ക്കാരം. ദശാന്തരങ്ങൾ കടന്ന് ഇന്നും അജയ്യമായി നിലകൊള്ളുന്ന അത് കുരിശുയുദ്ധാനന്തരക്രിസ്തുമതത്തിലും ആക്രമണാനന്തര ഇസ്ലാമിലും സൈന്യവത്കരണാനന്തര ബുദ്ധമതത്തിലും അതോടൊപ്പം ജനപദങ്ങളുടെ കോളണിവത്ക്കരണാനന്തര പാരമ്പര്യങ്ങളിലും കൊലയാളി മനോഭാവത്തിൽ നിന്ന് മോചനം നേടുന്നതിന് പ്രചോദനമേകുന്നു. കൊല ഭ്രമം പൂണ്ട ഈ ഇരുപതാം നൂററാണ്ടിലും അക്രമരഹിത ലോകമാറ്റങ്ങൾക്ക് ക്രിസ്തീയ പാരമ്പര്യമുള്ള മാർ

ട്ടിൻ ലൂതർകിങ് ... ഹിന്ദുവായ ഗാന്ധിയ്ക്കും മുസ്ലീമായ അബ്ദുൾ ഗാഫർഖാനും, യൂദനായ ജോസഫ് അബിലീയായും ബുദ്ധമതക്കാരനായ ദലൈലാമായും ഹരിത പ്രസ്ഥാനക്കാരിയായ പെട്രാകെല്ലിയും, പ്രശസ്തരും അപ്രശസ്തരുമായ നിരവധി വ്യക്തികളും കാതലായ സംഭാവനകൾ നൽകിയിട്ടുണ്ട് എന്നു കാണാൻ കഴിയും.

ഓരോ മതത്തിലുമുള്ള കൊലക്കെതിരായ മനോഭാവവും അതിനോടുള്ള *തത്ത്വാധിഷ്ഠിതമായ* പ്രതിബദ്ധതിയുടെ ഉദാഹരണങ്ങളും സമാനമനസ്കർക്ക് ബോധോദയത്തിനും കർമ്മപ്രതിബദ്ധതയ്ക്കും വഴിതെളിക്കുന്നു. കൊല നടത്താതിരിക്കാനുള്ള നിർബന്ധവും കൊലയുടെ അതിന്റെ അനഭിലഷണീയമായ അനന്തരഫലങ്ങളുടെയും ഉത്തരവാദിത്തത്തെപ്പററിയുള്ള അവബോധവും തമ്മിലുള്ള അപസ്വരഹേതുകമായ സംഘർഷം വ്യക്തഗതവും സാമൂഹികവുമായ കൊലയിലധിഷ്ഠിതമല്ലാത്ത സാമൂഹിക പരിവർത്തനത്തിന് പ്രേരണ നൽകുന്നു.

കൊലക്കെതിരായ മനോഭാവത്തിന്റെ വേരുകൾ ഓരോ പാരമ്പര്യത്തിലും കാണാം. മനുഷ്യരാശിയുടെ മൊത്തത്തിലുള്ള ആത്മീയ പൈതൃകം ഒരു ആൽമരത്തിന്റെ ജീവനെ താങ്ങിനിർത്തുന്ന ബഹുമൂലപടലം പോലെയാണ്. പ്രചോദനവും പോഷകവും ഈ വടവൃക്ഷമൂലപടലത്തിന്റെ എല്ലാ ഭാഗത്തുനിന്നോ ഏതെങ്കിലും ഭാഗത്തുനിന്നോ സ്വീകരിക്കാം. എന്തെന്നാൽ, എല്ലാം ജീവചൈതന്യം സ്വീകരിക്കുന്നു. മതപരവും മതനിരപേക്ഷവുമായ സാംസ്കാരിക ധാരകളിലെ ജീവനോടുള്ള ആദരം കൊലയില്ലാത്ത ഒരു സമൂഹം സാധ്യമാണ് എന്ന വിശ്വാസത്തിന് ശക്തമായ ആത്മീയ അടിത്തറ പാകുന്നു.

ശാസ്ത്രീയ അടിത്തറ

മതത്തിലൂടെ മാത്രം നമുക്ക് അക്രമരാഹിത്യത്തിൽ എത്തിച്ചേരാനാവില്ല. ഇതാണ് ഇന്ത്യയിലെ മതനേതാക്കളിൽ പ്രമുഖനും അഹിംസയുടെ പുരാതന പാരമ്പര്യമായ ജൈനമതത്തിന്റെ സർഗാത്മകവിൽ അവകാശിയുമായ ആചാര്യ മഹാപ്രാഗ്യയുടെ ഉദ്ബോധനം. ജൈന ദർശനത്തിൽ അഹിംസയാണ് എല്ലാ ജീവിത ഘട്ടങ്ങളുടെയും ഹൃദയവും, എല്ലാ വേദഗ്രന്ഥങ്ങളുടെയും സാരാംശവും എല്ലാ വ്രതസുകൃതങ്ങളുടെയും രടച്ചുരുക്കവും. ആചാര്യ മഹാപ്രാഗ്യയെ സംബന്ധിച്ചിടത്തോളം അക്രമരഹിത സമൂഹം സാക്ഷാത്ക്കരിക്കുന്നതിനുള്ള മാർഗം വ്യക്തികളെ തങ്ങളുടെ ഉള്ളിൽ അക്രമരാഹിത്യം കണ്ടെത്താനും അത് ആധുനിക ന്യൂറോസയൻസിന്റെ കണ്ടെത്തലുകളെ ആത്മീയ സത്യങ്ങളുമായി കോർത്തിണക്കി അതിന്റെ സാമൂഹിക പ്രകാശത്തിന് ശാക്തീകരിക്കുകയാണ്.

അദ്ദേഹത്തിന്റെ വിശകലനത്തിൽ അക്രമം സിമ്പതെററിക്-പാരാസിമ്പ തെററിക് നാഡികളെ ബാധിക്കുന്ന അന്തർസ്രവഗ്രന്ഥികളുടെ സംഭാവ നയായ വികാരങ്ങളിൽ നിന്നാണ് ഉളവാകുന്നത്. അക്രമവും നമ്മുടെ ഭക്ഷ ണവുമായി ബന്ധപ്പെട്ടിരിക്കുന്നു. കൂടാതെ നമ്മുടെ നാഡീവ്യൂഹത്തെപ്പ ററിയുള്ള ശാസ്ത്രീയ അറിവിന്റെ അടിസ്ഥാനത്തിൽ നമുക്ക് നമ്മുടെ മ സ്തിഷ്ക ഊർജം നമ്മുടെ ഉള്ളിലെ അക്രമ രാഹിത്യത്തെ പോഷിപ്പി ക്കാനും അക്രമരഹിത സാമൂഹിക ജീവിതക്രമത്തിന് സ്വയം അർപ്പിക്കാ നുമായി ലളിതമായ ധ്യാനാത്മക വഴികളിലേക്ക് ബോധപൂർവ്വം തിരിച്ചു വിടാം. (മഹാ പ്രജ്ഞ 1987, 1994, സവേരി, കുമാർ 1992)

കൊലയിലേക്കു നയിക്കാത്ത മനുഷ്യന്റെ കഴിവുകളിൽ വിശ്വാസമർ പ്പിക്കുന്നതിനുള്ള ശാസ്ത്രീയ അടിത്തറ ഏതാണ്? ശാസ്ത്രം എന്നതു കൊണ്ട് വിശാലമായി വിവക്ഷിക്കുന്നത് വിശകലനത്തിലൂടെയും പരീ ക്ഷണത്തിലൂടെയും ലഭ്യമാകുന്ന അറിവിന്റെ എല്ലാ രൂപങ്ങളെയുമത്രേ. വസ്തുതകൾ, സിദ്ധാന്തങ്ങൾ എന്നിവയും ഇവയുടെ ഉണ്മയും വിശ്വാ സതയും നിർണയിക്കാനുള്ള രീതികളും. ചില ദാർശനികർ പൊതുവെ അംഗീകാരം നേടിയ ധാരണകളെ ചോദ്യം ചെയ്യാൻ തുടങ്ങുമ്പോഴാണ് ശാസ്ത്രീയ വിപ്ലവത്തിന് നാന്ദികുറിക്കുന്നത്.

അക്രമ രാഹിത്യത്തെ സംബന്ധിച്ച് ഏ. റിച്ചാർഡ് കൊൺറാഡ് (1974) ഇമ്മാതിരി ഒരു വിപ്ലവം തുടങ്ങിവയ്ക്കുകയുണ്ടായി. അദ്ദേഹം ബലാൽ സംഗം തൊട്ട മനുഷ്യക്കുരുതി വരെയുള്ള അക്രമങ്ങൾക്ക് ഫലപ്രദമായ പരിഹാരം കാണുന്നതിനുള്ള ഏക മാർഗം കൊല ചെയ്യാനുള്ള സന്നദ്ധ തയാണ് എന്ന സാമാന്യ ധാരണയെ ചോദ്യം ചെയ്യുകയുണ്ടായി. അക്ര മാസക്തമായ ഏക പരിഹാരത്തെപ്പററിയുള്ള സിദ്ധാന്തം താഴെപ്പറയുന്ന മൂന്ന് മുൻ ധാരണകളെ ആസ്പദമാക്കിയാണെന്ന് അദ്ദേഹം വാദിക്കു ന്നു.

എല്ലാ പകരം രീതികളും കണ്ടെത്തി.

ഈ എല്ലാ രീതികളിലും പരീക്ഷണങ്ങൾ നടത്തി

ഇവയെല്ലാം പരാജയമാണെന്നു കണ്ടു.

എന്നാൽ ഈ ധാരണകൾ ശാസ്ത്രീയ അടിസ്ഥാനമില്ല. അക്രമരഹിത പ്രശ്നപരിഹാരങ്ങൾ തത്ത്വത്തിൽ അസംഖ്യമാണ്. നാം കണ്ടെത്തിയ പരിഹാരങ്ങൾ പോലും പരീക്ഷണവിധേയമാക്കാൻ സമയം, വിഭവങ്ങൾ, മററ് ഘടകങ്ങൾ എന്നിവയുടെ പരിമിതി തടസ്സമായി നിൽക്കുന്നു. അതി നാൽ അക്രമാസക്തമായ ഏക പരിഹാരം മാത്രമേ ഫലപ്രദമായുള്ളൂ എന്ന് തീർച്ചപ്പെടുത്താൻ സാധ്യമല്ല. ഇപ്രകാരം കൊൺറാഡ് അക്രമത്തെ

അംഗീകരിക്കാനുള്ള ഒരു താത്ത്വിക മുൻധാരണയ്ക്ക് ബദലായി അക്രമ രഹിത പരിഹാരങ്ങൾ തേടാനും പരീക്ഷിക്കാനും തയ്യാറുള്ള ഒരു മനോഭാവം സൃഷ്ടിച്ചെടുക്കാൻ പരിശ്രമിക്കണം എന്ന് വാദിക്കുന്നു. ഇമ്മാതിരിയൊരു സമീപനം മനുഷ്യന്റെ അക്രമശീലത്തിന്റെ അനിവാര്യതയെ ചോദ്യം ചെയ്യുന്ന ശാസ്ത്ര കണ്ടെത്തലുകളിലേക്ക് നയിക്കാൻ സഹായകമാണ്. (Yoder 1983 കാണുക)

മൃഗപ്രകൃതിയുടെ ഭാഗമായതിനാൽ, മനുഷ്യർ നിർബന്ധമായും കൊല ചെയ്യുന്ന സ്വഭാവക്കാരായിരിക്കും എന്ന മുൻധാരണ ചോദ്യം ചെയ്യപ്പെട്ടു വരികയാണ്. തുലേൻ സർവകലാശാലയിലെ മനശാസ്ത്രജ്ഞനായ ലേ സെങ്സായി (1963) ഒരു പൂച്ചയെയും ഒരു എലിയെയും ഒരേ പാത്രത്തിൽ നിന്ന് ശാന്തമായി ഭക്ഷണം കഴിക്കാൻ പരിശീലിപ്പിക്കുകയുണ്ടായി. ഓപ്പറന്റ് കണ്ടീഷനിംഗും സാമൂഹിക പഠനവുമാണ് പരീക്ഷണത്തിൽ പ്രയോഗിച്ച രീതി. ആദ്യം ചില്ലുകൊണ്ട് വേർതിരിയ്ക്കപ്പെട്ട രണ്ടു ജീവികളും ഒരു പൊതു പാത്രത്തിലേക്ക് ഭക്ഷണഗുളികകൾ വീഴ്ത്തുന്നതിന് രണ്ടു പേരും ഒരേ സമയം സമാന്തരലിവറുകൾ അമർത്താൻ പഠിച്ചു. എഴുനൂറ് പരിശീലന സെഷനുകൾക്കുശേഷം രക്തച്ചൊരിച്ചിൽ നടക്കാതെ തന്നെ വേർതിരിക്കുന്ന ചില്ല് നീക്കം ചെയ്യാൻ സാധിച്ചു.

സായിയുടെ നിഗമനം-

ശാസ്ത്രചരിത്രത്തിൽ ആദ്യമായി, കർക്കശമായ പരീക്ഷണത്തിലൂടെ പ്രകൃത്യാ ശത്രുക്കൾ എന്നു വിശേഷിപ്പിക്കപ്പെടുന്ന പൂച്ചയും എലിയും സഹകരിക്കാൻ കെല്പുള്ളവരും അങ്ങനെ ചെയ്യുന്നവരുമാണെന്ന് തെളിയിച്ചു. ഈ കണ്ടു പിടിത്തം മൃഗസ്വഭാവത്തിൽ പോരാട്ടവും യുദ്ധവും അനിവാര്യമാക്കുന്ന രീതിയിൽ അഭേദ്യമായി ആക്രമണവാസന കുടിയിരിക്കുന്നു എന്ന പരമ്പരാഗത വിശ്വാസത്തെ തകിടം മറിക്കുന്നു. (1963:4)

ഈ ഗവേഷണം ലോകസമാധാന സാധ്യമാണ് എന്ന തത്ത്വത്തിന് മൗലികമായ ജീവശാസ്ത്ര അടിത്തറയുടെ മൂലക്കല്ല് സ്ഥാപിക്കുന്നു എന്ന് പലരും ചിന്തിക്കുന്നു എന്ന് നിരീക്ഷിച്ചുകൊണ്ട് സായി, മത്സരാധിഷ്ഠിത മാരകത്വത്തിന്റെ അനിവാര്യതയെപ്പററിയുള്ള മുൻധാരണകളെ പിന്തുടരുന്നതിനുപകരം സഹകരണത്തിലൂടെയുള്ള നിലനിൽപ്പിനെ സംബന്ധിക്കുന്ന ഒരു ശാസ്ത്രാധിഷ്ഠിതദർശനത്തിനായി ആഹ്വാനം ചെയ്യുന്നു. ഇതിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു മേഖലയിൽ, ഭൗതിക ശാസ്ത്രകാരനും, ശാസ്ത്രചരിത്രകാരനുമായ അന്റോണിയോ ഡ്രാഗോ, സംഘർഷനിവാരണ മേഖലയിൽ കർണോഷിയൻ ഊർജതന്ത്രത്തിന്റെയും ന്യൂട്ടോണിയൻ ഊർജതന്ത്രത്തിന്റെയും ധ്വനികളെ താരതമ്യം ചെയ്തു

കൊണ്ട് അതിശായന സഹകരണത്തിന് അനുകൂലമായി ശാസ്ത്രാധിഷ്ഠിതമായ ഒരു സമാന നിർദേശം വയ്ക്കുന്നു. (ഡ്രാഗോ 1994) ഇതേ പോലെ തന്നെ മാരകമായ ശത്രുതാ മനോഭാവങ്ങളെ മറികടക്കാനായി പരസ്പരം പ്രയോജനകരമായ പൊതുലക്ഷ്യങ്ങൾക്കായുള്ള സഹകരണം നിർദ്ദേശിക്കുന്നു. സൈക്കോതെറാപ്പിസ്റ്റായ ജറോം ഡി ഫ്രാങ്ക് (Frank 1960, 261-2, 1993:204-5).

മാനവ്മാരകത്വം കൊല നടത്തുന്ന ആൾക്കുരങ്ങു കുടുംബതതലെ ഒരംഗം എന്ന നിലയിൽ അഭേദ്യമായും നമ്മുടെ പരിണാമചരിത്രത്തിൽ വേരൂന്നിയിട്ടുള്ള ഒരു വസ്തുതയാണ് എന്ന അഭ്യൂഹത്തിനെതിരെ ഉയരുന്ന ഒരു വെല്ലുവിളി ജനിതകമായി ഏകദേശം തുല്യമായ പ്രൈമേററുകളുടെ ഒരു വർഗത്തെ സംബന്ധിച്ച് നടത്തപ്പെട്ട പുതിയ പഠനങ്ങളിൽ നിനണ് വരുന്നത്. മധ്യ ആഫ്രിക്കയിലെ കൊല നടത്താത്ത ബൊനോബോ കുരങ്ങ്. ബൊനോബോയൊടൊപ്പം .. പങ്കുവയ്ക്കുന്ന കോംഗോയിലെ മംഗാണ്ടു ജനത, ഈ വർഗത്തിൽപെട്ട കുരങ്ങന്മാരെ കൊല്ലുന്നത് നിരോധിച്ചിരിക്കുന്നു. പണ്ട് ഉററ ബന്ധുക്കളായ തങ്ങളുടെയും ബൊനോബോയുടെയും പൂർവികർ ഒന്നിച്ച് കഴിഞ്ഞിരുന്നു എന്ന കഥയാണ് ഇതി നടിസ്ഥാനം. ഗൊറില്ലാ, ചിമ്പൻസി, മറ്റ് കുരങ്ങുവർഗങ്ങൾ എന്നിവയിൽ നിന്ന് വ്യത്യസ്ഥമായി ബൊനോബോ കുരങ്ങുകൾ പരസ്പരം കൊല്ലുന്നതായി നിരീക്ഷിക്കപ്പെട്ടിട്ടില്ല. കൂടാതെ കൊല നടത്തുന്ന പ്രൈവെററുകളുടെ ഇടയിൽ കാണുന്ന അനുരഞ്ജനത്തെയും പരസ്പര സ്നേഹത്തെയുംപററി ഈ അടുത്ത കാലത്ത് നടത്തിയിട്ടുള്ള പഠനങ്ങൾ പരിണാമ വിധേയമായ മനുഷ്യപ്രകൃതത്തിൽ കൊലവർജിക്കാനുള്ള പ്രവണത ദർശിക്കാതെ കൊലസ്വഭാവം മാത്രം കാണുന്ന പ്രവണതയെ ചോദ്യം ചെയ്യുന്നുണ്ട്. തീർച്ചയായും മൃഗങ്ങളിൽ സമാധാനത്തിന്റേതായ ഒരു വശമുണ്ട്. മാത്രമല്ല, ക്രോപോട്കിൻ (1914) സോറോകിൻ (1954), ആൽഫീകോൻ (1990) എന്നിവർ തെളിയിച്ചതുപോലെ മനുഷ്യ പ്രകൃതിയിലും സഹകരണത്തിന്റെയും പരസ്നേഹത്തിന്റെയും ശോഭനമായ ഒരു വശമുണ്ട്.

മൃഗങ്ങളിലും മനുഷ്യരിലും കാണുന്ന ആക്രമണസ്വഭാവത്തെപ്പററി നടത്തിയ ഒരു താരതമ്യ പഠനത്തിൽ ഈഥോളജിസ്റ്റ് ആന്ത്രപ്പോളജിസ്റ്റായ കൊല ചെയ്യാതിരിക്കാനുള്ള ആത്മീയ നിർബന്ധത്തിന് ഒരു ജീവശാസ്ത്രപരമായ അടിത്തറയുണ്ട് എന്ന് കണ്ടെത്തുകയുണ്ടായി. പല ജന്തുവർഗങ്ങളിലും ഇൻട്രാസ്പെസിഫിക് ആക്രമണപ്രവണത അത്രമേൽ അനുഷ്ഠാനപരമാകയാൽ അത് ശാരീരിക ദോഷം ചെയ്യുന്നില്ല എന്ന് നിരീക്ഷിക്കുന്ന അദ്ദേഹം രക്തച്ചൊരിച്ചിൽ ഒഴിവാക്കാനായി മനുഷ്യർ അനു

വർത്തിക്കുന്ന സമാനവും കൂടുതൽ സങ്കീർണ്ണവുമായ സങ്കേതങ്ങൾ ഉള്ള തായി പറയുന്നു. ഒരളവിൽ സമാപനമായി അദ്ദേഹം പറയുന്നു. ഒരു ജീ വശാസ്ത്രപരമായ ഫിൽട്ടർ, കൊല്ലരുത് എന്ന ദൈവിക കല്പന പുറ പ്പെടുവിക്കുന്നു. എന്നാൽ സാംസ്ക്കാരിക പരിണാമപ്രക്രിയകൾക്കിടയിൽ (മറ്റുള്ളവർ പൂർണമായും മാനുഷരല്ല എന്നും അതിനാൽ ഇരയായിത്തീ രുന്നു എന്നു വിവക്ഷ) കൊല നിരോധിക്കുന്ന ജീവശാസ്ത്രപരമായ ഫിൽ ട്ടറിനു മീതേ കൊല്ലാൻ ആജ്ഞാപിക്കുന്ന ഒരു സാംസ്ക്കാരിക നിയമ ഫിൽട്ടർ മനുഷ്യൻ അവരോധിച്ചിരിക്കുന്നു. യുദ്ധത്തിൽ ശത്രു ഒരു മനു ഷ്യജീവിയാണെന്ന് തിരിച്ചറിയുന്ന ഘട്ടത്തിൽ തന്നെ കുത്തുന്ന മനസ്സാ ക്ഷിയിലൂടെ മനുഷ്യൻ ബോധവാനാകുന്ന നിയമങ്ങളുടെ സംഘർഷത്തി ലേക്ക് നയിക്കപ്പെടുന്നു. ഇതിന് തെളിവാണ് കൊല നടത്തിയതിനുശേഷം പടയാളികൾ നടത്തുന്ന ശുദ്ധീകരണത്തിനും സാമൂഹിക അംഗീകാരത്തി നും വേണ്ടിയുള്ള അനുഷ്ഠാനങ്ങൾ.

ഈ പ്രമേയത്തെ സ്ഥിരീകരിക്കുന്നതാണ് ഗ്രോസ്മാന്റെ കണ്ടെത്തൽ. അദ്ദേഹം പറയുന്നു. ചരിത്രത്തിലുടനീളം യുദ്ധക്കളത്തിലുള്ള യോദ്ധാ ക്കളിൽ ഭൂരിഭാഗം പേരും ശത്രുവിനെ സ്വന്തം ജീവനോ സുഹൃത്തുക്കളു ടെ ജീവനോ രക്ഷിക്കുന്നതിനുപോലും കൊല്ലാൻ മുതിരുകയില്ല (ഗ്രോ സ്മൻ 1995:4) നേരിട്ട് കൊല നടത്തിയ സൈനികരിൽ കൊല നടത്താ ത്തവരിലുള്ളതിനേക്കാൾ മാനസിക അത്യാഹിതങ്ങൾ സംഭവിക്കുന്നതാ യി അദ്ദേഹം നിരീക്ഷിക്കുന്നു. സൈനിക - മനശാസ്ത്രജ്ഞനും ഇഥോ ളജിസ്റ്റ് - ആന്ത്രപ്പോളജിസ്റ്റും വിയോജിക്കുന്നത് തങ്ങളുടെ കണ്ടെത്ത ലുകളുടെ നയപരമായ ധ്വനികളിൽ മാത്രമാണ്. ആദ്യത്തെയാളിനെ സം ബന്ധിച്ചിടത്തോളം കൊല നടത്താനുള്ള വിമുഖത മറി കടക്കാൻ ആവ ശ്യമായ പ്രൊഫഷണൽ പരിശീലനം നൽകുകയാണ് വേണ്ടത്. രണ്ടാമ ത്തേയാളിന്റെ ദൃഷ്ടിയിൽ പ്രശ്നം സംസ്ക്കാരത്തെ കൊല നിരോധി ക്കുന്ന മാനവ ജീവശാസ്ത്രവുമായി പൊരുത്തപ്പെടുത്തുന്നതിലാണ്. സമാ പനമായി അദ്ദേഹം പറയുന്നു. സമാധാനത്തിനായുള്ള സാർവലൗകിക ആഗ്രഹത്തിന്റെ പേര് സാംസ്ക്കാരികവും ജീവശാസ്ത്രപരവുമായ നി യമങ്ങളുടെ ഈ സംഘർഷത്തിലാണ് കിടക്കുന്നത്. ഇത് തങ്ങളുടെ ജീ വശാസ്ത്രപരവും സാംസ്കാരികവുമായ നിയമഫിൽട്ടറുകളെ പൊരുത്ത പ്പെടുത്താൻ മനുഷ്യനെ പ്രേരിപ്പിക്കുന്നു. നമ്മുടെ മനസ്സാക്ഷിയാണ് നമ്മു ടെ പ്രത്യാശ. ഇതിന്റെ അടിസ്ഥാനത്തിൽ യുക്തിഭദ്രമായ ഒരു പരിണാമ പ്രക്രിയയിലൂടെ സമാധാനത്തിൽ എത്തിച്ചേരാൻ സാധിച്ചേക്കാം. ഇതി ന് രക്തച്ചൊരിച്ചിൽ ഇല്ലാതെ മറേറതെങ്കിലും മാർഗത്തിലൂടെ യുദ്ധത്തി ലൂടെ നേടിയെടുക്കാൻ കഴിയുന്ന ലക്ഷ്യങ്ങൾ നേടിയെടുക്കാൻ കഴിയും എന്ന ബോധം ആവശ്യമാണ്. (1979:241)

കൊലയിൽ അധിഷ്ഠിതമല്ലാത്ത മാനവശേഷിയിലുള്ള വിശ്വാസത്തിന് മസ്തിഷ്കശാസ്ത്രം കൂടുതൽ തെളിവുകൾ നൽകുന്നുണ്ട്. തന്റെ സമീപനത്തിന് ന്യൂറോറീയലിസം എന്നു പേരിടുന്ന ന്യൂറോ-സയന്റിസ്റ്റായ ബ്രൂസ് ഇ. മോർട്ടൺ (2000) കൊല ചെയ്യുന്നതിന്റെയും കൊല ചെയ്യാത്തതിന്റെയും ന്യൂറോബയളോജിക്കൽ അടിത്തറ വിവരിക്കുന്ന ഒരു ഡ്യൂവൽ ക്വാഡ് ബ്രെയിൻ മോഡൽ ഓഫ് ബിഹേവിയർ ലാറ്ററാലിററി അവതരിപ്പിച്ചിട്ടുണ്ട്. ആ മോഡലിന്റെ നാല് ഭാഗങ്ങൾ ഏക റ്റെട്രാഡിക് സിസ്റ്റത്തിന്റെ രണ്ടു രീതികളിലും പ്രവർത്തിക്കുന്നു. അവ ബ്രെയിൻ കോർ സിസ്റ്റം, വാസനകൾ, ലിംബിക് സിസ്റ്റം (വികാരങ്ങൾ), വലതും ഇടതുമായ ഹെമിസ്ഫീയർ സിസ്റ്റം (ഭാവനയും ബുദ്ധിയും) നിയോ സെരിബെല്ലർ സിസ്റ്റം ( ഉൾക്കാഴ്ച) എന്നിവയത്രേ. മോർട്ടൻ ഉയർന്ന ആത്മീയവും സാമൂഹികവുമായ ബോധത്തിന്റെ പ്രഭവ സ്ഥാനമായി കാണുന്നത് നിയോ സെരിബെല്ലർ ഉൾക്കാഴ്ചയാണ്. ഈ ഉയർന്ന പ്രഭവസ്ഥാനം സത്യസന്ധവും സർഗാത്മകവും സ്വയം ചിട്ടയുള്ളതും മറ്റുള്ളവരെപ്പറ്റി ചിന്തയുള്ളതും സഹകരണ മനോഭാവമുൾക്കൊള്ളുന്നതും മറ്റുള്ളവരുടെ വികാരങ്ങൾ മനസ്സിലാക്കാൻ കെല്പുള്ളതും അക്രമരഹിതവുമാണ്. അത് ഗ്രൂപ്പിന്റെ ദീർഘകാലാടിസ്ഥാനത്തിലുള്ള നിലനിൽപ്പ് സുഗമമാക്കുന്നു. അത് എല്ലാവർക്കും പ്രാപ്യയായ മസ്തിഷ്കപ്രതിഭാസവുമത്രേ. പ്രഭവ കേന്ദ്രത്തിന്റെ ബോധത്തിലേക്കുള്ള പ്രവേശനം മൂന്നു വിധത്തിൽ സാധ്യമാക്കാം. മരണത്തോടടുക്കുന്ന മാനസികാഘാതം, ചില ലഹരിവസ്തുക്കളുടെ ഉപയോഗം, ധ്യാനം, ഏറ്റവും പ്രധാനം ധ്യാനമാണ്. ദൈനംദിന സാമൂഹിക ജീവിതത്തിൽ ആ പ്രഭവ കേന്ദ്രം അക്രമരഹിത സമൂഹത്തിലേക്കു നയിക്കുന്ന സിനർജിയുടെ വികസ്വരമായ പ്രയോജനങ്ങളെ ഉൾക്കാഴ്ചപൂർവം സുഗമമാക്കുന്നു. അത് നിലനില്പിനെതിരെയുള്ള മാരകമായ ഭീഷണികളുടെ അഭാവത്തിൽ നിന്ന് ശക്തി സംഭരിക്കുകയും അതിനെ പോഷിപ്പിക്കുകയും ചെയ്യുന്നു.

ഇപ്രകാരം ന്യൂറോറീയലിസ്റ്റ് ബ്രെയിൻ സയൻസ് സ്വയം പ്രേരിതമായ അക്രമരഹിത പ്രതിബദ്ധതയ്ക്കും കൊല ചെയ്യാത്ത ആത്മീയതയ്ക്കും കൊല്ലുന്നതിലുള്ള ജീവശാസ്ത്രപരമായ വൈമുഖ്യത്തിനും തികച്ചും അനുരൂപകമായ സാമൂഹിക പരിവർത്തനത്തിനും ഒരു അടിത്തറ സൃഷ്ടിക്കുന്നു. മഹാന്മാരായ മതപ്രബോധകരുടെ ധർമ്മം ഈശ്വരനെ പുറത്തുനിന്ന് കൊണ്ടുവരിക എന്നതല്ല, മറിച്ച് ഉള്ളിലുള്ള ഈശരീയതയെ പുറത്തുകൊണ്ടുവരാൻ ഓരോ വ്യക്തിയെയും സഹായിക്കുക എന്നതാണ്. എന്ന ഹിന്ദുവായ വിവേകാനന്ദന്റെ ഉൾക്കാഴ്ചയുമായി ഇത് പൊരുത്തപ്പെടുന്നുണ്ട്. ദൈവരാജ്യം നിങ്ങളുടെ ഉള്ളലാണ് എന്നു ക്രിസ്ത്യാനിയായ ടോൾസ്റ്റോയിയുടെ പ്രഖ്യാപനത്തിന്റെ അനുരണനവുമാണത്.

(ടോൾസ്റ്റോയ് 1974) പതിനഞ്ചാം നൂറ്റാണ്ടിലെ ഇന്ത്യൻ മിസ്റ്റിക്കായ കബീറിന്റെ താഴെവരുന്ന ഉൾക്കാഴ്ചയുമായി ഇത് താരതമ്യം ചെയ്യാം.

രണ്ടു കണ്ണുകൾക്കുമിടയിലാണ് പ്രഭുവിന്റെ സന്ദേശവാഹകൻ. നിങ്ങളുടെ ശരീരത്തിനുള്ളിലാണ് നിങ്ങളുടെ നാഥന്റെ വാസം, ആ നാഥനെ കാണാൻ പുറത്തെ കണ്ണുകൾ തുറക്കുന്നതെന്തിന്?

(സേത്തി 1984:56–7)

ജീവശാസ്ത്രപരമായ കാരണങ്ങളാൽ ഉണ്ടാകുന്ന മസ്തിഷ്ക്കത്തിന്റെ പ്രവർത്തനവൈകല്യം ചില വ്യക്തികളെ നിർബന്ധകൊലയാളികളാക്കാം എന്ന സാധ്യത നമുക്കു പരിശോധിക്കാം. ഇമ്മാതിരി മാരകത്വം ജീവശാസ്ത്രപരമാണ്, സാംസ്ക്കാരികമല്ല എന്നുവന്നാൽ പോലും ശാസ്ത്രബുദ്ധി രോഗാതുരരായ കൊലയാളികൾക്ക് കൊല ചെയ്യാനുള്ള നിർബന്ധത്തിൽ നിന്ന് മോചനം വാഗ്ദാനം ചെയ്യുന്നു. ആധുനിക ന്യൂറോ സയൻസ്, ജനിതക ശാസ്ത്രം, മറ്റ് ജീവശാസ്ത്രങ്ങൾ എന്നിവയുടെ ആവിർഭാവത്തോടെ, മനുഷ്യപ്രകൃതം അനിവാര്യമാംവണ്ണം മാരകമാണ് എന്ന് സ്ഥാപിക്കാനാവില്ലാതായിത്തീർന്നിട്ടുണ്ട്.

ഡിവലപ്മെന്റൽ ന്യൂറോ സൈക്കോളജിസ്റ്റായ ജയിംസ് ഡബ്ള്യൂ പ്രസ്കോട്ടും ന്യൂറോ സൈക്കിയാട്രിസ്റ്റായ റോബർട്ട് ജി. ഹീത്തും (റസ്റ്റാക്ക് 1979:118133) നടത്തിയ ഗവേഷണങ്ങൾ ഈ വിഷയത്തിൽ ഒരു മുന്നേററം നടത്താൻ സഹായകമായിട്ടുണ്ട്. ചില വ്യക്തികളുടെ നിർബന്ധപൂർവകമായ കൊല ചെയ്യാനുള്ള പ്രവണത വികാരങ്ങളെയും (ലിംബിക്സിസ്റ്റം) ശരീര ചലനത്തെയും (സെരബെല്ലം) കൂട്ടിയോജിപ്പിക്കുന്ന വൈദ്യുത സർക്യൂട്ടുകളുടെ (പ്ളെഷർപാത്ത്വെയ്സ്) ക്ഷതത്തിന്റെ ഫലമാണ് എന്നത്രേ അവർ സിദ്ധാന്തിക്കുന്നത്. ഈ സർക്യൂട്ടുകളുടെ ക്ഷതം ശൈശവത്തിൽ ശരീരത്തിനുണ്ടാകുന്ന വർത്തുള ചലനത്തിന്റെ തോതുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നു കൂടി അവർ അഭ്യൂഹിക്കുന്നു. ചിമ്പൻസികളുടെ തലഭാഗം നിശ്ചലമാക്കി നിർത്തിയും അവയെ കറങ്ങും കസേരയിലിരുത്തി കറക്കിയുമാണ് അവർ പരീക്ഷണം നടത്തിയത്. നിശ്ചലരായി വളർന്ന ചിമ്പൻസികൾ കൂടുതൽ ആക്രമണസ്വഭാവമുള്ളവരായും ചലനത്തോടെ വളർന്നവ ശാന്തപ്രകൃതക്കാരായും പെരുമാറുന്നത് അവർ നിരീക്ഷിച്ചു. പരീക്ഷണം സ്ഥാപനകൊലയാളികളായ മനുഷ്യരിലേക്ക് വ്യാപിപ്പിച്ച് നിരീക്ഷണം നടത്തിയപ്പോൾ പ്രകൃത്യാ കുറ്റവാളികളായി കരുതപ്പെട്ടിരുന്ന ചിലരിൽ മാറ്റമുണ്ടായി. സാമൂഹ്യദ്രോഹപരവും നരഹത്യാപരവും ആത്മഹത്യാപരവുമായ പ്രവണത അപ്രത്യക്ഷമായി. ചില പരീക്ഷണങ്ങൾ പരാജയമായിരുന്നു. ഒരു പരീക്ഷണത്തിനിടെ സെ

രബല്ലർവയർ പൊട്ടുകയും രോഗി ഒരു കത്രിക കൊണ്ട് ഒരു നേഴ്സിനെ കൊല്ലുകയും ചെയ്തു. എന്നിരുന്നാലും ഈ പരീക്ഷണങ്ങൾ മനുഷ്യ വർഗത്തെ മാരകമായ ജീവശാസ്ത്രദോഷൈകദർശനത്തിൽ നിന്ന് മോചിക്കുന്നതിന് സഹായിക്കുന്നതാത്ത്വികവും സാങ്കേതികവുമായ മുന്നേററങ്ങൾക്ക് കളമൊരുക്കുന്നു.

പൊളിററിക്കൽ സയൻസിന്റെ ദോഷൈകദർശനത്തിന് കടകവിരുദ്ധമായി മനുഷ്യർ പ്രകൃത്യാ കൊലയാളികളല്ല എന്ന ശുഭദർശനം കാഴ്ച വയ്ക്കുന്നവയാണ് സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റിയിലെ 23 സൈക്രിയാട്രിസ്റ്റുകളുടെ നിരീക്ഷണനിഗമനങ്ങൾ. മാർട്ടിൻ ലൂഥർകിങ് ഇളണിയർ, സെനറ്റർ റോബർട്ട് എഫ് കെന്നെഡി എന്നിവരുടെ വധത്തെതുടർന്ന് അക്രമത്തെയും കൊലയാളി പ്രവണതയെയും ബയോളജി സൈക്കോഡൈനാമിക്സ്, പരിസ്ഥിതി, കോപം, ഗ്രൂപ്പുകൾക്കിടയിലെ സംഘർഷം, ബഹുജനമാധ്യമങ്ങൾ, സ്ഫോടകായുധങ്ങൾ, മാനസിക രോഗം, ലഹരി പദാർത്ഥത്തിന്റെ ഉപയോഗം മുതലായവയുമായി ബന്ധപ്പെടുത്തി പഠിച്ചശേഷം ഡാനിയേലും ജിഗുളയും പറയുന്നു :" പകരം വഴികൾ അന്വേഷിക്കാൻ നാം തീരുമാനിക്കുകയാണെങ്കിൽ മനുഷ്യന്റെ അക്രമ യുഗത്തിന് അറുതി വരുത്തുന്നതിനെ സംബന്ധിച്ച് നമുക്ക് ഇപ്പോൾ തന്നെ വേണ്ടത്ര അറിവുണ്ട്."

നരഹത്യയെ സംബന്ധിച്ച് സൈക്കിയാട്രിസ്റ്റായ ജോർജ് എഫ് സോളമൻ (1970) നടത്തിയ ചികെയ്സ്റ്റഡികളിൽ നിന്നു തെളിയുന്നത് കൊലയ്ക്ക് പിന്നിൽ ദുരൂഹതകളില്ലെന്നും അത് തടയാമെന്നുമാണ്. ഒരു കെയ്സിൽ സ്ത്രീകളെ കൊല്ലുന്ന ഒരു തണുത്ത പ്രകൃതിക്കാരന്റെ ചരിത്രത്തിൽ ചൂതുകളിക്കാരനായ അച്ഛന്റെ സ്നേഹമില്ലായ്മ, ലഹരിക്കടിമയായ അമ്മയുടെ ലൈംഗിക അരാജകത്വം, തോക്കുകളിലുള്ള ഭ്രമം, ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം എന്നിവ കാണപ്പെട്ടു. മററൊരു കെയ്സിൽ വേർപിരിഞ്ഞ ഭാര്യയുടെ പുതിയ ഭർത്താവിനെ കൊന്ന ഒരാളുടെ പശ്ചാത്തലത്തിൽ കൊടിയ ദാരിദ്ര്യം, അച്ഛനോടുള്ള വിദ്വേഷം, മാതാപിതാക്കളിൽ നിന്നുള്ള മർദ്ദനം, അമ്മയുടെ പരിഹാസം, സഹോദരിമാരുടെ പീഢനം, വേശ്യാലയത്തിൽ പരിചയപ്പെട്ട ഒരു സ്ത്രീയുമായുള്ള വിവാഹം, അവളിൽ ജനിച്ച രണ്ടു കുട്ടികൾ, അവളുടെ നേരെയുള്ള ആക്രമണം, അവളുടെ അവിശ്വസ്തത വെളിവായപ്പോൾ സ്വന്തം കൈപ്പത്തി മുറിക്കൽ, അവൾ തോക്കു ചൂണ്ടി ഭീഷണിപ്പെടുത്തിയത് മുതലായ ഘടകങ്ങൾ കണ്ടെത്താൻ കഴിഞ്ഞു.

സോളമൻ ഉപസംഹരിക്കുന്നു.

ഒരു സൈക്കിയാട്രിസ്റ്റ് എന്ന നിലയിൽ മനുഷ്യന്റെ പെരുമാറ്റം മാറ്റി

യെടുക്കാം എന്ന ആശയത്തോട് എനിക്ക് ശക്തമായ പ്രതിബദ്ധതയാണുള്ളത്. അക്രമം തടയുന്നതിലും ചികിത്സിച്ചു സുഖപ്പെടുത്തുന്നതിലും നമുക്കുണ്ടായ പരാജയം നമ്മുടെ അജ്ഞത മൂലമാണ്. കൂടുതൽ ഗവേഷണങ്ങളിലൂടെ ഈ അജ്ഞത പരിഹരിക്കാവുന്നതാണ്.

അക്രമത്തിന് പ്രാധാന്യം കല്പിക്കുന്ന പഴയ ചിന്തയ്ക്കു ബദലായി അന്ത്രപ്പോളജിയിലെ നൂതന കണ്ടെത്തലുകൾ അക്രമരഹിത മാനവജീവിതത്തിനും സമാധാനത്തിനും ഊന്നൽ കൊടുത്തുതുടങ്ങിയിട്ടുണ്ട്. ലെസ്‌ലിള സ്പോൺസർ വിശദീകരിക്കുന്നു: " അക്രമരഹിതവും സമാധാനപ്രിയവുമായ സമൂഹങ്ങൾ, അപൂർവ്വമായി തോന്നുന്നത്, യഥാർത്ഥത്തിൽ അവ അത്ര അപൂർവമായതുകൊണ്ടല്ല, പിന്നെയോ അവയെപ്പറ്റി അപൂർവമായേ പഠനം നടക്കാതുള്ളൂ എന്നതുകൊണ്ടാണ്". അദ്ദേഹം തുടരുന്നു: "സമാധാനത്തിന്റെ സ്വഭാവം, സാഹചര്യങ്ങൾ, കാരണങ്ങൾ, പ്രക്രിയകൾ, അനന്തരഫലങ്ങൾ എന്നിവ മനസ്സിലാക്കുന്നത് അക്രമത്തിന്റെ സ്വഭാവവും കാരണങ്ങളും മററും മനസ്സിലാക്കുന്നതുപോലെ പ്രധാനപ്പെട്ടതാണ്.

കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടെ 50,000 അപരിഷ്കൃത ജനവിഭാഗങ്ങളെ പഠനവിധേയമാക്കിയതിൽ 2000 ഗ്രൂപ്പുകളെ മാത്രമാണ് ജെ. എം. ജി. വാർഡെർ ഡന്നൻ എന്ന ശാസ്ത്രജ്ഞൻ അക്രമ സ്വഭാവമുള്ള ഇവയായി സ്ഥിരീകരിച്ചത്. യുദ്ധക്കൊതിയെപ്പറ്റി തെളിവ് ലഭിക്കാത്തതിന്റെ അർത്ഥം, ആ ഗ്രൂപ്പുകൾ സമാധാന പ്രിയരാണ് എന്നല്ല, എന്ന് അനുസ്മരിക്കുന്ന വാൻഡെർ ഡന്നൻ എല്ലാ മനുഷ്യരും യുദ്ധക്കൊതിയന്മാരാണ് എന്ന നിഗമനത്തിൽ എത്തുന്നതിനെതിരെ മുന്നറിയിപ്പ് നൽകുന്നു. അദ്ദേഹം 395 ഗ്രൂപ്പുകളെ യുദ്ധപ്രിയരല്ലാത്തവരായി കണ്ടെത്തി. ആന്ത്രപൊളോജിക്കൽ ഗ്രന്ഥങ്ങളെ അവലോകനം ചെയ്തശേഷം ബ്രൂസ് ഡി. ബോന്റാ (1993) തികച്ചും സമാധാന പ്രീയരായ നാല്പത്തിയേഴ് സമൂഹങ്ങളെ കണ്ടെത്തി. സമാധാന പ്രീയം എന്നതിനെ ജനങ്ങൾ ആപേക്ഷികമായി ഉയർന്ന വ്യക്യന്തര സാമഞ്ജസ്യത്തിൽ ജീവിക്കുന്ന അവസ്ഥ എന്നദ്ദേഹം വിശേഷിപ്പിച്ചു.

മറ്റൊരു പഠനത്തെ ബോൺന്റാ ഇങ്ങനെ ഉപസംഹരിച്ചു. സംഘർഷത്തെയും സംഘർഷനിവാരണത്തെയും പറ്റി പാശ്ചാത്യപണ്ഡിതന്മാർ അവതരിപ്പിച്ചിട്ടുള്ള പല ആശയങ്ങളും ഈ സമൂഹങ്ങൾ സംഘർഷത്തെ സമാധാനപരമായി പരിഹരിക്കുന്നു എന്ന അറിവിന്റെ വെളിച്ചത്തിൽ ചോദ്യം ചെയ്യപ്പെടേണ്ടതാകുന്നു.

കൂടെക്കൂടെ പ്രത്യക്ഷപ്പെടുന്ന ഒരു നരവംശ ശാസ്ത്ര കണ്ടെത്തൽ

അക്രമത്തിന്റെ കാര്യത്തിൽ ഉയർന്നു നിൽക്കുന്ന സമൂഹങ്ങളും താഴെ നിൽക്കുന്ന സമൂഹങ്ങളും അനുവർത്തിക്കുന്ന ശിശുശിക്ഷണത്തിന്റെയും സാമൂഹിക സ്വഭാവബോധത്തിന്റെയും പ്രാധാന്യമാണ്. രണ്ടു വെക്സിക്കൻ സപ്പോടെക് ഗ്രാമങ്ങളെപ്പറ്റിയുള്ള ഒരു താരതമ്യപഠനത്തിൽ ഡഗ്ലസ്ഫ്രൈഫ്രെ (1994) സമാന സാമൂഹിക – സാമ്പത്തിക സാഹചര്യങ്ങളെ സമൂഹങ്ങൾ അക്രമത്തിന്റെ കാര്യത്തിൽ വ്യത്യസ്ഥ നിലവാരം പുലർത്തുന്നത് ചൂണ്ടിക്കാട്ടുകയുണ്ടായി. ലാപാസ് എന്ന ഗ്രാമത്തിൽ നരഹത്യ വളരെ കുറവായിരിക്കുമ്പോൾ (100,000:3.4) സമീപസ്ഥലമായ സാൻ അൻഡ്രേസിൽ അത് വളരെ ഉയർന്നിരിക്കുന്നു. (100,000.18.1)

അക്രമരഹിത മാനവസമൂഹത്തിന്റെ സാധ്യതയ്ക്ക് വലിയൊരു മുതൽക്കൂട്ടായിരുന്നു 1966, മെയ് 16 ന് ഒരു പറ്റം ശാസ്ത്രജ്ഞർ പുറപ്പെടുവിച്ച അക്രമത്തെപ്പറ്റിയുള്ള സെവിൽ പ്രസ്താവന. നമ്മുടെ മൃഗപൂർവികരിൽ നിന്ന് യുദ്ധം ചെയ്യാനുള്ള വാസന നാം പൈതൃകമായി സ്വീകരിച്ചു എന്നു പറയുന്നത് ശാസ്ത്രീയമായി ശരിയല്ല. അക്രമം ജനിതകമായി നമ്മുടെ പ്രകൃതിയിൽ ഉൾച്ചേർന്നതാണ് എന്ന പ്രസ്താവനയും ശാസ്ത്രത്തിന് നിരക്കുന്നതല്ല. അവർ പറയുന്നു. സ്റ്റാൻഫോർഡ് സൈക്കിയാട്രിസ്റ്റുകളുടെ പ്രസ്താവനയുടെ പ്രതിധ്വനി എന്നവണ്ണം സെവിൽ ശാസ്ത്രജ്ഞർ പ്രഖ്യാപിക്കുന്നു.

ബയോളജി മനുഷ്യനെ യുദ്ധത്തിലേക്ക് തള്ളിവിടുന്നില്ല. ബയോളജിക്കൽ പെസിമിസത്തിന്റെ അടമത്തത്തിൽ നിന്ന് മനുഷ്യനെ മോചിക്കാൻ കഴിയും."

1939 ഓഗസ്റ്റ് രണ്ടാം തീയതി ആൽബർട്ട് ഐൻസ്റ്റെയിൻ പ്രസിഡന്റ് ഫ്രാങ്ക്ലിൻ ഡി റൂസ്വെൽറ്റിന് അറ്റോമിക് ഊർജതന്ത്രം അസാമാന്യശക്തിയുള്ള ഒരു പുതിയ ബോംബ് ഉണ്ടാക്കാൻ പര്യാപ്തമാകുമാറ് പുരോഗമിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുന്ന ഒരു കത്തെഴുതി. ഇത് ആറു വർഷത്തിനുശേഷം ആദ്യ അണുബോംബിന്റെ നിർമാണത്തിൽ കലാശിച്ചു. അറുപത് വർഷങ്ങൾക്കുശേഷം നമുക്ക് പറയാൻ കഴിയുന്നു. അക്രമരഹിതമാനവ സാധ്യതകൾക്ക് വേണ്ടത്ര ശാസ്ത്രീയ തെളിവുണ്ട്. ഇതിനുള്ള സൂചകങ്ങളിൽ ഒന്ന് 1963 ന് ശേഷം അമേരിക്കൻ ഐക്യനാടുകളിൽ മാത്രം അക്രമരാഹിത്യത്തെപ്പററി നൂറിലേറെ ഗവേഷണങ്ങൾ നടക്കുകയുണ്ടായി എന്നതാണ്. അക്രമരഹിത സാധ്യതകളെപ്പറ്റിയുള്ള നമ്മുടെ അറിവ് 1939 ൽ അറ്റോമിക് ഫിസിക്സിനുണ്ടായിരുന്ന നിലവാരത്തോടു തുലനം ചെയ്യാവുന്നതാണ്.

കൊലരഹിത ശേഷികളുടെ പാർശ്വപ്രകാശനങ്ങൾ

ആധുനിക സാമൂഹിക ശാസ്ത്രത്തിന്റെ സ്ഥാപകരിൽ ഒരാളായ എയിൽദുർഖെയിം (1858 – 1917) സാമൂഹിക ജീവിതത്തിലെ മുഖ്യപാർശ്വപ്രകാശനങ്ങളെ ശ്രദ്ധിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഊന്നിപ്പറഞ്ഞു. ഈ ആശയത്തെ മുന്നോട്ടുകൊണ്ടുപോയി നോർത്ത് വെസ്റേൺ യൂണിവേഴ്സിറ്റിയിലെ മനഃശാസ്ത്രവിദഗ്ധനായ ഡോനൾഡ് റ്റി. ക്യാംബെൽ പരീക്ഷണശാലയിൽ നടക്കുന്നതിനുസമാനമായി പ്രകൃത്യാ നടക്കുന്ന സാമൂഹിക പരീക്ഷണങ്ങളിലേക്ക് വിദ്യാർത്ഥികളുടെ ശ്രദ്ധ ക്ഷണിക്കുകയുണ്ടായി. സ്വാഭാവികമായി ഉരുത്തിരിഞ്ഞുവരുന്ന കൊലരഹിത പെരുമാറ്റത്തിന്റെ ഉദാഹരണങ്ങൾ അക്രമരഹിത പ്രക്രിയകളിലൂടെ സംഭവിക്കുന്ന സാമൂഹിക മാററങ്ങൾക്ക് നിദർശനങ്ങളാണ്.

പൊതുനയങ്ങൾ

വധശിക്ഷ നിർത്തലാക്കിയ രാജ്യങ്ങൾ, സൈന്യമില്ലാത്ത രാജ്യങ്ങൾ, സൈന്യ സേവനത്തിന്റെ കാര്യത്തിൽ കൊലക്കെതിരെ മനസ്സാക്ഷി സ്വാതന്ത്ര്യം അനുവദിക്കുന്ന രാഷ്ട്രങ്ങൾ - ഇവയെല്ലാം അക്രമരഹിത സമൂഹത്തിന്റെ സാധ്യതയിലേക്ക് വിരൽ ചൂണ്ടുന്ന സംഭവങ്ങളത്രേ.

2000 -ാമാണ്ട് ഏപ്രിൽ മാസത്തോടെ ലോകത്ത് ആകെയുള്ള 195 രാഷ്ട്രങ്ങളിൽ 73 എണ്ണം വധ ശിക്ഷ നിർത്തലാക്കിയിരുന്നു. വധശിക്ഷ നിർത്തലാക്കാനുള്ള ലോകരാഷ്ട്രങ്ങളുടെ ഈ പ്രവണത അക്രമപാരമ്പര്യത്തിൽ നിന്ന് അക്രമരാഹിത്യ സംസ്കാരത്തിലേക്കുള്ള നിർണായകമായ കാൽവയ്പായി വ്യാഖ്യാനിക്കാവുന്നതാണ്. 2001 ൽ സൈനിക ശക്തിയില്ലാത്ത 27 രാഷ്ട്രങ്ങൾ ഉണ്ടായിരുന്നു എന്ന വസ്തുതയും ശ്രദ്ധേയമാണ്.

സാമൂഹിക സ്ഥാപനങ്ങൾ

കൊലരഹിത ദർശനത്തിൽ അധിഷ്ഠിതമായ മതസ്ഥാപനങ്ങൾ ലോകത്തിലെമ്പാടും കാണാം. പൗരസ്ത്യദേശത്തെ ജൈനമതം, പാശ്ചാത്യനാടുകളിലെ ക്വെയിക്കേഴ്സ്, ജപ്പാനിലെ യൂണിവേഴ്സൽ പീസ് ആന്റ് ബ്രദർഹുഡ് അസോസിയേഷൻ, ഫ്രാൻസിലെ ബുദ്ധിസ്റ്റ് പ്ലംവില്ലേജ്, ആഫ്രിക്കയിലെ സൈമൺ കിംബംഗു, റഷ്യയിലെയും ക്യാനഡയിലെയും ദുക്കോബോർപൗസിഫിസ്റ്റുകൾ, അമേരിക്കയിലെ ജൂയിഷ്പീസ് ഫെല്ലോഷിപ്പ് എന്നിവ അവയിൽ ചിലത് മാത്രം. ആഗോളതലത്തിൽ 1919 ൽ സ്ഥാപിതമായ ഇന്റർനാഷണൽ ഫെലോഷിപ്പ് ഓഫ് റെകൺസിലിയേഷൻ "സ്നേഹത്തിന്റെയും സത്യത്തിന്റെയും നീതി സൃഷ്ടിക്കാനും ഐക്യം പുനഃസ്ഥാപിക്കാനുമുള്ള ശക്തിയിൽ വിശ്വസിക്കുകയും സക്രിയ അക്രമ രാഹിത്യത്തിലൂടെ വ്യക്തിപരവും സാമൂഹികവും സാമ്പത്തിക

വും രാഷ്ട്രീയവുമായ പരിവർത്തനത്തിന് സ്വയം സമർപ്പിക്കുകയും ചെയ്യുന്ന സ്ത്രീ പുരുഷന്മാരെ ഒന്നിച്ചുകൊണ്ടുവരുന്നു.

രാഷ്ട്രീയ സ്ഥാപനങ്ങൾ

റോണൾഡ് മല്ലോൺ, ജോൺ ലവർസീഡ് മുതലായ പാസിഫിസ്റ്റുകളും രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്തവരും ചേർന്ന് 1955 ൽ ബ്രിട്ടണിൽ സ്ഥാപിച്ച ഫെല്ലോഷിപ്പ് പാർട്ടി ഓഫ് ബ്രിട്ടൻ തത്ത്വാധിഷ്ഠിത അക്രമരാഹിത്യത്തോട് പ്രതിബദ്ധതയുള്ള ഒരു രാഷ്ട്രീയ പാർട്ടിയാണ്. പാർട്ടി യുദ്ധത്തിനുവേണ്ടിയുള്ള എല്ലാ തയ്യാറെടുപ്പുകളെയും എതിർക്കുകയും സാമ്പത്തികവും സാമൂഹികവുമായ നീതിക്കുവേണ്ടി പോരാടുകയും കലകളെയും കായിക പ്രവർത്തനങ്ങളെയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. 1979 ൽ പേട്രാകെ, കെല്ലിയും മററു മുപ്പതുപേരും ചേർന്ന് ജർമനിയിൽ രൂപം കൊടുത്ത ഗ്രീൻപാർട്ടി പരിസ്ഥിതിയുടെ സംരക്ഷണത്തോടൊപ്പം അക്രമരാഹിത്യമൂല്യങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഈ സംഘടനയുടെ പ്രചോദനസ്രോതസുകളിൽ ഗാന്ധിയും മാർട്ടിൻ ലൂഥർ കിങുമായി ബന്ധപ്പെട്ട അക്രമരഹിത പ്രസ്ഥാനങ്ങളും ഉൾപ്പെടുന്നു. ആത്മീയവും ശാസ്ത്രീയവും മനുഷ്യസ്നേഹപരവുമായ തത്ത്വങ്ങളിൽ അധിഷ്ഠിതമായ ദിയുണൈറ്റഡ് സ്റേററ്സ് പാസിഫിസ്റ്റ് പാർട്ടി അമേരിക്കൻ സമൂഹത്തിന്റെ അക്രമരഹിതമായ പരിവർത്തനത്തെ ലക്ഷ്യം വയ്ക്കുന്നു. ഇന്ത്യയിൽ ററി.കെ. എൻ. ഉണ്ണിത്താനും മററും ചേർന്ന് സ്ഥാപിച്ച സർവോദയ പാർട്ടി എല്ലാവരുടെയും ക്ഷേമം ഉറപ്പുവരുത്തുന്ന ഗാന്ധിയൻ ശൈലിയിലുള്ള സാമൂഹ്യ വികസനം ലക്ഷ്യമാക്കി തിരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്നു. ആഗോളതലത്തിൽ 1987 ൽ ഗാന്ധിയൻ അക്രമരാഹിത്യത്തിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് ഇററലിയിൽ സ്ഥാപിതമായ ട്രാൻസ് നാഷണൽ റാഡിക്കൽ പാർട്ടി ഐക്യരാഷ്ട്രസഭയുടെ മേൽ അക്രമരഹിത സമ്മർദ്ദം ചെലുത്താൻ ശ്രമിക്കുന്നു.

സാമ്പത്തിക സ്ഥാപനങ്ങൾ

കൊലരഹിത തത്ത്വങ്ങളെ ആവിഷ്ക്കരിക്കുന്ന പ്രധാന സാമ്പത്തിക സ്ഥാപനങ്ങളിൽ, യുദ്ധത്തിനുവേണ്ടിയുള്ള വ്യവസായങ്ങളിൽ നിക്ഷേപം നടത്താത്ത പാക്സ് വേൾഡ് ഫണ്ട്, ഗാന്ധിയുടെയും കിങിന്റെയും അക്രമരാഹിത്യത്തിൽ നിന്ന് പ്രചോദനമുൾക്കൊള്ളുന്ന യുണൈററഡ് ഫാം വർക്കേഴ്സ് ഓഫ് അമേരിക്കാ എന്ന ലേബർ യൂണിയൻ, ശ്രീലങ്കയിലെ സർവോദയ ശ്രമദാന സംഗമയ; ഇന്ത്യയിലെ ഭൂദാൻ പ്രസ്ഥാനം, ലണ്ടനിലെ ഗാന്ധി ഫൗണ്ടേഷൻ, ബാംഗ്ലൂരുള്ള സർവോദയ ഇന്റർനാഷണൽ ട്രസ്റ്റ്, ന്യൂയോർക്കിലുള്ള എ. ജെ. മസ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ ഉൾപ്പെടു

ന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ഒരു സർവ്വകലാശാല മുഴുവനും മനുഷ്യസേവനത്തിനുവേണ്ടി അക്രമരാഹിത്യത്തിൽ അധിഷ്ഠിതമായി നടത്തിക്കൊണ്ടുപോകാം എന്നതിന് തെളിവാണ് ഗാന്ധിയൻ വിദ്യാഭ്യാസ പ്രവർത്തകനായ ജി. രാമചന്ദ്രൻ ഇന്ത്യയിലെ തമിഴ്നാട്ടിൽ സ്ഥാപിച്ച ഗാന്ധിഗ്രാം റൂറൽ ഇൻസ്റ്റിറ്റ്യൂട്ട് (ഡീംഡ് യൂണിവേഴ്സിറ്റി) സമീപ സ്ഥലമായ മുപ്പത് ഗ്രാമങ്ങൾക്ക് സേവനമെത്തിക്കുന്ന ഈ സ്ഥാപനം പഠനവും സാമൂഹിക സേവനവും സംയോജിപ്പിക്കുന്നു.

ഉന്നത വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള ഈ സ്ഥാപനത്തിൽ രാമചന്ദ്രൻ നിർവഹിച്ച ഒരു അപൂർവ സേവനം സൈനിക പരിശീലനത്തിന് ബദലായി അക്രമരഹിതമായ ഒരു പ്രസ്ഥാനം - ശാന്തിസേന - സ്ഥാപിച്ചു എന്നതാണ്. അതിന്റെ ഊർജസ്വലനായ സംഘാടകനാണ് പ്രൊഫസർ എൻ. രാധാകൃഷ്ണൻ. 1958 മുതൽ 1988 വരെയുള്ള കാലഘട്ടത്തിൽ ശാന്തിസേന അയ്യായിരം സന്നദ്ധ ഭടന്മാർക്ക് പരിശീലനം നൽകുകയും സമാധാനത്തിനായി പ്രവർത്തിക്കാനും വേണ്ടി വന്നാൽ ജീവൻ ബലി കഴിക്കാനും ഞാൻ തയ്യാറാണ് എന്ന പ്രതിജ്ഞയെടുത്ത് സമൂഹത്തിൽ പ്രവർത്തിക്കാൻ പ്രേരണ നൽകുകയും ചെയ്തു. ആത്മീയവും, ശാരീരികവും ബൗദ്ധികവും സംഘടനാപരവുമായ കഴിവുകൾ സംയോജിപ്പിച്ചു കൊണ്ട് ശാന്തിസേന വിദ്യാർത്ഥികൾക്ക് സംഘർഷനിവാരണം, സുരക്ഷാ പ്രവർത്തനം, ദുരിതാശ്വാസപ്രവർത്തനം, സഹകരണാത്മകമായ സാമൂഹിക സേവനം എന്നിവയിൽ പരിശീലനം നൽകി.

പരിശീലന സ്ഥാപനങ്ങൾ

അക്രമ രഹിത ജീവിത ശൈലിയിൽ പരിശീലനം നൽകുന്ന അനേകം സ്ഥാപനങ്ങൾ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. ദേശീയ- അന്തർദേശീയ തലങ്ങളിൽ അനുഭവജ്ഞരായ പരിശീലകർക്ക് ഡിമാന്റ് അനുദിനം ഏറി വരുന്നു. ഏതാനും ഉദാഹരണങ്ങൾ: ജി. രാമചന്ദ്രൻ സ്കൂൾ ഓഫ് നോൺ വയലൻസ് ( എൻ. രാധാകൃഷ്ണൻ), പീസ് ബ്രിഗേഡ്സ് ഇന്റർനാഷണൽ (നാരായൺ ദേശായി), ഫ്ളോറിഡാ മാർട്ടിൻ ലൂഥർ കിങ് ജൂണിയർ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ നോൺ വയലൻസ് വിത്ത് ലാഫെയററ് ആന്റ് ജൂണിയർ ചാൾസ് എൽ ആൽഫിൻ സീനിയർ ഡേവിഡ് ജൻസൻ) ഇന്റർ നാഷണൽ ഫെല്ലോഷിപ്പ് ഓഫ് റക്കൺസിലിയേഷൻ (ഹിൽഡെഗാർഡ് ഗോസ്വേയർ, സെന്റർ വർക്ക് ഷോവ്സ് റിച്ചാർഡ് ഡീററ്സ്) ട്രെയിനിംഗ് (ജോർജ്‌ലാക്കി), വാർ റെസിസ്റേഴ്സ് ഇന്റർനാഷണൽ (ഹൊ വാർഡ് ക്ലാർക്ക്) പാലസ്റ്റീനിയൻ സെന്റർ ഫോർ സ്റേഡി ഓഫ് നോൺ വയ

ലൻസ് (മുബാറക്ക് അവാർഡ്), നോൺ വയലൻസ് ഇന്റർനാഷണൽ (മൈക്കൽ ബീയർ), സെർവീസിയോ പാസ്യി ജൂസ്തീസ്യാ ( അസോൾ ഫോപെരെസ് എക്കിവെൽ), ദി ഇന്റർനാഷണൽ നെററ് വർക്ക് ഓഫ് എൻഗേജ്ഡ് ബുദ്ധിസ് (യേഷുവാവോസർ പുവാൻഗ്സ്വാൻ) ട്രാൻഷെൻഡ് (ജോഹാൻ ഗാൽററങ്)

സുരക്ഷാ സ്ഥാപനങ്ങൾ

ലോകമെമ്പാടും നിരവധി സ്ഥാപനങ്ങൾ അക്രമരഹിത മാർഗങ്ങളിലൂടെ സമൂഹ സുരക്ഷിതത്വം ഉറപ്പാക്കാനുള്ള സാധ്യത തെളിയിച്ചിട്ടുണ്ട്. അവയിൽ നിരായുധരായ പൗരജനങ്ങൾ (ജപ്പാൻ) ആയുധമേന്താത്ത പോലീസ് സേന (ബ്രിട്ടൻ), സായുധ കാവൽക്കാരില്ലാത്ത ജയിൻ (ഫിൻലൻഡ്), ആയുധങ്ങളില്ലാത്ത ശാന്തി മേഖലകൾ (ഫിലിപ്പീൻസ്) നിരായുധരായ ജനങ്ങളുടെ സേന (ജർമനി) എന്നിവയും യുദ്ധമേഖലകളിൽ സമാധാന ദൗത്യങ്ങൾ നിർവഹിക്കുന്ന അക്രമ രഹിത സംഘടനകൾ എന്നിവയും ഉൾപ്പെടുന്നു.

ഗവേഷണ സ്ഥാപനങ്ങൾ

പാശ്ചാത്യ ദേശത്ത് ജീൻ ഷാർപ് സ്ഥാപിച്ച ദി ആൽബർട്ട് ഐൻസ്റ്റീൻ ഇൻസ്റ്റിററ്യൂഷൻ (കെയിംബ്രിജ്, മാസാച്ചുസെററ്സ്) ജനായത്തഭരണ സംവിധാനത്തിനു വേണ്ടിയുള്ള അക്രമ രഹിത പോരാട്ടങ്ങളെപ്പററി ഗവേഷണം നടത്തുന്നു; പൗരസ്ത്യദേശത്ത് ജയപ്രകാശനാരായൺ സ്ഥാപിച്ച ദി ഗാന്ധിയൻ ഇൻസ്റ്റിററ്യൂട്ട് ഓഫ് സ്റ്റഡീസ് (വാരണാസി, ഇന്ത്യ) അക്രമരഹിത സാമൂഹിക പരിവർത്തനത്തെ പിന്തുണയ്ക്കാനായി സോഷ്യൽ സയൻസ് ഗവേഷണങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. ആഗോളതലത്തിൽ തിയഡോർ എൽഹെർമൻ സ്ഥാപിച്ച ദ നോൺ വയലൻസ് കമ്മീഷൻ ഓഫ് ഇന്റർനാഷണൽ പീസ് റിസേർച്ച് അസോസിയേഷൻ ഗവേഷണം, വിദ്യാഭ്യാസം, പ്രവർത്തനങ്ങൾ എന്നിവയിലുള്ള പുതിയ കണ്ടെത്തലുകൾ ലോകമെമ്പാടും പ്രസരിപ്പിക്കുന്നു.

പ്രശ്നപരിഹാര സ്ഥാപനങ്ങൾ

കൊലരഹിത തത്ത്വങ്ങളിൽ അധിഷ്ഠിതമായി പ്രശ്നങ്ങൾ പരിഹരിക്കുന്ന ദൗത്യത്തിന് പ്രതിബദ്ധമായ സ്ഥാപനങ്ങൾക്ക് ഉദാഹരണമാണ് അംനെസ്റ്റി ഇന്റർനാഷണൽ, ഗ്രീൻപീസ് ഇന്റർനാഷണൽ, ദിവാർ റസിസ്റേറഴ്സ് ഇന്റർനാഷണൽ, മെദസാ സാഫ്രന്തിയേർ.

മാധ്യമങ്ങൾ

അക്രമരാഹിത്യ കാഴ്ചപ്പാടിലൂടെ ലോകസംഭവങ്ങൾ റിപ്പോർട്ട് ചെ

യ്യുന്ന മാധ്യമങ്ങൾക്ക് ഉദാഹരണമാണ് കോൾമൻ വക്കാർത്തിയുടെയും (1994) മററ് പലരുടെയും പ്രസിദ്ധീകരണ സംരംഭങ്ങൾ. അവയിൽ ചില ത്, ഡേബൈബഡേ (ലണ്ടൻ), സീഡ്സ് ഓഫ് പീസ് (ബാങ്കോക്ക്), പീസ് ന്യൂസ് ഫോർ നോൺ വയലന്റ് റവൊലൂഷൻ (ലണ്ടൻ), നോവിയൊലാ സ് ആക്ത്വാലിത്തേ (ഫ്രാൻസ്), ആസിയോനെ നോൺവിയൊ ലെന്താ ( ഇററലി), ഗ്രാമ്പ് വൂർസെൽ റെവൈലൂഷൻ (ജർമനി), ഫെലോഷിപ്പ് (ന്യൂ യോർക്ക്), സോഷ്യൽ ഓൾട്ടേർനററീവ്സ് ( ഓസ്ട്രേലിയാ),' ഗാന്ധി മാർഗ് (ന്യൂഡെൽഹി), ഇന്റർ നാഷണൽ ജേർണൽ ഓഫ് നോൺ വയ ലെൻസ് (വാഷിംഗ്ടൺ) നവ്ജീവൻ ( അഹമ്മദാബാദ്, ഇന്ത്യ), ന്യൂ സൊ സൈററി പബ്ളിഷേഴ്സ് (വിഷിംഗ്ടൺ), നോവിയൊലാസ് ആക്ത്വാലി ത്തേ (ഫ്രാൻസ്), ഓർബിസ് ബുക്ക്സ് (ന്യൂയോർക്ക്) എന്നീ പ്രസിദ്ധീ കരണ സ്ഥാപനങ്ങൾ അക്രമരഹിത സാമൂഹിക മാററത്തെപ്പററിയുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നു.

സാംസ്കാരിക വിഭവങ്ങൾ

മനുഷ്യാത്മാവിന് പറന്നുയരാൻ ചിറകുകൾ നൽകുകയും അക്രമര ഹിത സമൂഹസാക്ഷാത്ക്കാരത്തിലേക്ക് നടന്നടുക്കാൻ മനുഷ്യനെ ഉത്തേ ജിപ്പിക്കുകയും ചെയ്യുന്ന കലാപരവും ബൗദ്ധികവുമായ സൃഷ്ടികളാണ് അക്രമ രഹിത സാംസ്കാരിക വിഭവങ്ങൾ. നാടോടിപ്പാട്ടുകൾ, സംഗീ തം, നോവലുകൾ, കവിത, പെയിന്റിംഗ്, സിനിമ മുതലായവ ഇവയിൽ പ്പെടുന്നു. 1995 ൽ അഹമ്മദാബാദിൽ മല്ലികാ സാരാഭായി സ്ഥാപിച്ച സെന്റർ ഫോർ നോൺ വയലൻസ് ത്രൂദി ആർട്സ് ദൃശ്യ, ശ്രാവ്യ, അഭി നയ, സാഹിത്യ കലകളിലൂടെ സാമൂഹിക പരിവർത്തനത്തിനായി കൊ ലരഹിത സർഗശക്തികളെ സമന്വയിപ്പിക്കാനായി പ്രവർത്തിക്കുന്നു.

അക്രമരഹിത രാഷ്ട്രീയ പോരാട്ടങ്ങൾ

ചരിത്രത്തെ സംബന്ധിച്ച് പുതുമ അവകാശപ്പെടാനില്ലെങ്കിലും ഇരു പതാം നൂററാണ്ടിന്റെ അവസാനപകുതിയിൽ അരങ്ങേറിയ അക്രമരഹിത രാഷ്ട്രീയ പോരാട്ടങ്ങൾ കൊലരഹിതമാനവ സാധ്യതകളെ സ്പഷ്ടമാ യും വെളിപ്പെടുത്തുന്നു. "1980 വരെ" ജനെ ഷാർപ് പറയുന്നു. അക്രമര ഹിത പോരാട്ടം - അഥവാ ജനശക്തി - ഒരു ദശാബ്ദത്തിനുള്ളിൽ ലോ കത്തിലാകെമാനം രാഷ്ട്രീയ മാററങ്ങൾക്ക് വഴിതെളിക്കുന്ന ഒരു മുഖ്യ ശക്തിയായി അംഗീകരിക്കപ്പെടുമെന്ന് ചിന്തിക്കാൻ കഴിയുമായിരുന്നില്ല. 1970 മുതൽ 1989 വരെ പലേടങ്ങളിലും കാര്യമായ അക്രമരഹിത പോരാ ട്ടങ്ങൾ നടന്നു. ഏഷ്യയിൽ ബർമ, ചൈന, ഇൻഡ്യ, ജപ്പാൻ, സൗത്ത് കൊറിയ, പാകിസ്ഥാൻ, ഫിലിപ്പീൻസ്, ടിബെററ്, അമേരിക്കയിൽ അർജ ന്റീനാ, ബൊളീവിയ, ബ്രസീൽ, ചിലി, ഹായിത്തി, മെക്സിക്കോ, നിക്ക

രാഗ്വാ, പനാമാ, ഐക്യനാടുകൾ, യൂറോപ്പിൽ ഈസ്റ്റോണിയാ, ഫ്രാൻസ്, ജർമനി, ഹംഗറി, അയർലന്റ്, ലാറ്റ്‌വിയ, യൂഗോസ്ലാവിയ, മധ്യേഷ്യയിൽ ഇസ്രയേൽ കൈവശം വച്ചിരിക്കുന്ന പലസ്തീനിയ പസിഫിക്കിൽ, ആസ്ത്രേലിയ, ന്യൂകാലിഡോണിയ എന്നിവിടങ്ങളിൽ. 1989 ന് ശേഷം അക്രമരഹിതമായ ജനശക്തിയിലൂന്നിയ പോരാട്ടങ്ങൾ സോവിയറ്റ് യൂണിയൻ, കിഴക്കൻ യൂറോപ്പ്, ബാൾട്ടിക് റിപ്പബ്ളിക്കുകൾ, മംഗോളിയ എന്നിവിടങ്ങളിലെ ഏകകക്ഷി ഭരണത്തിന് അന്ത്യം കുറിച്ചു; കിഴക്കും പടിഞ്ഞാറും ജർമനികൾ ഒന്നായി; സൗത്ത് ആഫ്രിക്കയിലെ വർണവിവേചനത്തിന് അറുതി വന്നു.

ഈ സമരങ്ങളെല്ലാം പൂർണമായും അക്രമരഹിതമായിരുന്നില്ലെങ്കിലും ചില പോരാട്ടങ്ങൾ അടിച്ചമർത്തപ്പെട്ടു എന്നത് ശരിയാണെങ്കിലും ചില വ്യാഖ്യാതാക്കൾ ഭവിഷ്യത്തുകളെപ്പററിയുള്ള ഭയപ്പാടിൽ നിന്നാണ് പ്രതിയോഗികൾ പിൻവാങ്ങിയത് എന്നു വിശദീകരിക്കുമെങ്കിലും ഫ്രഞ്ച്, റഷ്യൻ, ചൈനീസ് മുതലായ രക്തപങ്കിലമായ വിപ്ലവങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്ഥമായിരുന്നു ഇവ എന്നു വ്യക്തം.

ചരിത്രപരമായ വേരുകൾ

അക്രമത്തിൽ മുങ്ങിനിന്നിരുന്ന കാലഘട്ടങ്ങളിൽ പോലും കൊലരഹിത പാർശ്വസംഭവങ്ങൾ ഉണ്ടായിരുന്നതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. കൊലരഹിത സംഭവങ്ങളെ ആഗോളതലത്തിൽ കൂട്ടിവച്ചാൽ കൊലരഹിത മനുഷ്യചരിത്രം രൂപപ്പെടും. കൊലക്കെതിരെയുള്ള ബോധ്യവും പ്രതിബദ്ധതയും അദമ്യമായ ഒരു മാനുഷിക ഗുണവിശേഷമത്രേ. രണ്ടായിരത്തിലേറെ വർഷം പഴക്കമുള്ള യൂദ-ക്രൈസ്തവ ചരിത്രം, കൊല ചെയ്യരുത് എന്ന ആറാം ദൈവകല്പന, ഗിരിപ്രഭാഷണം, ക്രിസ്തുവിന്റെ കുരിശുമരണദൃഷ്ടാന്തം – കൊലക്കെതിരെ ഉയരുന്ന മനുഷ്യാവബോധം ധൈര്യശാലികളായ മനുഷ്യരിൽ കാലാന്തരങ്ങളിൽ പുനർജനിക്കുന്നതായി നാം കാണുന്നു. ഇതിന് മകുടോദാഹരണമാണ് 1895 ജൂൺ 29–ാം തീയതി 7,000 കർഷകർ റഷ്യയിൽ മൂന്നിടങ്ങളിലായി ആയുധ കുമ്പാരത്തിന് തീ കൊളുത്തിയ സംഭവം. മററ് സാംസ്ക്കാരിക പാരമ്പര്യങ്ങളിലും കൊലരഹിത സാധ്യതയുടെ ചരിത്രപരമായ വേരുകൾ കണ്ടെത്താൻ കഴിയും. ഉദാഹരണത്തിന് ബുദ്ധമതത്തിൽ. കൂടാതെ സൈന്യത്തിൽ ചേരുന്നതിനെതിരെയുള്ള മനസ്സാക്ഷി എതിർപ്പിന്റെ ചരിത്രത്തെപ്പററി നടത്തിയ ഒരു താരതമ്യ പഠനത്തിൽ മോസ്ക്കോസും ചെയിംബേഴ്സും (1993) യുദ്ധത്തിൽ കൊല്ലുന്നതിനോടുള്ള എതിർപ്പ് വർദ്ധിച്ചു വരുന്നതായി തെളിയിച്ചിട്ടുണ്ട്.

മറെറാരു ചരിത്രപരമായ നിരീക്ഷണം അക്രമത്തോട് ആദികൃമുള്ള

ചില രാഷ്ട്രീയ നേതാക്കൾ കൊലക്കെതിരെയുള്ള ധീരമായ നിലപാടി നോട് പ്രദർശിപ്പിച്ച അനുഭാവപൂർണമായ പ്രതികരണമാണ്. ഉദാഹരണ ത്തിന് 1913 ൽ പ്രഷ്യയിലെ ഫ്രഡ്റിക്ക് ഒന്നാമൻ രാജാവ് സമാധാനവാ ദികളായ മെനോനൈററുകളെ നിർബന്ധ സൈനിക സേവനത്തിൽ നി ന്ന് ഒഴിവാക്കി. കാതറീൻ രണ്ട്, അലക്സാണ്ടർ രണ്ടാമൻ എന്നിവരും മെ നോനൈററുകൾക്ക് ഈ ആനുകൂല്യം അനുവദിച്ചു. ലെനിൻ, ടോൾ സ്റേറായിയുടെ സഹചാരിയായിരുന്ന വി.ജി. ചെർക്കോവിന്റെ അപേക്ഷ മാനിച്ചും ബോൾഷെവിക്കായ വി.സി. ബ്രൂവിച്ചിന്റെ ഉപദേശം സ്വീകരി ച്ചും ടോൾസ്റേറായിയുടെ അനുയായികളെയും സമാധാനവാദികളായ മററ് മതവിഭാഗങ്ങളെയും ചുവപ്പ് സൈന്യത്തിൽ ചേരുന്നതിൽ നിന്ന് ഒഴിവാക്കി. ബോൾഷെവിക്കുകാർ എടുത്ത ആദ്യ തീരുമാനങ്ങളിൽ ഒന്ന് സൈന്യത്തിൽ വധശിക്ഷ നിർത്തലാക്കുക എന്നതായിരുന്നു. വധശിക്ഷ നിർത്തലാക്കുന്നതിനെ സംബന്ധിച്ച് സിംറിങും ഹോക്കിൻസും നടത്തിയ ഒരു പഠനത്തിൽ പറയുന്നു:

ഭൂരിപക്ഷം വരുന്ന പൊതുജനങ്ങളുടെ എതിർപ്പിന്റെ ഫലമായി ജനാ യത്ത ഭരണസമ്പ്രദായങ്ങളിൽ വധശിക്ഷ നിർത്തലാക്കപ്പെടുക സർവ സാധാരണമാണ്. പാശ്ചാത്യദേശത്ത് അമേരിക്കൻ ഐക്യനാടുകളൊഴി ച്ച് എല്ലാ രാജ്യങ്ങളും വധശിക്ഷ നിർത്തലാക്കിയിട്ടുണ്ട്.

ചരിത്രപരമായ മൂന്നാമതൊരു നിരീക്ഷണം കൊലക്കെതിരെയുള്ള നി ലപാടിനോടൊപ്പം മററു തരത്തിലുള്ള വേദനകൾ ലഘൂകരിക്കാനും ജീ വനെ പോഷിപ്പിക്കുന്ന തരത്തിലുള്ള മാററങ്ങൾ സമൂഹത്തിൽ കൊണ ടുവരാനുമുള്ള പരിശ്രമങ്ങൾ നടക്കുന്നു എന്നതാണ്. കൊല്ലാതിരിക്കുക എന്നാൽ നിർമ്മമതയോ നിഷ്ക്രിയത്വമോ അല്ല. ഉദാഹരണത്തിന് ജൈന മതത്തിലെ അഹിംസ മൃഗങ്ങളെയും പക്ഷികളെയും ഇതര ജൈവ രൂപ ങ്ങളെയും രക്ഷിക്കുന്ന മനോഭാവത്തിലേക്ക് വ്യാപിക്കുന്നു. സാമൂഹിക ഘടനയിൽ സാരമായ മാററങ്ങൾ വരുത്തുന്നതിന് അക്രമരഹിത രീതി കൾ എങ്ങനെ പ്രയോഗിക്കാം എന്നതിന് ഇന്ത്യയിലെ ഗാന്ധിയൻ പ്ര സ്ഥാനം ഉദാഹരണമാണ്.

അമേരിക്കൻ ഐക്യനാടുകളിൽ

അമേരിക്കൻ ഐക്യനാടുകളുടെ രൂപീകരണദശയിൽ കൊലരഹിത സംസ്ക്കാരം സജീവമായിരുന്നു. നാട്ടുകാരും കുടിയേററക്കാരും തമ്മി ലുള്ള സമാധാനപരമായ ബന്ധപ്പെടലുകളിൽ നിന്നാണ് അതിന്റെ തുട ക്കം. എഴുപതു വർഷത്തോളം (1682–1756) സൈന്യമില്ലാതിരുന്ന പെൻ സിൽ വേനിയാ കോളണിയിലെ സമാധാന സ്നേഹികളായ ക്വെയിക്കേ

ഴ്സും നാട്ടുകാരായ ഡെൽവെയർ ഇന്ത്യൻ വംശജരും തമ്മിൽ സമാധാനപരമായ സഹവർത്തിത്വം നിലനിന്നു. വിപ്ലവത്തിന് മുമ്പുണ്ടായിരുന്ന 13 കോളണികളിൽ 12 എണ്ണത്തിലും നിലവിലിരുന്ന നിയമങ്ങളിൽ സൈന്യത്തിലെ കൊലക്കെതിരായ മനസ്സാക്ഷിക്കനുസരിച്ചുള്ള എതിർപ്പിനെ അംഗീകരിച്ചിരുന്നു.

ഉരുത്തിരിഞ്ഞുവന്ന രാഷ്ട്രത്തിന്റെ നിയമനിർമാണങ്ങളിൽ കൊലക്കെതിരായ വകുപ്പുകളും ഉണ്ടായിരുന്നു. 1775 ൽ കോൺടിനെന്റൽ കോൺഗ്രസ് പാസ്സാക്കിയ ആദ്യ നിയമങ്ങളിൽ ഒന്നിൽ കൊലയെ എതിർക്കുന്ന മതമനസ്സാക്ഷിക്കെതിരെ അക്രമം പ്രയോഗിക്കില്ല എന്ന വ്യവസ്ഥ ഉണ്ടായിരുന്നു. 1989 ൽ ബിൽ ഓഫ് റൈററ്സ് യു. എസ്. ഭരണഘടനയിൽ ഉൾപ്പെടുത്താനുള്ള ചർച്ചകളിൽ ജനപ്രതിനിധിയായ ജയിംസ് മാഡിസൺ ആർട്ടിക്കിൾ രണ്ടിൽ കൊല്ലാൻ വിസമ്മതിക്കാനുള്ള അവകാശം എല്ലാ പൗരന്മാർക്കും നൽകണമെന്ന് ശുപാർശ ചെയ്തു. മാഡിസന്റെ നിർദേശം ജനപ്രതിനിധി സഭ അംഗീകരിച്ചു. എന്നാൽ സ്റേററ്സ് റൈററ്സ് ഡിഫൻ സീവ് സെനററ് കമ്മററി അത് തള്ളിക്കളഞ്ഞു. ഫെഡറൽ നിയമങ്ങൾ സ്റേററ് സൈന്യങ്ങൾക്ക് ബാധകമാക്കരുത് എന്നായിരുന്നു അവരുടെ വാദം.

അമേരിക്കൻ വിപ്ലവത്തിൽ (1775-83) വിവിധ വംശജരും മതക്കാരുമായ കോളണി നിവാസികൾ രണ്ടു ഭാഗത്തും കൊല നടത്താൻ വിസമ്മതിച്ചു. അക്രമരഹിത സമരത്തിലൂടെ സ്വാതന്ത്ര്യം കൈവരിക്കാം എന്നത് അചിന്ത്യമായിരുന്നില്ല. 1839- ൽ ചാൾസ് കെ. വിപ്പിൾ രചിച്ച വിപ്ലവയുദ്ധത്തിന്റെ തിന്മകൾ എന്ന ഗ്രന്ഥത്തിൽ ഗ്രന്ഥകാരൻ പറയുന്നു. ആയുധം കൈയിലെടുത്തില്ലായിരുന്നെങ്കിൽ സ്വാതന്ത്ര്യം അത്രമേൽ വേഗത്തിലും, ഫലപ്രദമായും അഭിമാനപൂർവ്വവും ലഭിക്കുമായിരുന്നു എന്നു മാത്രമല്ല കുറേക്കൂടി സ്വീകാര്യമായ സാഹചര്യത്തിലും ലഭിക്കുമായിരുന്നു.

ആഭ്യന്തര യുദ്ധത്തിന് മുമ്പുള്ള കാലഘട്ടത്തിലും കൊലവിരുദ്ധ സംസ്ക്കാരം നിലവിലുണ്ടായിരുന്നു. രാജ്യസ്നേഹികൾ, വേദനയും ത്യാഗവും സ്വീകരിച്ചുകൊണ്ട് ഇംഗ്ലണ്ടിനും (1812) മെക്സിക്കോയും (1845) എതിരായ യുദ്ധങ്ങളിലും സ്ത്രീകളുടെ അവകാശങ്ങൾക്കു വേണ്ടിയും സർവോപരി അടിമത്തം അവസാനിപ്പിക്കുന്നതിനായി സമാധാനത്തിനു വേണ്ടി പ്രയടിച്ചു.

ആഭ്യന്തര യുദ്ധത്തിനിടയിൽ (1861-65) പീഢനം, കാരാഗൃഹവാസം, വധം മുതലായി യുദ്ധത്തിൽ നടമാടിയ അനീതികളെത്തുടർന്ന്, കൺഫെഡറസിയുടെ (1862) യുടെയും യൂണിയന്റെയും (1864) കരട് നിയമങ്ങളിൽ കൊലക്കെതിരെയുള്ള മനസ്സാക്ഷി എതിർപ്പിനെ സംബന്ധിക്കുന്ന

വകുപ്പുകൾ ചേർത്തിരുന്നു.

വ്യവസായവത്ക്കരണത്തിന്റെയും സാമ്രാജ്യത്വ അധിനിവേശത്തിന്റെ യും കാലഘട്ടത്തിലും ഇരുപതാം നൂറ്റാണ്ടിലെ മൂന്ന് ലോകയുദ്ധകാല ത്തും അതിനുശേഷവും കൊലവിരോധമനോഭാവം അമേരിക്കയിൽ തു ടർന്നു. അമേരിക്കൻ തൊഴിലാളികളുടെ തൊഴിൽ സാഹചര്യങ്ങൾ മെച്ച പ്പെടുത്താനായി നടത്തിയ സമരങ്ങൾ അടിസ്ഥാനപരമായും അക്രമര ഹിതമായിരുന്നു. അധ്വാനിക്കുന്ന വർഗത്തിന്റെ സായുധസമരമല്ലായിരു ന്നു അത്. സ്ത്രീകളുടെ അവകാശങ്ങൾ സ്ഥാപിച്ചു കിട്ടാൻ നടത്തിയ പോരാട്ടങ്ങളും അക്രമ രഹിതമായിരുന്നു. അതിന്റെ ഫലമായി 1916 ൽ ആദ്യമായി ഒരു വനിത യു. എസ്. കോൺഗ്രസിലേക്ക് തിരഞ്ഞെടുക്ക പ്പെട്ടു. 1917 ൽ 49 പുരുഷസഹപ്രവർത്തകരോടും ആറ് സെനറ്റർമാർ ക്കുമൊപ്പം ജറേറ് റാങ്കിൽ എന്ന വനിത ഐക്യനാടുകൾ ഒന്നാം ലോ കയുദ്ധത്തിൽ ചേരുന്നതിനെതിരെ വോട്ട് ചെയ്തു. 1940 ൽ രണ്ടാമതും തിരഞ്ഞെടുക്കപ്പെട്ട അവർ, ഏകയായി 1941 ൽ ഐക്യനാടുകൾ രണ്ടാം ലോകയുദ്ധത്തിൽ ചേരുന്നതിനെതിരെ വോട്ടു ചെയ്തു. പിൽക്കാലത്ത് 88–ാമത്തെ വയസ്സിൽ വിയറ്റ്നാം യുദ്ധത്തിൽ അമേരിക്ക ജനങ്ങളെ കൊ ല്ലുന്നതിനെതിരെ 5000 പേരടങ്ങുന്ന ഒരു വനിതാ റാലി നയിച്ചു.

ഒന്നാം ലോകയുദ്ധത്തിൽ നിർബന്ധമായി സൈന്യത്തിൽ ചേർക്കപ്പെട്ട 4000 പേർ കൊല നടത്താൻ വിസമ്മതിച്ചു. രണ്ടാം ലോകയുദ്ധത്തിൽ നിർബന്ധ സൈനിക സേവനത്തിന് നിയോഗിക്കപ്പെട്ട 72, 354 അമേരി ക്കക്കാർ കൊലക്കെതിരെയുള്ള തങ്ങളുടെ മനസ്സാക്ഷിയുടെ എതിർപ്പ് പ്രകടിപ്പിച്ചു.

അമേരിക്കൻ സമൂഹത്തിലെ കൊലരഹിത സാധ്യത വീണ്ടും അണ്വാ യുധയുഗത്തിലെ ശീതസമരകാലത്തും (1945–91) പ്രത്യക്ഷപ്പെട്ടു. സവി ശേഷമായും വീയറ്റ്നാം യുദ്ധത്തിലും കൊറിയൻ യുദ്ധത്തിലും. ഇക്കാ ലത്ത് കൊല ചെയ്യപ്പെട്ടവരുടെ എണ്ണം രണ്ടു കോടിയാണ്. കൊറിയൻ യുദ്ധത്തിൽ നിർബന്ധ സൈനിക സേവനത്തിന് റിക്രൂട്ട് ചെയ്ത 22,500 അമേരിക്കക്കാർ കൊല ചെയ്യാൻ വിസമ്മതിച്ചു. വിയറ്റ്നാം യുദ്ധത്തി നെതിരെയുള്ള പ്രതിഷേധം അതിലും വലുതായിരുന്നു. ഇറാക്കിനെതി രെ നടന്ന യുദ്ധത്തിലും (1991) കൊലക്കെതിരെയുള്ള അമേരിക്കൻ മന സ്സാക്ഷി ഉണർന്നും പ്രവർത്തിച്ചു. ഇപ്രാവശ്യം സൈനികരിൽ ചിലരാ ണ് കൊല്ലാൻ വിസമ്മതിച്ചത്. മനസ്സാക്ഷി പ്രതിഷേധം ഉയർത്തിയ 50 നാവികപ്പടയാളികളെ സൈനിക കോടതി തുറുങ്കിലടച്ചു.

വധശിക്ഷ നിർത്തലാക്കാനുള്ള ഉദ്യമങ്ങളിലും കൊലവിരോധ അമേ

രിക്കൻ സാധ്യത വ്യക്തമാകുന്നുണ്ട്. അമ്പതു സംസ്ഥാനങ്ങളിൽ പന്ത്ര ണ്ടെണ്ണവും കൊളംബിയാ ഡിസ്ട്രിക്ററും കൊലയെ തള്ളിപ്പറയുന്നു. എന്നാൽ പൗരന്മാരെ വധിക്കുന്നത് യു. എസ്. ഭരണഘടനാ ലംഘനമാ ണെന്ന് അസന്നിഗ്ദ്ധമായി സുപ്രീംകോടതി ഇനിയും പ്രഖ്യാപിക്കേണ്ടി യിരിക്കുന്നു. അണ്വായുധരഹിതമായ സമൂഹത്തിനുവേണ്ടിയുള്ള പ്രസ്ഥാ നങ്ങളിലും അമേരിക്കൻ ജനതയുടെ കൊല വിരോധമനോഭാവം തെളി യുന്നുണ്ട്. (വാളുകളെ കലപ്പകളാക്കുക എന്ന പ്രസ്ഥാനം) പട്ടാള ഭരണ ത്തിനും ദാരിദ്ര്യത്തിനുമെതിരെയുള്ള കാത്തലിക് വർക്കർ മൂവ്മെന്റ്, സ്ത്രീകൾക്കെതിരെയുള്ള അക്രമത്തെ ചെറുക്കുന്ന വിമൻസ് മൂവ്മെന്റ്, ആഫ്രിക്കൻ - അമേരിക്കക്കാർക്ക് തുല്യപദവി ആവശ്യപ്പെടുന്ന കിംഗി യൻ മൂവ്മെന്റ് ഫോർ നോൺവയലന്റ് സോഷ്യൽ ചെയിഞ്ച് എന്നിവ ഉദാഹരണങ്ങളാണ്. 1936 ൽ ആഫ്രിക്കൻ- അമേരിക്കക്കാരുമായുള്ള കൂ ടിക്കാഴ്ചയിൽ ഗാന്ധി പറയുകയുണ്ടായി: നീഗ്രോകളിൽ കൂടിയായിരി ക്കും കറ തീർന്ന അക്രമരാഹിത്യത്തിന്റെ സന്ദേശം ലോകത്തിന് ലഭി ക്കുക".

കൊല ചെയ്യാത്ത ജീവിതങ്ങൾ

ആത്യന്തികമായി മനുഷ്യരാശിയുടെ ജീവചരിത്രത്തിലാണ് കൊലയി ല്ലാ സമൂഹത്തിന്റെ വേരുകൾ കാണേണ്ടത്. സ്ത്രീകളും പുരുഷന്മാരും ഒററയ്ക്കും കൂട്ടായും പ്രശസ്തരും അപ്രശസ്തരും ഇന്നലെയും ഇന്നും കൊലയില്ലാത്ത സമൂഹത്തിനോടുള്ള പ്രതിബദ്ധത പുലർത്തുന്നതോടൊ പ്പം സാമൂഹിക മാററത്തിനു വേണ്ടി പ്രയത്നിക്കയും ചെയ്യുന്നു. ചിലയാളു കൾക്ക് സാധ്യമായത്, മററുള്ളവർക്കും സാധ്യമാണ്.

മുസേ ദാർമെദേർന് ദലാവിൽദപരീ' എന്ന കലാപ്രദർശനശാലയുടെ പ്രവേശനകവാടത്തിൽ, വൈദ്യുതിയുടെ കണ്ടുപിടുത്തത്തിനും പ്രയോ ഗത്തിനും സംഭാവന നൽകിയിട്ടുള്ള തത്ത്വജ്ഞാനികളുടെയും ശാസ്ത്ര കാരന്മാരുടെയും പേരുകൾ ആലേഖനം ചെയ്ത ഒരു വലിയ ചുമർ ചി ത്രമുണ്ട്. സമാനമായി അക്രമരാഹിത്യസംസ്കാരത്തിന് സംഭാവന നൽ കിയിട്ടുള്ള സ്ത്രീ പുരുഷന്മാരുടെ ഒരു പട്ടിക തയ്യാറാക്കാവുന്നതാണ്. ഇമ്മാതിരി ഒരു ദൃശ്യം ബയോഗ്രാഫിക്കൽ ഡിക്ഷണറി ഓഫ് മോഡേൺ ഫീസ് ലീഡേഴ്സ് (ജോസഫ്സൺ 1984) എന്ന ഗ്രന്ഥത്തിൽ ലഭ്യമാണ്. അതിൽ 1800 മുതൽ 1980 വരെയുള്ള കാലഘട്ടത്തിൽ 33 രാജ്യങ്ങളിലാ യി ജീവിച്ച 717 വ്യക്തികളുടെ ഹ്രസ്വജീവചരിത്രങ്ങളുണ്ട്.

പ്രാചീന ചരിത്രതതലും അക്രമരഹിത ജീവിതത്തിന്റെ അലയൊലി കേൾക്കാം. വധശിക്ഷ നിർത്തലാക്കിയ ഈജിപ്തിലെ ഫറവോഷബാ

ക്കാ (760–695 ആ.ഇ.ള്ള.); കൊലയും യുദ്ധവും ഉപേക്ഷിച്ച ഇന്ത്യയിലെ അശോക ചക്രവർത്തി (265 ആ.ഇ.ള്ള.) എന്നീ ഭരണകർത്താക്കളും ശ്രീ ബുദ്ധൻ, മഹാവീരൻ, യേശു, മുഹമ്മദ്, ജോർജ് ഫോക്സ്, ഗുരുനാനാക്ക് ബഹാ ഉള്ളാ എന്നീ മഹാഗുരുക്കന്മാരും ഈ പട്ടികയിൽ വരുന്നു.

പേരില്ലാത്ത ജനകോടികൾ കൃശഗാത്രനായ, അഞ്ചടി നാലിഞ്ച് മാത്രം ഉയരമുള്ള മോഹൻ ദാസ് കെ. ഗാന്ധിയുടെ അഹിംസാ കാലടികളെ പിന്തുടരുന്നു. അക്രമ സംസ്കാരമുള്ള പാത്താൻ ജനത അബ്ദുൾ ഗാഫർഖാൻ എന്ന മുസ്ലീം നേതാവിനെ ശ്രദ്ധിക്കുന്നു. മഹാനായ ഗാന്ധിയൻ വിദ്യാഭ്യാസ പ്രവർത്തകനായ ജി. രാമചന്ദ്രന്റെ (1983) പറയുന്നു: " അജ്ഞാതരായ അക്രമരാഹിത്യത്തിന്റെ വീരപുരുഷന്മാരും വീര സ്ത്രീകളും അറിയപ്പെടുന്നവരെക്കാൾ പ്രാധാന്യം അർഹിക്കുന്നു" ഗാന്ധിയിൽ നിന്ന് ഉത്തേജനം സ്വീകരിക്കുന്നു മാർട്ടിൻ ലൂഥർ കിങ് ജൂണിയർ, ടോൾ സ്റ്റോയി അമേരിക്കക്കാരായ അഡിൻ ബല്ലൂ, ഹെൻറ്റിഡേവിഡ് തോറോ എന്നിവരിൽ നിന്ന് പ്രചോദനം ഉൾക്കൊള്ളുന്നു; ടോൾ സ്റ്റോയിയുടെ ദർശനം ഗാന്ധിക്ക് ഉത്തേജകമാകുന്നു; എല്ലാവരിലും നിന്ന് പ്രചോദനം സ്വീകരിക്കുന്നു ഗ്രീൻ പാർട്ടി സ്ഥാപകയായ പേട്രാ കെല്ലി (1989).

കൊലരഹിത സമൂഹത്തിനുവേണ്ട ശേഷികൾ

ഒരു കൊലരഹിത സമൂഹം സാധ്യമാണ് എന്നതിന്റെ വേരുകൾ മാനവ അനുഭവത്തിലും സർഗചേതനയിലും അധിഷ്ഠിതമാണ്. മഹാഭൂരിപക്ഷം വരുന്ന ജനങ്ങളും കൊല ചെയ്തിട്ടില്ല. ഇപ്പോൾ ചെയ്യുന്നുമില്ല. കൊല നടത്താനുള്ള കഴിവ് നമുക്കുണ്ടെങ്കിലും കൊല ചെയ്യാനുള്ള നിർബന്ധ പ്രേരണ നമ്മുടെ ഉള്ളിൽ ഇല്ല. അനുയായികൾ എത്ര അപൂർണമായി പിന്തുടർന്നാലും, മഹത്തായ ആത്മീയപാരമ്പര്യങ്ങളുടെ എല്ലാം മുഖ്യമായ പ്രബോധനം ജീവനെ ആദരിക്കുക, കൊല ചെയ്യാതിരിക്കുക എന്നതാണ്. ഈ പ്രബോധനത്തോട് ഏററം അക്രമപൂർണമായ സാഹചര്യങ്ങളിലും പ്രതിസ്പന്ദിക്കാനും പ്രതിബദ്ധത പുലർത്താനും മനുഷ്യന് കഴിഞ്ഞിട്ടുണ്ട്. കൊല നടക്കുമ്പോഴും സർഗാത്മക ശാസ്ത്രത്തിന് അതിന്റെ കാരണങ്ങൾ അന്വേഷിക്കാനും, അതിനെ നിർമൂലനം ചെയ്യാനും വ്യക്തികളെയും സമൂഹത്തെയും കൊലയുടെ നിർബന്ധത്തിൽ നിന്ന് മോചിക്കാനും കഴിയുമെന്ന് വിശ്വസിക്കാൻ കാരണമുണ്ട്.

കൊലരഹിതമായ സമൂഹത്തിന്റെ പ്രാഗ്മാതൃക ഭൂതകാലത്തിലും വർത്തമാനകാലത്തിലുമുള്ള ആഗോള അനുഭവത്തിൽ കണ്ടെത്താൻ കഴിയും. അത് വെറും അഭ്യൂഹമല്ല. മാനവ അനുഭവങ്ങളിൽ കൊല വിരുദ്ധ

തത്ത്വങ്ങളിൽ അധിഷ്ഠിതമായ ആത്മീയവും രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ സ്ഥാപനങ്ങളും പ്രയോഗരീതികളും കണ്ടെത്താൻ കഴിയും. സൈന്യമോ, വധശിക്ഷയോ ഇല്ലാത്തതും ആയുധങ്ങൾ ഉപയോഗിക്കാത്തതുമായ സമൂഹങ്ങൾ നിലവിലുണ്ട്. മനുഷ്യരാശിയുടെ നിലനിൽപ്പിനെയും ക്ഷേമത്തെയും അപകടത്തിലാക്കുന്ന പ്രശ്നങ്ങളെ പരിഹരിക്കുന്നതിന് പ്രതിബദ്ധരായ കൊലവിരുദ്ധ സംഘടനകളും പ്രസ്ഥാനങ്ങളുമുണ്ട്. കൊലവിരുദ്ധ ചരിത്രാനുഭവങ്ങൾ വർത്തമാനകാലത്തെയും ഭാവിയിലെയും പരിവർത്തന പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകാൻ പോന്നവയാണ്. കഴിഞ്ഞ കാലത്തെയും വർത്തമാനകാലത്തെയും മഹദ് ജീവിതങ്ങളുടെ പ്രചോദനാത്മകമായ പൈതൃകം നമുക്ക് ലഭ്യമാണ്.

നിലവിലുള്ള മാനവാനുഭവങ്ങളിലെ ഘടകങ്ങളെ സമന്വയിപ്പിക്കാനോ, അനുരൂപണം ചെയ്യാനോ പുതിയ മാനങ്ങൾ കൊണ്ട് അവയെ സമ്പന്നമാക്കാനോ ഒരു ജനത തീരുമാനിക്കുകയാണെങ്കിൽ കൊലയില്ലാത്ത സമൂഹസങ്കല്പത്തോട് അടുത്തുനിൽക്കുന്ന മാതൃകകൾ ഇപ്പോൾ തന്നെ സാക്ഷാത്ക്കരിക്കാവുന്നതാണ്. സാധ്യത ഉറപ്പിച്ചു പറയുന്നത് വിജയത്തെപ്പററി ഉറപ്പു തരുന്നതിന് തുല്യമല്ല. എന്നാൽ അത് മുൻകാലങ്ങളിൽ അചിന്ത്യമായിരുന്നതിനെ ചോദ്യം ചെയ്യാനും മനുഷ്യരായ നമുക്ക് വധരഹിതമായ ഒരു ലോകസാമൂഹികക്രമം സൃഷ്ടിക്കാനുള്ള ശേഷിയിൽ വിശ്വാസം ജനിപ്പിക്കാനും ഉപകരിക്കും.

## അദ്ധ്യായം : 3

# രാഷ്ട്രതന്ത്രവുമായുള്ള ബന്ധങ്ങൾ

*അക്രമരാഹിത്യം മതപരമായ ഒരു കാര്യം മാത്ര മല്ല. അക്രമരാഹിത്യം സാമൂഹികമായ ഒരു കാ ര്യം മാത്രമല്ല അക്രമരാഹിത്യം അധികാരത്തിന്റെ ശാസ്ത്രമാണ്.* *- ജി. രാമചന്ദ്രൻ*

അഹിംസാത്മകസമൂഹം എന്ന ആശയത്തിന്റെ സാക്ഷാത്ക്കാരത്തിന് രാഷ്ട്രതന്ത്രം എന്ന അക്കാദമിക വിഷയവുമായി ബന്ധപ്പെടുവാനുള്ള യോഗ്യതകൾ എന്തൊക്കെയാണ്? അഹിംസയുടെ സാധ്യതകൾ ഇല്ലാതാവുകയും തൽസ്ഥാനത്ത് ആർക്കും രക്ഷപ്പെടാൻ കഴിയാത്ത വിധം ഹിംസ കൊടികുത്തിവാഴുകയും ചെയ്യുന്ന ഒരു അവസ്ഥാവിശേഷം സംജാതമായാൽ രാഷ്ട്രതന്ത്രജ്ഞന്മാർ സൃഷ്ടിക്കാനുദ്ദേശിക്കുന്ന ശാസ്ത്രം ഏതു തരത്തിലുള്ളതായിരിക്കും. നമ്മുടെ പ്രവർത്തനങ്ങളെ പ്രചോദിപ്പിക്കുകയും വഴിനടത്തുകയും ചെയ്യുന്നത് എന്തു മൂല്യങ്ങളായിരിക്കും? നാം തേടുന്ന വസ്തുതകൾ എന്തൊക്കെയാവും? വിശദീകരണക്ഷമവും പ്രവചനാത്മകവുമായ എന്തൊക്കെ തത്ത്വങ്ങളാണ് നാം കണ്ടെത്തുക? വിജ്ഞാനം കൊണ്ട് എന്തുപ്രയോജനമാണ് നമുക്കുണ്ടാവുക? നാം നമ്മളെത്തന്നെയും മററുള്ളവരെയും എന്താണ് പഠിപ്പിക്കുക? എന്തൊക്കെ സ്ഥാപനങ്ങളായിരിക്കും നാം കെട്ടിപ്പടുക്കുന്നത്? അഹിംസാത്മകമായ ഒരു ലോകം സൃഷ്ടിക്കുന്നതിനുവേണ്ടി അഹിംസാത്മകസമൂഹങ്ങൾ രൂപപ്പെടുത്തുക എന്ന ഉദ്യമത്തിൽ മററുള്ളവരുമായി ചേർന്ന് വിജ്ഞാനം കണ്ടെത്താനും സൃഷ്ടിക്കാനും പങ്കുവയ്ക്കാനും വിനിയോഗിക്കാനും നമുക്കെങ്ങനെ കഴിയും?

ഒരു അഹിംസാത്മക സമൂഹം സൃഷ്ടിക്കുന്നതിന് അഹിംസാത്മക

സർഗാത്മകതയിലേക്ക് നാം അച്ചടക്കപൂർവ്വം മാറേണ്ടിയിരിക്കുന്നു. പ്രായോഗികതലത്തിലും ശാസ്ത്രതലത്തിലും അക്രമത്തിന്റെ (ഹിംസയുടെ) പ്രസക്തി നാം അംഗീകരിച്ചേ മതിയാവൂ എന്നും അവിടെ അഹിംസയുടെ ധർമ്മവാദത്തിന് സ്ഥാനമില്ലെന്നുമുള്ള വെബറുടെ സിദ്ധാന്തം ഈ സാഹചര്യത്തിൽ ചോദ്യം ചെയ്യപ്പെടേണ്ടതുണ്ട്. മുമ്പ് അചിന്ത്യമായിരുന്നത് അപ്പോൾ ഒട്ടും പ്രശ്നമല്ലാത്തതായിത്തീരും.

### അഹിംസാത്മക രാഷ്ട്രീയാപഗ്രഥനത്തിന്റെ കാര്യകാരണബന്ധം

അഹിംസാത്മക രാഷ്ട്രതന്ത്രം മാതൃകായോഗ്യമായി അംഗീകരിക്കുന്നപക്ഷം അതിന്റെ അപഗ്രഥനത്തിന് നാല് മാനദണ്ഡങ്ങൾ ഉപയോഗിക്കുവാൻ നാം ബാധ്യസ്ഥരാണ്. ഹിംസയുടെ കാരണങ്ങൾ, അംഹിസയുടെ കാരണങ്ങൾ, ഹിംസ, അഹിംസ എന്നിവയ്ക്കിടയിലെ ചാഞ്ചാട്ടങ്ങളുടെ കാരണങ്ങൾ, പൂർണമായും അഹിംസാത്മകമായ സമൂഹങ്ങളുടെ സവിശേഷതകൾ - എന്നിവയാണ് മാനദണ്ഡങ്ങൽ.

പരമ്പരാഗത രീതിയിലുള്ള അക്രമാധിഷ്ഠിത രാഷ്ട്രതന്ത്രത്തെ അപേക്ഷിച്ച് അഹിംസാത്മക രാഷ്ട്രതന്ത്രത്തിൽ ഹിംസയെക്കുറിച്ച് കൂടുതൽ സൂക്ഷ്മമായ പരിജ്ഞാനം ആവശ്യമാണ്. ഇങ്ങനെ പറയുന്നത് ഒരു വൈരുദ്ധ്യമായി തോന്നിയേക്കാം. ഹിംസയുടെയും അതുമായി ബന്ധപ്പെട്ട കാര്യങ്ങളുടെയും അഭാവമാണ് അഹിംസ. അത് കൈവരിക്കുക എന്ന ലക്ഷ്യം മുന്നിൽ വയ്ക്കുമ്പോഴാണ് ഈ സവിശേഷാവസ്ഥ സംജാതമാവുന്നത്. എന്നാൽ വ്യക്തിജീവിതത്തിലും സാമൂഹിക ജീവിതത്തിലും ഹിംസ അനിവാര്യവും അംഗീകൃതവുമാണെന്ന് സങ്കല്പിക്കുന്നപക്ഷം ഹിംസയുടെ കാരണങ്ങൾ കണ്ടെത്തുകയോ അവ ഒഴിവാക്കുകയോ ചെയ്യേണ്ട കാര്യം അത്രയ്ക്കൊന്നുമില്ല. സ്വജീവിതത്തിലും പരജീവിതത്തിലും അവയുടെ പരസ്പര ബന്ധത്തിലും ഈ കാരണങ്ങൾ ഉണ്ടാവാമെന്ന് ഓർക്കുക. " ഞാൻ /ഞങ്ങൾ നിന്നെ കൊല്ലും" എന്നു സങ്കല്പിക്കുന്നത് പ്രശ്നസങ്കീർണ്ണമാണെങ്കിൽപോലും അന്തിമ വിശകലനത്തിൽ അവിടെ ഒരു സുരക്ഷിതത്വബോധം അടങ്ങിയിട്ടുള്ളതായി കാണാവുന്നതാണ്. ഇങ്ങനെ ഒരു സങ്കല്പമില്ലാത്തിടത്ത് നിലനില്പിനും സുഖജീവിതത്തിനും ഹിംസയുടെ കാരണങ്ങൾ കണ്ടെത്തി അവ ഒഴിവാക്കേണ്ടത് അങ്ങേയററം അനിവാര്യമാണ്.

അഹിംസാ സംബന്ധമായ അപഗ്രഥനത്തിൽ കാര്യകാരണബന്ധം കണ്ടെത്തൽ വളരെ പ്രധാനമാണ്. ഹിംസ ഉണ്ടാവുന്നത് എവിടെ ആയാലും - വ്യക്തിഹത്യ മുതൽ അണ്വായുധം കൊണ്ടുള്ള വംശനാശം വരെയുള്ളവ - അതിന്റെ കാര്യകാരണബന്ധം നാം കണ്ടു പിടിച്ചേ മതിയാവൂ. അത് എത്ര സങ്കീർണവും പരസ്പരം ബന്ധിതവും ആയിക്കൊള്ളട്ടെ

ഈ കർത്തവ്യം നാം നിർവഹിക്കണം. ആര് ആരെയാണ് കൊല്ലുന്നത്, എങ്ങനെ എവിടെ വച്ച്, എപ്പോൾ, എന്തിന്, മുൻകാല സംഭവങ്ങൾ എന്തൊക്കെ, സാന്ദർഭികമായ സാഹചര്യങ്ങൾ, വ്യക്തിപരവും സാമൂഹികവുമായ അർത്ഥതലങ്ങൾ, പ്രത്യാഘാതങ്ങൾ എന്നിവയെല്ലാം നാം അപഗ്രഥിച്ച് മനസ്സിലാക്കണം. സാധാരണവും അസാധാരണവുമായ ഹിംസകളുടെ കാര്യകാരണബന്ധം കണ്ടെത്തി അവയെ സമഗ്രവും യുക്തിസഹവുമായ രീതിയിൽ വിശദീകരിക്കുന്നതിന് അത്തരം വിവിധ സംഭവങ്ങൾ താരതമ്യം ചെയ്ത് പഠിക്കണം.

അതുപോലെ തന്നെ അഹിംസയുടെ കാരണങ്ങളും നാം കണ്ടെത്തേണ്ടതുണ്ട്. എന്തുകൊണ്ടാണ് മനുഷ്യർ പരസ്പരം കൊല്ലാത്തത്? മനുഷ്യജീവിതത്തിൽ അഹിംസയെന്ന ആശയം ഉയർന്നു വരാനുള്ള കാരണമെന്താണ്? അഹിംസാത്മകതത്ത്വങ്ങളോട് മനുഷ്യർ പ്രതിബദ്ധത പുലർത്തുന്നത് എന്തുകൊണ്ടാണ്? അപഹാസം, സാമൂഹ്യബഹിഷ്ക്കരണം, ഒളിച്ചോട്ടം, നാടുകടത്തൽ, തടവ്, മർദ്ദനം, അംഗവിഛേദം, കൊലപാതക ഭീഷണികൾ, വധശിക്ഷ, വംശനാശം തുടങ്ങിയ വെല്ലുവിളികളെ അഭിമുഖീകരിച്ചുകൊണ്ട് കുറേ ആളുകൾ ചരിത്രത്തിലുടനീളം ഹിംസയെക്കാളുപരി ജീവദായകമായ അഹിംസാതത്ത്വങ്ങളെ മുറുകെപ്പിടിക്കാൻ കാരണമെന്താണ്? അഹിംസാത്മക ലക്ഷ്യങ്ങൾ നേടുന്നതിന് അഹിംസാത്മക മാർഗ്ഗങ്ങൾ അവലംബിക്കുന്ന തത്ത്വങ്ങളും പ്രയോഗരീതികളും സ്ഥാപനങ്ങളും അവർ സൃഷ്ടിച്ചത് എന്തിന്?

ഇതിനു പുറമേ വ്യക്തിതലത്തിലും സാമൂഹിക തലത്തിലും മനുഷ്യർ അഹിംസയിൽ നിന്ന് ഹിംസയിലേക്കും ഹിംസയിൽ നിന്ന് അഹിംസയിലേക്കും മാറുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്നും പരിശോധിക്കണം. ഘാതകർ ഹിംസയിൽ നിന്ന് പിന്തിരിഞ്ഞ് മനുഷ്യജീവന്റെ സംരക്ഷകരായി മാറിയിട്ടുള്ളതിന്റെ കാരണമെന്താണ്? സൈനികർ സമാധാനകാംക്ഷികളായി മാറാനും വിപ്ലവകാരികൾ ഹിംസയെ തള്ളിപ്പറയാനും കൊലപാതകികൾ അഹിംസാവാദികളാവാനും കാരണമെന്ത്? ആശയങ്ങൾ, വ്യക്തികൾ, നേതാക്കൾ, സംഘടനകൾ, സ്ഥാപനങ്ങൾ, നയങ്ങൾ മുതലായവ അഹിംസയിലേക്ക് ചുവടുമാറുന്നത് എന്തുകൊണ്ട്? ചില രാഷ്ട്രങ്ങൾ വധശിക്ഷ നിർത്തൽ ചെയ്യുമ്പോഴും ചില സമാധാനവാദികൾ ചില പ്രത്യേകയുദ്ധങ്ങൾക്ക് താത്കാലിക പിന്തുണ നൽകുമ്പോഴും മററും അഹിംസാവാദികളായ ചിലർ രക്തച്ചൊരിച്ചിലുകളിൽ പങ്കാളികളാവുകയും അതിനു പിന്തുണ നൽകുകയും ചെയ്യുന്ന തരത്തിൽ മാറുന്നത് എന്തുകൊണ്ടാണ്? അഹിംസയെ അപഗ്രഥിച്ചു നോക്കിയാൽ അത് പിന്നോട്ടടിക്കാതെ മുമ്പോട്ടുമാത്രം പോകുന്ന ഒന്നല്ലെന്ന് മനസ്സിലാക്കൽ, അഹിം

സയിലേക്കും തിരിച്ചുമുള്ള മാററത്തിന്റെ കാരണം കണ്ടെത്തൽ എന്നിവ യെല്ലാം ആളുകളെ അഹിംസയിലേക്ക് ആകർഷിക്കുന്നതിന് അത്യന്താ പേക്ഷിതമാണ്. വ്യക്തികളിൽ നിന്ന് സാമൂഹികഘടകങ്ങളിലേക്കും അവി ടെ നിന്ന് മൊത്തം സമൂഹങ്ങളിലേക്കുമാണ് നാം ശ്രദ്ധ പതിപ്പിക്കേണ്ട ത്.

അഹിംസാത്മക രാഷ്ട്രീയാപഗ്രഥനത്തിന് ആവശ്യമുള്ള നാലാമത്തെ കാര്യം പൂർണമായും ഹിംസാരഹിതമായ സമൂഹങ്ങളെ സങ്കല്പനം ചെ യ്ത് അവയുടെ സവിശേഷതകൾ കണ്ടെത്തുകയെന്നതാണ്. മനുഷ്യസ്വ ഭാവം പരിശോധിച്ചാൽ എല്ലാവരിലും ഐകരൂപ്യമുള്ള സവിശേഷതകൾ കണ്ടെത്താൻ കഴിയുകയില്ല. അതിനാൽ നാലാമത്തെ ഈ ആവശ്യം ഏററ വും ദുഷ്ക്കരമാണ്. അങ്ങേയറ്റം സർഗാത്മകത വേണ്ടതുമാണ്. ഇപ്പോ ഴത്തെയോ മുൻകാലത്തെയോ അനുഭവങ്ങളെ അടിസ്ഥാനമാക്കി ആദ്യ ത്തെ മൂന്നു കാര്യങ്ങൽക്കും സാധുത കണ്ടെത്താം. എന്നാൽ നാലാമത്തെ ഘടകത്തിന് ഇതു മാത്രം പോരാ. മനുഷ്യജീവിതത്തിന്റെ വ്യക്തിതല ത്തിലും സാമൂഹികതലത്തിലും ആഗോളതലത്തിലുമുള്ള അംഗീകൃത ആദർശങ്ങൾക്ക് അനുയോജ്യവും നേടിയെടുക്കാൻ സാധ്യവും ചിലപ്പോൾ അനുമാനപരമായി വിഭാവനം ചെയ്യുന്നതുമായ പുരോഗമനാത്മകമുന്നേ ററങ്ങളെപ്പററിയും നാം അറിഞ്ഞിരിക്കണം. അപ്പോൾ വാൾട്ട് വിറ്റ്മാൻ സൂചിപ്പിച്ചതുപോലെയുള്ള വെല്ലുവിളികളെ നമുക്ക് അഭിമുഖീകരിക്കേ ണ്ടിവരും. അദ്ദേഹം പറഞ്ഞു:" കുതിച്ചു ചാടിയിട്ടായാലും ലക്ഷ്യത്തിലെ ത്തുക" (വിറ്റ്മാൻ 1977 (1855):71)

ഹിംസാത്മക സ്വഭാവത്തിൽ അടിയുറച്ചുനിൽക്കുന്ന യാതൊരു സമൂ ഹവും മാനവർക്കു സ്വീകാര്യമായ അഹിംസാത്മകഗുണങ്ങൾ അവയു ടെ പൂർണതയിൽ ഇന്നോളം പ്രകടമാക്കിയിട്ടില്ല. എങ്കിലും സമകാലീന വും ചരിത്രപരവുമായ അനുഭവങ്ങളെ ആഗോളാടിസ്ഥാനത്തിൽ അപ ഗ്രഥിച്ച് - പ്രകടിതശേഷികളെ സാങ്കല്പികമായി സംയോജിപ്പിച്ച് - ഏ തൊരു സമൂഹത്തിനും സ്വീകാര്യമായ അഹിംസാ സാധ്യതകൾ കണ്ടെ ത്താവുന്നതാണ്. കൂടാതെ ഇപ്രകാരം പ്രത്യക്ഷമായ തെളിവുകളുടെ അടി സ്ഥാനത്തിൽ രൂപം കൊള്ളുന്ന ഉൾക്കാഴ്ചകളെ ആസ്പദമാക്കി ഹിം സാരഹിതസമൂഹങ്ങളെ സംബന്ധിച്ച പുതിയ ശുദ്ധസിദ്ധാന്തങ്ങൾ ആവി ഷ്ക്കരിക്കുകയും ആധുനിക സാഹചര്യങ്ങളിൽ അവ നടപ്പാക്കുന്നതി നുള്ള യുക്തമായ നടപടികൾ നിർദ്ദേശിക്കുകയും വേണം.

പ്രായോഗികതലത്തിൽ നടപ്പാക്കാവുന്ന ഒട്ടേറെ മൗലികസിദ്ധാന്തങ്ങൾ കൊണ്ടുവരുന്നതിന് ശാസ്ത്രങ്ങൾക്ക് (ഗണിതം, ഊർജ്ജതന്ത്രം, സാമ്പ ത്തിക ശാസ്ത്രം മുതലായവ) കഴിഞ്ഞിട്ടുണ്ട്. അതിൽ നിന്ന് വ്യത്യസ്ത

മായി വിഭാവിതസിദ്ധാന്തങ്ങൾ രാഷ്ട്രതന്ത്രം സാമാന്യേന ഉൾക്കൊള്ളാറില്ല. അക്രമത്തെ സംബന്ധിച്ചിടത്തോളം ഇത് പ്രത്യേകിച്ചും പ്രസക്തമാണ്. അക്രമം രാഷ്ട്രതന്ത്രമെന്ന നിലയിലേക്ക് ഉയർത്തപ്പെടുമ്പോൾ അത് അക്രമരഹിതസർഗാത്മകതയെ നിരുത്സാഹപ്പെടുത്തുകയാണ് ചെയ്യുന്നത്. അക്രമരാഹിത്യത്തെ ഉട്ടോപ്യൻ, ആദർശവാദപരം, അയഥാർഥം എന്നിങ്ങനെയാണ് രാഷ്ട്രതന്ത്രരംഗത്തെ പല ബുദ്ധിജീവികളും വിശേഷിപ്പിക്കാറുള്ളത്. ഇക്കൂട്ടർ ഹിംസയെ ശാശ്വതവത്ക്കരിക്കാനാണ് ശ്രമിക്കുന്നത്. അഹിംസാത്മകസർഗാത്മകത വിമോചന വാഗ്ദാനമാണ് നൽകുന്നതെന്ന് ഓർക്കുമല്ലോ.

ചിത്രം 1

ഹിംസയുടെ കുഴൽ (Funnel of Killing)
സിരാ–ജൈവ രാസ ശേഷീ മേഖല
ഘടനാപരമായ പുനർശാക്തീകരണമേഖല
സാംസ്കാരിക അനുരൂപണമേഖല
സാമൂഹികവത്കരണമേഖല
ഹിംസാ മേഖല

വ്യക്തിഹത്യമുതൽ ബഹുജനവംശനാശം വരെയുള്ള രക്തച്ചൊരിച്ചിലുകളുടെ സ്ഥാനമാണ് *ഹിംസാമേഖല.* ആളുകൾ കൊല്ലാൻ പഠിക്കുന്നത് *സാമൂഹികവത്കരണമേഖലയി*ൽ വച്ചാണ് ഈ പഠനം നേരിട്ടുള്ള *പരിശീലനത്തിലൂടെയോ കൊലപാതക നിരീക്ഷണത്തിലൂടെയോ ആവാം.*

*സാംസ്ക്കാരിക അനുരൂപണ മേഖലയി*ൽ വച്ച് ഹിംസയ്ക്ക് അനിവാര്യവും ന്യായയുക്തവുമെന്ന അംഗീകാരം ലഭിക്കുന്നു. മതങ്ങൾ, രാഷ്ട്രീയ ഇസങ്ങൾ, വിജയാഘോഷങ്ങൾ, അതിക്രമങ്ങൾ, കുടുംബപാരമ്പര്യങ്ങൾ, നിയമം, ബഹുജനസമ്പർക്കമാധ്യമങ്ങൾ, കലകൾ മുതലായവയാണ് ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത്. *ഘടനാപരമായ പുനർശാക്തീകരണമേഖല* ഹിംസയെ പിന്തുണയ്ക്കുന്ന സാമൂഹിക – സാമ്പത്തിക ബന്ധങ്ങൾ, സ്ഥാപനങ്ങൾ, സാധന സാമഗ്രികൾ എന്നിവ ലഭ്യമാക്കുന്നു. സിരാ – ജൈവരാസശേഷീമേഖലയിൽ കായികവും സിരാസംബന്ധവും ബൗദ്ധികവുമായ പ്രവർത്തനഘടകങ്ങളും പ്രക്രിയകളുമാണുള്ളത്. ഇര തേടാനും സുരക്ഷിതത്വം ഉറപ്പാക്കാനും ആവശ്യമായ ശേഷി അത് ഹിംസാത്മകമോ അഹിംസാത്മകമോ ആവാം. പ്രദാനം ചെയ്യുന്നത് ഈ മേഖലയാണ് (ലോപ്പസ് – റെയ്സ് 1998, മോർട്ടൻ 2000)

ഹിംസയുടെ കുഴലിനെ അഹിംസാ ബദലുകളുടെ അഴിയുന്ന ചുരുളാക്കി മാററിയെടുക്കാൻ കഴിഞ്ഞാലേ ആളുകളെ അഹിംസയിലേക്ക് പരി

വർത്തനപ്പെടുത്താൻ കഴിയൂ. ഇതിന് ഓരോ മേഖലയിലും അതിനുപുറത്തും ബോധപൂർവ്വമായ പരിശ്രമം ആവശ്യമാണ്. (ചിത്രം 2 കാണുക). ആധ്യാത്മികവും അഹിംസാപരവുമായ തലത്തിലുള്ള ഉയർന്ന സാങ്കേതിക വിദ്യയുടെ ഫലപ്രദമായ പ്രയോഗം ഹിംസാ മേഖലയിലുണ്ടായാലേ ഇത്തരം മാറ്റങ്ങൾ ഉണ്ടാവുകയുള്ളൂ. ഇതിലേക്ക് അഹിംസാത്മകമായ സാമൂഹികവത്ക്കരണവും സാംസ്ക്കാരിക അനുരൂപണവും ഉണ്ടാവണം. അതിലൂടെ സാമൂഹിക സാമ്പത്തിക സ്ഥിതികളിൽ മാററമുണ്ടാക്കാൻ കഴിയും. തത്ഫലമായി ഹിംസ അനിവാര്യമല്ലാതെയാവും. അപ്പോൾ ജീവസന്ധാരണത്തിനോ മാറ്റത്തിനോ ഹിംസയെ ആശ്രയിക്കേണ്ടി വരില്ല. ഈ അവസ്ഥയിൽ മനുഷ്യന്റെ ഹിംസാപ്രവണത അപ്രത്യക്ഷമാവും.

ചിത്രം 2

അഹിംസാ ബദലുകളുടെ അഴിയുന്ന ചുരുൾ
സിരാ–ജൈവ ശേഷീ മേഖല
ഘടനാപരമായ പുനർശാക്തീകരണമേഖല
സാംസ്കാരിക അനുരൂപണമേഖല
സാമൂഹിക പ്രതികരണ മേഖല
ഹിംസാ മേഖല

അഹിംസാ ബദലുകൾ

ഹിംസാ പ്രധാനമായ മേഖലകളിൽ അഹിംസാബദലുകൾ സൃഷ്ടിക്കുന്നതിനാവശ്യമായ വിജ്ഞാനം ആർജിക്കുന്നതിനു പുറമേ അഹിംസ സംബന്ധിച്ച ആദർശങ്ങളിൽ മാറ്റം വരുത്തുകയും ചെയ്യേണ്ടതുണ്ട്. വ്യക്തിതലം മുതൽ ആഗോള രാഷ്ട്രീയം വരെയുള്ള കാര്യങ്ങളിൽ വ്യക്തിപരമായും സാമൂഹികമായും തീരുമാനങ്ങളെടുക്കുന്നതിന് പര്യാപ്തമായ ആദർശങ്ങളാണ് രൂപം കൊള്ളേണ്ടത്. പ്രായോഗികാനുഭവവും അതിനൂതന സംവിധാനങ്ങളും സംയോജിപ്പിച്ച് പരീക്ഷണങ്ങളിലൂടെ ഇവയെ നവീകരിച്ച് സാധൂകരിക്കണം. സൈനിക-മാനവിക കമ്പ്യൂട്ടർ മേഖലയിലും പച്ചപ്പരമാർത്ഥമായിട്ടുള്ള സമഗ്ര പരീക്ഷണാന്തരീക്ഷങ്ങളിലും ഈ മുന്നേററം വളരെയേറെ ഉണ്ടായിട്ടുണ്ട്.

ഇരുപതാം നൂറ്റാണ്ടിലെ സുപ്രധാന നടപടികളിലൂടെ (ഗാന്ധിജി, മാർട്ടിൻ ലൂഥർ കിംഗ് മുതലായവരുടെ പ്രസ്ഥാനങ്ങളിലൂടെ) ഉരുത്തിരിഞ്ഞു വന്നിട്ടുള്ള പരിഗണനാർഹമായ അക്രമരാഹിത്യ സിദ്ധാന്തങ്ങളിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു:

- *നിങ്ങൾ മതാനുയായി ആവട്ടെ മനുഷ്യസ്നേഹിയാവട്ടെ ജീവനെ*

*ആദരിക്കുന്ന ആദർശങ്ങളിൽ നിന്ന് ശക്തി സംഭരിക്കുക.*

- *നിങ്ങളുടെ ജീവനെയും മറ്റുള്ളവരുടെ ജീവനെയും ആദരിക്കുക.*
- *എല്ലാവർക്കും നന്മ വരുന്നതിനുവേണ്ടി പ്രവർത്തിക്കുക; അക്രമം വിഭജിക്കുന്നു; അക്രമരാഹിത്യം സംയോജിപ്പിക്കുന്നു.*
- *സംഘർഷമുണ്ടാവുമ്പോൾ ആദ്യന്തം അനുരഞ്ജനത്തിന് പരിശ്രമിക്കുക; അപമാനിക്കൽ, തരം താഴ്ത്തൽ, ചൂഷണം, നിർമാർജനം ഇവയൊന്നും പാടില്ല.*
- *ആവശ്യക്കാരുടെ കഷ്ടതരമായ സാഹചര്യങ്ങളകറ്റാൻ നിർമ്മാണാത്മകസേവനങ്ങളിൽ ചേർന്നു പ്രവർത്തിക്കുക.*
- *സൃഷ്ടിപരമായി പ്രവർത്തിക്കുക.*
- *സാങ്കേതികവും ഘടനാപരവുമായ അക്രമങ്ങൾ നടമാടുന്ന ഇന്നത്തെ സാഹചര്യങ്ങളിൽ എത്തിച്ചേരുന്നതിന് സൃഷ്ടിപരമായ വലിയ പ്രവർത്തനം വേണ്ടി വന്നിട്ടുണ്ട്. അതിനാൽ അഹിംസാത്മകമായ മാറ്റമുണ്ടാക്കുന്നതിന് മുമ്പത്തേതിലുമധികം സൃഷ്ടിപരമായ പ്രവർത്തനം നടത്തേണ്ടിയിരിക്കുന്നു.*
- *മാറ്റം കൈവരിക്കുന്നതിന് പരീക്ഷണപരമായ ഒരു സമീപനം സ്വീകരിക്കുക. വിജയപരാജയങ്ങളിൽ നിന്ന് പാഠങ്ങൾ ഉൾക്കൊണ്ട് അഹിംസാത്മക സമൂഹങ്ങളെ സംബന്ധിച്ച് തുടർച്ചയായി അനുമാനങ്ങൾക്ക് രൂപം നൽകുക.*
- *നല്ല ധാർമ്മിക ദൃഷ്ടാന്തങ്ങൾ മുതൽ വൻ തോതിലുള്ള അക്രമരഹിത ബഹുജനമുന്നേറ്റങ്ങൾ വരെയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികളെയും സാമൂഹിക പ്രസ്ഥാനങ്ങളെയും ആദരിക്കുക.*
- *സൃഷ്ട്യന്മുഖമായ ധൈര്യം പുലർത്തുക. അക്രമത്തിനുള്ള പിന്തുണ പിൻവലിക്കുകയും അക്രമരാഹിത്യബദലുകളെ ശക്തിപ്പെടുത്തുകയും ചെയ്യുക.*
- *ഭൂമിക്ക് ആഘാതമേല്പിക്കാതെ ജീവിക്കുക. പ്രകൃതിയിൽ നിന്നും സഹജീവികളിൽ നിന്നും കുറച്ചു മാത്രം ആവശ്യപ്പെടുക. അല്ലാത്തപക്ഷം അത് ഹിംസയ്ക്ക് ഇടയാക്കും.*

അക്രമരഹിതമായ പുതിയ മാർഗ്ഗങ്ങൾ കണ്ടുപിടിക്കുകയും പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്ന പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന ഓരോരുത്തർക്കും കുററമററതും പുരോഗമനാത്മകവും കൂടുതൽ ശക്ത

വുമായ സിദ്ധാന്തങ്ങളും കഴിവുകളും ആവിഷ്ക്കരിക്കുവാൻ കഴിയും. അവ ആഗോളതലത്തിൽ തന്നെ സവിശേഷസന്ദർഭങ്ങൾക്ക് അനുയോജ്യമായ അഹിംസാത്മക പ്രവർത്തനങ്ങൾ നടത്തുന്നതിന് ഉപകരിക്കും.

സമകാലിക രാഷ്ട്രതന്ത്ര സാഹചര്യത്തിൽ അഹിംസാത്മക സമൂഹങ്ങളുടെ സൃഷ്ടിക്കുള്ള സാധ്യത അംഗീകരിക്കുന്നത് ഈ വിഷയത്തിന്റെ ഓരോ തലത്തിലും പുതിയ ചോദ്യങ്ങൾ ഉയർത്തും. അക്രമത്തിന്റെ അനിവാര്യതയും ന്യായയുക്തതയും അംഗീകരിക്കപ്പെടുമ്പോൾ സമൂഹത്തിലെ മററു പലരുമെന്നപോലെ രാഷ്ട്രതന്ത്രജ്ഞരും സാമാന്യേന താഴെപ്പറയുന്ന വ്യത്യസ്ത വീക്ഷണങ്ങളാണ് വച്ചു പുലർത്താറുള്ളത്. *അക്രമാനുകൂലം* : അവരവർക്കും സംസ്കാരത്തിനും പ്രയോജനം ചെയ്യുന്ന ഒന്നാണ് ഹിംസ; *അക്രമോന്മുഖം* : പ്രയോജനകരമെങ്കിൽ കൊല്ലുകയോ കൊലയ്ക്ക് പിന്തുണ നൽകുകയോ ചെയ്യുക. *വികല്പിതാക്രമം* : കൊല്ലുകയോ കൊല്ലാതിരിക്കുകയോ ചെയ്യുക; കൊലയ്ക്ക് പിന്തുണ നൽകുകയോ നൽകാതിരിക്കുകയോ ചെയ്യുക. *അക്രമം ഒഴിവാക്കൽ* : കൊല്ലുകയോ അതിന് പിൻതുണ നൽകുകയോ ഇല്ലെന്ന് മുൻകൂട്ടി നിശ്ചയിക്കുക; എങ്കിലും ആവശ്യമുള്ളപക്ഷം അത് ചെയ്യാൻ തയ്യാറായിരിക്കുക. *അക്രമരാഹിത്യം* : കൊല ചെയ്യുകയില്ലെന്ന് പ്രതിജ്ഞയെടുക്കുക; ഹിംസയ്ക്ക് സഹായകമായ സാഹചര്യങ്ങൾ മാററിയെടുക്കുക. ആദ്യത്തെ നാല് കാഴ്ചപ്പാടുകളും ഹിംസയെ അനുകൂലിക്കുന്നവയാണ്. എന്നാൽ അവസാനത്തേത് അഹിംസാത്മക രാഷ്ട്രതന്ത്രം ആവിഷ്ക്കരിക്കുന്ന തരത്തിലുള്ളതാണ്. മീമാംസയിലും സമൂഹത്തിലും അക്രമരാഹിത്യത്തിലേക്കുള്ള മാറ്റം കൊണ്ടുവരിക എന്നതാണ് അതിന്റെ ലക്ഷ്യം.

സമകാലിക രാഷ്ട്രതന്ത്രം അക്രമത്തിന് പ്രാമുഖ്യം നൽകുന്നു എന്നു പറയുമ്പോൾ എല്ലാ രാഷ്ട്രതന്ത്ര അധ്യാപകരും ക്ലാസ്സിൽ നിന്ന് കൊല്ലുക, കൊല്ലുക എന്ന് സൈനികോദ്യോഗസ്ഥരെപ്പോലെ പറയുന്നു എന്നല്ല അർഥമാക്കുന്നത്. ബദൽ ജനാധിപത്യസംവിധാനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന രാഷ്ട്രതന്ത്രജ്ഞർ (കക്ഷി തലത്തിലുള്ള മത്സരങ്ങൾ, തിരഞ്ഞെടുപ്പുകൾ, നിയമസഭകൾ, നിയമം തുടങ്ങിയ മേഖലകളിൽ) അക്രമം ഒഴിവാക്കുന്നതിനുവേണ്ടി നടത്തുന്ന ശ്രമങ്ങളെയും ഇവിടെ അവഗണിക്കുന്നില്ല. ഈ പരിശ്രമങ്ങൾ ആഭ്യന്തര – രാഷ്ട്രാന്തരയുദ്ധങ്ങൾ നിർമ്മാർജനം ചെയ്യാൻ ഉപകരിക്കുന്നുണ്ട് എന്ന വാസ്തവം വിസ്മരിക്കാനാവില്ല. ഇന്നത്തെ രാഷ്ട്രമീമാംസ അക്രമത്തിന് അംഗീകാരം നൽകുന്നുവെങ്കിലും അഹിംസാ ബദലുകളുടെ സാധ്യതകൾ ഇല്ലാതാവുന്നില്ല. ഈ പശ്ചാത്തലത്തിൽ ധാർമ്മിക – നിരീക്ഷണാത്മകമുന്നേറ്റങ്ങൾക്കും നിരീക്ഷണാത്മക – ധാർമ്മിക മുന്നേറ്റങ്ങൾക്കും അവസരമുണ്ട്. സ്വാത

ന്ത്ര്യം, സമത്വം, നീതി, ജനാധിപത്യം എന്നിവയെ താത്മിക - നിരീക്ഷ ണതലത്തിലും നിരീക്ഷണ-താത്ത്വികതലത്തിലും പഠിക്കുമ്പോൾ അഹിം സയ്ക്ക് അർഹമായ സ്ഥാനം നൽകേണ്ടതുണ്ടെന്നാണ് ഇത് വ്യക്തമാ ക്കുന്നത്.

### അക്രമരഹിത ശാസ്ത്രീയ വിപ്ലവം

അഹിംസാത്മക സമൂഹങ്ങളുടെ സൃഷ്ടിക്കുള്ള സാധ്യത അംഗീക രിക്കുമ്പോൾ അത് സൂചിപ്പിക്കുന്നത് രാഷ്ട്രതന്ത്രത്തിലെ ഒരു അക്രമര ഹിത ശാസ്ത്രീയ വിപ്ലവമാണ്. ഇതോടൊപ്പം പരസ്പരാശ്രിതമായ ഏഴ് ഉപവിപ്ലവങ്ങളും ആവശ്യമാണ്. അവ താഴെ ചേർക്കുന്നു: *താത്ത്വിക വി പ്ലവം:* ഇന്ന് അംഗീകാരം നേടിയിട്ടുള്ള ഹിംസയെ താത്ത്വികമായി നിരാ കരിക്കുക, *വസ്തു നിഷ്ഠവിപ്ലവം* : അഹിംസാത്മക സാമൂഹിക പരിവർ ത്തനത്തിന് അനുകൂലമായ ഘടകങ്ങൾ കണ്ടെത്തുക. സൈദ്ധാന്തിക വിപ്ലവം: അഹിംസാത്മക പരിവർത്തനത്തിന്റെ കാരണങ്ങളും പ്രക്രിയ കളും മനസ്സിലാക്കുക, *വിദ്യാഭ്യാസ - പരിശീലന വിപ്ലവം:* അഹിംസാ ത്മക പരിവർത്തനത്തിനാവശ്യമായ അറിവുകളും കഴിവുകളും പ്രദാനം ചെയ്യുക; *പ്രയുക്ത വിപ്ലവം:* അഹിംസാത്മക പരിജ്ഞാനം പ്രാവർത്തി കമാക്കുക; *സംഘടനാത്മക വിപ്ലവം:* അഹിംസാത്മക വിപ്ലവം പ്രാവർ ത്തികമാക്കുന്നതിന് സഹായകമായ രീതിയിൽ സംഘടനകളെ മാറ്റിയെ ടുക്കുകയും പുതിയ സംഘടനകൾക്ക് രൂപം നൽകുകയും ചെയ്യുക; *സാ മ്പ്രദായിക വിപ്ലവം:* അഹിംസാത്മകപരിവർത്തനപ്രക്രിയയ്ക്ക് ഏറ്റവും അനുയോജ്യമായ അന്വേഷണം, അപഗ്രഥനം, പ്രവർത്തനം എന്നിവയു ടെ സമ്പ്രദായങ്ങൾ സൃഷ്ടിക്കുകയും അനുരൂപപ്പെടുത്തുകയും ചെയ്യു ക.

### താത്ത്വിക വിപ്ലവം

താത്ത്വിക പരിവർത്തനം എന്നതുകൊണ്ട് അർഥമാക്കുന്നത് ഹിംസ യ്ക്കുള്ള പ്രാമുഖ്യത്തിൽ നിന്ന് അഹിംസയ്ക്കുള്ള പ്രാമുഖ്യത്തിലേ യ്ക്കുള്ള മാറ്റമാണ്. ധാർമ്മികവും അന്വേഷണാത്മകവുമായ കണ്ടെത്ത ലുകളുടെ സംയോജനത്തിലൂടെയും മൂല്യവർധിത പ്രതിപ്രവർത്തന പ്ര ക്രിയയിലൂടെയും ഇത് കൈവരിക്കുന്നതാണ് ഒരു മാർഗം. ധാർമ്മികമാ യി നോക്കുമ്പോൾ ഈ പരിവർത്തനത്തിന് പല ഘട്ടങ്ങൾ ഉള്ളതായി കാണാവുന്നതാണ്. അത് ഇപ്രകാരമാണ്. ഹിംസ ധാർമ്മികമാണ് എന്ന തിൽ നിന്ന് അത് ചോദ്യം ചെയ്യപ്പെടേണ്ടതാണ് എന്നതിലേക്കും അഹിം സ നല്ല ആദർശമാണ് എന്ന നിലയിലേക്കും അഹിംസയിൽ താത്ത്വിക മായി പ്രതിജ്ഞാബദ്ധമാവണം എന്നതിലേക്കുമാണ് ആ പരിവർത്തനം പുരോഗമിക്കുന്നത്. ഇതിനു സമാന്തരമായി അന്വേഷണാത്മകമായ ഒരു

തരം പുരോഗതിയുമുണ്ട്. അതിൽ അഹിംസാ സമൂഹങ്ങൾ അസാധ്യമാണെന്ന ധാരണയിലാണ് തുടക്കം. അതിൽ നിന്ന് അഹിംസാ സമൂഹങ്ങൾ ചോദ്യം ചെയ്യപ്പെടേണ്ടവയാണ് എന്നതിലേക്കും അഹിംസാ സമൂഹങ്ങളുടെ സ്വഭാവ വിശേഷങ്ങൾ കണ്ടെത്തുന്നതിലേക്കും അഹിംസാ സമൂഹങ്ങൾ സൃഷ്ടിക്കുന്നതിനും നിലനിർത്തുന്നതിനും അറിവുനേടുന്നതിന് ശാസ്ത്രീയമായി പരിശ്രമിക്കുമെന്ന് പ്രതിജ്ഞയെടുക്കുന്ന ഘട്ടത്തിലേക്കും പുരോഗമിക്കുന്നു.

ധാർമ്മികമായ വെല്ലുവിളിയുടെയും അന്വേഷണാത്മകമായ പ്രതികരണത്തിന്റെയും - അഥവാ അന്വേഷണാത്മകമായ വെല്ലുവിളിയുടെയും ധാർമ്മികമായ പ്രതികരണത്തിന്റെയും - ഈ വ്യാഖ്യാന പ്രക്രിയയിലൂടെ വെബർ പറയുന്ന പ്രകാരം അക്രമരാഹിത്യ സിദ്ധാന്തങ്ങളെയും അക്രമാസക്തരാഷ്ട്രീയത്തെയും വേർതിരിക്കുന്ന കനത്ത മതിൽ മറികടക്കാവുന്നതാണ്. ഈ വിധത്തിൽ ജീവനോടുള്ള വിട്ടുവീഴ്ചയില്ലാത്ത ആദരവിനൊപ്പം "തെളിവുകളോടും അനുമാനങ്ങളോടുമുള്ള വിട്ടുവീഴ്ചയില്ലാത്ത പ്രതിജ്ഞാബദ്ധതയും" (അൽമോണ്ട് 1996:89) കൂട്ടിച്ചേർക്കാവുന്നതാണ്. ആധുനിക അക്കാദമിക രാഷ്ട്രതന്ത്രത്തിന്റെ പൊതുവായ ധാർമ്മിക അടിത്തറയായി ഇതിനെ അംഗീകരിക്കാൻ കഴിയും.

ചിത്രം : 3

താത്ത്വിക പരിവർത്തനം പ്രതിപ്രവർത്തനപ്രക്രിയ അന്വേഷണാത്മക പരിവർത്തനം

ഹിംസ അനിവാര്യമാണ് അഹിംസ അസാധ്യമാണ്

ഹിംസ ചോദ്യം ചെയ്യപ്പെടേണ്ടതാണ് അഹിംസ പ്രശ്ന സങ്കീർണ്ണമാണ്

ഹിംസ അസ്വീകാര്യനാണ് അഹിംസ പരീക്ഷിച്ചു നോക്കാവുന്നതാണ്

അഹിംസ അനിവാര്യമാണ് അഹിംസ സാധ്യമാണ്.

## വസ്തു നിഷ്ഠവിപ്ലവം

ഹിംസാവാദികൾ അവഗണിച്ചു കളയുന്ന അഹിംസാത്മകമായ മാനവശേഷികൾ ബോധപൂർവ്വം പുനഃസ്ഥാപിക്കുകയും കണ്ടെത്തുകയും ചെയ്യുകയെന്നത് അഹിംസാത്മക പരിവർത്തനത്തിന്റെ ഭാഗമാണ്. ഇത്തരം വസ്തുതകൾ സിരാശാസ്ത്രം മുതൽ അഹിംസാത്മകമായ സമുന്നത സാങ്കേതിക വിദ്യകൾ വരെ വ്യാപിച്ചു കിടക്കുന്നു. അന്യഥാ അക്രമാസക്തമായ ചരിത്ര-സാംസ്കാരിക സാഹചര്യങ്ങളിൽ അക്രമരാഹിത്യത്തിന്റെ ആവിർഭാവം പ്രത്യേകം ശ്രദ്ധേയമാണ്. ഉദാഹരണത്തിന് ക്രിസ്തുവിനുമുമ്പ് 399 ൽ ഗ്രീസിലെ 500 അഥീനിയൻ സെനറ്റർമാരിൽ ഏതാ

ണ്ട് 140 പേർ സോക്രട്ടീസിനെ വധിക്കരുതെന്ന ആവശ്യത്തെ അനുകൂലിച്ച് വോട്ടു ചെയ്തു. (സ്റ്റോൺ 1989:187) ജപ്പാനിൽ ബുദ്ധിസ്റ്റ് ഹെയ്യാൻ കാലഘട്ടത്തിൽ (794–1192) "ഏതാണ്ട് 350 വർഷക്കാലം വധശിക്ഷ നടപ്പാക്കിയിരുന്നില്ല." (നകമുറ 1967:145) 1917 ഏപ്രിൽ 4, 6 തീയതികളിൽ അമേരിക്കൻ ഐക്യനാടുകളിൽ നടന്ന വോട്ടെടുപ്പിൽ ആറ് സെനറ്റർമാരും 50 ജനപ്രതിനിധിസഭാംഗങ്ങളും ജർമ്മനിക്കെതിരേ യുദ്ധം പ്രഖ്യാപിക്കുന്നതിനെ എതിർത്തു. റഷ്യയിൽ 1917 ഒക്ടോബർ 23 ന് റഷ്യൻ കേന്ദ്ര കമ്മിറ്റിയിലെ രണ്ട് ബോൾഷേവിക്കുകൾ – ഒരു പക്ഷേ അഞ്ചോ ആറോ പേർ – ലെനിന്റെ സായുധ വിപ്ലവനയം അംഗീകരിക്കുന്നതിനെ എതിർത്തു. തങ്ങളുടെ സഹായത്തോടെ നിർമ്മിച്ച അണുബോംബ് യാതൊരു സൈനികാവശ്യത്തിനും ഉപയോഗിക്കരുതെന്ന് യു. എസ്. എ. യിലെ മൻഹാട്ടൻ പ്രോജക്ടിൽ പ്രവർത്തിച്ച ശാസ്ത്രജ്ഞന്മാരിൽ 150 പേർ ഹിരോഷിമയിലെയും നാഗസാക്കിയിലെയും അണുബോംബാക്രമണത്തിനുതൊട്ടുമുമ്പ് ആവശ്യപ്പെട്ട് വോട്ടു ചെയ്തു. (ജിയോ വനിററി & ഫ്രീഡ് 1965:168) അൽപെറോവിററ്സ് 1995). മാരകമല്ലാത്ത ആയുധങ്ങളെ സംബന്ധിച്ച ഗവേഷണം, അവയുടെ വികസനം, സമ്പാദനം എന്നിവ സംബന്ധിച്ച് എല്ലാ പ്രതിരോധവകുപ്പുകളുടെയും മറ്റ് സർക്കാർ ഏജൻസികളുടെയും പ്രവർത്തനം സംയോജിപ്പിക്കുകയെന്ന ചുമതല അമേരിക്കൻ ഐക്യനാടുകളിലെ നാവിക സേന (Marine Corps) ഏറ്റെടുത്തു. (ല്യൂവർ & സ്കോഫീൽഡ് 1997:45) അഹിംസാത്മക സുരക്ഷ സംബന്ധിച്ച ചിന്തയാണ് ഈ ഒടുവിൽ പറഞ്ഞ നടപടിയുടെ പിന്നിലുള്ളത്. എന്നാൽ ഇത്തരം ആയുധങ്ങൾ ഇന്നുപയോഗിക്കുന്നത് മാരകായുധങ്ങൾക്കൊപ്പമാണ്. തന്മൂലം അവയും മാരകായുധങ്ങളായിത്തീർന്നിരിക്കുന്നു.

*അഹിംസാത്മകമായ വസ്തു നിഷ്ഠ പരിവർത്തനം ഏതൊരു സമൂഹത്തിലും പരിശ്രമിക്കുന്നത് ഭൂതകാലത്തെയും വർത്തമാനകാലത്തെയും അഹിംസാത്മക പ്രവണതകളുടെ സൂചകങ്ങൾ കണ്ടെത്തുന്നതിനാണ്.*

## സൈദ്ധാന്തിക വിപ്ലവം

അഹിംസാത്മകമായ അപഗ്രഥനം യുക്തി ഭദ്രമാക്കുന്നതിനാവശ്യമായ താത്ത്വിക സിദ്ധാന്തങ്ങളും അന്വേഷണപരമായ സിദ്ധാന്തങ്ങളും ആവിഷ്ക്കരിക്കുക എന്ന ഉദ്ദേശ്യമാണ് സൈദ്ധാന്തിക വിപ്ലവത്തിനുള്ളത്. വ്യക്തിപരമായ തീരുമാനങ്ങൾ, സമൂഹത്തിലെ പൗരപ്രവർത്തനങ്ങൾ, പൊതുനയങ്ങൾ എന്നിവയെ സംബന്ധിച്ചിടത്തോളം വൈജ്ഞാനികമായ ഈ മുന്നേററം പ്രയോജനകരമാണ്. ഉദാഹരണത്തിന് സൈദ്ധാന്തികമായ ഉൾക്കാഴ്ചയുടെ മൂന്ന് പ്രമുഖ സ്രോതസ്സുകൾ – തത്ത്വാത്മകം, പ്രായോഗികം, സാംസ്കരണപരം – അഹിംസയിൽ അധിഷ്ഠിതമായ രാഷ്ട്രീയാധി

കാരത്തിന്റെ സാധ്യതകൾ കണ്ടെത്തുന്നതിനുതകുന്ന അസാധാരണമായ ഉൾക്കാഴ്ച പ്രദാനം ചെയ്യുന്നതിന് പര്യാപ്തമാണ്. ജീവനെ ആദരിക്കുന്ന സത്യാന്വേഷണപരമായ (നീതി അന്വേഷിക്കുന്ന) ആധ്യാത്മിക ശക്തി യുടെ പ്രാധാന്യം ആദ്യമായി ഗാന്ധിജി കണ്ടെത്തും വരെ അവഗണിക്ക പ്പെട്ടിരുന്നു. വ്യക്തിതലത്തിലും സാമൂഹികതലത്തിലും ആളുകളെ പ്ര വൃത്യുന്മുഖരാക്കാൻ ഈ ശക്തിക്കു കഴിയുമെന്ന് ഗാന്ധിജി തെളിയിച്ചു. ഗാന്ധിജിയുടെ 'സത്യാഗ്രഹത്തിന്റെ ശാസ്ത്രം' (1970) എന്ന ഗ്രന്ഥം കാ ണുക. *ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം സത്യമെന്ന് നിർവചിക്കപ്പെ ട്ടിരിക്കുന്ന ദൈവത്തിലുള്ള സജീവവിശ്വാസം, സ്നേഹം, അക്രമരാഹി ത്യം എന്നിവ - എല്ലാ മതങ്ങളുടെയും അന്തഃസത്തയാണിവ- അക്രമര ഹിതമായ അധികാരത്തിന്റെ അജയ്യമായ സ്രോതസ്സാണ്.* അക്രമരാഹി ത്യത്തിന്റെ ചൈതന്യവും യാഥാർത്ഥ്യവുമാണ് മനുഷ്യജീവിതത്തിന്റെ അടിസ്ഥാനനിയമം; അക്രമം ഇതിൽ നിന്നുള്ള വ്യതിക്രമമാണ്.

അക്രമരഹിതമായ അധികാരത്തെ സംബന്ധിച്ച രണ്ടാമത്തെ സിദ്ധാ ന്തം 'അക്രമരഹിതപ്രവർത്തനത്തിന്റെ രാഷ്ട്രീയം' (1973) എന്ന ഗ്രന്ഥ ത്തിലൂടെ ജീൻഷാർപ്പ് (Gene Sharp) ആണ് അവതരിപ്പിച്ചത്. രാഷ്ട്രീ യാധികാരത്തിന്റെ അനുസരണാശ്രയ സ്വഭാവത്തെ നിശിതമായി അപ ഗ്രഥിച്ച ഷാർപ്പ് ചരിത്രത്തിലൂടെ പ്രകടിതമായ അക്രമരഹിതസമര തന്ത്രങ്ങൾ വിവരിക്കുകയും അക്രമരഹിത രാഷ്ട്രീയ പരിവർത്തനത്തി ന്റെ ചടുലത വൈദഗ്ധ്യപൂർവ്വം അപഗ്രഥിക്കുകയും ചെയ്തു. അക്രമര ഹിത രാഷ്ട്രീയപ്രവർത്തനം കേവലം രാഷ്ട്രീയമായി ശക്തിമത്താണെന്ന് അദ്ദേഹം സിദ്ധാന്തിക്കുന്നു. അതിന് ശക്തി പകരാൻ ആധ്യാത്മികതയു ടെയോ മതത്തിന്റെയോ സമാധാനസിദ്ധാന്തങ്ങളുടെയോ അകമ്പടി ആ വശ്യമില്ലെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

മൂന്നാമത്തെ സ്രോതസ്സ് ജോൺ ബർട്ടന്റെ ആവശ്യ- അപഹരണ അപ ഗ്രഥനമാണ്. അഹിംസ നേരിടുന്ന വെല്ലുവിളിയിലേക്ക് വെളിച്ചം വീശാൻ ഇതിനുകഴിയും. അക്രമത്തിന്റെ ഉദ്ഭവം, ആവശ്യ-നിറവേററൽ പ്രക്രിയ എന്നിവ അപഗ്രഥിച്ച് അക്രമരഹിത പരിവർത്തനത്തെ അദ്ദേഹം വ്യാ ഖ്യാനിക്കുന്നു. വ്യതിയാനം, ഭീകരവാദം, യുദ്ധം, പരിഹരിക്കപ്പെടാത്ത സാമൂഹിക - രാഷ്ട്രീയ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്ന പ്ര ക്രിയ (Deviance, Terrorism & war: The Process of solving unsolved social and political problems - 1979) മറ്റ് ഗ്രന്ഥങ്ങൾ (1984, 1996, 1997) എന്നിവയിലൂടെയാണ് ബർട്ടൻ തന്റെ സിദ്ധാന്തം അവതരിപ്പിച്ചത്. വ്യ ക്തിഹത്യ മുതൽ യുദ്ധം വരെയുള്ള എല്ലാത്തരം ഹിംസയും ആവിർഭവി ക്കുന്നത് മനുഷ്യന്റെ ആവശ്യങ്ങൾ നിറവേറ്റപ്പെടാതെ വരുമ്പോഴാണെന്ന് അദ്ദേഹം സിദ്ധാന്തിക്കുന്നു. ഇവയിൽ ഒന്നാമത്തേത് വ്യക്തിത്വവും പദ

വിയും അംഗീകരിക്കപ്പെടണം എന്നതാണ്. ചൂഷകർക്കും ചൂഷിതർക്കും ഒരേ ആവശ്യങ്ങൾ തന്നെയാണുള്ളത്. ചൂഷണത്തിന് അനുയോജ്യമായ സാഹചര്യങ്ങൾ നിലനിൽക്കുമ്പോൾ മൂല്യങ്ങൾ പാലിക്കണമെന്ന അഭ്യർഥനകൾക്കോ ബലപ്രയോഗത്തിനോ ഹിംസയെ നിയന്ത്രിക്കാനാവില്ല. എന്നാൽ അവകാശങ്ങൾ നിഷേധിക്കപ്പെടുന്നവരുടെ പങ്കാളിത്തത്തോടെ എല്ലാവരുടെയും എല്ലാ അടിസ്ഥാനാവശ്യങ്ങളും നിറവേറ്റിക്കൊടുത്താൽ അഹിംസാത്മക സമൂഹങ്ങൾ കെട്ടിപ്പടുക്കാൻ കഴിയും.

ആത്മീയ ശക്തി, പ്രായോഗിക പ്രവർത്തനശേഷി, പങ്കാളിത്ത പ്രശ്നപരിഹാരം എന്നീ ഉൾക്കാഴ്ചകൾ അഹിംസാ സിദ്ധാന്തത്തിന്റെ അടിസ്ഥാന ഘടകങ്ങളാണ്. ചരിത്രം, രാഷ്ട്രം, വർഗം, സാമ്പത്തിക വ്യവസ്ഥ, സ്ഥാപനങ്ങൾ, ലിംഗഭേദം, വംശം, ഗോത്രം, മതം, സംസ്കാരം, പരിസ്ഥിതി, ഭാവി പ്രതീക്ഷകൾ, മറ്റ് പ്രാദേശിക - ആഗോളസാഹചര്യങ്ങൾ എന്നിവയുമായി ഇതിനെ സന്ദർഭോചിതം സംയോജിപ്പിക്കുവാൻ കഴിയും. ഇപ്രകാരം അക്രമരാഹിത്യ സിദ്ധാന്തത്തെ യഥായോഗ്യം ബന്ധപ്പെടുത്തുകയും അതിന്റെ സൃഷ്ടിപരതയെ പുരോഗമിപ്പിക്കുകയും ചെയ്തവരിൽ പ്രധാനികൾ റോബർട്ട് ജെ. ബുറോവെസ് (1996), ബെറനൈസ് എ. കരോൾ (1998), ജോഹാൻ ഗാൽടുങ് (1996), ബ്രിയാൻമാർട്ടിൻ (1989), കാടേമക് ഗിന്നെസ് (1993) എന്നിവരാണ്.

## പ്രയുക്ത വിപ്ലവം

താത്ത്വികവും വസ്തുനിഷ്ഠവും സൈദ്ധാന്തികവുമായ പരിവർത്തനങ്ങൾ സംയുക്തമായി അഹിംസാത്മക രാഷ്ട്രതന്ത്രത്തിന് പ്രായോഗികതലത്തിൽ നടപ്പിലാക്കാവുന്ന പുതിയൊരു പ്രതിജ്ഞാബദ്ധത പ്രദാനം ചെയ്യുന്നു. ചിന്ത, വ്യക്തികൾ, സംഘടനകൾ, പ്രസ്ഥാനങ്ങൾ, നയങ്ങൾ, സ്ഥാപനങ്ങൾ മുതലായവക്ക് അഹിംസയിൽ പുതിയ താത്പര്യം ജനിപ്പിക്കാനും അതിന് സർഗാത്മക പിന്തുണ നൽകാനും താത്ത്വിക പരിവർത്തനത്തിന് കഴിയും. അക്രമാസക്തമായ മർദ്ദക ഭരണകൂടങ്ങളെ അക്രമരാഹിത്യത്തിലേക്ക് ആനയിക്കുവാൻ ഷാർപ്പിന്റെ സിദ്ധാന്തം സഹായകരമാണ്. അതുപോലെ തന്നെ ജനങ്ങളോടുള്ള ഉത്തരവാദിത്വങ്ങൾ നിറവേറ്റാത്ത ജനാധിപത്യഭരണ സമ്പ്രദായങ്ങളെ സ്വാധീനിക്കുവാനും മാറ്റിയെടുക്കുവാനും അതിനു പ്രാപ്തിയുണ്ട്. സാമൂഹിക - രാഷ്ട്രീയതലങ്ങളിലെ പ്രശ്നപരിഹാരങ്ങൾക്ക് ജനകീയ പങ്കാളിത്തത്തോടെ മാനുഷികമായ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുകയാണ് വേണ്ടതെന്ന് ഷാർപ്പ് പറയുമ്പോൾ രാഷ്ട്രതന്ത്രത്തിന് പുതിയൊരു ദിശാബോധം നൽകുകയാണ് അദ്ദേഹം ചെയ്യുന്നത്. ഗാന്ധിജിയാവട്ടെ ധർമ്മശാസ്ത്രം, സമ്പ്രദായങ്ങൾ, ചൂഷിതരുടെ ആവശ്യങ്ങളോടുള്ള പ്രതിപ്രവർത്തനം

എന്നിവ സംയോജിപ്പിച്ച് ഗാന്ധിജി രൂപം നൽകിയ സിദ്ധാന്തം രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക, സാംസ്ക്കാരിക, ഘടനാപരമായ മേഖലകളിലെ അക്രമസാഹചര്യങ്ങൾ മാറ്റിയെടുക്കുന്നതിനു പര്യാപ്തമാണ്. ഈ സാഹചര്യങ്ങൾ ഹിംസയുടെയും ഹിംസാ ഭീഷണികളുടെയും സ്രഷ്ടാക്കളും സൃഷ്ടികളുമാണ്. അഹിംസാത്മക ആധ്യാത്മിക തത്ത്വങ്ങൾ കൊണ്ട് പ്രചോദിതരായ ഗാന്ധിജിയും കിങ്ങും മറ്റും അക്രമരഹിത സാമൂഹിക പരിവർത്തനത്തിനുവേണ്ടി പ്രതിജ്ഞാബദ്ധതയോടെ പ്രവർത്തിച്ചിരുന്നു.

അഹിംസാത്മക അപഗ്രഥനത്തിനാവശ്യമായ വിജ്ഞാനം ആർജിക്കുകയും, ഹിംസയുടെ കുഴലിനെ അഹിംസാ ബദലുകളുടെ അഴിയുന്ന ചുരുളാക്കി മാറ്റുകയും അഹിംസാധിഷ്ഠിത രാഷ്ട്രതന്ത്രം പ്രാദേശികവും ആഗോളപരവുമായ പരിവർത്തനത്തിന് സഹായകമായിത്തീരുന്നു. 'ജനാധിപത്യരാഷ്ട്രീയം', 'സ്വതന്ത്ര വിപണികൾ' എന്നിവയുടെ പേരിൽ സമകാലികലോകത്ത് നിലനിൽക്കുന്ന വ്യക്തിപരവും സംഘടിതവുമായ ഹിംസ മനുഷ്യന്റെ സുസ്ഥിതിയെ സംശയാസ്പദമാക്കുന്നു. ഈ സാഹചര്യങ്ങൾ 'ജനാധിപത്യവിരുദ്ധ രാഷ്ട്രീയം', 'അസ്വതന്ത്രവിപണികൾ' എന്നിവയുമായി ചേർന്ന് പ്രയുക്ത അഹിംസാത്മക രാഷ്ട്രതന്ത്രത്തിന്റെ സർഗാത്മകതയ്ക്ക് ഭീഷണികൾ ഉയർത്തുന്നു.

വിദ്യാഭ്യാസപരമായ വിപ്ലവം

രാഷ്ട്രതന്ത്രത്തിന്റെ അഹിംസോന്മുഖപുരോഗതി അർത്ഥമാക്കുന്നത് രാഷ്ട്രതന്ത്രജ്ഞർക്കുള്ള പ്രൊഫഷണൽ പരിശീലനത്തിലും സമൂഹത്തിലെ മററംഗങ്ങൾക്കുള്ള വിദ്യാഭ്യാസപരമായ സേവനത്തിലും ഉണ്ടാവുന്ന മാററമാണ്. ഹിംസാത്മക പാരമ്പര്യങ്ങളെയും സാഹചര്യങ്ങളെയും സാധൂകരിക്കുന്നതിനുപകരം പ്രത്യക്ഷമായോ പരോക്ഷമായോ ആഗോളതലത്തിലുള്ള അഹിംസാത്മകപരിവർത്തനത്തിന് ഗണ്യമായ സംഭാവനയർപ്പിക്കുകയാണ് രാഷ്ട്രതന്ത്ര വിദ്യാഭ്യാസം ചെയ്യേണ്ടത്. അഹിംസാത്മക സമൂഹങ്ങളിൽ നേതാക്കൾക്കും പൗരന്മാർക്കും പിന്തുണ നൽകുകയെന്നതാണ് ഇതിന്റെ യഥാർത്ഥ ലക്ഷ്യം. ഗവേഷണം, ബോധനം, മാർഗനിർദ്ദേശം, നേതൃത്വം, പൗരന്മാരുടെ നടപടികൾ, വിമർശനാത്മക പ്രതികരണങ്ങൾ എന്നീ കാര്യങ്ങളിൽ പ്രാഗത്ഭ്യം നേടുന്നതിന് ഇത് അവരെ സഹായിക്കണം. കണ്ടെത്തൽ, അനാവരണം, പങ്കാളിത്തം എന്നിവയിലൂടെ അഹിംസാത്മക വികസിപ്പിച്ചാണ് ഈ ലക്ഷ്യങ്ങൾ നേടിയെടുക്കേണ്ടത്.

അഹിംസാത്മക രാഷ്ട്രതന്ത്രപരിശീലനം പ്രാവർത്തികമാക്കുന്നതി

ന് പങ്കാളികൾക്കിടയിൽ അസാധാരണമായ സ്വയം ബോധം ഉണ്ടായിരിക്കണം. മനോരോഗചികിത്സകർ, ആത്മീയ മാർഗ്ഗനിർദ്ദേശകർ എന്നിവർക്കുള്ളത്ര ആത്മാവബോധമാണ് അവർക്ക് വേണ്ടത്. അക്രമം, അക്രമരാഹിത്യം എന്നിവ സംബന്ധിച്ച് സ്വന്തം വിശ്വാസങ്ങൾ, സമീപനങ്ങൾ, വികാരങ്ങൾ എന്നിവയുടെ ഉത്ഭവത്തെയും പ്രത്യാഘാതങ്ങളെയുംകുറിച്ച് നമുക്ക് ധാരണ വേണം. വിവിധ ആധ്യാത്മിക സമീപനങ്ങൾക്ക് സ്വീകാര്യമായ ശാസ്ത്രീയധ്യാനസമ്പ്രദായങ്ങളിൽ പരിശീലനം നൽകുന്നത് നന്നായിരിക്കും. പരസ്പരം പ്രയോജനപ്പെടുകയും പിന്തുണയ്ക്കുകയും ചെയ്യുന്ന വ്യക്തിപരവും തൊഴിൽപരവുമായ അനുഭവസമ്പത്തുകൾ പങ്കുവയ്ക്കുന്നതിന് അവസരം നൽകണ്. അഹിംസാത്മക രാഷ്ട്രതന്ത്രജ്ഞർ ജീവനോട് അസാധാരണമായ ആദരവുപുലർത്തിക്കൊണ്ട് ആയുഷ്ക്കാലപുരോഗതിക്ക് ഉതകും വിധം വ്യക്തിതലത്തിലും കൂട്ടായും പരസ്പരം സഹായിക്കുവാൻ അഹിംസാത്മക രാഷ്ട്രതന്ത്രജ്ഞർ ബാധ്യസ്ഥരാണ്. മററു കാര്യങ്ങളിലുള്ള അഭിപ്രായ വിഭിന്നത എത്ര തന്നെ ഉണ്ടായാലും ഇത് ചെയ്യാവുന്നതാണ്.

ജീവന്മരണമേഖലയുമായി ബന്ധപ്പെട്ട മെഡിക്കൽ ഗവേഷകർ, ഡോക്ടർമാർ, അവരെ പരിശീലിപ്പിക്കുന്നവർ മുതലായവർക്കുള്ളത്ര തൊഴിൽപരമായ പ്രാഗല്ഭ്യവും ആധികാരികതയും നേടിയെടുക്കാൻ അഹിംസാത്മക രാഷ്ട്രതന്ത്രജ്ഞർ പരിശ്രമിക്കണം. എങ്കിൽ മാത്രമേ അവർക്ക് മാർഗനിർദ്ദേശങ്ങൾ നൽകുവാനും പ്രായോഗിക പ്രവർത്തനങ്ങളിൽ ഏർപ്പെടാനും കഴിയുകയുള്ളൂ. ഏററവും പുതിയ അറിവിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾ അപഗ്രഥിക്കുവാനും പരിഹരിക്കുവാനും ശുശ്രൂഷ ലഭ്യമാക്കാനും ഈ ജീവന്മരണസമീപനം അവർക്ക് അനിവാര്യമാണ്.

അതേസമയം ആഗോളതലത്തിലുള്ള അഹിംസാത്മകപരിവർത്തനത്തിന് സംഭാവനയർപ്പിക്കുവാൻ സമൂഹത്തിലുള്ള ഏതൊരു വ്യക്തിക്കും കഴിയുമെന്ന് ഓർക്കുക. അക്രമരഹിത നേതൃത്വവും പൗരത്വവും ആയുഷ്ക്കാലം മുഴുവൻ ഉയർത്തിപ്പിടിക്കുന്നതിന് പര്യാപ്തമായ അറിവുകളും കഴിവുകളും വ്യക്തിപരമായി വളർത്തിയെടുക്കുവാൻ ഓരോ പങ്കാളിയെയും സഹായിക്കുന്നതിനാണ് അഹിംസാത്മക രാഷ്ട്രതന്ത്ര വിദ്യാഭ്യാസം പരിശ്രമിക്കുന്നത്.

അഹിംസാത്മക അപഗ്രഥനത്തിനാവശ്യമായ അറിവുസമ്പാദിക്കുക, ഹിംസാപ്രവണതയെ അഹിംസാ ബദലുകളിലേക്ക് മാററുന്നതിനുവേണ്ട പ്രവർത്തനശേഷി കൈവരിക്കുക, വ്യക്തിതരത്തിലും സാമൂഹികതലത്തിലുമുള്ള പ്രവർത്തനങ്ങൾക്ക് മാർഗനിർദ്ദേശം നൽകുന്ന സിദ്ധാന്തങ്ങൾ കുററമററതാക്കുക എന്നീ ഉദ്ദേശ്യങ്ങൾ മുന്നിൽക്കണ്ടുകൊണ്ടായിരിക്കണം

വിദ്യാഭ്യാസരംഗത്ത് പാഠ്യപദ്ധതി രൂപകല്പന ചെയ്യുന്നത്. ഹിംസയുടെ ഭീകരത വെളിവാക്കുന്ന ചരിത്രപരവും സാമൂഹികവുമായ തെളിവുകൾ ഒരു ആമുഖ കോഴ്സിലോ വിഷയാവതരണ സെമിനാറിലോ അവതരിപ്പിക്കാവുന്നതാണ്. അതോടൊപ്പം ആയുഷ്ക്കാലം മുഴുവൻ നീണ്ടുനിൽക്കുന്ന ഒരു വെല്ലുവിളി ഏറ്റെടുക്കാനും നാം തയ്യാറാവണം. മനുഷ്യഹത്യ അവസാനിപ്പിക്കുക എന്ന ഉദ്യമത്തെ സഹായിക്കുക എന്നതാവണം നമ്മുടെ പഠനവിഷയം ഏറ്റെടുക്കുന്ന കർത്തവ്യം. രണ്ടാം ഘട്ടമായി അഹിംസയുടെ മാനവിക സാധ്യതകൾ ആഗോളാടിസ്ഥാനത്തിലുള്ള തെളിവുകളുടെ സഹായത്തോടെ വെളിവാക്കുന്നതിനാണ് പരിശ്രമിക്കേണ്ടത്. മൂന്നാമതായി വ്യക്തികളിലും സമൂഹത്തിലും ഉണ്ടായിട്ടുള്ള മാററങ്ങളും ചാഞ്ചാട്ടങ്ങളും അവതരിപ്പിക്കണം. നാലാമതായി പഠിപ്പിക്കേണ്ടത് അഭിലഷണീയ സമൂഹങ്ങൾ കെട്ടിപ്പടുക്കുന്നതിനു പര്യാപ്തമായ രാഷ്ട്രീയ സ്ഥാപനങ്ങൾ കെട്ടിപ്പടുക്കുന്നതിനു പര്യാപ്തമായ രാഷ്ട്രീയ സ്ഥാപനങ്ങൾ കെട്ടിപ്പടുക്കുന്നതിൽ മനുഷ്യൻ പ്രകടമാക്കിയിട്ടുള്ള ഭാവനാവിലാസം, ഹിംസാരഹിത സമൂഹം കെട്ടിപ്പടുക്കുന്നതിന് നേരിടാവുന്ന സർഗാത്മകമായ വെല്ലുഴിലികൾ, ഈ വക കാര്യങ്ങളിൽ രാഷ്ട്രതന്ത്രത്തിന് നൽകാവുന്ന സംഭാവനകൾ എന്നിവ ആയിരിക്കണം. ഓരോ ഘട്ടത്തിലും പ്രാദേശികതലത്തിൽ തുടങ്ങി ആഗോളതലം വരെയുള്ള വിജ്ഞാനവും ആവശ്യങ്ങളും അവതരിപ്പിക്കണം. അതോടൊപ്പം ആഗോള-പ്രാദേശിക പരസ്പര സ്വാധീനങ്ങളെക്കുറിച്ചും പ്രതിപാദിക്കേണ്ടതാണ്.

ഇപ്രകാരമുള്ള ഒരടിത്തറയിൽ അഹിംസാത്മക വിദ്യാഭ്യാസത്തിന്റെ പുതിയ സംവിധാനം കെട്ടിപ്പടുക്കാവുന്നതാണ്. ഉദാഹരണത്തിന് ബിരുദതലത്തിനു താഴെയുള്ള ഒരു കോഴ്സിൽ ഓരോ വിദ്യാർത്ഥിയും അക്രമത്തിന്റെ വ്യക്തിപരമായ പ്രശ്നമായി കണക്കാക്കുന്ന ഒരു വശം തിരഞ്ഞെടുത്ത് തത്സംബന്ധമായി നിലവിലുള്ള സാഹിത്യ രചനകൾ വിലയിരുത്തുകയും അതിന്റെ സ്വഭാവവും കാരണങ്ങളും കണ്ടെത്തുകയും വേണം. ആ വിഷയം സംബന്ധിച്ച് തദ്ദേശീയരായ ആളുകളുമായി നേരിട്ടു സംസാരിച്ച് അത്തരം അക്രമസംഭവങ്ങൾ, പ്രവണതകൾ, കാരണങ്ങൾ, ബദലുകൾ എന്നിവയെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കണം. കൂടാതെ ബദലുകളെപ്പററി സ്വയമേ ചിന്തിക്കുകയും വേണം. അപഗ്രഥനം, പ്രശ്നപരിഹാരനിർദ്ദേശങ്ങൾ എന്നിവ സംബന്ധിച്ച് വിദ്യാർത്ഥികൾ പരസ്പരം ചർച്ച ചെയ്ത് കൂട്ടായ തീരുമാനമെടുക്കണം.

സാമ്പ്രദായിക വിപ്ലവം

അഹിംസാത്മക പരിവർത്തനം മുഖേന ഗവേഷണം, വിദ്യാഭ്യാസം,

പ്രയുക്തരാഷ്ട്രീയം, സ്ഥാപനരൂപവൽക്കരണം എന്നിവയുടെ സമ്പ്രദായങ്ങളിൽ മാററമുണ്ടാവും. നിലവിലുള്ള സമ്പ്രദായങ്ങൾ അഹിംസോന്മുഖമായ കണ്ടെത്തലുകൾക്കും പ്രയോഗങ്ങൾക്കും അനുസൃതമായ രീതിയിൽ അനുരൂപണം ചെയ്യുക, ആവശ്യാനുസരണം പുതിയ പഠന സമ്പ്രദായങ്ങൾ ആവിഷ്ക്കരിക്കുക, അഹിംസാത്മകപരിവർത്തനം സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സിരാശാസ്ത്രം തുടങ്ങിയ മററു വിഷയങ്ങളിലെ പഠനസമ്പ്രദായങ്ങൾ പ്രയോജനപ്പെടുത്തുക തുടങ്ങിയ വെല്ലുവിളികളാണ് ഈ രംഗത്ത് നമ്മുടെ മുന്നിലുള്ളത്. വിശേഷിച്ചും ഹിംസാ മേഖലയിലെ വിഷയങ്ങളെ സംബന്ധിച്ച് ഗവേഷണ പഠനങ്ങൾ നടത്തുന്നതിനും ഹിംസയുടെ പരസ്പരബന്ധിതമായ വിവിധതലങ്ങൾ അപഗ്രഥിക്കുന്നതിനും അനുയോജ്യമായ സമ്പ്രദായങ്ങൾ കണ്ടെത്തുകയെന്നത് കനത്ത ഒരു വെല്ലുവിളി തന്നെയാണ്.

അഹിംസാത്മക രാഷ്ട്രമീമാംസയ്ക്ക് പുതിയ അന്വേഷണ സമ്പ്രദായങ്ങൾ കണ്ടെത്തുന്നതിന് മററ് ഒട്ടേറെ വിഷയങ്ങളുടെ നിതാന്തവികസ്വരമായ പഠനരീതികൾ പരിശോധിക്കാവുന്നതാണ്. തത്ത്വചിന്ത, ചരിത്രം, സ്ഥാപനങ്ങൾ, നിയമാപഗ്രഥനം, അഭിമുഖം, പങ്കാളിത്തനിരീക്ഷണം, സംഭവപഠനങ്ങൾ, താരതമ്യാപഗ്രഥനം, ഉള്ളടക്ക അപഗ്രഥനം, ഗ്രന്ഥമൂലവ്യാഖ്യാനം, ഗെയിം സിദ്ധാന്തം, ജനഹിതാപഗ്രഥനം, സ്ഥിതി വിവരപഠനം, സർവേഗവേഷണം, പരീക്ഷണശാല, ഫീൽഡ് പരീക്ഷണം, മാനവികവും കമ്പ്യൂട്ടർ അധിഷ്ഠിതവുമായ പരീക്ഷണങ്ങൾ, ഈ വിവിധ മേഖലകളുടെ സംയോജനങ്ങൾ എന്നിവയിൽ നിന്നെല്ലാം അനുയോജ്യമായ അന്വേഷണസമ്പ്രദായങ്ങൾ കണ്ടെത്താൻ കഴിയും. പരമ്പരാഗതരീതിയിലുള്ള പ്രഭാഷണങ്ങൾ, വായന, ദർശനം, ചർച്ച, പ്രായോഗികപരിശീലനം എന്നിവ മുതൽ കമ്പ്യൂട്ടർ മുഖേന സ്വന്തനിലയിൽ വൈജ്ഞാനിക ലോകത്തു നടത്തുന്ന പര്യവേക്ഷണങ്ങൾ വരെ വിദ്യാഭ്യാസ സമ്പ്രദായങ്ങളിൽ ഉൾപ്പെടുന്നു. ഭരണഘടനാപരമായ രൂപകല്പന, സംഘർഷപരിഹാരം, സംഘടനാപരമായ മാർഗനിർദ്ദേശങ്ങൾ, തിരഞ്ഞെടുപ്പുസംബന്ധമായ ഉപദേശം, മാധ്യമങ്ങളിലെ അഭിപ്രായ പ്രകടനങ്ങൾ, സുരക്ഷാനയോപദേശം, സാമൂഹികമായ തീരുമാനങ്ങൾ എടുക്കുന്നതിൽ നേതാക്കളും പൗരന്മാരും തമ്മിലുള്ള പങ്കാളിത്തം തുടങ്ങിയ കാര്യങ്ങളാണ് രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നത്. ബുദ്ധിയും പ്രവർത്തനശേഷിയും അനിവാര്യമായ ഈ വിശാലമണ്ഡലത്തിൽ സമ്പ്രദായസംബന്ധമായി ഉയർന്നു വരുന്ന ചോദ്യമിതാണ്. മനുഷ്യന്റെ ജീവിത സാഹചര്യങ്ങളിൽ നിന്ന് ഹിംസയെ ഒഴിവാക്കുവാൻ പഴയതും പുതിയതുമായ പഠനസമ്പ്രദായങ്ങളെ ഏററവും ഫലപ്രദമായ രീതിയിൽ എങ്ങനെ പ്രയോജനപ്പെടുത്താൻ കഴിയും?

സ്ഥാപനപരമായ വിപ്ലവം

ഒരു അഹിംസാത്മക സംഘടനയുടെ സംവിധാനത്തിൽ മാററമുണ്ടാക്കുമ്പോൾ പഠന വിഷയമെന്ന നിലയിൽ രാഷ്ട്രതന്ത്രത്തെ എങ്ങനെ രൂപപ്പെടുത്തും. അതിന്റെ ഉപപഠനവിഷയങ്ങൾ എന്തൊക്കെ ആയിരിക്കണം, മററ് വിഷയങ്ങളുമായും സ്ഥാപനങ്ങളുമായും അതിനുള്ള ബന്ധം എന്തായിരിക്കണം തുടങ്ങിയ ചോദ്യങ്ങൾ ഉന്നയിക്കപ്പെടും. ഈ വിഷയത്തിന്റെ ആഗോളദേശീയ-പ്രാദേശിക തലങ്ങളിലെ നിലവിലുള്ള സംവിധാനങ്ങൾക്കകത്തുനിന്നുകൊണ്ട് അഹിംസാവീക്ഷണത്തോടെ ചോദ്യങ്ങൾ ഉന്നയിക്കുന്നതിനാണ് അഹിംസാത്മകസംഘടനാസംവിധാനം രൂപവത്ക്കരിക്കപ്പെട്ടിട്ടുള്ളത്. പുതുതായി തുടങ്ങുന്ന സ്ഥാപനങ്ങളിൽ അഹിംസാത്മക രാഷ്ട്രതന്ത്ര വകുപ്പുകൾ തുടങ്ങാവുന്നതാണ്. അഹിംസാത്മകമായ സാമൂഹികാവശ്യങ്ങൾ നിറവേററുന്നതിനായി പല വിഷയങ്ങൾ കൂട്ടിച്ചേർത്ത പുതിയ പഠനവിഭാഗങ്ങളോ, ബഹുമുഖതൊഴിൽ പരിശീലനകേന്ദ്രങ്ങളോ ആരംഭിക്കുന്നതും ഉചിതമായിരിക്കും.

1949 ൽ രൂപം കൊണ്ട രാജ്യാന്തര രാഷ്ട്രതന്ത്ര സംഘടനയാണ് രാഷ്ട്രതന്ത്രം എന്ന വിജ്ഞാനശാഖയെ ഇന്ന് ആഗോളതലത്തിൽ പ്രതിനിധാനം ചെയ്യുന്നത്. കുറഞ്ഞത് 35,689 അംഗങ്ങളുള്ള 42 ദേശീയ രാഷ്ട്രതന്ത്ര സംഘടനകളുടെ സംയുക്ത സംരംഭമാണിത്. ( അനുബന്ധം - എ കാണുക). അംഗങ്ങളുടെ വൈവിധ്യമാർന്ന താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി സംഘടന 18 പഠനമേഖലകളും 38 ഗവേഷണസമിതികളും 12 പഠനഗ്രൂപ്പുകളും രൂപവൽക്കരിച്ചിട്ടുണ്ട്. ( അനുബന്ധം - ബി കാണുക) ഇതോടൊപ്പം ദേശീയ സംഘടനകൾ മുഖേന പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത രാജ്യങ്ങളിലെ രാഷ്ട്രതന്ത്രജ്ഞരെയും കൂടി ഉൾപ്പെടുത്തേണ്ടതാണ്.

രാഷ്ട്രതന്ത്രം എന്ന പഠനവിഷയത്തിന്റെ ഇന്നത്തെ സ്ഥിതി വിവരിക്കുന്നതിനായി ഐ.പി. എസ്. എ. യുടെ ഒരു പദ്ധതി പ്രകാരം തയ്യാറാക്കിയ ഗ്രന്ഥമാണ്. രാഷ്ട്രതന്ത്രം സംബന്ധിച്ച പുതിയ കൈപ്പുസ്തകം (ഗൂഡിൻ 4 ക്ലിങ്ങേമാൻ - 1996) 42 എഴുത്തുകാരുടെ ലേഖനങ്ങളാണ് ഇതിലുള്ളത്. കഴിഞ്ഞ രണ്ട് ദശാബ്ദങ്ങളിലെ സംഭവ വികാസങ്ങളുടെ അടിസ്ഥാനത്തിൽ എട്ട് ഉപ വിഷയങ്ങൾ തിരഞ്ഞെടുത്താണ് ലേഖനങ്ങൾ ചേർത്തിരിക്കുന്നത്. രാഷ്ട്രീയ സ്ഥാപനങ്ങൾ (യുക്തിസഹമായ തിരഞ്ഞെടുപ്പ്, നിയമപരമായ കാഴ്ചപ്പാട്) രാഷ്ട്രീയ പെരുമാററം (വോട്ടർമാരുടെ യുക്തിപരത, ബഹുകക്ഷി സമ്പ്രദായം, സ്ഥാപനപരവും പരീക്ഷണാത്മകവുമായ സമീപനങ്ങൾ) താരതമ്യ രാഷ്ട്രതന്ത്രം (മഹത്തായ പെരുമാററ കാഴ്ചപ്പാടുകൾ, ജനാധിപത്യവത്ക്കരണ പഠനങ്ങൾ), രാജ്യാ

ന്തര ബന്ധങ്ങൾ (നവീന യഥാർത്ഥ പ്രസ്ഥാനവും നവീന സ്വാതന്ത്ര്യ വാദവും, പ്രത്യക്ഷജ്ഞാനാനന്തര കാഴ്ചപ്പാടുകളും സ്ത്രീ വാദ കാഴ്ച പ്പാടുകളും) രാഷ്ട്രതന്ത്ര സിദ്ധാന്തം (ദാർശനിക പാരമ്പര്യങ്ങൾ, അന്വേ ഷണാത്മക സിദ്ധാന്തം) പൊതുനയവും ഭരണവും (താരതമ്യനയാപഗ്ര ഥനം, ആശയങ്ങൾ, താത്പര്യങ്ങൾ, സ്ഥാപനങ്ങൾ) രാഷ്ട്രീയ സമ്പ ദ്വ്യവസ്ഥ (സാമൂഹ്യ ശാസ്ത്രപരമായ കാഴ്ചപ്പാടുകളും ഡൗൺസിയാൻ കാഴ്ചപ്പാടുകളും) രാഷ്ട്രീയ പഠനസമ്പ്രദായം (ഗുണപരമായ സമ്പ്രദാ യങ്ങൾ, ഗവേഷണ രൂപകല്പനയും പരീക്ഷണാത്മക സമ്പ്രദായങ്ങളും ) എന്നിവയാണ് ആ ഉപവിഷയങ്ങൾ. പുതിയ നൂററാണ്ടിൽ രാഷ്ട്രതന്ത്ര ത്തെപ്പററി മനസ്സിലാക്കുവാൻ ഇതിലും മെച്ചപ്പെട്ട ഒരു ഗ്രന്ഥം ഉണ്ടാവി ല്ല. എന്നും പ്രസ്താവിച്ചു കൊണ്ടാണ് ഐ.പി. എസ്. എ. അധ്യക്ഷൻ ഈ ഗ്രന്ഥം അവതരിപ്പിച്ചത്.

അതെന്തായാലും രാഷ്ട്രതന്ത്രം അഹിംസാത്മകമായി മാറേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഈ പുതിയ കൈപ്പുസ്തകം വിരൽ ചൂണ്ടുന്ന ത്. ഉദാഹരണത്തിന് ഇതിന്റെ വിഷയ സൂചിക പരിശോധിച്ചാൽ അതി ലൊരിടത്തും " അക്രമം', അക്രമരാഹിത്യം, നരഹത്യ, വംശഹത്യ, വധ ശിക്ഷ, സൈന്യം, ഭീകരവാദം, പോലീസ് എന്നീ വാക്കുകൾ കാണാൻ കഴിയില്ല. യുദ്ധം സംബന്ധിച്ച് അറുപതും സമാധാനം സംബന്ധിച്ച് എട്ടും എൻട്രികളുണ്ട്. വിഷയ സൂചികയിൽ ഹിററ്ലർ, ലെനിൻ എന്നീ പേരുക ളുണ്ട്. എന്നാൽ ഗാന്ധി, കിങ് എന്നീ പേരുകൾക്ക് അതിൽ സ്ഥാനം ലഭി ച്ചിട്ടില്ല. ജനാധിപത്യം, ദേശീയ പ്രതിരോധം, പട്ടാളവിപ്ലവം തടയൽ എ ന്നിവയ്ക്കായി അക്രമരഹിത രാഷ്ട്രീയ സമരങ്ങൾ സംഘടിപ്പിക്കുന്നതു സംബന്ധിച്ച താത്ത്വികവും പ്രായോഗികവുമായ മാർഗങ്ങൾ നിർദ്ദേശിച്ച ലോകത്തിലെ പ്രമുഖ രാഷ്ട്ര മീമാംസകനായ ജീൻ ഷാർപ്പിനെപ്പററി യോ അക്രമരഹിത രാഷ്ട്രീയ പ്രവർത്തനത്തിന്റെ രാഷ്ട്രീയം എന്ന ഗ്ര ന്ഥത്തെപ്പററിയോ ഇതിൽ പരാമർശമില്ല. അക്രമരഹിത സംഘർഷ ലഘൂ കരണം സംബന്ധിച്ച മൗലിക സിദ്ധാന്തങ്ങൾ ആവിഷ്ക്കരിച്ച ജോൺ ബർട്ടന്റെ പേരോ, അദ്ദേഹത്തിന്റെ സംഭാവനകളോ ഇതിൽ ചേർത്തിട്ടി ല്ല. ജോഹാൻ ഗാൽതുങിന്റെ ലോകസമാധാന സംബന്ധമായി നടത്തി യിട്ടുള്ള ശ്രദ്ധേയമായ പഠനങ്ങൾക്കും ഈ ഗ്രന്ഥത്തിൽ അർഹമായ അം ഗീകാരം ലഭിച്ചിട്ടില്ല.

ഐ. പി. എസ്. എ. യിൽ അംഗത്വമുള്ള ഏററവും പഴയ ദേശീയ സം ഘടന 1903 ൽ സ്ഥാപിതമായ അമേരിക്കൻ പൊളിററിക്കൽ സയൻസ് അസോസിയേഷൻ ആണ്. അംഗസംഘടനകളുടെ താത്പര്യങ്ങൾ എട്ട് പ്രധാന മേഖലകളിലും 98 ഉപമേഖലകളിലും 31 പ്രത്യേകതാത്പര്യവി

ഭാഗങ്ങളിലും ( അനുബന്ധം - സി കാണുക) ഉൾപ്പെടുത്തിയിട്ടുണ്ട്. എ. പി. എസ്. എ. യുടെ യും ഐ.പി. എസ്. എ. യുടെയും താത്പര്യഘടനകൾ സാമാന്യേന സമാനമാണ്. അമേരിക്കൻ രാഷ്ട്രതന്ത്രത്തിന്റെ പ്രധാന മേഖലകൾ ഇനിപ്പറയുന്നവയാണ്. അമേരിക്കൻ സർക്കാരും രാഷ്ട്രീയവും താരതമ്യ രാഷ്ട്രീയവും രാജ്യാന്തരരാഷ്ട്രീയം, പഠന സമ്പ്രദായം, രാഷ്ട്രീയ തത്ത്വചിന്തയും സിദ്ധാന്തവും പൊതു നിയമവും കോടതികളും പൊതുനയം, പൊതുഭരണം എന്നീ ഉപവിഭാഗങ്ങളാണ് അതിലുള്ളത്. സംഘർഷപ്രക്രിയകൾ, രാജ്യാന്തര സുരക്ഷയും ആയുധ നിയന്ത്രണവും എന്നീ പ്രത്യേക വിഭാഗങ്ങളുണ്ടെങ്കിലും അവയിലൊന്നിലും അഹിംസാത്മക രാഷ്ട്രീയ പ്രവർത്തനത്തെപ്പററിയോ പറയുന്നില്ല. അക്രമം, അക്രമരാഹിത്യം എന്നിവ മാത്രമല്ല സമാധാനം പോലും പ്രത്യേക വിഭാഗത്തിൽ ചേർക്കാത്തത് ഇതിന്റെ വിവിധ ദൃഷ്ടാന്തങ്ങളിൽ ഒന്നു മാത്രമാണ്. (രാജ്യാന്തര സമാധാന ഗവേഷണ സംഘടനയുടെ പ്രത്യേക പഠനവിഭാഗങ്ങളുമായി ഇത് താരതമ്യം ചെയ്തു നോക്കുക.) അഹിംസാത്മക സാംസ്കാരിക ബദലുകളെ ബോധപൂർവ്വം തമസ്ക്കരിച്ചിരിക്കുന്നത് ഹിംസയിൽ അധിഷ്ഠിതവും അതിനാൽ സംരക്ഷിതവുമായ ജനാധിപത്യമാണ് സാംസ്ക്കാരിക പുരോഗതിക്ക് ഏററവും പ്രതീക്ഷാ നിർഭരമായ മാതൃകയെന്ന് പരോക്ഷമായി സ്ഥാപിച്ചെടുക്കുന്നതിനാണ്.

അമേരിക്കൻ സംഘടനയുടെയും രാജ്യാന്തര രാഷ്ട്രതന്ത്ര സംഘടനയുടെയും നിയന്ത്രണത്തിലുള്ള രാഷ്ട്രതന്ത്രമെന്ന പഠന വിഷയത്തിന്റെ മുഖ്യമേഖലകളിലും ഉപമേഖലകളിലും മാററം വരുത്തണമെന്നാണ് അഹിംസാത്മക രാഷ്ട്രീയപരിവർത്തനം അഭിലഷിക്കുന്നത്. അഹിംസാത്മക സമൂഹങ്ങളെ സംബന്ധിച്ചും അവ യാഥാർഥ്യവത്കരിക്കുന്നതിനുള്ള മാർഗങ്ങളെ സംബന്ധിച്ചും നിങ്ങൾക്ക് എന്താണു പറയാനുള്ളത്? എന്ന ചോദ്യത്തെ നാം അഭിമുഖീകരിക്കേണ്ടതുണ്ട്. നിലവിലുള്ള നല്ല ആശയങ്ങൾക്കൊപ്പം പുതിയ ഘടകങ്ങൾ കൂടി അനുബന്ധിക്കുവാൻ നാം ബാധ്യസ്ഥരാണ്. ദൃഷ്ടാന്തത്തിന് അമേരിക്കൻ രാഷ്ട്രതന്ത്രത്തിലെ നാല് പരമ്പരാഗത പഠനമേഖലകളെ ചോദ്യം ചെയ്തുകൊണ്ട്, ഈ ആശയം വിശദീകരിക്കാവുന്നതാണ്. രാഷ്ട്രീയ ദർശനവും സിദ്ധാന്തവും അമേരിക്കൻ സർക്കാരും രാഷ്ട്രീയവും താരതമ്യ രാഷ്ട്രീയം, രാജ്യാന്തര ബന്ധങ്ങൾ എന്നിവയാണ് ആ മേഖലകൾ.

രാഷ്ട്രീയ ദർശനവും സിദ്ധാന്തവും

രാഷ്ട്രീയ ദർശനത്തിലും സിദ്ധാന്തത്തിലും അഹിംസാത്മകമായ ഒരു മാററം ഉണ്ടാകേണ്ടതാണ്. അതായത് അഹിംസാത്മകമായ ഉൾക്കാഴ്ചകൾ വീണ്ടെടുക്കാനും അഹിംസാത്മകമായ പുതിയ ആശയങ്ങൾ

രൂപപ്പെടുത്താനും പര്യാപ്തമായ രീതിയിൽ ഓരോ സംസ്കാരത്തിലെയും പരമ്പരാഗത രാഷ്ട്രീയ ചിന്തകൾ പുനരവലോകനം ചെയ്യണം. ഉദാഹരണത്തിന് പ്ലാറ്റോയുടെ റിപ്പബ്ളിക്ക് എന്ന ഗ്രന്ഥത്തിൽ യുദ്ധം, വധശിക്ഷ, സൈനിക സംസ്ക്കാരം എന്നിവയെ അംഗീകരിക്കുന്നുണ്ടെങ്കിലും നിരുപദ്രവ ധാർമ്മികതയെപ്പററി സൂചിപ്പിക്കുന്നതായി ഡെന്നീസ് ഡാൾട്ടൻ കണ്ടെത്തിയിട്ടുണ്ട്. രാഷ്ട്രീയ ദാർശനികരും രാഷ്ട്രീയ നേതാക്കളും ഈ ആശയം പുനരുദ്ധരിച്ചുകൊണ്ടു വരേണ്ടതുണ്ട്. പ്ലൂട്ടാർക്കിന്റെ ഇനിപ്പറയുന്ന നിരീക്ഷണത്തിലും ഈ ആശയം പ്രതിഫലിക്കുന്നുണ്ട്. അദ്ദേഹം പറയുന്നു: "കത്തിയെ അഭയം പ്രാപിക്കുകയെന്നത് നല്ല ഒരു ഭിഷഗ്വരന്റെയോ രാജ്യതന്ത്രജ്ഞന്റെയോ ലക്ഷണമല്ല. രണ്ടിടത്തും കഴിവില്ലായ്മയാണ് അത് പ്രകടമാക്കുന്നത്. രാജ്യതന്ത്രജ്ഞന്റെ കാര്യത്തിലാവട്ടെ അനീതിയും ക്രൂരതയും കൂടി പ്രത്യക്ഷപ്പെടുന്നുണ്ട്." (പ്ലൂട്ടാർക്ക് 10:249) ചൈനീസ് ചരിത്രം പരിശോധിച്ചാലും ഇത്തരം അഭിപ്രായ പ്രകടനങ്ങൾ കാണാവുന്നതാണ്. ഉദാഹരണത്തിന് മെൻസ്യൂസിന്റെ (ബി.സി. 371–289) വാക്കുകൾ ശ്രദ്ധിക്കുക. "ബലപ്രയോഗത്തെ അനുകൂലിക്കുന്നത് ആരായാലും അയാൾ നന്മയുടെ നിറകുടമായി കാണുന്നത് ക്രൂരനായ സ്വേച്ഛാധിപതിയെ ആണ്. മാനുഷികമായ ആർദ്ര ഹൃദയത്തോടെ പ്രവർത്തിക്കുന്ന രാജാവാണ് നന്മ ചെയ്യുന്ന രാജാവ്" (ഫംഗ് 1952:112) അതുപോലെ തന്നെ യുദ്ധത്തെയും മർദ്ദനത്തെയും എതിർക്കുകയും സാർവത്രിക സ്നേഹത്തിന്റെ ദർശനം അവതരിപ്പിക്കുകയും ചെയ്ത ചൈനീസ് വിമർശകനായ മോത്സു (ബി.സി. 468–376) വിന്റെ ചിന്തകളും ആഗോളതലത്തിൽ വീണ്ടും ശ്രദ്ധിക്കപ്പെടേണ്ടവയാണ്. (ഫംഗ് 1952:76–105)

അക്രമത്തെ അനുകൂലിക്കുന്നവയെന്ന് അറിയപ്പെടുന്ന പഴയ ഗ്രന്ഥങ്ങൾ പുനർവ്യാഖ്യാനം ചെയ്ത് ഹിംസയെ ഒഴിവാക്കാനും അക്രമരാഹിത്യത്തിന്റെതായ പുതിയ ഉൾക്കാഴ്ചകൾ കണ്ടെത്താനും കഴിയും. അക്രമരഹിത രാജകുമാരൻ എന്ന ഗ്രന്ഥത്തിൽ (1981) ഛയിവത്സഥാ – ആനന്ദമാക്കിയ വെല്ലിക്കു നൽകിയ പുതിയ വ്യാഖ്യാനം ഇതിനു ദൃഷ്ടാന്തമാണ്. അതുപോലെ തന്നെ ശ്രദ്ധേയമാണ് ക്ലൗസേവിററ്സിന്റെ യുദ്ധത്തെ സംബന്ധിച്ച് എന്ന ഗ്രന്ഥത്തിന് ബുറോവെസ് നൽകിയ വ്യാഖ്യാനവും. ഇതിലൂടെ തന്ത്രപ്രധാനമായ പ്രതിരോധത്തിലെ അക്രമരഹിത തത്ത്വങ്ങൾ കണ്ടെത്തുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. (1996) ഹിന്ദുക്കളുടെ ആധ്യാത്മിക ഗ്രന്ഥമായ ഭഗവത്ഗീതയിൽ ഭഗവാൻ കൃഷ്ണൻ വീരനായ അർജ്ജുനനു നൽകുന്ന ഉപദേശത്തിൽ നിന്ന് ഗാന്ധിജി അക്രമരഹിത സിദ്ധാന്തങ്ങൾ കണ്ടെത്തിയ കാര്യം ഈ രണ്ടു ഗ്രന്ഥകാരന്മാരും അനുസ്മരിച്ചിട്ടുണ്ട്.

ഹിംസയെ അംഗീകരിക്കുന്ന പഴയകാല കൃതികൾ ഇന്നത്തെയും ഭാവിയിലെയും അക്രമ രഹിത സർഗാത്മകതയ്ക്ക് ഭീഷണി ഉയർത്തുന്നുണ്ട്. അന്ന് റിപ്പബ്ളിക്കിന്റെ ഭരണാധികാരികൾക്ക് സൈനികമായ കഴിവുകൾ അനുപേക്ഷണീയമാണെന്ന് പ്ളേറേറ പറഞ്ഞുവെങ്കിൽ ഇന്ന് അക്രമരഹിതമായ ഒരു റിപ്പബ്ളിക്ക് ഭരിക്കുന്നതിന് അഹിംസാ തത്ത്വങ്ങളോട് പ്രതിജ്ഞാബദ്ധത പുലർത്തുന്ന ധൈര്യശാലികളായ നേതാക്കളെയും പൗരന്മാരെയുമാണ് നമുക്ക് വേണ്ടത്. യുദ്ധാധിഷ്ഠിത ഭരണ പ്രക്രിയകൾക്ക് അനുയോജ്യമായ ഭരണഘടനകൾ, ഉണ്ടാക്കണമെന്ന് അരിസ്റേറാട്ടിൽ ഉപദേശിച്ചു. എന്നാൽ ഇന്ന് അഹിംസാത്മക സമൂഹങ്ങൾക്ക് സഹായകമാവുന്ന ഭരണഘടനകളാണ് നമുക്ക് ആവശ്യം. ആക്രമണശേഷിക്കാണ് മാക്യവെല്ലി പ്രാമുഖ്യം നൽകിയതെങ്കിൽ ഇന്ന് അക്രമരഹിതരാഷ്ട്രീയാധികാരം കൈവരിക്കുന്നതിനുള്ള തന്ത്രങ്ങളാണ് ഇന്ന് നാം ആവിഷ്ക്കരിക്കേണ്ടത്. സാമൂഹിക സമാധാനം ഇല്ലായ്മ ചെയ്യുന്ന അക്രമാസക്തമായ ഒരു ഭീകര രാഷ്ട്രമാണ് ഹോബ്ബ്സ് വിഭാവനം ചെയ്തത്. എന്നാൽ ഹിംസയ്ക്ക് സ്ഥാനമില്ലാത്ത ഒരു ഭരണസംവിധാനം കെട്ടിപ്പടുക്കാനാണ് ഇന്ന് നാം ബാധ്യസ്ഥരായിട്ടുള്ളത്. സ്വേച്ഛാധിപത്യം തുടച്ചുനീക്കാൻ ലോക്ക് ശുപാർശ ചെയ്യുന്നത്. അതേസമയം ജനാധിപത്യ രീതിയിലുള്ള അക്രമരഹിതമായ ഒരു വിമോചന പ്രസ്ഥാനം വിഭാവനം ചെയ്യാൻ നമുക്കിന്നു കഴിയും. പ്രശ്നപരിഹാരങ്ങൾക്കുള്ള അന്തിമോപാധിയായി മാർക്സും ഏംഗൽസും അവതരിപ്പിച്ചത് അക്രമാസക്തമായ വർഗസമരമാണ്. സാമ്പത്തിക നീതിക്കുവേണ്ടിയുള്ള നമ്മുടെ ദീർഘകാല പ്രതീക്ഷകൾ സാധിതമാക്കുന്നതിന് അക്രമരഹിത സമരങ്ങളാണ് നാമിന്ന് വിഭാവനം ചെയ്യാറുള്ളത്. ചൂഷകർക്കെതിരെ ഹിംസാത്മകമായി പ്രതികരിക്കുന്ന ഒരു സാമൂഹിക വ്യവസ്ഥിതിയെപ്പററിയാണ് റൂസ്സോ പറഞ്ഞത്. എന്നാൽ അഹിംസാത്മക സമൂഹത്തിൽ പരസ്പര ധാരണയോടെയുള്ള ക്ഷേമ ജീവിതമാണ് നാമിന്ന് അഭിലഷിക്കുന്നത്. യുദ്ധ....ച ഉറച്ചു നിന്നാലേ ശാശ്വത സമാധാനം ഉണ്ടാവുകയുള്ളൂ എന്ന് കാന്റ് (1795/1959) പറഞ്ഞു. ഇന്നാവട്ടെ അഹിംസാ പ്രധാനമായ ഒരു ആഗോള വ്യവസ്ഥിതി യാഥാർഥ്യമാക്കുന്നതിനാവശ്യമായ ഘടകങ്ങൾ കൃത്യമായും നിർണയിക്കുവാൻ നമുക്ക് കഴിവുണ്ട്. അക്രമാസക്തമായ സ്വാതന്ത്ര്യവും അക്രമോന്മുഖമായ ഒരു ഭരണഘടനയുമാണ് അമേരിക്കയുടെ രാഷ്ട്രീയ പൈതൃകം. എന്നാൽ അമേരിക്കൻ സമൂഹം മുറുകെപിടിക്കുന്ന അക്രമത്തിൽ നിന്ന് മുക്തമായ ഒരു അഹിംസാത്മക സമൂഹവും അഹിംസാധിഷ്ഠിതമായ ഒരു പുതിയ ഭരണഘടനയും രൂപകല്പന ചെയ്യാൻ നമുക്കിന്നു കഴിവുണ്ട്. അക്രമത്തിന്റെ അനിവാര്യത അംഗീകരിക്കുന്ന ഒരു തൊഴിലാണ് രാഷ്ട്രീയമെന്ന് വെബർ പറഞ്ഞിട്ടുണ്ട്. എന്നാൽ

രാഷ്ട്രീയവും രാഷ്ട്രതന്ത്രവും അക്രമവിമുക്തമാവണമെന്നാണ് ഇന്നത്തെ നമ്മുടെ സങ്കല്പം. ( ആരെന്റ്ത് 1970) മുള്ളർ & സെമെലിൻ - 1955, സ്ററെഗർ & ലിൻഡ് 1999)

ഗാന്ധിയൻ - രാഷ്ട്രീയ ചിന്ത ദാർശനിക താത്ത്വിക മേഖലകളിലേക്ക് വ്യാപിപ്പിക്കുവാൻ അഹിംസാത്മക പരിവർത്തനം നമ്മെ നിർബന്ധരാക്കുന്നു. നാമതു ചെയ്യുന്നില്ലെങ്കിൽ അക്രമത്തെ അരക്കിട്ടുറപ്പിക്കുന്ന ലോകം ഗാന്ധിജിക്ക് നോബൽ സമ്മാനം നിഷേധിച്ചതുപോലെയുള്ള ഒരു അപരാധമായിരിക്കുമത്. ഇതിലേക്കുള്ള വിഭവങ്ങൾ നമുക്ക് പ്രധാനമായും ലഭിക്കുക, വിവിധ ആശയതലങ്ങളിൽ നിന്നും പഠനവിഷയങ്ങളിൽ നിന്നുമുള്ള കാഴ്ചപ്പാടുകളോടെ അഹിംസാവാദത്തെ സമീപിച്ചിട്ടുള്ള ഭാരതീയരായ വ്യാഖ്യാതാക്കളിൽ നിന്നാണ്. അതോടൊപ്പം ഭാരതീയരല്ലാത്ത പ്രമുഖരായ എഴുത്തുകാരുടെ സംഭാവനകളും പരിഗണിക്കാവുന്നതാണ്. (ധവാൻ - 1957, ഡാങ്കേ മുതലായവർ - 1957, അയ്യർ - 1973, പരീഖ് - 1989 എ, 1989 ബി, ബോൺഡ്യുറന്റ് - 1969, ഡാൾട്ടൻ - 1993, ഗാൽ ടങ് - 1992, ഷാർപ്പ് - 1979, സ്ററെഗെർ - 2000)

ലോകത്തിലെ വിവിധ സംസ്കാരങ്ങലിൽ അന്നും ഇന്നുമുള്ള അക്രമരാഹിത്യവക്താക്കളുടെ ചിന്തകളാണ് അഹിംസാത്മക സിദ്ധാന്തത്തെ ക്രിയാത്മകമായി മുന്നോട്ടു നയിക്കുവാനുള്ള അവസരം സൃഷ്ടിക്കുന്നത്. ഇതു സംബന്ധിച്ച് ബി.സി. 550 മുതലുള്ള വിവരങ്ങൾ ആർതറും ലിലാവെയ്ൻബർഗും (1963) ലഭ്യമാക്കിയിട്ടുണ്ട്. അഹിംസയ്ക്ക് ബഹുവിധ മതങ്ങളിലുള്ള വേരുകൾ കണ്ടെത്തുവാൻ ടി. കെ. എൻ. ഉണ്ണിത്താനും യോഗേന്ദ്ര സിംഗിനും (1973) കഴിഞ്ഞു. പ്രാചീനകാലം മുതൽ ഇന്നോളം ഗ്രീക്ക് - റോമൻ പാരമ്പര്യത്തിലും ദൃശ്യമായിട്ടുള്ള സമാധാന വാദത്തിന്റെ ധാരാളം ദൃഷ്ടാന്തങ്ങൾ വിൽമൊറീസ്സി നിരൂപണം ചെയ്തിട്ടുണ്ട്.

അക്രമരഹിത രാഷ്ട്രീയ ചിന്തകൾ ആഗോളതലത്തിൽ പരിശോധിക്കുമ്പോൾ അത്ഭുതപ്പെടുത്തുന്ന ചില കണ്ടെത്തലുകൾ നമുക്ക് പ്രതീക്ഷിക്കാവുന്നതാണ്. 1987 ഡിസംബർ മൂന്നിന് പ്യോങ് ഗ്യാങ്ങിയ നടത്തിയ ഒരു അഭിമുഖത്തിൽ കൊറിയൻ രാഷ്ട്രീയ ചിന്തകനായ ഹ്വാൻങ് ജങ് യോപ്പ് രാഷ്ട്രീയത്തിനു നൽകിയ നിർവചനം നോക്കുക: " സ്നേഹത്തിന്റെയും സമത്വത്തിന്റെയും അടിസ്ഥാനത്തിൽ സമൂഹത്തിലെ എല്ലാ അംഗങ്ങളുടെയും താത്പര്യങ്ങൾ സമന്വയിപ്പിക്കുന്ന പ്രക്രിയയാണ് രാഷ്ട്രീയം".

എന്നാൽ അദ്ദേഹവും അദ്ദേഹവുമായി അഭിമുഖസംഭാഷണം നട

ത്തിയ ആളും ഈ രംഗത്തുണ്ടായ ചില അസാധാരണ പഠനങ്ങളെപ്പററി പരാമർശിച്ചിട്ടില്ല. സ്നേഹം, പരോപകാരതത്പരത എന്നിവയെപ്പററി സൊറോക്കിൻ എന്ന സാമൂഹ്യശാസ്ത്രജ്ഞൻ (1948, 1954) നടത്തിയ പഠനങ്ങൾ ഇവയിൽ പ്രധാനപ്പെട്ടതാണ്. സംഭാഷണം, തീരുമാനം, പ്രവൃത്തി എന്നിവയുടെ പ്രാധാന്യം എടുത്തുകാണിച്ചുകൊണ്ട് അരേന്ദ്ത് നടത്തിയ പഠനങ്ങളും മനുഷ്യന്റെ ആവശ്യങ്ങളോട് പ്രതികരിക്കേണ്ടതെങ്ങനെയെന്ന് വ്യക്തമാക്കുന്ന ബർട്ടന്റെ പഠനങ്ങളും ഇതിനൊപ്പം വയ്ക്കാവുന്നവതന്നെ.

ഇവയിലെല്ലാം തന്നെ ആധുനിക അഹിംസാത്മക സിദ്ധാന്തത്തിന്റെ ബീജങ്ങൾ കണ്ടെത്താൻ കഴിയും.

ഭരണസംവിധാന പഠനങ്ങൾ

രാഷ്ട്രീയമായി സംഘടിപ്പിക്കപ്പെട്ടിട്ടുള്ള സമൂഹങ്ങളെയും അവയുടെ ഘടകങ്ങളെയും സംബന്ധിച്ച പഠനങ്ങളെ – അമേരിക്കൻ സർക്കാരും രാഷ്ട്രീയവും എന്ന പഠനം തന്നെ ദൃഷ്ടാന്തം – സമഗ്രമായി അപഗ്രഥിക്കുമ്പോൾ അഹിംസാത്മകമായ യുക്തിചിന്തയുടെ അടിസ്ഥാനത്തിൽ പല ചോദ്യങ്ങളും ധൈര്യപൂർവ്വം ഉന്നയിക്കാവുന്നതാണ്. എന്നാൽ ഭാവികാര്യ വിദഗ്ധനായ ഹാരോൾഡ് ലിൻസ്റ്റൺ ചൂണ്ടിക്കാട്ടിയിട്ടുള്ളതുപോലെ ചിന്താ ദാരിദ്ര്യമാണ് കാലാകാലങ്ങളായി അനുഭവപ്പെടുന്നത്. അതിനെ മറികടക്കാൻ ഈ ചോദ്യങ്ങൾ ഉപകരിക്കും. രാജ്യസ്നേഹത്തിന്റെ മറവിൽ ചോദ്യം ചെയ്യപ്പെടാതെ കഴിയണമെന്നാണ് രാഷ്ട്രീയ ഹിംസാവാദം ആഗ്രഹിക്കുന്നത്. ഒരു ഭരണസംവിധാനത്തിനുള്ളിൽ നിന്ന് ചോദ്യങ്ങൾ ഉയർന്നു വരുന്നില്ലെങ്കിൽ പുറമേയുള്ള രാഷ്ട്രതന്ത്രജ്ഞർ ആ കർത്തവ്യം ഏറെറടുക്കണം.

ഒട്ടേറെ ചോദ്യങ്ങൾക്ക് ഉത്തരം പറയേണ്ടതുണ്ട് എന്നതാണ് അഹിംസാത്മക സമീപനത്തിന്റെ നിലപാട്. ഓരോ രാഷ്ട്രീയ സമൂഹവും രൂപപ്പെടുത്തുന്നതിലും പരിപാലിക്കുന്നതിലും ഹിംസയുടെ സംഭാവന എന്താണ്? ഭരണസംവിധാനത്തിന്റെ പ്രതിഛായ വർധിപ്പിക്കത്തക്കവിധം ഹിംസയ്ക്ക് മഹനീയമായ എന്തു ചരിത്രമാണുള്ളത്? സർക്കാർ തലത്തിലും സർക്കാരിതര തലത്തിലുമുള്ള ഏതുതരം ഹിംസയ്ക്കാണ് നിലനിൽപ്പുള്ളത്, അതിന്റെ ഭാവി സാധ്യതകൾ എന്തൊക്കെയാണ്? നിയമപരമോ, നിയമവിരുദ്ധമോ, സർക്കാർ അനുകൂലമോ സർക്കാർ വിരുദ്ധമോ രാജ്യത്തുള്ളതോ രാജ്യത്തിനുപുറത്തുള്ളതോ ആയ ഹിംസയിൽ പങ്കാളികളാവാനും അതിനെ പിന്തുണയ്ക്കാനും സാമൂഹികതലത്തിൽ പൗരന്മാർ സന്നദ്ധരാവുന്നതെങ്ങനെ? രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക, സാം

സ്കാരികാശയങ്ങളും പ്രവർത്തനങ്ങളും സംവിധാനങ്ങളും ഹിംസയെ സഹായിക്കുന്നതെങ്ങനെ? ഭൗതിക മൂല്യങ്ങളെയും സ്വാതന്ത്ര്യം, സമത്വം തുടങ്ങിയ ആത്മീയ മൂല്യങ്ങളെയും പരിപാലിക്കുന്നതിൽ ഭരണസംവിധാനത്തിന് ശക്തിപകരാൻ ഹിംസാ വാദത്തിന് എത്രത്തോളം കഴിഞ്ഞിട്ടുണ്ട്?

രണ്ടാമതായി സമൂഹത്തിലെ അഹിംസാത്മകമായ ആശയങ്ങൾ, പ്രവർത്തനങ്ങൾ, നയങ്ങൾ, സ്ഥാപനങ്ങൾ എന്നിവയുടെ ചരിത്രപരമായ അടിവേരുകൾ ഏതൊക്കെയാണ്? അവയുടെ ഇന്നത്തെ പ്രസക്തിയും നാളത്തെ സാധ്യതകളും എന്തൊക്കെ? അക്രമാത്മക രാഷ്ട്രീയാധികാരത്തിനെതിരെ നടന്നിട്ടുള്ള അക്രമരഹിതമായ ചെറുത്തുനിൽപ്പുകളുടെ ഗതി എന്തായിരുന്നു? ഒരു അഹിംസാത്മകസമൂഹം കെട്ടിപ്പടുക്കുന്നതിൽ സർഗാത്മകതയും നിർമ്മാണാത്മക പ്രവർത്തനവും വഹിച്ചിട്ടുള്ള പങ്ക് എന്താണ്?

ഭരണസംവിധാന പഠനങ്ങളിൽ മൂന്നാമതായി വേണ്ടത് ഹിംസയ്ക്കും അഹിംസയ്ക്കും ഇടയിലുള്ള ചാഞ്ചാട്ടങ്ങളുടെ ചരിത്രത്തെ ചോദ്യം ചെയ്യുക എന്നുള്ളതാണ്. ഇത്തരം ചാഞ്ചാട്ടങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ശ്രദ്ധേയരായ വ്യക്തികൾ, ഗ്രൂപ്പുകൾ, സംഘടനകൾ എന്നിവ ഏതൊക്കെയാണ്. സൈനികർ സമാധാനവാഹികളായിത്തീർന്ന സന്ദർഭങ്ങളുണ്ടോ? കൊലപാതകികൾ മനുഷ്യജീവനെ ആദരിക്കുന്നവരായി മാറിയിട്ടുണ്ടോ? അക്രമകാരികളായ വിപ്ലവകാരികൾ സാമൂഹികമാററത്തിനുവേണ്ടി അക്രമരഹിതമാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ടോ? മതാചാര്യന്മാർ ഹിംസയുടെ ആനുകൂല്യങ്ങളെ നിരാകരിച്ചിട്ടുണ്ടോ? അക്രമത്തെ അംഗീകരിക്കണോ നിരാകരിക്കണോ എന്ന ആശങ്കയിൽ അകപ്പെട്ട സാംസ്ക്കാരിക നായകരുണ്ടോ?

വധശിക്ഷ നടപ്പാക്കുകയോ നിർത്തൽ ചെയ്യുകയോ പുനഃസ്ഥാപിക്കുകയോ ചെയ്യുന്നത് കുററകൃത്യങ്ങളുടെ വ്യാപ്തിയിൽ എന്തൊക്കെ മാററങ്ങളാണ് ഉണ്ടാക്കിയിട്ടുള്ളത്? സൈനികശേഷി വെട്ടിക്കുറയ്ക്കുകയും അതിനുശേഷം അത് പുനഃസ്ഥാപിക്കുകയും ചെയ്യത സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ? സൈന്യത്തെ പിരിച്ചു വിട്ട സംഭവങ്ങളുണ്ടോ? പോലീസും ജനങ്ങളും നിരായുധീകരണം നടത്തിയ ശേഷം വീണ്ടും സായുധമായിട്ടുണ്ടോ? മുമ്പ് അങ്ങേയററം എതിരാളികളായിരുന്നവർ ഹിംസാത്മക സാഹചര്യങ്ങൾ വീണ്ടും ഉണ്ടാവുമ്പോൾ ശരിക്കും സമാധാനപരമായ അനുരഞ്ജനത്തിന് തയ്യാറായിട്ടുണ്ടോ? അക്രമത്തെ അനുകൂലിക്കുന്ന സമ്പദ്വ്യവസ്ഥകൾ വ്യക്തികളുടെയോ സമൂഹത്തിന്റെയോ ആവശ്യങ്ങളോട് പൂർണമായോ ഭാഗികമായോ അക്രമരഹിതമായ രീതിയിൽ പ്രതികരിച്ചി

ട്ടുണ്ടോ? നാലാമതായി, അഹിംസാത്മക സമൂഹ സൃഷ്ടിക്കുതകുന്ന ചരിത്രപരവും ആനുകാലികവുമായ ഭരണസംവിധാനഘടകങ്ങൾ എന്തൊക്കെയാണ്? രാഷ്ട്രീയം, സാമൂഹികം, സാമ്പത്തികം, സാംസ്ക്കാരികം എന്നിവയിൽ ഏതൊക്കെ? ഇങ്ങനെയൊരു സാഹചര്യത്തിൽ മതം, ആദർശങ്ങൾ, നിയമങ്ങൾ, സ്ഥാപനങ്ങൾ, നയങ്ങൾ, സാമൂഹിക - സാമ്പത്തിക സംവിധാനങ്ങൾ, വിദ്യാഭ്യാസം, ആശയവിനിമയം, കലകൾ, ഭരണസംവിധാനന്തരബന്ധങ്ങൾ എന്നിവ വഹിക്കുന്ന പങ്കെന്ത്? ഹിംസയിലേക്ക് തിരിച്ചു പോകാതെയും ഹിംസാഭീഷണി അഭിമുഖീകരിക്കാതെയും സ്വാതന്ത്ര്യം, സമത്വം, ഭൗതികക്ഷേമം, സുരക്ഷിതത്വം മുതലായ മൂല്യങ്ങൾക്ക് മുന്നേറാൻ സഹായകമായ ഏററവും നല്ല സാഹചര്യങ്ങൾ എന്തൊക്കെ?

### താരതമ്യരാഷ്ട്രീയം

താരതമ്യരാഷ്ട്രീയാന്വേഷണത്തിൽ അക്രമരഹിതമായ മാനവിക ശേഷികളെ പ്രമുഖ സ്ഥാനത്ത് പ്രതിഷ്ഠിക്കേണ്ടതെങ്ങനെ എന്നത് ഹിംസാത്മക പരിവർത്തനം ഉന്നയിക്കുന്ന ഒരു പ്രശ്നമാണ്. സമൂഹങ്ങൾക്കുള്ളിലും സമൂഹങ്ങൾ തമ്മിലും സർക്കാരുകളും പൗരന്മാരും ഹിംസാത്മക ശക്തി ഉപയോഗിക്കുമെന്ന് ഭീഷണിപ്പെടുത്തുകയോ ഉപയോഗിക്കുകയോ ചെയ്യുന്നത് തടയാനുതകുന്ന ആശയങ്ങൾ, സ്ഥാപനങ്ങൾ, ഘടനകൾ, പ്രക്രിയകൾ, നയങ്ങൾ എന്നിവ താരതമ്യം ചെയ്തു പഠിക്കുന്നതിന് പര്യാപ്തമായ ഉൾക്കാഴ്ചകൾ എന്തൊക്കെയാണ്? അഹിംസാത്മക അപഗ്രഥനം, കാര്യക്ഷമമായ പരിവർത്തന പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള അന്വേഷണം എന്നിവയുടെ സഹായത്തോടെ നടത്തുന്ന താരതമ്യപഠനത്തിൽ നിന്ന് ഒരൊററ ഭരണസംവിധാനത്തിനപ്പുറമുള്ള അഹിംസാ ബദലുകൾ നമുക്ക് കണ്ടെത്താനാവും.

ഹിംസാ, അഹിംസ എന്നിവയോടുള്ള ആഭിമുഖ്യത്തിന്റെ അടിസ്ഥാനത്തിൽ സമൂഹങ്ങളെ താരതമ്യം ചെയ്യാനും അവയുടെ റാങ്ക് നിർണയിക്കാനും കഴിയും. ജനാധിപത്യ സ്ഥാപനങ്ങൾ, മനുഷ്യാവകാശങ്ങൾ, സ്ത്രീകളുടെ പദവി, കുട്ടികളുടെ ക്ഷേമം, സാമ്പത്തിക വികസനത്തിന്റെ നിലവാരം എന്നിവയുടെ കാര്യത്തിലൊക്കെ ഇപ്രകാരം ചെയ്യാറുണ്ടല്ലോയ ഹിംസയുടെ തോത് അളക്കുമ്പോൾ സർക്കാരിന്റെ അനുകൂലികളും എതിരാളികളും നടത്തുന്ന കൊലപാതകങ്ങൾ, കുററവാളികൾ നടത്തുന്ന കൊലപാതകങ്ങൾ, പൗരന്മാർ നടത്തുന്ന നരഹത്യകളും ആത്മഹത്യകളും രാജ്യങ്ങൾ അതിർത്തി കടന്ന് നടത്തുന്ന കൊലപാതകങ്ങൾ, കൊല നടത്തുന്നതിന് നൽകുന്ന വിദഗ്ധ പരിശീലനം, ഹിംസയെ സഹായിക്കുന്ന സാങ്കേതിക ശേഷികൾ, ഹിംസയെ സഹായിക്കുന്ന രാ

ഷ്ട്രീയ സമ്പദ്‌വ്യവസ്ഥയുടെ സൂചകങ്ങൾ മുതലായവ പരിശോധിക്കണം. ഓരോ ഭരണസംവിധാനവും ഒറ്റയ്ക്ക് പരിശോധിച്ച് അതിലെ അഹിംസാത്മക സവിശേഷതകളുടെ സമാന്തര റാങ്കിങ്ങും നടത്താവുന്നതാണ്. ഹിംസാത്മക രാഷ്ട്രങ്ങളുടെയും അഹിംസാത്മക രാഷ്ട്രങ്ങളുടെയും താരതമ്യ റാങ്കിങ് ഇടയ്ക്കിടെ പ്രസിദ്ധീകരിക്കുന്നത് ആഗോള രാഷ്ട്രതന്ത്ര രംഗത്ത് നടത്തുന്ന ഒരു പൊതു ജനസേവനമായിരിക്കും. സ്റ്റോക്ക് മാർക്കറ്റ്, സ്പോർട്സ് സ്കോറുകൾ എന്നിവയുടെ ആഗോളനിലവാരം നിർണയിക്കുന്നതിനെക്കാൾ ഒട്ടും കുറഞ്ഞ കാര്യമല്ല ഇത്. ഇപ്രകാരം ഹിംസയുടെയും അഹിംസയുടെ ഉയർച്ച താഴ്ചകൾ റിപ്പോർട്ടു ചെയ്യേണ്ടതാണ്.

വിവിധ ഭരണസംവിധാനങ്ങളുടെ ആഭ്യന്തരവും പരസ്പരവുമായ സാമൂഹിക ഘടകങ്ങളെ സംജാത്യവൈജാത്യങ്ങളുടെ അടിസ്ഥാനത്തിൽ താരതമ്യം ചെയ്യുന്നത് കാര്യകാരണങ്ങളും പരിവർത്തനങ്ങളും മനസ്സിലാക്കാൻ സഹായകമാവും. ഇവയിൽ പ്രധാനമായും പരിഗണിക്കേണ്ട ഒരു കാര്യം മതങ്ങൾ, ആദർശ സംഹിതകൾ, കലകൾ, രാഷ്ട്രീയ കക്ഷികൾ, സ്ത്രീ പുരുഷ പരിഗണന, വയോവിഭാഗങ്ങൾ, വിദ്യാഭ്യാസനിലവാരം, വർഗങ്ങൾ, വംശീയ ഗ്രൂപ്പുകൾ, സാമ്പത്തിക സംരംഭങ്ങൾ, സർവകലാശാലകൾ, തൊഴിൽ വിദഗ്ദ്ധർ എന്നീ വിഭാഗങ്ങൾക്ക് ഹിംസയോടും അക്രമരാഹിത്യത്തോടുമുള്ള ആഭിമുഖ്യങ്ങളാണ്.

സമകാലിക രാഷ്ട്രതന്ത്രത്തിന്റെ സൈദ്ധാന്തിക മേഖലയിൽ അഹിംസാ സംബന്ധമായ താരതമ്യപഠനങ്ങൾ വളരെയേറെ മുന്നേറേണ്ടിയിരിക്കുന്നു. ഏകാധിപത്യ ഭരണകൂടങ്ങളുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ ജനാധിപത്യരാഷ്ട്രങ്ങൾ പരസ്പരം പോരടിക്കുകയോ സ്വന്തം പൗരന്മാരെ കൂട്ടക്കൊലയ്ക്ക് വിധേയമാക്കുകയോ ചെയ്യാറില്ല. എന്നാൽ ഹിംസയിൽ ഉറച്ചു നിൽക്കുന്ന സ്വതന്ത്ര ജനാധിപത്യരാഷ്ട്രങ്ങളുമുണ്ട്. അക്രമോന്മുഖ സംസ്കാരങ്ങളാണ് അവിടങ്ങളിൽ നിലനിൽക്കുന്നത്. അഹിംസാത്മക സംസ്കാരങ്ങളുടെയും സംവിധാനങ്ങളുടെയും ബദലുകൾ ഉണ്ടാവേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ഉദാഹരണത്തിന് രണ്ടാമധ്യായത്തിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ, അടുത്തടുത്തു കിടക്കുന്ന രണ്ട് മെക്സിക്കൻ ഗ്രാമങ്ങളുടെ സ്ഥിതി നോക്കുക. സാമൂഹിക - സാമ്പത്തിക കാര്യങ്ങളിൽ സമാനത പുലർത്തുന്ന ഈ ഗ്രാമങ്ങളിൽ ഒന്ന് അക്രമത്തിൽ മുന്നിട്ടു നിൽക്കുമ്പോൾ മറേറത് അക്കാര്യത്തിൽ പിന്നിലാണ്. അക്രമത്തിൽ താത്പര്യം പുലർത്തുന്ന ഗ്രാമത്തിലെ ആളുകൾ സ്വയമേവ അക്രമികളായി കണക്കാക്കുകയും അതിൽ അഭിമാനം കൊള്ളുകയും ചെയ്യുന്നു. നേരെ മറിച്ച് മറേറ ഗ്രാമക്കാർ സമാധാ

നകാംക്ഷികളും അതിൽ അഭിമാനിക്കുന്നവരുമാണ്. (ഫ്രൈ 1994). അക്ര മത്തിൽ, താത്പര്യമുള്ള ഒരു ഇന്തോനേഷ്യൻ ഗ്രാമത്തിലെയും അവിടെ ത്തന്നെ അതിൽ താത്പര്യമില്ലാത്ത മററൊരു ഗ്രാമത്തിലെയും കുട്ടികളു ടെ കളികൾ താരതമ്യം ചെയ്തു പഠിച്ചപ്പോൾ ആദ്യ വിഭാഗത്തിൽപ്പെ ട്ടവർ മനുഷ്യരെയും മൃഗങ്ങളെയും ഉപദ്രവിക്കുന്ന കളികളിലും മറേറ ഗ്രാമത്തിലെ കുട്ടികൾ മനുഷ്യർക്കും മൃഗങ്ങൾക്കും ഉപദ്രവമില്ലാത്ത കളി കളിലും ഏർപ്പെടുന്നതായി കാണാൻ കഴിഞ്ഞു. (റോയ്സ് 1980). ഇത്തരം കണ്ടെത്തലുകൾ ബോക്സിങ്ങ്, ഹോക്കി, ഗുസ്തി, അമേരിക്കൻ ഫു ട്ബോൾ തുടങ്ങിയ കളികൾക്കു പിന്നിലെ അക്രമാസക്ത സംസ്കാര ത്തെപ്പററി മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു.

## രാജ്യാന്തര രാഷ്ട്രീയം

അഹിംസാത്മക പരിവർത്തനം രാജ്യാന്തര രാഷ്ട്രീയം, അന്താരാഷ്ട്ര ബന്ധങ്ങൾ, ആഗോളരാഷ്ട്രീയം എന്നിങ്ങനെ അറിയപ്പെടുന്ന മേഖല യിൽ മൊത്തത്തിലും ആ മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തികളിലും ചലനങ്ങളുണ്ടാക്കും. ഇത് വൻതോതിലും ചെറുതോതിലുമുള്ള അന്വേ ഷണങ്ങൾക്കും ഇടത്തരം സ്ഥാപനങ്ങളുടെ പരമ്പരാഗതപഠനങ്ങൾക്കും വഴിയൊരുക്കും. ഒരു വശത്ത് ആഗോളഭരണസംവിധാനത്തിന്റെ (രാഷ്ട്ര ത്തിന്റെയും മററ് സ്ഥാപനങ്ങളുടെയും) പരസ്പര ബന്ധങ്ങളുടെ ഘടന യിലും പ്രശ്നപരിഹാര പ്രക്രിയകളിലും മാററം വരുത്തും. ഇത് ചരിത്ര ഗതിയുമായി ബന്ധമുള്ളതും സന്ദർഭങ്ങൾക്ക് അനുസൃതമായിരിക്കും. ചരി ത്രമെന്നത് മനുഷ്യരാശിയുമായി ബന്ധപ്പെട്ടതാണ്. ആഗോള- പ്രാദേശിക സാഹചര്യങ്ങളുടെ പരസ്പര ബന്ധത്തോടുകൂടിയ പ്രതിപ്രവർത്തനത്തി നാണ് സന്ദർഭം എന്നു പറയുന്നത്.

നേരെ മറിച്ച്, അഹിംസാത്മകമായ ആഗോള സമൂഹം കെട്ടിപ്പടുക്കു ന്നതിന് ഓരോ വ്യക്തിയുടെയും ക്ഷേമകാര്യത്തിൽ ശ്രദ്ധപതിപ്പിക്കേണ്ട ത്. തലമുറകൾ വരികയും പരസ്പരം ഇടപെടുകയും ഈ ലോകത്തു നിന്ന് കടന്നു പോവുകയും ചെയ്യുന്നത് വ്യക്തികളെന്ന നിലയിലാണെന്ന് നാം ഓർക്കുക. അഹിംസാത്മക രാഷ്ട്രീയാപഗ്രഥനത്തിന്റെ അടിസ്ഥാന ഘടകം മനുഷ്യ വ്യക്തിയാണ്. സംഘടനകൾ, സംവിധാനങ്ങൾ, പ്രക്രി യകൾ എന്നിവ വ്യക്തിപരമായ പെരുമാററത്തിന്റെ ആകെത്തുകയാണ്. ആഗോള രാഷ്ട്രീയം ലോകത്തിലെ വ്യക്തികളുടെ രാഷ്ട്രീയമാണ്. ആഗോളതലത്തിലുള്ള അഹിംസാത്മക സമൂഹം ഹിംസ ചെയ്യാത്ത വ്യ ക്തികളെ ആശ്രയിച്ചാണിരിക്കുന്നത്. ആരും ആരെയും കൊല്ലുകയോ ആരും തന്നെ കൊല്ലപ്പെടുകയോ ചെയ്യാത്ത ഒരു സാഹചര്യം ഉടലെടു ക്കുന്നതിന് എല്ലാ മനുഷ്യരുടെയും താത്പര്യങ്ങൾ പരിഗണിക്കപ്പെടണം.

അഹിംസാത്മകമായ അപഗ്രഥനത്തിന്റെ പ്രവർത്തനത്തിന്റെയും പിന്നിലുള്ള യുക്തിബോധം ആഗോള മനുഷ്യരാശിക്കാകമാനം ബാധകമാക്കണമെന്നാണ് ഈ പറഞ്ഞതിന്റെ അർഥം. അക്രമത്തെ സംബന്ധിച്ചിടത്തോളം രാഷ്ട്രതന്ത്രത്തിന്റെ പഠനവിഷയങ്ങൾ പാരമ്പര്യമായിത്തന്നെ രാഷ്ട്രം നടപ്പാക്കുന്ന അക്രമം, രാഷ്ട്രവിരുദ്ധ അക്രമം എന്നിവയും വിവിധ സമൂഹങ്ങൾ തമ്മിൽ നടത്തുന്നതും എല്ലാവിധ അക്രമങ്ങൾക്കും പ്രസക്തിയുള്ളതുമായ യുദ്ധവുമാണ്. സാന്ദർഭികമായ വിശദീകരണങ്ങൾ മുഖേന ഇവയെ ആഗോളാടിസ്ഥാനത്തിൽ സംയോജിപ്പിക്കുന്നതിലാണ് ഈ രാഷ്ട്രതന്ത്രം താത്പര്യം പുലർത്തുന്നത്. അക്രമരാഹിത്യത്തെ സംബന്ധിച്ചിടത്തോളം ആഗോളാടിസ്ഥാനത്തിൽ ആഭ്യന്തരവും ബാഹ്യവുമായ രാഷ്ട്രീയ അസ്തിത്വങ്ങളിലെ അഹിംസാത്മകശക്തികളെ കണ്ടെത്തുകയാണ് ചെയ്യുന്നത്. എന്തു കൊണ്ടെന്നാൽ അക്രമരഹിത പരിവർത്തനം കൈവരിക്കുന്നതിന്, ആഗോളപശ്ചാത്തലത്തിൽ സമൂഹങ്ങൾ ആഭ്യന്തരമായും ബാഹ്യമായും നടത്തുന്ന ഹിംസാത്മകവും അഹിംസാത്മകവുമായ പരസ്പരപ്രവർത്തനങ്ങളെപ്പററി നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

അഹിംസാത്മക ആഗോളസമൂഹത്തെപ്പററി സമഗ്രമായി മനസ്സിലാക്കുന്നതിന് മനുഷ്യരാശിയെ ഒന്നായിക്കണ്ട് ഭൂതകാലത്തെയും വർത്തമാനകാലത്തെയും സാമൂഹികാഭിമുഖ്യങ്ങൾ നാം അന്വേഷിച്ചുകണ്ടെത്തേണ്ടതുണ്ട്. വ്യക്തിതലത്തിൽ അവന്റെ അക്രമപരവും അക്രമരഹിതവുമായ മുൻഗണനകളാണ് കണ്ടെത്തേണ്ടത്. അവരുടെ അക്രമരഹിത പരിവർത്തനത്തിന്റെ ചാലകശക്തിയും, അക്രമരഹിതപ്രവർത്തനത്തിന്റെ ആയുഷ്ക്കാല സഹായകമായ സാമൂഹിക സാഹചര്യങ്ങളുടെ സ്വഭാവവിശേഷങ്ങളും നാം മനസ്സിലാക്കണം.

ഹിംസാനാളത്തെ അഹിംസാ ബദലുകളുടെ അഴിയുന്ന ചുരുളാക്കി മാററുന്നതിന്, ഹിംസാ പ്രവർത്തനങ്ങളെ നിർവീര്യമാക്കുംവിധം ഹിംസാമേഖലയിൽ സർവസ്പർശിയായ ഇടപെടലുകൾ ഉണ്ടാവണം. അതായത് അഹിംസാത്മകമായ പ്രശ്നപരിഹാരത്തിന് നേതാക്കളെയും പൗരന്മാരെയും പ്രാപ്തരാക്കുന്ന ആഗോളസാമൂഹികവത്കരണവും പരിശീലനവും നടപ്പാക്കണം. അഹിംസാത്മക പരിവർത്തനത്തെ സഹായിക്കുന്ന ആഗോളസാംസ്കാരിക സംഭാവനകളെ നാം തിരിച്ചറിയുകയും പ്രോത്സാഹിപ്പിക്കുകയും വേണമെന്നാണ് ഇത് അർഥമാക്കുന്നത്. രാഷ്ട്രീയ, സൈനിക, സാമ്പത്തിക, സാമൂഹിക, സംവിധാനങ്ങളിൽ ഹിംസയെ പിന്തുണയ്ക്കുന്ന ഘടകങ്ങൾ എന്തെക്കെയാണെന്ന് കണ്ടെത്തുകയും അവയെ ആഗോളതലത്തിൽ അഹിംസാത്മകമായി മാററിയെടുക്കേണ്ടതെങ്ങനെ എന്ന് മനസ്സിലാക്കുകയും ആ പ്രക്രിയയെ സഹായിക്കുകയും വേണം.

അഹിംസാത്മക രാഷ്ട്രതന്ത്രം

മനുഷ്യരാശിക്ക് ഹിംസാരഹിതമായ സമൂഹങ്ങൾ കെട്ടിപ്പടുക്കുവാൻ കഴിയുമെന്ന നമ്മുടെ വിശ്വാസം രാഷ്ട്രതന്ത്രത്തിന്റെ ഓരോ മേഖലയിലും ഉപമേഖലയിലും അതിന്റെ ആനുകാലികമായ ഓരോതലത്തിലും ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്. രാഷ്ട്രതന്ത്രത്തിന് മൂല്യങ്ങളെ അവഗണിക്കാൻ കഴിയുകയില്ല എന്നു പറയുമ്പോൾ അഹിംസ ആ വിഷയത്തിന്റെ അംഗീകൃതമൂല്യമല്ലേ എന്ന ചോദ്യമുണ്ടാവും. അഹിംസാത്മക രാഷ്ട്രീയാധികാരത്തിന്റെ തത്ത്വവും പ്രയോഗവും അക്രമാസക്ത ധാരണകളെയും പ്രവർത്തനങ്ങളെയും മാററിമറിക്കാൻ പ്രാപ്തിയുള്ളവയാണോ? തദ്ദേശീയതലം മുതൽ ആഗോളതലം വരെ അഹിംസാത്മക ജനാധിപത്യസ്ഥാപനങ്ങൾ ഉണ്ടാക്കാൻ കഴിയുമോ? അക്രമോന്മുഖ ദേശീയ – ആഗോള സുരക്ഷ വരെയുള്ള കാര്യങ്ങളിൽ അക്രമരഹിത പരിവർത്തനം വരുത്താൻ കഴിയുമോ? അക്രമോന്മുഖരാഷ്ട്രീയ സമ്പദ്വ്യവസ്ഥയെ ആഗോള അക്രമരഹിത രാഷ്ട്രീയ സമ്പദ് വ്യവസ്ഥയായി മാററുവാൻ സാധ്യമാണോ? സ്ത്രീ വാദം, കുലം, വർഗം, വംശം, ഭാഷ, മതം എന്നിവയുടെ കാഴ്ചപ്പാടുകളിലൂടെ അഹിംസാ സിദ്ധാന്തവും പ്രയോഗവും സമ്പന്നമാക്കാൻ കഴിയുമോ? സാമൂഹികതലത്തിലുള്ള അക്രമം, അക്രമരാഹിത്യത്തിന്റെ സാധ്യതകൾ, പരിവർത്തന പ്രക്രിയകൾ, അഹിംസാത്മക പ്രവർത്തനങ്ങളുടെ ഫലങ്ങൾ മുതലായവ സമഗ്രമായി മനസ്സിലാക്കുന്നതിന് ഏററവും അനുയോജ്യമായ പഠന സമ്പ്രദായങ്ങൾ എന്തൊക്കെയാണ്?

ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുമ്പോൾ രാഷ്ട്രമീമാംസയുടെ സംഭാവനകളെ അവഗണിക്കുക സാധ്യമല്ല. എന്നാൽ അഹിംസാത്മകമായ ഒരു ലോകത്ത് അഹിംസാത്മക സമൂഹങ്ങൾ കെട്ടിപ്പടുക്കുന്നതിനുള്ള സാധ്യതകൾ അത് ഗൗരവപൂർവ്വം പരിഗണിക്കേണ്ടതുണ്ട്. അപ്രകാരം ചെയ്യുന്ന പക്ഷം ആഗോളതലത്തിൽ അക്രമരഹിതമായി പ്രശ്നപരിഹാരങ്ങൾ കണ്ടെത്തുന്ന പ്രക്രിയയിൽ രാഷ്ട്രമീമാംസയ്ക്ക് സജീവ പങ്കാളിത്തം വഹിക്കാൻ കഴിയും.

## അദ്ധ്യായം : 4

# പ്രശ്നപരിഹാര പ്രവർത്തനങ്ങൾ

ഈ സർവനാശത്തെ (പോഷകാഹാരക്കുറവുകൊണ്ടും ദാരിദ്ര്യം കൊണ്ടും കോടിക്കണക്കിനാളുകൾ ചത്തൊടുങ്ങുന്ന അവസ്ഥ) അപലപിക്കുകയും എതിർക്കുകയും ചെയ്യുന്ന എല്ലാവരും ഐകകണ്ഠ്യേന പറയുന്നു: രാഷ്ട്രീയ കാരണങ്ങളാലാണ് ഈ ദുരന്തമുണ്ടായത്.

നോബൽ സമ്മാന ജേതാക്കളായ 53 പേരുടെ മാനിഫെസ്റ്റോ, 1981

അഹിംസാത്മക രാഷ്ട്രതന്ത്രത്തിന്റെ പ്രശ്നപരിഹാരപ്രവർത്തനങ്ങൾ എന്തൊക്കെയാണ്?

ഇതിന്റെ ആകെക്കൂടിയുള്ള ലക്ഷ്യം ആഗോളമനുഷ്യജീവിതത്തിൽ നിന്ന് ഹിംസയെ തുടച്ചു മാറ്റുക എന്നതാണ്. കൊല്ലപ്പെടുകയോ കൊല്ലുകയോ ചെയ്തേക്കാവുന്ന ഓരോ മനുഷ്യവ്യക്തിക്കും ആയുഷ്ക്കാലക്ഷേമം ഉറപ്പാക്കുക എന്നതാണ് അഹിംസാത്മക രാഷ്ട്രതന്ത്രത്തിന്റെ പ്രത്യേക ദൗത്യം. രാഷ്ട്രതന്ത്രത്തിന്റെ കേന്ദ്രബിന്ദുവായ മനുഷ്യവ്യക്തിയിലും അവന്റെ ഉത്കർഷത്തിലുമാണ് അതിന് താത്പര്യമുള്ളത്. കൂടാതെ ആധ്യാത്മികത, സ്ത്രീ പുരുഷാവസ്ഥ, പ്രായം, വംശം, വർഗം, തൊഴിൽ, ദേശീയത, *രാഷ്ട്രീയാഭിപ്രായം എന്നിവയുടെ* അടിസ്ഥാനത്തിൽ മനുഷ്യനുണ്ടാവുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാനും അത് ശ്രമിക്കുന്നുണ്ട്. അക്രമരാഹിത്യത്തിന് പലവിധ കൂറുകളാണുള്ളത്. അതോടൊപ്പം ഹിംസാ ഭീഷണിയോ ഹിംസാ ശക്തിയോ ഇല്ലാതെ എല്ലാവരുടെയും ആവശ്യങ്ങളോട് പ്രതികരിക്കുകയും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യുക എന്ന ലക്ഷ്യവും അതിനുണ്ട്.

ഹിംസയെ സഹായിക്കുന്ന ഘടകങ്ങൾ കുറച്ചുകൊണ്ടുവരികയും അക്രമരാഹിത്യത്തെ സഹായിക്കുന്ന ഘടകങ്ങളെ ശക്തിപ്പെടുത്തുകയും

ചെയ്യുക എന്ന ദൗത്യമാണ് അഹിംസാത്മക രാഷ്ട്രതന്ത്രത്തിനുള്ളത്. ഹിംസയുടെ കുഴലിലും അഹിംസയുടെ അഴിയുന്ന ചുരുളിലും (ചിത്രം 2) സംയോജിച്ചിട്ടുള്ള അഞ്ചു മേഖലകളിലെ ആഭ്യന്തര - ബാഹ്യപ്ര ശ്നങ്ങൾ പരിഹരിക്കാൻ അത് ശ്രമിക്കുന്നു. പ്രശ്നപരിഹാരപ്രക്രീയയിൽ നേരിട്ട് ഇടപെടുകയും അതിൽ ഏർപ്പെട്ടിരിക്കുന്നവരെ സഹായിക്കുക യും ചെയ്യുക എന്നതാണ് രാഷ്ട്രതന്ത്രം എന്ന കർമ്മാനുഷ്ഠാനത്തിന്റെ കർത്തവ്യം. സ്വകാര്യ-പൊതുതലങ്ങളിൽ നടത്തുന്ന പ്രശ്നപരിഹാരപ്ര വർത്തനങ്ങളെ സഹായിക്കുന്നതിനായി അത് ഗവേഷണ-പരിശീലന സൗ കര്യങ്ങൾ പ്രദാനം ചെയ്യണം. എല്ലാവരുടെ ആവശ്യങ്ങൾ നിറവേററുന്ന തിനുപര്യാപ്തമായ വ്യക്തിതലത്തിലും സാമൂഹികതലത്തിലുമുള്ള തീ രുമാനമെടുക്കൽ പ്രക്രിയയ്ക്ക് അത് സൗകര്യമൊരുക്കണം.

അഹിംസാത്മക രാഷ്ട്രതന്ത്രം പ്രശ്നപരിഹാര പ്രവർത്തനങ്ങൾ ഒരു ദൗത്യമായി ഏറെറടുക്കുമ്പോൾ അതിന് സർവജ്ഞതയോ സർവശേഷി യോ സർവശക്തിയോ ഉണ്ടെന്ന് അർഥമാക്കുന്നില്ല. എന്നാൽ ആധ്യാത്മിക - ഭൗതിക - സാംസ്കാരിക മേഖലകളിലെ സാമൂഹിക ജീവിതത്തിൽ സൗഖ്യം ഉണ്ടാക്കാനുള്ള കഴിവ് അതിനുണ്ടെന്നുള്ള വസ്തുത നിഷേധി ച്ചുകൂടാ. ഇത് സർവാധികാരപരമായ ഒരു ഇടപെടലല്ല, നേരെമറിച്ച് രാ ഷ്ട്രീയ നേതാക്കൾ, സ്ഥാപനങ്ങൾ, സർക്കാരുകൾ, ജനങ്ങൾ തുടങ്ങി അക്രമരാഹിത്യത്തിൽ വിജയിക്കുന്നവരും പരാജയപ്പെടുന്നവരും അതി ന്റെ ശക്തമായ സാമൂഹിക പ്രത്യാഘാതങ്ങൾക്ക് വിധേയരാണ്. ഭൗതിക മായ അസ്തിത്വം, സാമ്പത്തിക സുസ്ഥിതി എന്നിവ മുതൽ മനുഷ്യപ്ര തീക്ഷകളുടെ അത്യുന്നതി വരെ അതിന്റെ സ്വാധീനവലയത്തിൽ ഉൾപ്പെ ടുന്നു. അഹിംസാത്മക സമൂഹങ്ങൾക്ക് സേവനമർപ്പിക്കുവാൻ ശ്രമിക്കു മ്പോൾ രാഷ്ട്രതന്ത്രത്തിന് ആതുരശുശ്രൂഷ, പൊതുജനാരോഗ്യം എന്നി വയെക്കാൾ ഒട്ടും കുറയാത്ത വിശാല താത്പര്യങ്ങളാണുള്ളത്.

അഭിലാഷവും യാഥാർഥ്യവും തമ്മിലുള്ള പൊരുത്തക്കേടാണ് പ്ര ശ്നങ്ങൾ എന്ന് നിർവചിക്കാവുന്നതാണ്. ഓരോ പ്രശ്നത്തിനും സങ്കീർ ണമായ ഉപപ്രശ്നങ്ങളും ഉണ്ടാവും. താത്ത്വികം : ( എന്താണ് ചെയ്യേണ്ട ത്), അന്വേഷണാത്മകം : ( അതെന്താണ്), സാധ്യതാപരം : ( എന്താണ് ചെയ്യാവുന്നത്). ഓരോ പ്രശ്നത്തിലും ക്രമീകൃത സങ്കീർണതകൾ, പര സ്പരാശ്രിത പ്രതികരണ പ്രക്രിയകൾ, ഭൂത-വർത്തമാന-ഭാവികാലപര മായ ഘടകങ്ങൾ എന്നിവയും അടങ്ങിയിട്ടുണ്ടാവും. പ്രശ്നങ്ങൾ എത്ര തന്നെ പ്രയാസകരവും സങ്കീർണവും ആയിക്കൊള്ളട്ടെ - അത് ധാർമ്മി കമോ, ദാർശനികമോ അന്വേഷണാത്മകമോ ആയിക്കൊള്ളട്ടെ - അ ഹിംസാത്മക രാഷ്ട്രതന്ത്രം അവയുടെ പരിഹാരപ്രക്രിയയിൽ നിന്ന് പി

ന്മാറുകയില്ല. മനുഷ്യരാശിയുടെ നിലനിൽപ്പിനെയും സുസ്ഥിതിയെയും ഭീഷണിപ്പെടുത്തുന്ന എല്ലാക്കാര്യങ്ങളിലും അത് ഇടപെടും. അക്രമകരമായ പെരുമാററം അവസാനിപ്പിക്കുന്നതിനും അക്രമസംവിധാനത്തിന്റെ സാഹചര്യങ്ങൾ മാററിയെടുക്കുന്നതിനും അക്രമരഹിത രാഷ്ട്രതന്ത്രം ഉദ്യമിക്കുന്നു. ഈ രണ്ടുതരം അക്രമഘടകങ്ങളുടെ പരസ്പരപ്രതിപ്രവർത്തനങ്ങൾ മൂല്യമുണ്ടാവുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും അത് പരിശ്രമിക്കുന്നുണ്ട്. ഹിംസയ്ക്ക് ലഭിക്കുന്ന പിന്തുണ ഇല്ലാതാക്കാനും അഹിംസാത്മക സേവനത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങൾക്ക് സഹായമെത്തിക്കാനും പുതിയ അഹിംസാത്മക നയങ്ങളും സ്ഥാപനങ്ങളും രൂപവത്ക്കരിക്കാനും അതിന് ബാധ്യതയുണ്ട്.

പ്രശ്നപരിഹാരത്തിന് രാഷ്ട്രതന്ത്രം നിർദ്ദേശിക്കുന്ന പരിഹാരമെന്തെന്ന് മുൻകൂട്ടി പറയാൻ കഴിയില്ല. അത് വെളിപ്പെടുത്തണമെന്ന് നിർബന്ധിക്കുന്നത് ശാസ്ത്രീയ സമീപനമല്ല. രോഗനിർണയം, ഔഷധ പ്രയോഗം, ചികിത്സ എന്നിവ നടത്തുംമുമ്പേ രോഗം സുഖപ്പെടുമോ ഇല്ലയോ എന്ന് ഡോക്ടർ പറയണമെന്ന് നിർബന്ധിക്കുന്നതുപോലെയാണത്. രാഷ്ട്രതന്ത്രവും ജീവൻമരണകാര്യങ്ങളുമായി ബന്ധപ്പെട്ട ഒരു വിഷയമാകയാൽ ഇവിടെയും വ്യത്യസ്തമായ ഒരു സമീപനം സ്വീകരിക്കേണ്ടതില്ല.

അക്രമോന്മുഖ രാഷ്ട്രീയത്തിനും രാഷ്ട്രതന്ത്രത്തിനും ഇന്നോളം പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങൾക്ക് അഹിംസാത്മക രാഷ്ട്രതന്ത്രം ഉടനടി പരിഹാരമുണ്ടാക്കുമെന്നു പ്രതീക്ഷിക്കുന്നത് യുക്തിസഹമല്ല.

ശാസ്ത്രീയ, മാനവിക, ഭൗതിക സമ്പത്തുകൾ വൻതോതിലുപയോഗിച്ച് അക്രമത്തെ അക്രമം കൊണ്ട് അടിച്ചമർത്താനുള്ള ശ്രമം വിഫലമാണ്. തദ്ഫലമായി വലിയ ചോരപ്പുഴകളൊഴുക്കാനേ കഴിഞ്ഞിട്ടുള്ളൂ. യുദ്ധവും വംശനാശവും മുതൽ അണ്വായുധരാഷ്ട്രങ്ങൾ നടത്തുന്ന കൂട്ടക്കൊലപാതകങ്ങൾ വരെയുള്ള എല്ലാവിധ ഹിംസകളും അഭംഗുരം തുടരുകയാണ്. ഹിംസയ്ക്കുവേണ്ടി മനുഷ്യന്റെ സർഗാത്മകത ഗണ്യമായതോതിൽ ഉപയോഗിക്കപ്പെടുന്നു. ഈ പശ്ചാത്തലത്തിലാണ് അഹിംസാത്മക ബദലുകളുടെ പ്രസക്തി വ്യക്തമാകുന്നത്.

മനുഷ്യന്റെ ഹിംസാതത്പരത അവസാനിപ്പിക്കുകയെന്നത് തീർച്ചയായും രാഷ്ട്രതന്ത്രത്തിന്റെ മാത്രം കർത്തവ്യമല്ല. എല്ലാ ശാസ്ത്രങ്ങളും മാനവിക വിഷയങ്ങളും തൊഴിലുകളും എല്ലാ വ്യക്തികളും ഇതിൽ പങ്കുചേരേണ്ടതുണ്ട്. എന്നാൽ രാഷ്ട്രമീമാംസയ്ക്ക് ഈ രംഗത്ത് മുൻകൈ എടുത്തു പ്രവർത്തിക്കാനും മററു മേഖലകളിലെ മുൻകൈ എടുത്തു പ്ര

വർത്തിക്കുന്നവർക്ക് പിന്തുണ നൽകാനും കഴിയും. അഹിംസാത്മക ലോകത്തിൽ അഹിംസാത്മക രാഷ്ട്രമീമാംസ രൂപവത്കരിക്കുന്നതിന് തടസ്സമായി നിൽക്കുന്ന പരമ്പരാഗതപ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് മുൻഗണന നൽകേണ്ടത്. ഹിറ്റ്ലറും സർവനാശവും വിപ്ലവാത്മകഘടനാമാററം, വ്യക്തി മുതൽ രാഷ്ട്രം വരെയുള്ള സുരക്ഷ എന്നീ മൂന്നു വിഷയങ്ങൾ സാമാന്യേന ചർച്ച ചെയ്യാവുന്നവയാണ്.

അഹിംസയും ഹിററ്ലറും സർവനാശവും

രാഷ്ട്രീയ നേതൃത്വവും ഹിംസയും എന്ന വിഷയം വളരെ പ്രാധാന്യത്തോടെ ചർച്ച ചെയ്യേണ്ടതാണ്. എന്നാൽ അതിനെ ഹിററ്ലറും സർവനാശവും എന്ന തരത്തിലുള്ള സാമാന്യദൃഷ്ടാന്തങ്ങളിൽ ഒതുക്കാൻ പാടില്ല. ഈ പ്രശ്നത്തെ നാം നേരിട്ടു സമീപിക്കുകയും നിരന്തരവും അടിസ്ഥാനപരവുമായ ഉദ്യമം മുഖേന പ്രയുക്തശാസ്ത്രങ്ങൾ ചെയ്യുന്ന രീതിയിൽ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയാണ് വേണ്ടത്. അഹിംസാത്മശാസ്ത്രീയ സർഗാത്മകതയെ പൗരഹത്യമുഖേന നിർവീര്യമാക്കാൻ അനുവദിച്ചുകൂടാ. ജനഹത്യ നടത്തുന്ന സ്വേച്ഛാധിപതികൾ, വർഗവിച്ഛേദം വരുത്തുന്ന വിപ്ലവകാരികൾ, നഗരങ്ങളെയും ഗ്രാമങ്ങളെയും നിർമ്മാർജനം ചെയ്യുന്ന ക്രൂരന്മാർ എന്നിവർ ചെയ്തിട്ടുള്ളതിനെക്കാൾ വലിയ ഭീകരകൊലപാതകങ്ങളെയും അക്രമങ്ങളെയും പ്രത്യക്ഷമായോ പരോക്ഷമായോ തുലനം ചെയ്തു പഠിക്കേണ്ട ദുർഗതി രാഷ്ട്രമീമാംസയ്ക്ക് എക്കാലത്തും ഉണ്ടായിട്ടുണ്ട്.

ഇപ്പോഴും വളർച്ച പ്രാപിച്ചിട്ടില്ലാത്ത രാഷ്ട്രീയ നേതൃത്വപഠനരംഗത്ത് പല വിഷയങ്ങളെ ആസ്പദമാക്കിയുള്ള പഠനങ്ങൾ ഊർജിതമാക്കിക്കൊണ്ട് രാഷ്ട്രമീമാംസാമേഖലയിൽ പുതിയൊരു തുടക്കം കുറിക്കാവുന്നതാണ്. ഇതിലൂടെ അക്രമോന്മുഖമായ പെരുമാററങ്ങളും ഘടകങ്ങളും വേർതിരിച്ചെടുക്കാനും അഹിംസാത്മക നേതൃത്വത്തെയും അനുയായികളെയും സൃഷ്ടിക്കുന്നതിനാവശ്യമായ മാററങ്ങൾ കണ്ടെത്താനും കഴിയും. നേതാക്കളുടെ അക്രമോന്മുഖസങ്കല്പങ്ങൾ, വ്യക്തിത്വപരമായ മുന്നാവശ്യങ്ങൾ, അധികാരമാതൃകകൾ, മൂല്യപരിഗണനകൾ, സാങ്കേതിക ശേഷികൾ, ഹിംസയെ അരക്കിട്ടുറപ്പിക്കുന്ന സാമ്പത്തിക, സാമൂഹിക, സാസ്കാരിക ഘടകങ്ങൽ (പയ്ജ് 1977) എന്നിവ ഇപ്രകാരം കണ്ടെത്തിയിട്ടുള്ള ചില സൂചകങ്ങളാണ്.

ഇരുപതാം നൂററാണ്ട് ഹിംസാ പ്രവണതയിൽ ചില മാററങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഹിംസോത്സുകരായ അനുയായികളുടെ പിന്തുണയോടെ ചില ഹിംസോന്മുഖ നേതാക്കൾ ആവിർഭവിക്കുന്നതു തടയണമെങ്കിൽ ചരിത്രത്തിന്റെ ഏതെങ്കിലുമൊരു ഘട്ടത്തിൽ വച്ച് മനുഷ്യർ

ഹിംസ ചെയ്യാൻ വിസമ്മതിക്കുകയും ഹിംസാത്മക വ്യവസ്ഥിതിയുമായി നിസ്സഹകരിക്കുകയും വേണം. അല്ലാത്തപക്ഷം ക്രൂരമായ ഹിംസ തുടർന്നു കൊണ്ടേയിരിക്കും. ഇത് ലഘുവായ ഒരു കാര്യമായി തോന്നിയേക്കാം. എന്നാൽ ഇരുപതാം നൂററാണ്ടിലെ കൊടും ക്രൂരതകൾ വ്യക്തമാക്കുന്നത് യുദ്ധം പൂർണമായും ഒഴിവാക്കണമെന്ന് പത്തൊമ്പതാം നൂററാണ്ടിലെ സമാധാന വാദികൾ പറഞ്ഞത് ശരിയായിരുന്നുവെന്നാണ്. ഒന്നാം ലോകമഹായുദ്ധകാലത്തും പിന്നീട് രണ്ടാം ലോകമഹായുദ്ധകാലത്തും തുടർന്ന് ശീതസമര കാലത്തും അതിനു ശേഷവും വ്യാപകമായ തോതിൽ അതിക്രമങ്ങൾ നടന്നു. യുദ്ധം തടയുന്നതിനു പര്യാപ്തമായ മാർഗങ്ങൾ രാഷ്ട്രമീമാംസ കണ്ടെത്തുകയും ശത്രുതാപരമായ നിലപാടുകൾ അവസാനിപ്പിച്ച് അനുരഞ്ജനത്തിലെത്താൻ സഹായിക്കുകയും ചെയ്യണം. ഈ ശത്രുതകൾ അധുനികമാവട്ടെ, പുരാതനമാവട്ടെ അവ യുദ്ധത്തിലേക്കെത്തും മുമ്പ് പറഞ്ഞൊതുക്കണം. പ്രതികാരപൂർവം ശത്രുക്കളെ നിർമാർജനം ചെയ്യുന്ന നേതാക്കളുടെയും അനുയായികളുടെയും ആവിർഭാവം തടയുന്നതിന്, രാഷ്ട്രമീമാംസ ഹിംസാ വിരുദ്ധതയിൽ ഉറച്ചു നിൽക്കുമെന്നും പ്രതിയോഗികളെ അനുരഞ്ജനത്തിലെത്തിക്കുമെന്നും അഹിംസാത്മക ജീവിതത്തിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുമെന്നും പ്രതിജ്ഞയെടുക്കണം.

ഇനിയൊരിക്കലും ഹിററ്ലർമാരും സ്റ്റാലിൻമാരും പോർപോട്ടുമാരും അണുബോംബെറിയുന്ന ട്രൂമാൻമാരും ഉണ്ടാവാതിരിക്കുന്നതിന് രാഷ്ട്രീയ നേതൃത്വമെന്ന സങ്കല്പനം പുനർനിർവചിക്കണം. അവരുടെ സ്ഥാനം ഹിംസയുടെ കമാൻഡർ എന്നായിരിക്കരുത്. നേരേ മറിച്ച് അഹിംസാത്മകമായി സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുന്നവർ എന്നതാവണം. ആക്രമണോത്സുകരായ നേതൃമോഹികളെ കാലേകൂട്ടി തിരിച്ചറിയുകയും അവർക്ക് പിന്തുണ നൽകാതിരിക്കുകയും ചെയ്യണം. കൊല ചെയ്യാനുള്ള ആഗ്രഹവും മററുള്ളവരെ അതിനു നിയോഗിക്കുവാനുള്ള അധികാരവും നേതാക്കളിൽ നിന്ന് ഉന്മൂലനം ചെയ്യണം. കൊല ചെയ്യാൻ സന്നദ്ധതയും ആയുധസമ്പത്തുമുള്ള കൊലയാളി സംഘടനകളമായി ബന്ധപ്പെടാൻ നേതാക്കളെ അനുവദിച്ചുകൂടാ. മതം, ബിസിനസ്സ്, തൊഴിൽ, ശാസ്ത്രം, കല എന്നീ മേഖലകൾ ഹിംസോന്മുഖസംഘടനകൾക്ക് പിന്തുണ നൽകാൻ പാടില്ല. ഇവയൊക്കെ അഹിംസാബദലുകളുടെ കാര്യത്തിൽ പ്രതിജ്ഞാബദ്ധമാവണം. ജനങ്ങളുടെ ആവശ്യ-പ്രതികരണസംഘർഷം മുതലെടുത്ത് രാഷ്ട്രീയ നേട്ടങ്ങളുണ്ടാക്കാൻ നേതാക്കൾക്ക് അവസരം നൽകരുത്. ദേശീയാഭിമാനത്തിന്റെയും വ്യക്തിത്വത്തിന്റെയും മുഖ്യ സൂചകമായി അഹിംസാമൂല്യത്തെ പരിഗണിക്കണം. ഏതെങ്കിലും ജനവിഭാഗത്തെ നീചരായോ ദുഷ്ടരായോ മുദ്രകുത്തി ഇല്ലായ്മ ചെയ്യാൻ അനു

വദിക്കരുത്. വിവിധ ജനവിഭാഗങ്ങൾ തമ്മിൽ ഉഭയക്ഷേമം മുൻനിർത്തി ചർച്ചകൾ നടത്തണം. അക്രമത്തിന് വ്യക്തികെയും ഗ്രൂപ്പുകളെയും പ്രേരിപ്പിക്കുന്ന സാമൂഹിക - സാമ്പത്തിക സാഹചര്യങ്ങളും മററ് ഘടനാപരമായ ചുററുപാടുകളും മാററിയെടുക്കണം. ഹിംസോന്മുഖ സമ്പദ്വ്യവസ്ഥയെ ജീവോന്മുഖ മാനവികാവശ്യങ്ങൾ നിറവേററുന്നതിന് പര്യാപ്തമായ തരത്തിൽ മാററിയെടുക്കണം. കലകളിലൂടെയും ശാസ്ത്രങ്ങളിലൂടെയും അഹിംസാത്മക സംസ്കാരങ്ങൾ സൃഷ്ടിക്കുന്നതിന് പിന്തുണ നൽകേണ്ടതാണ്.

ഹിംസാ മേഖലയിൽ ഹിററ്ലർ മാതൃകയിലുള്ള കൊടും ക്രൂരതകളെ എതിർക്കുന്നത് അഹിംസാത്മക ശാസ്ത്രീയ സർഗാത്മകതയ്ക്ക് വലിയൊരു വെല്ലുവിളി തന്നെയാണ്. എന്നാൽ അത് അചിന്ത്യമായ ഒന്നല്ല - വിശേഷിച്ചും അഭൂതപൂർവമായ സാങ്കേതിക പുരോഗതി കൈവരിച്ചിട്ടുള്ള ഇക്കാലത്ത്. പ്രശ്നപരിഹാരത്തിനുള്ള നിർദ്ദേശങ്ങ ഗൗരവപൂർവം പരിഗണിക്കുകയും പരിശോധനാവിധേയമാക്കുകയും ചെയ്യണം. നേതാക്കളും അനുയായികളും ചേർന്നും ആധ്യാത്മിക - മനശ്ശാസ്ത്ര മേഖലകൾ സംയോജിച്ചും അഹിംസാത്മക പ്രവർത്തനത്തിനുള്ള ശേഷി സമ്പാദിക്കണം. ആഗോളതലത്തിലുള്ള ഹിംസയെ അപലപിക്കുക, കൊലയാളികൾക്ക് യാതൊരുവിധ പിന്തുണയും നൽകാതിരിക്കുക, ഹിംസയെ എതിർക്കുക ( എതിർക്കുന്നത് ഇരകളെ മാത്രമാവരുത്) എന്നീ നടപടികൾ സ്വീകരിക്കണം. ജനങ്ങളുടെ കൂട്ടപ്പാലായനം, കര-വായു-കടൽ എന്നിവ മുഖേന സേനാ മുന്നേററം നടത്തി അത്യാധുനിക സാങ്കേതിക വിദ്യകളുപയോഗിച്ച് ഹിംസാ തത്പരരായ വ്യക്തികളെയും ഗ്രൂപ്പുകളെയും സാങ്കേതിക വിദ്യകളെ നിർവീര്യമാക്കൽ തുടങ്ങിയ തന്ത്രങ്ങൾ സ്വീകരിക്കാവുന്നതാണ്. ഹിംസയുടെ സ്രോതസ്സുകൾ പരിശോധിച്ച് അതിലെ നിഷേധാത്മകഘടകങ്ങളും അനുകൂല ഘടകങ്ങളും വേർതിരിച്ചെടുക്കുകയും ഹിംസാത്മകമായ ഘടകങ്ങളെ തടയുകയും വേണം.

ഹിററ്ലർ മാതൃകയിലുള്ള കൊടും പാതകങ്ങൾക്കുശേഷം അവശേഷിക്കുന്ന കൊലയാളികൾ, പീഡിതർ, ബന്ധുക്കൾ എന്നിവരുടെ സഹകരണത്തോടെ അഹിംസാത്മക പരിവർത്തനത്തിനു വേണ്ടിയുള്ള പ്രവർത്തനം നടത്താവുന്നതാണ്. അഹിംസാത്മക സമൂഹത്തെ സൃഷ്ടിക്കുവേണ്ടി, സമൂഹത്തിലെ അതിക്രമങ്ങൾക്ക് നഷ്ടപരിഹാരം നൽകാനും അനുരഞ്ജനമുണ്ടാക്കാനുമുള്ള ഉത്തരവാദിത്വം സമൂഹത്തിനുണ്ടെന്ന് രാഷ്ട്രതന്ത്രം അനുശാസിക്കണം. ആധ്യാത്മികത, ശാസ്ത്രം, പാരമ്പര്യം എന്നിവ സൂക്ഷ്മമായി പരിശോധിച്ച് അഹിംസാത്മക പ്രവണതകൾ കണ്ടെത്തുകയും ഭാവിയിൽ ജനങ്ങളുടെ വ്യക്തിത്വത്തിന്റെയും അഭിമാ

നത്തിന്റെയും മുഖ്യപ്രതീകമായി അഹിംസയെ അവരോധിക്കുന്ന ഒരു സംസ്ക്കാരം വളർത്തിയെടുക്കാനും രാഷ്ട്രതന്ത്രം പരിശ്രമിക്കണം. ഇത്തരം അതിക്രമങ്ങൾ ഭാവിയിൽ വീണ്ടും ഉണ്ടാവുകയില്ലെന്ന് ഉറപ്പാക്കുകയും വേണം. കൂട്ടക്കൊല മുതൽ യുദ്ധം വരെയുള്ള വമ്പിച്ച അതിക്രമങ്ങളുടെ കാലം അവസാനിപ്പിക്കുന്നതിന് അഹിംസാത്മക രാഷ്ട്രതന്ത്രം പ്രയു ശാസ്ത്രത്തിന്റേതായ മൂന്നു കർത്തവ്യങ്ങൾ തടയൽ, ഇടപെടൽ, അതിക്രമാനന്തര അഹിംസാത്മക പരിവർത്തനം എന്നിവ - ഏറ്റെടുക്കണം. ഇത്തരം നടപടികൾകൊണ്ട് ഇത്തരം അതിക്രമങ്ങൾ നിർമ്മാർജനം ചെയ്യാൻ കഴിയില്ലെന്ന പരമ്പരാഗത ധാരണ മാററിയെടുക്കണം.

അഹിംസാത്മക വിപ്ലവവും അക്രമാസക്ത വിപ്ലവവും

പ്രശ്നപരിഹാരത്തിനുള്ള ഉദ്യമങ്ങളിൽ ഏർപ്പെടുമ്പോഴുള്ള രണ്ടാമത്തെ പ്രധാനപ്രശ്നം അക്രമാസക്ത വിപ്ലവത്തിന്റെയും ബദൽ വിപ്ലവത്തിന്റെയും കാര്യമാണ്. പട്ടാളവിപ്ലവങ്ങൾ, അതിനു വിരുദ്ധമായ വിപ്ലവങ്ങൾ, ഭീകരവാദം, ഭീകരവാദത്തെ നേരിടൽ, ഒളിപ്പോര്, വൻതോതിലുള്ള ആഭ്യന്തരയുദ്ധം എന്നിവ ഇതിനു ദൃഷ്ടാന്തങ്ങളാണ്.

പരമ്പരാഗത രാഷ്ട്രതന്ത്രം ഇത്തരം വിപ്ലവങ്ങളെയും അവയുടെ അടിച്ചമർത്തലുകളെയും അക്രമമായി അംഗീകരിക്കുന്ന കാര്യത്തിൽ സംശയം പുലർത്തുകയാണ്. ചീത്ത ഭരണത്തിനെതിരെയുള്ള അക്രമം - നല്ല ഭരണത്തിനെതിരെയുള്ളതല്ല - പ്രശംസനീയമാണത്രേ. ചീത്ത വിപ്ലവകാരികൾക്കെതിരെ - നല്ല വിപ്ലവകാരികൾക്കെതിരെ അല്ല - അംഗീകരിക്കാമെന്നും പറയുന്നു. മേൽപ്പറഞ്ഞ രണ്ടു തരം അക്രമങ്ങളെയും മഹനീയമായി കണക്കാക്കിയിരിക്കുന്നു. ഇത്തരം ചില വാദമുഖങ്ങൾ ഏതാനും അമേരിക്കൻ പണ്ഡിതന്മാർ ഉന്നയിച്ചിട്ടുണ്ട്. മററു സ്വകാര്യ സ്വത്തിനും ചൂഷണത്തിനുമെതിരെ വിപ്ലവം നയിക്കുന്ന റിബലുകളെ അടിച്ചമർത്താനുള്ള പ്രതി വിപ്ലവങ്ങളെ മററു ചിലർ പിന്തുണയ്ക്കുന്നു. തിരഞ്ഞെടുപ്പിൽ അധിഷ്ഠിതമായ അമേരിക്കൻ ജനാധിപത്യം പോലും വിപ്ലവത്തിന്റെ പേരിലുള്ള ഹിംസയെ അംഗീകരിക്കാൻ തയ്യാറാവുന്നു. സ്വാതന്ത്ര്യം പരിരക്ഷിക്കാനായി സർക്കാരിനെതിരേ ഏതെങ്കിലും പൗരൻ തോക്കെടുത്താൽ അതിൽ അപാകതയില്ലെന്നാണ് അതിന്റെ നിലപാട്.

എന്നാൽ മർദ്ദക രാഷ്ട്രീയ ഭരണകൂടങ്ങളെ നിർമാർജനം ചെയ്യാനും സാമൂഹ്യ- സാമ്പത്തിക സംവിധാനങ്ങളിലെ അസഹനീയമായ സാഹചര്യങ്ങൾ മാററിയെടുക്കാനും അക്രമരഹിത വിപ്ലവ ബദലുകൾ കണ്ടെത്തുന്നതിനും അവയെ സഹായിക്കുന്നതിനും അഹിംസാത്മകരാഷ്ട്രത

ന്ത്രത്തിനു കഴിയും. ഇതിലേയ്ക്ക് വിപ്ലവങ്ങൾ അനിവാര്യമായും അക്രമാസക്തമായിരിക്കണമെന്ന ധാരണ മാററുകയും ഫലപ്രദമായ അക്രമരഹിത ബദലുകൾ സംബന്ധിച്ച അറിവ് ലഭ്യമാക്കുകയും വേണം. തത്വങ്ങൾ, തന്ത്രങ്ങൾ, സംഘടനാപരമായ സമരസമ്പ്രദായങ്ങൾ, അവ നടപ്പാക്കാനുള്ള കഴിവുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

കഴിഞ്ഞ ശീതസമരത്തിന്റെ ഉത്തരാർധത്തിൽ ലോകത്തിലെ ഏററവും സ്വാധീനമുള്ള അക്രമാസക്ത വിപ്ലവപാരമ്പര്യമുള്ള അമേരിക്കൻ ഐക്യനാടുകൾ, സോവിയററ് യൂണിയൻ, ചൈന എന്നിവിടങ്ങളിൽ നിന്ന് അക്രമരഹിത വിപ്ലവത്തിന്റെ സാധ്യതയെപ്പററി ശ്രദ്ധേയമായ പരാമർശങ്ങൾ വരികയുണ്ടായി. അമേരിക്കൻ ഐക്യനാടുകളിൽ ജീൻ ഷാർപ് (1973) അക്രമരഹിത രാഷ്ട്രീയ വിപ്ലവത്തിന്റെ തത്ത്വവും പ്രയോഗവും അവതരിപ്പിക്കുകയുണ്ടായി. ഫലപ്രദമായ അക്രമരഹിത വിപ്ലവങ്ങൾക്കുള്ള ദൃഷ്ടാന്തങ്ങൾ ചരിത്രത്തിന്റെ അടിവേരുകൾ പരിശോധിച്ച് അദേഹം കണ്ടെടുത്തു. അക്രമരഹിത പ്രവർത്തനത്തിനുള്ള 198 മാർഗങ്ങളെങ്കിലും അദ്ദേഹം വേർതിരിച്ചെടുത്തു. പ്രതിഷേധം മുതൽ നിർബന്ധിക്കൽ വരെ അവയിലുണ്ട്. സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ മേഖലകളിലെ നിസ്സഹകരണം, പ്രത്യക്ഷ അക്രമരഹിത ഇടപെടൽ എന്നിവയും അദ്ദേഹം അവതരിപ്പിക്കുന്നുണ്ട്. ഇവയെല്ലാം കൂടി സംയോജിപ്പിച്ച് പരിവർത്തനം, സഹവർത്തിത്വം, നിർബന്ധിക്കൽ എന്ന പ്രക്രിയ അദ്ദേഹം സിദ്ധാന്തവത്കരിച്ചു. പിന്നീട് വിഘടനം എന്ന ഘടകം കൂടി അദ്ദേഹം കൂട്ടിച്ചേർത്തു. സോവ്യററ് യൂണിയനിൽ ഇ. ജി. പ്ലിമാർക്ക്, വൈ. എഫ്. കര്യാകിൻ (1979) എന്നിവർ വിപ്ലവത്തിന് പുതിയൊരു നിർവചനം നൽകി. രാഷ്ട്രത്തിന്റെ അധികാരം ഒരു വർഗത്തിൽ നിന്ന് ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളുടെ ജീവിതത്തിൽ കാര്യമായ മാററമുണ്ടാക്കുന്ന മററൊരു വർഗത്തിന്റെ കൈയിലേക്കു പോകുന്നതാണ് വിപ്ലവം എന്ന നിർവചനമാണ് അവർ നൽകിയത്. മാർക്സിസ്റ്റിലെ നിനിസ്റ്റ് സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ അവർ തുടർന്നു വാദിച്ചത് സമാധാനപരമായ സോഷ്യലിസ്റ്റ് വിപ്ലവങ്ങൾ സാധ്യമാണ് എന്നായിരുന്നു. സായുധസമരം, ആഭ്യന്തരയുദ്ധം, സായുധ പ്രതിവിപ്ലവം ഇതൊന്നുമില്ലാത്ത വിപ്ലവത്തെയാണ് സമാധാനപരമായ സോഷ്യലിസ്റ്റ് വിപ്ലവം എന്ന് അവർ വിളിച്ചത്. പുതിയ ചരിത്ര സാഹചര്യങ്ങളിൽ ചരിത്രത്തിലെ തെററുകൾ ആവർത്തിക്കാതെ വിപ്ലവങ്ങൾ സമാധാനപരമായി സംഘടിപ്പിക്കണമെന്ന് അവർ വാദിച്ചു. "സമാധാനപരമായ വിപ്ലവം എന്ന ആശയം വികസിപ്പിച്ചെടുക്കുന്നതിനുവേണ്ടി... അതിന്റെ ഓരോ വശത്തെപ്പററിയും നിശിതവും വസ്തു നിഷ്ഠവുമായ പഠനങ്ങൾ നടത്തണം എന്ന് അവർ ആവശ്യപ്പെട്ടു. (വിവർത്തനം ഗ്രന്ഥകാരന്റേത്) ചൈനയിൽ ഴാങ്യിപിങ് (   ) മാർ

ക്സിസ്റ്റ് സിദ്ധാന്തം, ഏഷ്യ – ആഫ്രിക്കാ – ലാററിൻ അമേരിക്ക എന്നിവിടങ്ങളിലെ ദേശീയ സ്വാതന്ത്ര്യസമരങ്ങൾ – വിശേഷിച്ചും ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ബഹുജനമുന്നേററം എന്നിവയെ ആസ്പദമാക്കി ഇപ്രകാരം വാദിച്ചു. കാലം, സ്ഥലം, സാഹചര്യം എന്നിവ പരിഗണിക്കാതെ അക്രമാസക്ത വിപ്ലവത്തെ അനുകൂലിക്കുന്നതും അക്രമരഹിത വിപ്ലവത്തെ തള്ളിപ്പറയുന്നതും സിദ്ധാന്തപരമായി തെററും പ്രയോഗപരമായി ഉപദ്രവകരവുമാണ്. ( ഊന്നൽ ചേർന്നത്, വിവർത്തനം ഗ്രന്ഥകാരന്റേത്)

വിപ്ലവത്തിന്റെയും പ്രതിവിപ്ലവത്തിന്റെയും പേരിൽ ചോരപ്പുഴകളൊഴുക്കുന്ന ഒരു കാലഘട്ടത്തിൽ അക്രമോന്മുഖ പാരമ്പര്യമുള്ള മൂന്നു രാജ്യങ്ങളിലെ രാഷ്ട്രീയ ചിന്തകർ – സ്വതന്ത്രമായി പരസ്പരം ബന്ധപ്പെടാതെ – അക്രമരഹിത വിപ്ലവത്തിന്റെ തത്ത്വവും പ്രയോഗവും വികസിപ്പിച്ചെടുക്കുകയെന്ന ശാസ്ത്രീയ ദൗത്യം ഏറെറടുത്തു. അവരിൽക്കാണുന്ന ശ്രദ്ധേയമായ ഒരു പൊതുഘടകം ഇന്ത്യയിലെ അക്രമരഹിത ഗാന്ധിയൻ പ്രസ്ഥാനത്തെ അവർ പരാമർശിച്ചിരിക്കുന്നു എന്നതാണ്. രാഷ്ട്രീയ സ്വാതന്ത്ര്യത്തിൽ മാത്രമല്ല സാമൂഹിക – സാമ്പത്തിക – സാംസ്കാരിക പരിവർത്തനത്തിലും അതിനുള്ള പ്രസക്തി അവർ എടുത്തു പറഞ്ഞിട്ടുണ്ട്.

മുതലാളിത്ത നിലപാടിൽ നിന്നുകൊണ്ടായാലും സോഷ്യലിസ്റ്റ് നിലപാടിൽ നിന്നുകൊണ്ടായാലും സാമാന്യേന മർദ്ദിതരുടെ കാഴ്ചപ്പാടിലാണ് അക്രമരഹിത വിപ്ലവസിദ്ധാന്തം ഇന്നോളം വിഭാവന ചെയ്യപ്പെട്ടിട്ടുള്ളത്. ഇതേ രീതിയിൽ അക്രമരഹിത പ്രതിപ്രവർത്തനത്തിനുള്ള സിദ്ധാന്തങ്ങൾ ആവിഷ്ക്കരിക്കപ്പെട്ടിട്ടില്ല. അക്രമരഹിത വിപ്ലവത്തെ മർദ്ദിച്ചൊതുക്കുമ്പോൾ സ്വീകരിക്കേണ്ട ബദൽ നടപടികൾ എന്തൊക്കെ എന്നതാണ് പ്രശ്നം. ഷാർപ്പിയൻ അപഗ്രഥനം തിരിച്ചിട്ടാൽ ഇവിടെ പ്രസക്തമാവും. പാവപ്പെട്ടവരും ഭൂരഹിതരും അടിച്ചമർത്തപ്പെട്ടവരും ന്യൂനപക്ഷങ്ങളും അഥവാ ഭൂരിപക്ഷങ്ങളും ചേർന്ന് നടത്തുന്ന അക്രമരഹിതവും ആയുധരഹിതവുമായ സമരത്തെ അഭിമുഖീകരിക്കാനുള്ള സിദ്ധാന്തവും ധൈര്യവും സമ്പന്നരും വംശീയമേധാവികളും രാഷ്ട്രീയ നേതാക്കളും പോലീസും സൈന്യവും ആർജിക്കണം. മനുഷ്യാവകാശങ്ങളും സാമ്പത്തിക നീതിയും അക്രമരഹിതമായി ആവശ്യപ്പെടുക മാത്രമാണല്ലോ അവർ ചെയ്യുന്നത്. പദവിക്കും അംഗീകാരത്തിനും വേണ്ടിയുള്ള അവരുടെ പ്രതിസമരം പരിവർത്തനം, സഹവർത്തിത്വം, നിർബന്ധിക്കൽ എന്നീ മാർഗങ്ങൾ അവലംബിച്ചുള്ളതാകയാൽ രക്തച്ചൊരിച്ചിൽ ഉണ്ടാവുന്നില്ല.

ഇതിനുപുറമേ അക്രമരഹിത സമരം അഥവാ അക്രമരഹിത വർഗസ

മരം മുഖേന സാമൂഹിക മാററം കൊണ്ടുവരുന്നതിന് മുൻകാല മർദ്ദകരും മർദ്ദിതരും തമ്മിൽ ധാരണയിലെത്തുന്നത് അഭിലഷണീയമായിരിക്കും. മനുഷ്യസ്വഭാവത്തി അന്തർലീനമായിട്ടുള്ള അഹിംസാത്മക ഘടകങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ട് ഇത് സാധ്യമാക്കാം. ഈ സമീപനം തങ്ങളുടെ അണികളെ ദുർബലപ്പെടുത്തുമെന്ന് മർദ്ദകർ ധരിക്കാനും അക്രമരഹിത സംരംഭങ്ങളെ അടിച്ചമർത്താനും ഇടയുണ്ട്. ഉദാഹരണത്തിന് ശീതസമരത്തിന്റെ സംഘർഷകാലത്ത് അമേരിക്കയിലെയും സോവിയററ് യൂണിയനിലെയും വരേണ്യ വർഗവും മാധ്യമങ്ങളും സമാധാന ശ്രമങ്ങളെ പരിഹസിക്കുകയാണ് ചെയ്തത്. സ്വന്തം സൈനികശേഷിക്കു കിട്ടുന്ന പിന്തുണ കുറയ്ക്കാൻ ഈ ശ്രമങ്ങൾ ഇടവരുത്തുമെന്നാണ് അവർ കരുതിയത്. അതു പോലെ തന്നെയാണ് സായുധസമരത്തെ അനുകൂലിക്കുന്ന അക്കാദമീയ പണ്ഡിതർ, സജീവസമര പ്രവർത്തകർ എന്നിവരുടെയും സ്ഥിതി. അക്രമരഹിതവിപ്ലവ ബദലുകളെ ഉടനടി നിരാകരിക്കുകയാണ് അവർ ചെയ്യുന്നത്. മർദ്ദിതജനവിഭാഗങ്ങൾ ഈ ബദലുകൾ സ്വീകരിച്ചേക്കുമോ എന്ന ഭയമാണ് ഇതിന്റെ പിന്നിലുള്ളത്. മർദ്ദകർക്കിടയിലും മർദ്ദിതർക്കിടയിലും അഹിംസാത്മക തത്ത്വവും പ്രയോഗവും സ്വീകാര്യമായാൽ പോലും അപ്രകാരമുള്ള ഒരു വർഗസമരം സംഘടിപ്പിക്കുകയെന്നത് അത്ര എളുപ്പമുള്ള കാര്യമല്ല എന്നാണ് ഇതൊക്കെ വ്യക്തമാക്കുന്നത്. അഹിംസാത്മക വിപ്ലവത്തിലൂടെ പ്രശ്നപരിഹാരം കണ്ടെത്തുന്ന പ്രക്രിയകൾക്ക് സൗകര്യമൊരുക്കുന്നതിന് രാഷ്ട്രമീമാംസ പ്രവൃത്യുന്മുഖമായ ഒരു പങ്ക് വഹിക്കേണ്ടതാണ്. അക്രമരഹിത സമരത്തിന്റെ ഓരോ ഘട്ടത്തിലും എതിരാളികൾ തമ്മിൽ അനുരഞ്ജനത്തിൽ എത്തണമെന്നതാണ് ഗാന്ധിജിയുടെയും കിങ്ങിന്റെയും സമീപനം. ക്രൂരഭരണത്തിൽ നിന്ന് സ്വാതന്ത്ര്യത്തിലേക്കുള്ള മാററം, അഥവാ നേരെ തിരിച്ചുള്ള മാററവും രക്തച്ചൊരിച്ചിൽ കൂടാതെ പൗരന്മാരുടെ പൊതുസമ്മതത്തോടെ നടപ്പാക്കാവുന്നതാണ് എന്ന് മാക്യവെല്ലി പോലും പറഞ്ഞിട്ടുണ്ട്. (ദിഡിസ്കോഴ്സസ്, ബുക്ക് കകക, അധ്യായം 7)

### അഹിംസയും സുരക്ഷയും

വ്യക്തിപരം, പ്രാദേശികം, ദേശീയം, രാജ്യാന്തരം എന്നീ തലങ്ങളിലുള്ള സായുധ ആക്രമണങ്ങളിൽ നിന്ന് രക്ഷ നേടാനുള്ള ബദൽ സംവിധാനങ്ങൾ കണ്ടെത്തുക എന്ന പ്രശ്നത്തിന് അക്രമരഹിത രാഷ്ട്രതന്ത്രം പരിഹാരം കണ്ടെത്തിയേ മതിയാവൂ. പരമ്പരാഗത സുരക്ഷാ സംവിധാനത്തിന്റെ തത്ത്വവും പ്രയോഗവും ഹിംസാ ഭീഷണിയിൽ അധിഷ്ഠിതമാണ്. ഞാൻ/ഞങ്ങൾ നിന്നെ/ നിങ്ങളെ കൊല്ലുമെന്ന് അസന്ദിഗ്ധമായി നിങ്ങളെ അറിയിക്കുന്നു. ഇതാണ് ഹിംസാത്മക സുരക്ഷയുടെ അടിസ്ഥാ

നം. നേരെ മറിച്ച് അഹിംസാത്മക സുരക്ഷ ഈ സമീപനത്തിൽ നിന്ന് വ്യതിചലിക്കുന്നു. "ഞാൻ/ഞങ്ങൾ നിന്നെ /നിങ്ങളെ കൊല്ലുകയില്ലെന്ന് അസന്ദിഗ്ധമായി നിങ്ങളെ അറിയിക്കുന്നു. അതുപോലെ/തന്നെ നിങ്ങൾ എന്നെയും/ ഞങ്ങളെയും കൊല്ലുകയില്ലെന്ന് അസന്ദിഗ്ധമായി പ്രഖ്യാപിക്കണം". ഇതാണ് പുതിയ സമീപനം. ചുരുക്കത്തിൽ "പരസ്പരം കൊല്ലുകയില്ലെന്ന് വിശ്വസനീയമായ നിലയിൽ വ്യക്തമാക്കുക"യാണ് നാം ചെയ്യേണ്ടത്. മറ്റൊരാൾ വധിക്കാൻ തുനിഞ്ഞു നടന്നാൽ നമ്മിൽ ആരുടെയും സ്ഥിതി സുരക്ഷിതമാവുകയില്ല. പരിചകൾ, ആയുധങ്ങൾ, കിടങ്ങുകൾ, കോട്ടകൾ, സംരക്ഷിതമായ കൊട്ടാരങ്ങൾ എന്നിവയ്ക്കൊന്നും ഹിംസയുടെ ബലഹീനതയെ മറികടക്കാൻ കഴിഞ്ഞിട്ടില്ല. ആക്രമണപരമായ ഹിംസ പ്രതിരോധപരമായ ഹിംസയെ നിഷ്ഫലമാക്കുന്നു. അസ്ത്രങ്ങളുടെ മുന്നിൽ കുന്തങ്ങളും യന്ത്രത്തോക്കുകളുടെ മുന്നിൽ നാടൻ തോക്കുകളും യന്ത്രോപകരണങ്ങളുടെ മുന്നിൽ കാലാൾപ്പടയും ടാങ്കുകളുടെ മുന്നിൽ കുതിരപ്പട്ടാളവും റോക്കറ്റുകളുടെ മുന്നിൽ ടാങ്കുകളും അന്തർവാഹിനികളുടെ മുന്നിൽ സാധാരണ യുദ്ധക്കപ്പലുകളും അടിയറവുപറയുന്നു. ആകാശ മിസൈൽ ശക്തികൾ ഇതിനെയെല്ലാം വെല്ലുന്നു. ആണവ, ജൈവ, രാസായുധങ്ങൾ മററു സകലതിനെയും പരാജയപ്പെടുത്തുന്നു. തോക്കുകൾ നിറച്ച ഒരു ആയുധപ്പുരയിലിരുന്നാലും ആർക്കും സുരക്ഷ ഉറപ്പാക്കാൻ കഴിയില്ല. കടന്നു കയററക്കാരന്റെ പക്കൽ ശക്തിയേറിയ മിസൈലുകളോ യന്ത്രങ്ങളോ ഉണ്ടായേക്കാം. വായുവിലും ഭക്ഷണത്തിലും വെള്ളത്തിലും വിഷം കലർത്താൻ അയാൾക്ക് കഴിഞ്ഞെന്നു വരാം. ഉറപ്പുള്ള സുരക്ഷ നമുക്കു ലഭിക്കുന്നത് കൊല്ലാനുള്ള സന്നദ്ധത ഇല്ലാതെ വരുമ്പോഴാണ്.

അഹിംസാത്മക സുരക്ഷയിലേക്കുള്ള മാററം ഉണ്ടാക്കുന്നതിന് വിശ്വസനീയമായ ബദലുകൾ പ്രദാനം ചെയ്യുവാൻ രാഷ്ട്രമീമാംസയ്ക്ക് കഴിയണം. പരമ്പരാഗതമായി ഇതൊരു പഠനവിഷയമല്ലെങ്കിലും ഇപ്പോൾ ഈ മേഖലയിൽ ധാരാളം രചനകൾ വരുന്നുണ്ട്. നാസി കൂട്ടക്കൊലകൾക്കെതിരേ പൗരന്മാർ നടത്തിയ പ്രതിഷേധത്തിന്റെ വിവരങ്ങളും ഇപ്പോൾ ലഭ്യമാണ്. (ഹാലി 1979) ഫോഗൽമാൻ 1994, സെമെലിൻ 1994) ഡാനിലോ ഡോൾസിയുടെ അക്രമരഹിതസാമൂഹിക പ്രതിരോധസംവിധാനം, മനുഷ്യാവപ്രവർത്തകരുടെ നിരായുധരായ ബോഡി ഗാർഡുകൾ (മഹോനി & എഗുറൻ 1997), പട്ടാള വിപ്ലവങ്ങൾക്കെതിരേയുള്ള അക്രമരഹിതമായ ചെറുത്തുനിൽപ്പ് (റോബർട്ട്സ് 1975, ഷാർഷ് 1990, 1993) അക്രമരഹിത ദേശീയ സിവിലിയൻ, സാമൂഹിക പ്രതിരോധം ബോസ്റഷ് & മാക്ക് 1974, ഷാർഷ് 1990, മാർട്ടിൻ മുതലായവർ 1991, റാൻഡിൽ 1993, ബുറോവെസ് 1996), പരമ്പരാഗത സൈന്യത്തിന്റെ ഹിംസേതര ഉപയോഗങ്ങൾ

(കെയെസ് 1982), അക്രമരഹിത ബദൽ സേനകൾ (ബാനെർജി 2000, വെബെർ 1996, മോസെർ - പൗൻഗ്സുവൻ & വെബെർ 2000), അഹിംസാത്മക ആയുധങ്ങളുടെ വികസനം (ലെവെർ & സ്ക്കോഫീൽഡ് 1997) എന്നിവയൊക്കെ അന്വേഷണാത്മകമായ പുതിയ രചനകളിൽ ഉൾപ്പെടുന്നു.

അക്രമരഹിത സിവിലിയൻ പ്രതിരോധത്തിന്റെ സാധ്യതകൾ ആരായാൻ പല സർക്കാരുകളും സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. പരമ്പരാഗത സൈനികോപാധികൾ ഉപേക്ഷിക്കാതെ തന്നെയാണ് അവരിതു ചെയ്യുന്നത്. സ്വീഡൻ, നോർവേ, ഡെൻമാർക്ക്, നെതർലൻഡ്സ്, ഫ്രാൻസ്, ലത്വിയ, ലിത്വേനി, ആസ്ട്രിയ, സ്വിററ്സർലൻഡ്, ഫിൻലൻഡ് തുടങ്ങിയ രാഷ്ട്രങ്ങൾ ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നു. (സ്ക്കിംഡ് 1985, ഷാർഷ് 1990, റാൻഡിൽ 1994, 121-37) തായ്‌ലാൻഡിലെ പുതിയ ഭരണഘടനയുടെ 65-ാം വകുപ്പിൽ ഭാവിയിൽ ഉണ്ടായേക്കാവുന്ന പട്ടാളഭരണങ്ങൾക്കെതിരെ ഉള്ള അക്രമരഹിതമായ ചെറുത്തുനിൽപ്പിന് നിയമസാധുത നൽകിയിട്ടുണ്ട്. അതിങ്ങനെയാണ് " ഭരണഘടനാനുസൃതമല്ലാത്ത രീതിയിൽ ആരെങ്കിലും അധികാരം പിടിച്ചെടുക്കാൻ ശ്രമിക്കുന്നപക്ഷം അതിനെ സമാധാനപരമായി എതിർക്കുവാനുള്ള അവകാശം ജനങ്ങൾക്കുണ്ടായിരിക്കണം".

പോലീസിനും സൈന്യത്തിനും ഉപയോഗിക്കാവുന്ന മരണകരമല്ലാത്ത ആയുധങ്ങൾ കണ്ടെത്തുവാൻ 1965 മുതൽ അമേരിക്കൻ ഐക്യരാജ്യത്ത് ഗവേഷണം നടക്കുന്നുണ്ട്. 1990 മുതൽ ഇതിന്റെ വേഗത വർധിച്ചിരിക്കുകയാണ്. ലേസർ, ഓപ്ററിക്കൽ, ശബ്ദനിയന്ത്രിത ആയുധങ്ങൾ, ഇലക്ട്രോമാഗ്നെററിക് പൾസ്, രാസ-ജൈവായുധങ്ങൾ തുടങ്ങി ഡസൻ കണക്കിന് ആയുധങ്ങൾ ഈ മേഖലയിൽ കണ്ടെത്തിയിട്ടുണ്ട്. അവയിൽ ചിലത് പോലീസും വിദേശത്തു പ്രവർത്തിക്കുന്ന അമേരിക്കൻ സൈനികരും ഉപയോഗിച്ചു വരുന്നു. (ല്യൂവെർ & സ്കോഫീൽഡ് 1997) സാമൂഹിക പ്രതിരോധത്തിന്റെ കാര്യത്തിലെന്നപോലെ മരണകരമല്ലാത്ത ആയുധങ്ങൾ അനുബന്ധമായി ഉപയോഗിക്കുന്ന പ്രവണതയും സർക്കാരുകൾ പ്രദർശിപ്പിക്കുന്നുണ്ട്. അക്രമപരമായ സുരക്ഷയിൽ പരമ്പരാഗതമായി വൈദഗ്ധ്യമുള്ളവർ കൊല്ലാൻ കഴിയാത്ത ബദലുകൾ ഗൗരവപൂർവ്വം ഉപയോഗിക്കുന്നുവെന്നത് രാഷ്ട്രതന്ത്രം പ്രോത്സാഹിപ്പിക്കേണ്ടതും അതു വളർത്തിയെടുക്കാൻ കാര്യമായ പരിശ്രമങ്ങൾ നടത്തേണ്ടതുമാണ്. മാരകമല്ലാത്ത സുരക്ഷാ സംവിധാനങ്ങൾ പൂർണമായും നടപ്പാക്കുന്നതിലേക്കുള്ള പരിവർത്തനഘട്ടത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുകയെന്നത് രാഷ്ട്രതന്ത്രം നേരിടുന്ന ഒരു വെല്ലുവിളി തന്നെയാണ്.

മാരക സംഘർഷങ്ങൾ, തടയുന്നതിന് കാർണെഗി കമ്മീഷൻ സമർ

പ്പിച്ചിട്ടുള്ള ശുപാർശകളിൽ "ഘടനാപരമായ തടൽ, മാരക സംഘർഷ ങ്ങളുടെ അടിസ്ഥാന കാരണങ്ങൾ കണ്ടെത്തുക" എന്നീ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അക്രമം തടയുന്ന ഒരു സംസ്കാരം ഉണ്ടാവേണ്ട തിന്റെ ആവശ്യകതയും അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വ്യക്തിപരവും ആഗോളതലത്തിലുള്ളതുമായ സുരക്ഷയുടെ കാര്യത്തിൽ പുതിയ കാൽ വയ്പുകൾ നടത്തണമെന്ന് എടുത്തു പറയേണ്ടതില്ലല്ലോ. ആഗോള അക്ര മരഹിത സമാധാനസേന രൂപവത്കരിക്കാനുള്ള നീക്കം ഇതിനു ദൃഷ്ടാ ന്തമാണ്.

അക്രമരഹിത സമൂഹങ്ങളുടെ രൂപവത്കരണത്തിന് കടുത്ത തടസ്സം സൃഷ്ടിക്കുന്നവയെന്ന് ഇന്നോളം കരുതിയിരുന്ന ഘടകങ്ങൾ സൃഷ്ടി ക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ അഹിംസാത്മക രാ ഷ്ട്രതന്ത്രം പരിശ്രമിക്കണം. മനുഷ്യരെ ഇല്ലായ്മ ചെയ്യുന്ന കായികാക്ര മണമാണ് ഏററവും വലിയ പ്രശ്നമായി അവശേഷിക്കുന്നത്. ഇതിന്റെ ഒന്നാമത്തെ കാരണം മനുഷ്യൻ ജീവിച്ചിരുന്നാൽ മാത്രമേ ഏതു പ്രശ്ന വും പരിഹരിക്കാൻ കഴിയൂ എന്നതാണ്. രണ്ടാമതായി ഹിംസയോടുള്ള നിരന്തരമായ പ്രതിജ്ഞാബദ്ധത ഘടനാപരവും പരിസ്ഥിതിപരവുമായ അക്രമത്തിന് സാഹചര്യമൊരുക്കുന്നു എന്നതാണ്. അത് വ്യക്തിയുടെ യും സമൂഹത്തിന്റെയും ആഗോളമനുഷ്യരാശിയുടെയും സുസ്ഥിതിക്ക് ഭീഷണി ഉയർത്തുകയാണ്.

സാമൂഹികാടിസ്ഥാനത്തിലുള്ള പ്രശ്നപരിഹാരത്തിന് അഹിംസാത്മ കസമീപനം സ്വീകരിക്കണമെന്ന് ഊന്നിപ്പറയുമ്പോൾ പല ചോദ്യങ്ങളും ഉയർന്നു വന്നേക്കാം. ചില ദൃഷ്ടാന്തങ്ങൾ ചുവടെ ചേർക്കുന്നു. കായി കമായ ഹിംസയെക്കാളധികം ദുരിതമുണ്ടാക്കുന്ന മനശാസ്ത്രപരമായ പീ ഡനം, വേദനിപ്പിക്കൽ, വർണവിവേചനം, ലിംഗവിവേചനം, സാമ്പത്തിക ചൂഷണം, ഏകാധിപത്യം എന്നിവ നിലനിൽക്കുമ്പോൾ അഹിംസയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് എന്തിനാണ്? കൊലപാതകത്തിലൂടെ മാത്രമേ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയൂ എന്ന ദുസ്സൂചന ഈ ചോദ്യ ത്തിലുണ്ട്. ഇതിനു നൽകാവുന്ന ഒരു ഉത്തരം ഇതാണ്. സാമൂഹിക - സാമ്പത്തിക ഘടനകളിലെ അസമത്വങ്ങളുടെ മുഖ്യകാരണം കൊല്ലാനുള്ള മനോഭാവം, കഴിവ്, സംസ്കാരം എന്നിവയാണ്. പീഡനം, വേദനിപ്പിക്കൽ, വർണവിവേചനം, സ്ത്രീകളെ അടിച്ചമർത്തൽ, സാമ്പത്തിക ചൂഷണം, ഏകാധിപത്യം എന്നിവ മരണഭയത്തിലും മരണഭീഷണിയിലും അധിഷ്ഠി തമാണ്. നരഹത്യമുതൽ യുദ്ധം വരെയുള്ള എല്ലാത്തരം കൊലപാതക ങ്ങളും നിർമാർജനം ചെയ്യാൻ കഴിഞ്ഞാൽ അത് മാനവരാശിക്ക് വലി യൊരു നേട്ടമായിരിക്കും. അപ്പോൾ ആധ്യാത്മികത, മനശാസ്ത്രം, ഭൗ

തിക സമ്പത്ത്, ജനാധിപത്യം, പരിസ്ഥിതി എന്നീ മേഖലകളിലെ പ്രശ്നങ്ങളും നമുക്ക് നിഷ്പ്രയാസം പരിഹരിക്കുവാൻ കഴിയും.

മനുഷ്യന്റെ നിലനില്പിനും ക്ഷേമത്തിനും ഓരോ കാലത്തും ഭീഷണി ഉയർത്തുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സഹായിക്കുകയെന്നത് അഹിംസാത്മക രാഷ്ട്രതന്ത്രത്തിന്റെ കർത്തവ്യമാണ്. ഗ്രാമീണരുമായി സംസാരിക്കുമ്പോൾ അവരുടെ പ്രശ്നങ്ങൾ അദ്ദേഹം ഇടതു കൈയിലെ വിരലിലെണ്ണിതിട്ടപ്പെടുത്തിയിരുന്നു. അയിത്തക്കാർക്ക് സമത്വം, ഖാദിത്തുണി സ്വയം ചെയ്ത് സാമ്പത്തിക വിമോചനം നേടുക, മദ്യം, മയക്കുമരുന്ന് എന്നിവയിൽ നിന്ന് വിട്ടുനിൽക്കുക, ഹിന്ദു-മുസ്ലീം സൗഹാർദ്ദം, സ്ത്രീകൾക്ക് സമത്വം എന്നിവയായിരുന്നു ആ പ്രശ്നങ്ങൾ. എന്നിട്ട് അദ്ദേഹം പറഞ്ഞിരുന്നു. "കൈയുടെ മണിബന്ധമാണ് അക്രമരാഹിത്യം". ( ആഷേ – 1969 : 243) ഇതേ രീതിയിൽ ആഗോള പ്രാധാന്യമുള്ള അഞ്ചു പ്രശ്നങ്ങൾ നമുക്ക് കണ്ടെത്താവുന്നതാണ്. തുടർന്നുകൊണ്ടിരിക്കുന്ന ഹിംസയും നിരായുധീകരണത്തിന്റെ ആവശ്യകതയും, ദാരിദ്ര്യമുഖേന ഉണ്ടായിട്ടുള്ള സർവനാശവും സാമ്പത്തിക സമത്വത്തിന്റെ ആവശ്യകതയും മനുഷ്യന്റെ അന്തസ്സിന്മേലുള്ള കൈയേററങ്ങളും മനുഷ്യാവകാശത്തിന്റെ അടിസ്ഥാനത്തിലുള്ള പരസ്പര ബഹുമാനത്തിന്റെ ആവശ്യകത, അന്തരീക്ഷത്തിലെ ജീവമണ്ഡലത്തിന്റെ നാശവും ഭൂമിയിലെ ജീവന്റെ സംരക്ഷണത്തിന് നൽകേണ്ട പിന്തുണയും പ്രശ്നപരിഹാര സഹകരണത്തിന് തടസ്സം നിൽക്കുന്ന നിഷേധാത്മമായ മററ് വിഭാഗീയതകൾ.

ഈ അഞ്ചു പ്രശ്നങ്ങൾ വ്യക്തി, കുടുംബം, രാഷ്ട്രം, മാനവരാശി എന്നിവയ്ക്ക് പൊതുവായി അനുഭവപ്പെടുന്നവയാണ്. ഹിംസയിൽ നിന്ന് മോചനം പ്രാപിക്കേണ്ടതിന്റെ ആവശ്യകത നമുക്കെല്ലാം ബോധ്യമുണ്ട്. സാമ്പത്തികമായ ഇല്ലായ്മ, അന്തസ്സ് നിഷേധിക്കൽ, വിഷലിപ്തമായ പരിസ്ഥിതി. ഇവയും മറ പ്രശ്നങ്ങളും പരിഹരിക്കുന്നതിന് സഹകരണം ലഭിക്കായ്ക – എന്നിവയിൽ നിന്നെല്ലാം നാം മോചനം പ്രാപിക്കണം. ഇവയൊക്കെ പരസ്പരം ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. പ്രശ്ന പരിഹാരത്തിനുള്ള മുഖ്യമാർഗമായി ഹിംസയെ ആശ്രയിക്കുന്നതിനാൽ ഇവയൊക്കെ കൂടുതൽ വഷളായിക്കൊണ്ടിരിക്കുകയാണ്. സുരക്ഷയ്ക്കു വേണ്ടി നാം കൊല്ലുന്നു, കൊല്ലാനായി ആയുധങ്ങൾ ശേഖരിക്കുന്നു, ഇതി പ്രതിഹിംസാ ഭീഷണിക്ക് ഇടവരുത്തുന്നു, ഹിംസയ്ക്കായി ആയുധശേഖരണം നടത്തുമ്പോൾ സാമ്പത്തിക ചൂഷണം ഉണ്ടാവുകയും ഘടനാപരമായ അസമത്വം വീണ്ടും ഉറപ്പിക്കപ്പെടുകയും ചെയ്യുന്നു, മനുഷ്യാവകാശങ്ങൾ ഉറപ്പിക്കാൻ വേണ്ടിയും നിഷേധിക്കാൻ വേണ്ടിയും ഹിംസ നടത്തുന്നതുമൂ

ലം പ്രതികാര വാഞ്ഛ വർധിക്കുന്നു. ഹിംസാത്മകമായ യുദ്ധങ്ങളും സൈനികവ്യാവസായികവത്കരണവും പരിസ്ഥിതിക്ക് വിനാശം വരുത്തുന്നു. എല്ലാവർക്കും പ്രയോജനപ്പെടേണ്ട പ്രശ്നപരിഹാര സഹകരണം വളർന്നു വരുന്നതിന് തടസ്സം നിൽക്കുന്നത് ഭയവും വിരോധവും കൈമുതലായ വിഭാഗവത്കരണമാണ്.

അഹിംസാധിഷ്ഠിത പ്രശ്നപരിഹാരം കേവലം നിഷേധാത്മകമായ ഒന്നല്ല; ആവശ്യങ്ങൾക്ക് അനുസൃതമായി പരിവർത്തനമുണ്ടാക്കുന്ന ഒരു നിർമ്മാണാത്മക പ്രക്രിയ കൂടിയാണത്. യുദ്ധവും അതിന്റെ ആയുധങ്ങളും ദാരിദ്ര്യവും അവസാനിപ്പിക്കാനുള്ള അസന്ദിഗ്ധമായ ഉദ്യമമാണത്. മനുഷ്യന്റെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും അക്രമരഹിതമായ രീതിയിൽ പ്രകടിപ്പിക്കുക, പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടി പ്രത്യക്ഷ നടപടികൾ സ്വീകരിക്കുക, മാനവികമായ ആവശ്യങ്ങൾ നിറവേററത്തക്കവിധം പ്രശ്നപരിഹാര പ്രവർത്തനങ്ങൾ നടത്തുക, വ്യക്തികളിലും മനുഷ്യരാശിയിലും അന്തർലീനമായിട്ടുള്ള അളവില്ലാത്ത സർഗശേഷി ഉണർത്തുക എന്നിവയും ഇതിന്റെ പരിധിയിൽ വരുന്നു.

ഈ സർവനാശത്തെ (പോഷകാഹാരക്കുറവുകൊണ്ടും ദാരിദ്ര്യം കൊണ്ടും കോടിക്കണക്കിനാളുകൾ ചത്തൊടുങ്ങുന്ന അവസ്ഥ) അപലപിക്കുകയും എതിർക്കുകയും ചെയ്യുന്ന എല്ലാവരും ഐകകണ്ഠ്യേന പറയുന്നു: രാഷ്ട്രീയ കാരണങ്ങളാലാണ് ഈ ദുരന്തമുണ്ടായത്.

നോബൽ സമ്മാന ജേതാക്കളായ 53 പേരുടെ മാനിഫെസ്റേറാ, 1981

അഹിംസാത്മക രാഷ്ട്രതന്ത്രത്തിന്റെ പ്രശ്നപരിഹാരപ്രവർത്തനങ്ങൾ എന്തൊക്കെയാണ്?

ഇതിന്റെ ആകെക്കൂടിയുള്ള ലക്ഷ്യം ആഗോളമനുഷ്യജീവിതത്തിൽ നിന്ന് ഹിംസയെ തുടച്ചു മാററുക എന്നതാണ്. കൊല്ലപ്പെടുകയോ കൊല്ലുകയോ ചെയ്തേക്കാവുന്ന ഓരോ മനുഷ്യവ്യക്തിക്കും ആയുഷ്ക്കാല ക്ഷേമം ഉറപ്പാക്കുക എന്നതാണ് അഹിംസാത്മക രാഷ്ട്രതന്ത്രത്തിന്റെ പ്രത്യേക ദൗത്യം. രാഷ്ട്രതന്ത്രത്തിന്റെ കേന്ദ്രബിന്ദുവായ മനുഷ്യവ്യക്തിയിലും അവന്റെ ഉത്കർഷത്തിലുമാണ് അതിന് താത്പര്യമുള്ളത്. കൂടാതെ ആധ്യാത്മികത, സ്ത്രീ പുരുഷാവസ്ഥ, പ്രായം, വംശം, വർഗം, തൊഴിൽ, ദേശീയത, രാഷ്ട്രീയാഭിപ്രായം എന്നിവയുടെ അടിസ്ഥാനത്തിൽ മനുഷ്യനുണ്ടാവുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാനും അത് ശ്രമിക്കുന്നുണ്ട്. അക്രമരാഹിത്യത്തിന് പലവിധ കൂറുകളാണുള്ളത്. അതോടൊപ്പം ഹിംസാ ഭീഷണിയോ ഹിംസാ ശക്തിയോ ഇല്ലാതെ എല്ലാവരുടെയും ആവശ്യങ്ങളോട് പ്രതികരിക്കുകയും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കു

കയും ചെയ്യുക എന്ന ലക്ഷ്യവും അതിനുണ്ട്.

ഹിംസയെ സഹായിക്കുന്ന ഘടകങ്ങൾ കുറച്ചുകൊണ്ടുവരികയും അക്രമരാഹിത്യത്തെ സഹായിക്കുന്ന ഘടകങ്ങളെ ശക്തിപ്പെടുത്തുകയും ചെയ്യുക എന്ന ദൗത്യമാണ് അഹിംസാത്മക രാഷ്ട്രതന്ത്രത്തിനുള്ളത്. ഹിംസയുടെ കുഴലിലും അഹിംസയുടെ അഴിയുന്ന ചുരുളിലും (ചിത്രം 2) സംയോജിച്ചിട്ടുള്ള അഞ്ചു മേഖലകളിലെ ആഭ്യന്തര - ബാഹ്യപ്ര ശ്നങ്ങൾ പരിഹരിക്കാൻ അത് ശ്രമിക്കുന്നു. പ്രശ്നപരിഹാരപ്രക്രിയയിൽ നേരിട്ട് ഇടപെടുകയും അതിൽ ഏർപ്പെട്ടിരിക്കുന്നവരെ സഹായിക്കുക യും ചെയ്യുക എന്നതാണ് രാഷ്ട്രതന്ത്രം എന്ന കർമ്മാനുഷ്ഠാനത്തിന്റെ കർത്തവ്യം. സ്വകാര്യ-പൊതുതലങ്ങളിൽ നടത്തുന്ന പ്രശ്നപരിഹാരപ്ര വർത്തനങ്ങളെ സഹായിക്കുന്നതിനായി അത് ഗവേഷണ-പരിശീലന സൗ കര്യങ്ങൾ പ്രദാനം ചെയ്യണം. എല്ലാവരുടെ ആവശ്യങ്ങൾ നിറവേറ്റുന്ന തിനുപര്യാപ്തമായ വ്യക്തിതലത്തിലും സാമൂഹികതലത്തിലുമുള്ള തീ രുമാനമെടുക്കൽ പ്രക്രിയയ്ക്ക് അത് സൗകര്യമൊരുക്കണം.

അഹിംസാത്മക രാഷ്ട്രതന്ത്രം പ്രശ്നപരിഹാര പ്രവർത്തനങ്ങൾ ഒരു ദൗത്യമായി ഏറ്റെടുക്കുമ്പോൾ അതിന് സർവജ്ഞതയോ സർവശേഷി യോ സർവശക്തിയോ ഉണ്ടെന്ന് അർഥമാക്കുന്നില്ല. എന്നാൽ ആധ്യാത്മിക - ഭൗതിക - സാംസ്കാരിക മേഖലകളിലെ സാമൂഹിക ജീവിതത്തിൽ സൗഖ്യം ഉണ്ടാക്കാനുള്ള കഴിവ് അതിനുണ്ടെന്നുള്ള വസ്തുത നിഷേധി ച്ചുകൂടാ. ഇത് സർവാധികാരപരമായ ഒരു ഇടപെടലല്ല, നേരെമറിച്ച് രാ ഷ്ട്രീയ നേതാക്കൾ, സ്ഥാപനങ്ങൾ, സർക്കാരുകൾ, ജനങ്ങൾ തുടങ്ങി അക്രമരാഹിത്യത്തിൽ വിജയിക്കുന്നവരും പരാജയപ്പെടുന്നവരും അതി ന്റെ ശക്തമായ സാമൂഹിക പ്രത്യാഘാതങ്ങൾക്ക് വിധേയരാണ്. ഭൗതിക മായ അസ്തിത്വം, സാമ്പത്തിക സുസ്ഥിതി എന്നിവ മുതൽ മനുഷ്യപ്ര തീക്ഷകളുടെ അത്യുന്നതി വരെ അതിന്റെ സ്വാധീനവലയത്തിൽ ഉൾപ്പെ ടുന്നു. അഹിംസാത്മക സമൂഹങ്ങൾക്ക് സേവനമർപ്പിക്കുവാൻ ശ്രമിക്കു മ്പോൾ രാഷ്ട്രതന്ത്രത്തിന് ആതുരശുശ്രൂഷ, പൊതുജനാരോഗ്യം എന്നി വയെക്കാൾ ഒട്ടും കുറയാത്ത വിശാല താത്പര്യങ്ങളാണുള്ളത്.

അഭിലാഷവും യാഥാർഥ്യവും തമ്മിലുള്ള പൊരുത്തക്കേടാണ് പ്ര ശ്നങ്ങൾ എന്ന് നിർവചിക്കാവുന്നതാണ്. ഓരോ പ്രശ്നത്തിനും സങ്കീർ ണമായ ഉപപ്രശ്നങ്ങളും ഉണ്ടാവും. താത്ത്വികം : ( എന്താണ് ചെയ്യേണ്ട ത്), അന്വേഷണാത്മകം : ( അതെന്താണ്), സാധ്യതാപരം : ( എന്താണ് ചെയ്യാവുന്നത്). ഓരോ പ്രശ്നത്തിലും ക്രമീകൃത സങ്കീർണതകൾ, പര സ്പരാശ്രിത പ്രതികരണ പ്രക്രിയകൾ, ഭൂത-വർത്തമാന-ഭാവികാലപര മായ ഘടകങ്ങൾ എന്നിവയും അടങ്ങിയിട്ടുണ്ടാവും. പ്രശ്നങ്ങൾ എത്ര

തന്നെ പ്രയാസകരവും സങ്കീർണവും ആയിക്കൊള്ളട്ടെ - അത് ധാർമ്മികമോ, ദാർശനികമോ അന്വേഷണാത്മകമോ ആയിക്കൊള്ളട്ടെ - അഹിംസാത്മക രാഷ്ട്രതന്ത്രം അവയുടെ പരിഹാരപ്രക്രിയയിൽ നിന്ന് പിന്മാറുകയില്ല. മനുഷ്യരാശിയുടെ നിലനിൽപ്പിനെയും സുസ്ഥിതിയെയും ഭീഷണിപ്പെടുത്തുന്ന എല്ലാക്കാര്യങ്ങളിലും അത് ഇടപെടും. അക്രമകരമായ പെരുമാററം അവസാനിപ്പിക്കുന്നതിനും അക്രമസംവിധാനത്തിന്റെ സാഹചര്യങ്ങൾ മാററിയെടുക്കുന്നതിനും അക്രമരഹിത രാഷ്ട്രതന്ത്രം ഉദ്യമിക്കുന്നു. ഈ രണ്ടുതരം അക്രമഘടകങ്ങളുടെ പരസ്പരപ്രതിപ്രവർത്തനങ്ങൾ മൂല്യമുണ്ടാവുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും അത് പരിശ്രമിക്കുന്നുണ്ട്. ഹിംസയ്ക്ക് ലഭിക്കുന്ന പിന്തുണ ഇല്ലാതാക്കാനും അഹിംസാത്മക സേവനത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങൾക്ക് സഹായമെത്തിക്കാനും പുതിയ അഹിംസാത്മക നയങ്ങളും സ്ഥാപനങ്ങളും രൂപവത്ക്കരിക്കാനും അതിന് ബാധ്യതയുണ്ട്.

പ്രശ്നപരിഹാരത്തിന് രാഷ്ട്രതന്ത്രം നിർദ്ദേശിക്കുന്ന പരിഹാരമെന്തെന്ന് മുൻകൂട്ടി പറയാൻ കഴിയില്ല. അത് വെളിപ്പെടുത്തണമെന്ന് നിർബന്ധിക്കുന്നത് ശാസ്ത്രീയ സമീപനമല്ല. രോഗനിർണയം, ഔഷധ പ്രയോഗം, ചികിത്സ എന്നിവ നടത്തുംമുമ്പേ രോഗം സുഖപ്പെടുമോ ഇല്ലയോ എന്ന് ഡോക്ടർ പറയണമെന്ന് നിർബന്ധിക്കുന്നതുപോലെയാണത്. രാഷ്ട്രതന്ത്രവും ജീവൻമരണകാര്യങ്ങളുമായി ബന്ധപ്പെട്ട ഒരു വിഷയമാകയാൽ ഇവിടെയും വ്യത്യസ്തമായ ഒരു സമീപനം സ്വീകരിക്കേണ്ടതില്ല.

അക്രമോന്മുഖ രാഷ്ട്രീയത്തിനും രാഷ്ട്രതന്ത്രത്തിനും ഇന്നോളം പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങൾക്ക് അഹിംസാത്മക രാഷ്ട്രതന്ത്രം ഉടനടി പരിഹാരമുണ്ടാക്കുമെന്നു പ്രതീക്ഷിക്കുന്നത് യുക്തിസഹമല്ല.

ശാസ്ത്രീയ, മാനവിക, ഭൗതിക സമ്പത്തുകൾ വൻതോതിലുപയോഗിച്ച് അക്രമത്തെ അക്രമം കൊണ്ട് അടിച്ചമർത്താനുള്ള ശ്രമം വിഫലമാണ്. തദ്ഫലമായി വലിയ ചോരപ്പുഴകളൊഴുക്കാനേ കഴിഞ്ഞിട്ടുള്ളൂ. യുദ്ധവും വംശനാശവും മുതൽ അണ്വായുധരാഷ്ട്രങ്ങൾ നടത്തുന്ന കൂട്ടക്കൊലപാതകങ്ങൾ വരെയുള്ള എല്ലാവിധ ഹിംസകളും അഭംഗുരം തുടരുകയാണ്. ഹിംസയ്ക്കുവേണ്ടി മനുഷ്യന്റെ സർഗാത്മകത ഗണ്യമായ തോതിൽ ഉപയോഗിക്കപ്പെടുന്നു. ഈ പശ്ചാത്തലത്തിലാണ് അഹിംസാത്മക ബദലുകളുടെ പ്രസക്തി വ്യക്തമാകുന്നത്.

മനുഷ്യന്റെ ഹിംസാതത്പരത അവസാനിപ്പിക്കുകയെന്നത് തീർച്ചയായും രാഷ്ട്രതന്ത്രത്തിന്റെ മാത്രം കർത്തവ്യമല്ല. എല്ലാ ശാസ്ത്രങ്ങളും

മാനവിക വിഷയങ്ങളും തൊഴിലുകളും എല്ലാ വ്യക്തികളും ഇതിൽ പങ്കുചേരേണ്ടതുണ്ട്. എന്നാൽ രാഷ്ട്രമീമാംസയ്ക്ക് ഈ രംഗത്ത് മുൻകൈ എടുത്തു പ്രവർത്തിക്കാനും മററു മേഖലകളിലെ മുൻകൈ എടുത്തു പ്രവർത്തിക്കുന്നവർക്ക് പിന്തുണ നൽകാനും കഴിയും. അഹിംസാത്മക ലോകത്തിൽ അഹിംസാത്മക രാഷ്ട്രമീമാംസ രൂപവത്കരിക്കുന്നതിന് തടസ്സമായി നിൽക്കുന്ന പരമ്പരാഗതപ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് മുൻഗണന നൽകേണ്ടത്. ഹിററ്ലറും സർവനാശവും വിപ്ലവാത്മകഘടനാമാററം, വ്യക്തി മുതൽ രാഷ്ട്രം വരെയുള്ള സുരക്ഷ എന്നീ മൂന്നു വിഷയങ്ങൾ സാമാന്യേന ചർച്ച ചെയ്യാവുന്നവയാണ്.

അഹിംസയും ഹിററ്ലറും സർവനാശവും

രാഷ്ട്രീയ നേതൃത്വവും ഹിംസയും എന്ന വിഷയം വളരെ പ്രാധാന്യത്തോടെ ചർച്ച ചെയ്യേണ്ടതാണ്. എന്നാൽ അതിനെ ഹിററ്ലറും സർവനാശവും എന്ന തരത്തിലുള്ള സാമാന്യദൃഷ്ടാന്തങ്ങളിൽ ഒതുക്കാൻ പാടില്ല. ഈ പ്രശ്നത്തെ നാം നേരിട്ടു സമീപിക്കുകയും നിരന്തരവും അടിസ്ഥാനപരവുമായ ഉദ്യമം മുഖേന പ്രയുക്തശാസ്ത്രങ്ങൾ ചെയ്യുന്ന രീതിയിൽ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയാണ് വേണ്ടത്. അഹിംസാത്മശാസ്ത്രീയ സർഗാത്മകതയെ പൗരഹത്യമുഖേന നിർവീര്യമാക്കാൻ അനുവദിച്ചുകൂടാ. ജനഹത്യ നടത്തുന്ന സ്വേച്ഛാധിപതികൾ, വർഗവിച്ഛേദം വരുത്തുന്ന വിപ്ലവകാരികൾ, നഗരങ്ങളെയും ഗ്രാമങ്ങളെയും നിർമാർജനം ചെയ്യുന്ന ക്രൂരന്മാർ എന്നിവർ ചെയ്തിട്ടുള്ളതിനെക്കാൾ വലിയ ഭീകരകൊലപാതകങ്ങളെയും അക്രമങ്ങളെയും പ്രത്യക്ഷമായോ പരോക്ഷമായോ തുലനം ചെയ്തു പഠിക്കേണ്ട ദുർഗതി രാഷ്ട്രമീമാംസയ്ക്ക് എക്കാലത്തും ഉണ്ടായിട്ടുണ്ട്.

ഇപ്പോഴും വളർച്ച പ്രാപിച്ചിട്ടില്ലാത്ത രാഷ്ട്രീയ നേതൃത്വപഠനരംഗത്ത് പല വിഷയങ്ങളെ ആസ്പദമാക്കിയുള്ള പഠനങ്ങൾ ഊർജിതമാക്കിക്കൊണ്ട് രാഷ്ട്രമീമാംസാമേഖലയിൽ പുതിയൊരു തുടക്കം കുറിക്കാവുന്നതാണ്. ഇതിലൂടെ അക്രമോന്മുഖമായ പെരുമാററങ്ങളും ഘടകങ്ങളും വേർതിരിച്ചെടുക്കാനും അഹിംസാത്മക നേതൃത്വത്തെയും അനുയായികളെയും സൃഷ്ടിക്കുന്നതിനാവശ്യമായ മാററങ്ങൾ കണ്ടെത്താനും കഴിയും. നേതാക്കളുടെ അക്രമോന്മുഖസങ്കല്പങ്ങൾ, വ്യക്തിത്വപരമായ മുന്നാവശ്യങ്ങൾ, അധികാരമാതൃകകൾ, മൂല്യപരിഗണനകൾ, സാങ്കേതിക ശേഷികൾ, ഹിംസയെ അരക്കിട്ടുറപ്പിക്കുന്ന സാമ്പത്തിക, സാമൂഹിക, സാസ്കാരിക ഘടകങ്ങൽ (പയ്ജ് 1977) എന്നിവ ഇപ്രകാരം കണ്ടെത്തിയിട്ടുള്ള ചില സൂചകങ്ങളാണ്.

ഇരുപതാം നൂററാണ്ട് ഹിംസാ പ്രവണതയിൽ ചില മാററങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഹിംസോത്സുകരായ അനുയായികളുടെ പിന്തുണയോടെ ചില ഹിംസോന്മുഖ നേതാക്കൾ ആവിർഭവിക്കുന്നതു തടയണമെങ്കിൽ ചരിത്രത്തിന്റെ ഏതെങ്കിലുമൊരു ഘട്ടത്തിൽ വച്ച് മനുഷ്യർ ഹിംസ ചെയ്യാൻ വിസമ്മതിക്കുകയും ഹിംസാത്മക വ്യവസ്ഥിതിയുമായി നിസ്സഹകരിക്കുകയും വേണം. അല്ലാത്തപക്ഷം ക്രൂരമായ ഹിംസ തുടർന്നു കൊണ്ടേയിരിക്കും. ഇത് ലഘുവായ ഒരു കാര്യമായി തോന്നിയേക്കാം. എന്നാൽ ഇരുപതാം നൂററാണ്ടിലെ കൊടും ക്രൂരതകൾ വ്യക്തമാക്കുന്നത് യുദ്ധം പൂർണമായും ഒഴിവാക്കണമെന്ന് പത്തൊമ്പതാം നൂററാണ്ടിലെ സമാധാന വാദികൾ പറഞ്ഞത് ശരിയായിരുന്നുവെന്നാണ്. ഒന്നാം ലോകമഹായുദ്ധകാലത്തും പിന്നീട് രണ്ടാം ലോകമഹായുദ്ധകാലത്തും തുടർന്ന് ശീതസമര കാലത്തും അതിനു ശേഷവും വ്യാപകമായ തോതിൽ അതിക്രമങ്ങൾ നടന്നു. യുദ്ധം തടയുന്നതിനു പര്യാപ്തമായ മാർഗങ്ങൾ രാഷ്ട്രമീമാംസ കണ്ടെത്തുകയും ശത്രുതാപരമായ നിലപാടുകൾ അവസാനിപ്പിച്ച് അനുരഞ്ജനത്തിലെത്താൻ സഹായിക്കുകയും ചെയ്യണം. ഈ ശത്രുതകൾ അധുനികമാവട്ടെ, പുരാതനമാവട്ടെ അവ യുദ്ധത്തിലേക്കെത്തും മുമ്പ് പറഞ്ഞൊതുക്കണം. പ്രതികാരപൂർവം ശത്രുക്കളെ നിർമാർജനം ചെയ്യുന്ന നേതാക്കളുടെയും അനുയായികളുടെയും ആവിർഭാവം തടയുന്നതിന്, രാഷ്ട്രമീമാംസ ഹിംസാ വിരുദ്ധതയിൽ ഉറച്ചു നിൽക്കുമെന്നും പ്രതിയോഗികളെ അനുരഞ്ജനത്തിലെത്തിക്കുമെന്നും അഹിംസാത്മക ജീവിതത്തിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുമെന്നും പ്രതിജ്ഞയെടുക്കണം.

ഇനിയൊരിക്കലും ഹിററ്ലർമാരും സ്റ്റാലിൻമാരും പോർപോട്ടുമാരും അണുബോംബെറിയുന്ന ട്രൂമാൻമാരും ഉണ്ടാവാതിരിക്കുന്നതിന് രാഷ്ട്രീയ നേതൃത്വമെന്ന സങ്കല്പനം പുനർനിർവചിക്കണം. അവരുടെ സ്ഥാനം ഹിംസയുടെ കമാൻഡർ എന്നായിരിക്കരുത്. നേരേ മറിച്ച് അഹിംസാത്മകമായി സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുന്നവർ എന്നതാവണം. ആക്രമണോത്സുകരായ നേതൃമോഹികളെ കാലേകൂട്ടി തിരിച്ചറിയുകയും അവർക്ക് പിന്തുണ നൽകാതിരിക്കുകയും ചെയ്യണം. കൊല ചെയ്യാനുള്ള ആഗ്രഹവും മററുള്ളവരെ അതിനു നിയോഗിക്കുവാനുള്ള അധികാരവും നേതാക്കളിൽ നിന്ന് ഉന്മൂലനം ചെയ്യണം. കൊല ചെയ്യാൻ സന്നദ്ധതയും ആയുധസമ്പത്തുമുള്ള കൊലയാളി സംഘടനകളുമായി ബന്ധപ്പെടാൻ നേതാക്കളെ അനുവദിച്ചുകൂടാ. മതം, ബിസിനസ്സ്, തൊഴിൽ, ശാസ്ത്രം, കല എന്നീ മേഖലകൾ ഹിംസോന്മുഖസംഘടനകൾക്ക് പിന്തുണ നൽകാൻ പാടില്ല. ഇവയൊക്കെ അഹിംസാബദലുകളുടെ കാര്യത്തിൽ പ്രതിജ്ഞാബദ്ധമാവണം. ജനങ്ങളുടെ ആവശ്യ-പ്രതികരണസംഘർഷം

മുതലെടുത്ത് രാഷ്ട്രീയ നേട്ടങ്ങളുണ്ടാക്കാൻ നേതാക്കൾക്ക് അവസരം നൽകരുത്. ദേശീയാഭിമാനത്തിന്റെയും വ്യക്തിത്വത്തിന്റെയും മുഖ്യ സൂചകമായി അഹിംസാമൂല്യത്തെ പരിഗണിക്കണം. ഏതെങ്കിലും ജനവിഭാഗത്തെ നീചരായോ ദുഷ്ടരായോ മുദ്രകുത്തി ഇല്ലായ്മ ചെയ്യാൻ അനുവദിക്കരുത്. വിവിധ ജനവിഭാഗങ്ങൾ തമ്മിൽ ഉഭയക്ഷേമം മുൻനിർത്തി ചർച്ചകൾ നടത്തണം. അക്രമത്തിന് വ്യക്തികെയും ഗ്രൂപ്പുകളെയും പ്രേരിപ്പിക്കുന്ന സാമൂഹിക - സാമ്പത്തിക സാഹചര്യങ്ങളും മററ് ഘടനാപരമായ ചുററുപാടുകളും മാററിയെടുക്കണം. ഹിംസോന്മുഖ സമ്പദ്‌വ്യവസ്ഥയെ ജീവോന്മുഖ മാനവികാവശ്യങ്ങൾ നിറവേററുന്നതിന് പര്യാപ്തമായ തരത്തിൽ മാററിയെടുക്കണം. കലകളിലൂടെയും ശാസ്ത്രങ്ങളിലൂടെയും അഹിംസാത്മക സംസ്കാരങ്ങൾ സൃഷ്ടിക്കുന്നതിന് പിന്തുണ നൽകേണ്ടതാണ്.

ഹിംസാ മേഖലയിൽ ഹിററ്ലർ മാതൃകയിലുള്ള കൊടും ക്രൂരതകളെ എതിർക്കുന്നത് അഹിംസാത്മക ശാസ്ത്രീയ സർഗാത്മകതയ്ക്ക് വലിയൊരു വെല്ലുവിളി തന്നെയാണ്. എന്നാൽ അത് അചിന്ത്യമായ ഒന്നല്ല - വിശേഷിച്ചും അഭൂതപൂർവമായ സാങ്കേതിക പുരോഗതി കൈവരിച്ചിട്ടുള്ള ഇക്കാലത്ത്. പ്രശ്നപരിഹാരത്തിനുള്ള നിർദ്ദേശങ്ങ ഗൗരവപൂർവം പരിഗണിക്കുകയും പരിശോധനാവിധേയമാക്കുകയും ചെയ്യണം. നേതാക്കളും അനുയായികളും ചേർന്നും ആധ്യാത്മിക - മനശ്ശാസ്ത്ര മേഖലകൾ സംയോജിച്ചും അഹിംസാത്മക പ്രവർത്തനത്തിനുള്ള ശേഷി സമ്പാദിക്കണം. ആഗോളതലത്തിലുള്ള ഹിംസയെ അപലപിക്കുക, കൊലയാളികൾക്ക് യാതൊരുവിധ പിന്തുണയും നൽകാതിരിക്കുക, ഹിംസയെ എതിർക്കുക ( എതിർക്കുന്നത് ഇരകളെ മാത്രമാവരുത്) എന്നീ നടപടികൾ സ്വീകരിക്കണം. ജനങ്ങളുടെ കൂട്ടപ്പാലായനം, കര-വായു-കടൽ എന്നിവ മുഖേന സേനാ മുന്നേററം നടത്തി അത്യാധുനിക സാങ്കേതിക വിദ്യകളുപയോഗിച്ച് ഹിംസാ തത്പരരായ വ്യക്തികളെയും ഗ്രൂപ്പുകളെയും സാങ്കേതിക വിദ്യകളെ നിർവീര്യമാക്കൽ തുടങ്ങിയ തന്ത്രങ്ങൾ സ്വീകരിക്കാവുന്നതാണ്. ഹിംസയുടെ സ്രോതസ്സുകൾ പരിശോധിച്ച് അതിലെ നിഷേധാത്മകഘടകങ്ങളും അനുകൂല ഘടകങ്ങളും വേർതിരിച്ചെടുക്കുകയും ഹിംസാത്മകമായ ഘടകങ്ങളെ തടയുകയും വേണം.

ഹിററ്ലർ മാതൃകയിലുള്ള കൊടും പാതകങ്ങൾക്കുശേഷം അവശേഷിക്കുന്ന കൊലയാളികൾ, പീഡിതർ, ബന്ധുക്കൾ എന്നിവരുടെ സഹകരണത്തോടെ അഹിംസാത്മക പരിവർത്തനത്തിനു വേണ്ടിയുള്ള പ്രവർത്തനം നടത്താവുന്നതാണ്. അഹിംസാത്മക സമൂഹത്തെ സൃഷ്ടിക്കുവേണ്ടി, സമൂഹത്തിലെ അതിക്രമങ്ങൾക്ക് നഷ്ടപരിഹാരം നൽകാ

നും അനുരഞ്ജനമുണ്ടാക്കാനുമുള്ള ഉത്തരവാദിത്വം സമൂഹത്തിനുണ്ടെന്ന് രാഷ്ട്രതന്ത്രം അനുശാസിക്കണം. ആധ്യാത്മികത, ശാസ്ത്രം, പാരമ്പര്യം എന്നിവ സൂക്ഷ്മമായി പരിശോധിച്ച് അഹിംസാത്മക പ്രവണതകൾ കണ്ടെത്തുകയും ഭാവിയിൽ ജനങ്ങളുടെ വ്യക്തിത്വത്തിന്റെയും അഭിമാനത്തിന്റെയും മുഖ്യപ്രതീകമായി അഹിംസയെ അവരോധിക്കുന്ന ഒരു സംസ്ക്കാരം വളർത്തിയെടുക്കാനും രാഷ്ട്രതന്ത്രം പരിശ്രമിക്കണം. ഇത്തരം അതിക്രമങ്ങൾ ഭാവിയിൽ വീണ്ടും ഉണ്ടാവുകയില്ലെന്ന് ഉറപ്പാക്കുകയും വേണം. കൂട്ടക്കൊല മുതൽ യുദ്ധം വരെയുള്ള വമ്പിച്ച അതിക്രമങ്ങളുടെ കാലം അവസാനിപ്പിക്കുന്നതിന് അഹിംസാത്മക രാഷ്ട്രതന്ത്രം പ്രയു ശാസ്ത്രത്തിന്റേതായ മൂന്നു കർത്തവ്യങ്ങൾ തടയൽ, ഇടപെടൽ, അതിക്രമാനന്തര അഹിംസാത്മക പരിവർത്തനം എന്നിവ - ഏറ്റെടുക്കണം. ഇത്തരം നടപടികൾകൊണ്ട് ഇത്തരം അതിക്രമങ്ങൾ നിർമ്മാർജനം ചെയ്യാൻ കഴിയില്ലെന്ന പരമ്പരാഗത ധാരണ മാററിയെടുക്കണം.

അഹിംസാത്മക വിപ്ലവവും അക്രമാസക്ത വിപ്ലവവും

പ്രശ്നപരിഹാരത്തിനുള്ള ഉദ്യമങ്ങളിൽ ഏർപ്പെടുമ്പോഴുള്ള രണ്ടാമത്തെ പ്രധാനപ്രശ്നം അക്രമാസക്ത വിപ്ലവത്തിന്റെയും ബദൽ വിപ്ലവത്തിന്റെയും കാര്യമാണ്. പട്ടാളവിപ്ലവങ്ങൾ, അതിനു വിരുദ്ധമായ വിപ്ലവങ്ങൾ, ഭീകരവാദം, ഭീകരവാദത്തെ നേരിടൽ, ഒളിപ്പോര്, വൻതോതിലുള്ള ആഭ്യന്തരയുദ്ധം എന്നിവ ഇതിനു ദൃഷ്ടാന്തങ്ങളാണ്.

പരമ്പരാഗത രാഷ്ട്രതന്ത്രം ഇത്തരം വിപ്ലവങ്ങളെയും അവയുടെ അടിച്ചമർത്തലുകളെയും അക്രമമായി അംഗീകരിക്കുന്ന കാര്യത്തിൽ സംശയം പുലർത്തുകയാണ്. ചീത്ത ഭരണത്തിനെതിരെയുള്ള അക്രമം - നല്ല ഭരണത്തിനെതിരെയുള്ളതല്ല - പ്രശംസനീയമാണത്രേ. ചീത്ത വിപ്ലവകാരികൾക്കെതിരെ - നല്ല വിപ്ലവകാരികൾക്കെതിരെ അല്ല - അംഗീകരിക്കാമെന്നും പറയുന്നു. മേൽപ്പറഞ്ഞ രണ്ടു തരം അക്രമങ്ങളെയും മഹനീയമായി കണക്കാക്കിയിരിക്കുന്നു. ഇത്തരം ചില വാദമുഖങ്ങൾ ഏതാനും അമേരിക്കൻ പണ്ഡിതന്മാർ ഉന്നയിച്ചിട്ടുണ്ട്. മററു സ്വകാര്യ സ്വത്തിനും ചൂഷണത്തിനുമെതിരെ വിപ്ലവം നയിക്കുന്ന റിബലുകളെ അടിച്ചമർത്താനുള്ള പ്രതി വിപ്ലവങ്ങളെ മററു ചിലർ പിന്തുണയ്ക്കുന്നു. തിരഞ്ഞെടുപ്പിൽ അധിഷ്ഠിതമായ അമേരിക്കൻ ജനാധിപത്യം പോലും വിപ്ലവത്തിന്റെ പേരിലുള്ള ഹിംസയെ അംഗീകരിക്കാൻ തയ്യാറാവുന്നു. സ്വാതന്ത്ര്യം പരിരക്ഷിക്കാനായി സർക്കാരിനെതിരേ ഏതെങ്കിലും പൗരൻ തോക്കെടുത്താൽ അതിൽ അപാകതയില്ലെന്നാണ് അതിന്റെ നിലപാട്.

എന്നാൽ മർദ്ദക രാഷ്ട്രീയ ഭരണകൂടങ്ങളെ നിർമാർജനം ചെയ്യാനും സാമൂഹ്യ- സാമ്പത്തിക സംവിധാനങ്ങളിലെ അസഹനീയമായ സാഹ ചര്യങ്ങൾ മാററിയെടുക്കാനും അക്രമരഹിത വിപ്ലവ ബദലുകൾ കണ്ടെ ത്തുന്നതിനും അവയെ സഹായിക്കുന്നതിനും അഹിംസാത്മകരാഷ്ട്രത ന്ത്രത്തിനു കഴിയും. ഇതിലേയ്ക്ക് വിപ്ലവങ്ങൾ അനിവാര്യമായും അക്ര മാസക്തമായിരിക്കണമെന്ന ധാരണ മാററുകയും ഫലപ്രദമായ അക്രമര ഹിത ബദലുകൾ സംബന്ധിച്ച അറിവ് ലഭ്യമാക്കുകയും വേണം. തത്വ ങ്ങൾ, തന്ത്രങ്ങൾ, സംഘടനാപരമായ സമരസമ്പ്രദായങ്ങൾ, അവ നട പ്പാക്കാനുള്ള കഴിവുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

കഴിഞ്ഞ ശീതസമരത്തിന്റെ ഉത്തരാർധത്തിൽ ലോകത്തിലെ ഏററ വും സ്വാധീനമുള്ള അക്രമാസക്ത വിപ്ലവപാരമ്പര്യമുള്ള അമേരിക്കൻ ഐക്യനാടുകൾ, സോവിയററ് യൂണിയൻ, ചൈന എന്നിവിടങ്ങളിൽ നിന്ന് അക്രമരഹിത വിപ്ലവത്തിന്റെ സാധ്യതയെപ്പററി ശ്രദ്ധേയമായ പരാമർ ശങ്ങൾ വരികയുണ്ടായി. അമേരിക്കൻ ഐക്യനാടുകളിൽ ജീൻ ഷാർപ് (1973) അക്രമരഹിത രാഷ്ട്രീയ വിപ്ലവത്തിന്റെ തത്ത്വവും പ്രയോഗവും അവതരിപ്പിക്കുകയുണ്ടായി. ഫലപ്രദമായ അക്രമരഹിത വിപ്ലവങ്ങൾ ക്കുള്ള ദൃഷ്ടാന്തങ്ങൾ ചരിത്രത്തിന്റെ അടിവേരുകൾ പരിശോധിച്ച് അദേഹം കണ്ടെടുത്തു. അക്രമരഹിത പ്രവർത്തനത്തിനുള്ള 198 മാർഗ ങ്ങളെങ്കിലും അദ്ദേഹം വേർതിരിച്ചെടുത്തു. പ്രതിഷേധം മുതൽ നിർബ ന്ധിക്കൽ വരെ അവയിലുണ്ട്. സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ മേ ഖലകളിലെ നിസ്സഹകരണം, പ്രത്യക്ഷ അക്രമരഹിത ഇടപെടൽ എന്നി വയും അദ്ദേഹം അവതരിപ്പിക്കുന്നുണ്ട്. ഇവയെല്ലാം കൂടി സംയോജിപ്പി ച്ച് പരിവർത്തനം, സഹവർത്തിത്വം, നിർബന്ധിക്കൽ എന്ന പ്രക്രിയ അദ്ദേഹം സിദ്ധാന്തവത്കരിച്ചു. പിന്നീട് വിഘടനം എന്ന ഘടകം കൂടി അദ്ദേഹം കൂട്ടിച്ചേർത്തു. സോവ്യററ് യൂണിയനിൽ ഇ. ജി. പ്ലിമാർക്ക്, വൈ. എഫ്. കര്യാകിൻ (1979) എന്നിവർ വിപ്ലവത്തിന് പുതിയൊരു നിർവചനം നൽകി. രാഷ്ട്രത്തിന്റെ അധികാരം ഒരു വർഗത്തിൽ നിന്ന് ബഹുഭൂരി പക്ഷം വരുന്ന ജനങ്ങളുടെ ജീവിതത്തിൽ കാര്യമായ മാററമുണ്ടാക്കുന്ന മറെറാരു വർഗത്തിന്റെ കൈയിലേക്കു പോകുന്നതാണ് വിപ്ലവം എന്ന നിർവചനമാണ് അവർ നൽകിയത്. മാർക്സിസ്റ്റിലെ നിനിസ്റ്റ് സിദ്ധാന്ത ത്തിന്റെ അടിസ്ഥാനത്തിൽ അവർ തുടർന്നു വാദിച്ചത് സമാധാനപരമായ സോഷ്യലിസ്റ്റ് വിപ്ലവങ്ങൾ സാധ്യമാണ് എന്നായിരുന്നു. സായുധസമരം, ആഭ്യന്തരയുദ്ധം, സായുധ പ്രതിവിപ്ലവം ഇതൊന്നുമില്ലാത്ത വിപ്ലവത്തെ യാണ് സമാധാനപരമായ സോഷ്യലിസ്റ്റ് വിപ്ലവം എന്ന് അവർ വിളിച്ചത്. പുതിയ ചരിത്ര സാഹചര്യങ്ങളിൽ ചരിത്രത്തിലെ തെററുകൾ ആവർത്തി ക്കാതെ വിപ്ലവങ്ങൾ സമാധാനപരമായി സംഘടിപ്പിക്കണമെന്ന് അവർ

വാദിച്ചു. "സമാധാനപരമായ വിപ്ലവം എന്ന ആശയം വികസിപ്പിച്ചെടുക്കുന്നതിനുവേണ്ടി... അതിന്റെ ഓരോ വശത്തെപ്പററിയും നിശിതവും വസ്തു നിഷ്ഠവുമായ പഠനങ്ങൾ നടത്തണം എന്ന് അവർ ആവശ്യപ്പെട്ടു. (വിവർത്തനം ഗ്രന്ഥകാരന്റേത്) ചൈനയിൽ ഴാങ്യിപിങ് ( ) മാർക്സിസ്റ്റ് സിദ്ധാന്തം, ഏഷ്യ – ആഫ്രിക്കാ – ലാററിൻ അമേരിക്ക എന്നിവിടങ്ങളിലെ ദേശീയ സ്വാതന്ത്ര്യസമരങ്ങൾ – വിശേഷിച്ചും ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ബഹുജനമുന്നേററം എന്നിവയെ ആസ്പദമാക്കി ഇപ്രകാരം വാദിച്ചു. കാലം, സ്ഥലം, സാഹചര്യം എന്നിവ പരിഗണിക്കാതെ അക്രമാസക്ത വിപ്ലവത്തെ അനുകൂലിക്കുന്നതും അക്രമരഹിത വിപ്ലവത്തെ തള്ളിപ്പറയുന്നതും സിദ്ധാന്തപരമായി തെററും പ്രയോഗപരമായി ഉപദ്രവകരവുമാണ്. ( ഊന്നൽ ചേർന്നത്, വിവർത്തനം ഗ്രന്ഥകാരന്റേത്)

വിപ്ലവത്തിന്റെയും പ്രതിവിപ്ലവത്തിന്റെയും പേരിൽ ചോരപ്പുഴകളൊഴുക്കുന്ന ഒരു കാലഘട്ടത്തിൽ അക്രമോന്മുഖ പാരമ്പര്യമുള്ള മൂന്നു രാജ്യങ്ങളിലെ രാഷ്ട്രീയ ചിന്തകർ – സ്വതന്ത്രമായി പരസ്പരം ബന്ധപ്പെടാതെ – അക്രമരഹിത വിപ്ലവത്തിന്റെ തത്ത്വവും പ്രയോഗവും വികസിപ്പിച്ചെടുക്കുകയെന്ന ശാസ്ത്രീയ ദൗത്യം ഏറെറടുത്തു. അവരിൽക്കാണുന്ന ശ്രദ്ധേയമായ ഒരു പൊതുഘടകം ഇന്ത്യയിലെ അക്രമരഹിത ഗാന്ധിയൻ പ്രസ്ഥാനത്തെ അവർ പരാമർശിച്ചിരിക്കുന്നു എന്നതാണ്. രാഷ്ട്രീയ സ്വാതന്ത്ര്യത്തിൽ മാത്രമല്ല സാമൂഹിക – സാമ്പത്തിക – സാംസ്കാരിക പരിവർത്തനത്തിലും അതിനുള്ള പ്രസക്തി അവർ എടുത്തു പറഞ്ഞിട്ടുണ്ട്.

മുതലാളിത്ത നിലപാടിൽ നിന്നുകൊണ്ടായാലും സോഷ്യലിസ്റ്റ് നിലപാടിൽ നിന്നുകൊണ്ടായാലും സാമാന്യേന മർദ്ദിതരുടെ കാഴ്ചപ്പാടിലാണ് അക്രമരഹിത വിപ്ലവസിദ്ധാന്തം ഇന്നോളം വിഭാവന ചെയ്യപ്പെട്ടിട്ടുള്ളത്. ഇതേ രീതിയിൽ അക്രമരഹിത പ്രതിപ്രവർത്തനത്തിനുള്ള സിദ്ധാന്തങ്ങൾ ആവിഷ്ക്കരിക്കപ്പെട്ടിട്ടില്ല. അക്രമരഹിത വിപ്ലവത്തെ മർദ്ദിച്ചൊതുക്കുമ്പോൾ സ്വീകരിക്കേണ്ട ബദൽ നടപടികൾ എന്തൊക്കെ എന്നതാണ് പ്രശ്നം. ഷാർപ്പിയൻ അപഗ്രഥനം തിരിച്ചിട്ടാൽ ഇവിടെ പ്രസക്തമാവും. പാവപ്പെട്ടവരും ഭൂരഹിതരും അടിച്ചമർത്തപ്പെട്ടവരും ന്യൂനപക്ഷങ്ങളും അഥവാ ഭൂരിപക്ഷങ്ങളും ചേർന്ന് നടത്തുന്ന അക്രമരഹിതവും ആയുധരഹിതവുമായ സമരത്തെ അഭിമുഖീകരിക്കാനുള്ള സിദ്ധാന്തവും ധൈര്യവും സമ്പന്നരും വംശീയമേധാവികളും രാഷ്ട്രീയ നേതാക്കളും പോലീസും സൈന്യവും ആർജിക്കണം. മനുഷ്യാവകാശങ്ങളും സാമ്പത്തിക നീതിയും അക്രമരഹിതമായി ആവശ്യപ്പെടുക മാത്രമാണല്ലോ

അവർ ചെയ്യുന്നത്. പദവിക്കും അംഗീകാരത്തിനും വേണ്ടിയുള്ള അവരുടെ പ്രതിസമരം പരിവർത്തനം, സഹവർത്തിത്വം, നിർബന്ധിക്കൽ എന്നീ മാർഗങ്ങൾ അവലംബിച്ചുള്ളതാകയാൽ രക്തച്ചൊരിച്ചിൽ ഉണ്ടാവുന്നില്ല.

ഇതിനുപുറമേ അക്രമരഹിത സമരം അഥവാ അക്രമരഹിത വർഗസമരം മുഖേന സാമൂഹിക മാററം കൊണ്ടുവരുന്നതിന് മുൻകാല മർദ്ദകരും മർദ്ദിതരും തമ്മിൽ ധാരണയിലെത്തുന്നത് അഭിലഷണീയമായിരിക്കും. മനുഷ്യസ്വഭാവത്തി അന്തർലീനമായിട്ടുള്ള അഹിംസാത്മക ഘടകങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ട് ഇത് സാധ്യമാക്കാം. ഈ സമീപനം തങ്ങളുടെ അണികളെ ദുർബലപ്പെടുത്തുമെന്ന് മർദ്ദകർ ധരിക്കാനും അക്രമരഹിത സംരംഭങ്ങളെ അടിച്ചമർത്താനും ഇടയുണ്ട്. ഉദാഹരണത്തിന് ശീതസമരത്തിന്റെ സംഘർഷകാലത്ത് അമേരിക്കയിലെയും സോവിയററ് യൂണിയനിലെയും വരേണ്യ വർഗവും മാധ്യമങ്ങളും സമാധാന ശ്രമങ്ങളെ പരിഹസിക്കുകയാണ് ചെയ്തത്. സ്വന്തം സൈനികശേഷിക്കു കിട്ടുന്ന പിന്തുണ കുറയ്ക്കാൻ ഈ ശ്രമങ്ങൾ ഇടവരുത്തുമെന്നാണ് അവർ കരുതിയത്. അതു പോലെ തന്നെയാണ് സായുധസമരത്തെ അനുകൂലിക്കുന്ന അക്കാദമീയ പണ്ഡിതർ, സജീവസമര പ്രവർത്തകർ എന്നിവരുടെയും സ്ഥിതി. അക്രമരഹിതവിപ്ലവ ബദലുകളെ ഉടനടി നിരാകരിക്കുകയാണ് അവർ ചെയ്യുന്നത്. മർദ്ദിതജനവിഭാഗങ്ങൾ ഈ ബദലുകൾ സ്വീകരിച്ചേക്കുമോ എന്ന ഭയമാണ് ഇതിന്റെ പിന്നിലുള്ളത്. മർദ്ദകർക്കിടയിലും മർദ്ദിതർക്കിടയിലും അഹിംസാത്മക തത്ത്വവും പ്രയോഗവും സ്വീകാര്യമായാൽ പോലും അപ്രകാരമുള്ള ഒരു വർഗസമരം സംഘടിപ്പിക്കുകയെന്നത് അത്ര എളുപ്പമുള്ള കാര്യമല്ല എന്നാണ് ഇതൊക്കെ വ്യക്തമാക്കുന്നത്. അഹിംസാത്മക വിപ്ലവത്തിലൂടെ പ്രശ്നപരിഹാരം കണ്ടെത്തുന്ന പ്രക്രിയകൾക്ക് സൗകര്യമൊരുക്കുന്നതിന് രാഷ്ട്രമീമാംസ പ്രവൃത്യുന്മുഖമായ ഒരു പങ്ക് വഹിക്കേണ്ടതാണ്. അക്രമരഹിത സമരത്തിന്റെ ഓരോ ഘട്ടത്തിലും എതിരാളികൾ തമ്മിൽ അനുരഞ്ജനത്തിൽ എത്തണമെന്നതാണ് ഗാന്ധിജിയുടെയും കിങിന്റെയും സമീപനം. ക്രൂരഭരണത്തിൽ നിന്ന് സ്വാതന്ത്ര്യത്തിലേക്കുള്ള മാററം, അഥവാ നേരെ തിരിച്ചുള്ള മാററവും രക്തച്ചൊരിച്ചിൽ കൂടാതെ പൗരന്മാരുടെ പൊതുസമ്മതത്തോടെ നടപ്പാക്കാവുന്നതാണ് എന്ന് മാക്യവെല്ലി പോലും പറഞ്ഞിട്ടുണ്ട്. (ദിഡിസ്കോഴ്സസ്, ബുക്ക് കകക, അധ്യായം 7)

അഹിംസയും സുരക്ഷയും

വ്യക്തിപരം, പ്രാദേശികം, ദേശീയം, രാജ്യാന്തരം എന്നീ തലങ്ങളിലുള്ള സായുധ ആക്രമണങ്ങളിൽ നിന്ന് രക്ഷ നേടാനുള്ള ബദൽ സംവിധാനങ്ങൾ കണ്ടെത്തുക എന്ന പ്രശ്നത്തിന് അക്രമരഹിത രാഷ്ട്രതന്ത്രം

പരിഹാരം കണ്ടെത്തിയേ മതിയാവൂ. പരമ്പരാഗത സുരക്ഷാ സംവിധാനത്തിന്റെ തത്ത്വവും പ്രയോഗവും ഹിംസാ ഭീഷണിയിൽ അധിഷ്ഠിതമാണ്. ഞാൻ/ഞങ്ങൾ നിന്നെ/ നിങ്ങളെ കൊല്ലുമെന്ന് അസന്ദിഗ്ധമായി നിങ്ങളെ അറിയിക്കുന്നു. ഇതാണ് ഹിംസാത്മക സുരക്ഷയുടെ അടിസ്ഥാനം. നേരെ മറിച്ച് അഹിംസാത്മക സുരക്ഷ ഈ സമീപനത്തിൽ നിന്ന് വ്യതിചലിക്കുന്നു. "ഞാൻ/ഞങ്ങൾ നിന്നെ /നിങ്ങളെ കൊല്ലുകയില്ലെന്ന് അസന്ദിഗ്ധമായി നിങ്ങളെ അറിയിക്കുന്നു. അതുപോലെ/തന്നെ നിങ്ങൾ എന്നെയും/ ഞങ്ങളെയും കൊല്ലുകയില്ലെന്ന് അസന്ദിഗ്ധമായി പ്രഖ്യാപിക്കണം". ഇതാണ് പുതിയ സമീപനം. ചുരുക്കത്തിൽ "പരസ്പരം കൊല്ലുകയില്ലെന്ന് വിശ്വസനീയമായ നിലയിൽ വ്യക്തമാക്കുക"യാണ് നാം ചെയ്യേണ്ടത്. മററൊരാൾ വധിക്കാൻ തുനിഞ്ഞു നടന്നാൽ നമ്മിൽ ആരുടെയും സ്ഥിതി സുരക്ഷിതമാവുകയില്ല. പരിചകൾ, ആയുധങ്ങൾ, കിടങ്ങുകൾ, കോട്ടകൾ, സംരക്ഷിതമായ കൊട്ടാരങ്ങൾ എന്നിവയ്ക്കൊന്നും ഹിംസയുടെ ബലഹീനതയെ മറികടക്കാൻ കഴിഞ്ഞിട്ടില്ല. ആക്രമണപരമായ ഹിംസ പ്രതിരോധപരമായ ഹിംസയെ നിഷ്ഫലമാക്കുന്നു. അസ്ത്രങ്ങളുടെ മുന്നിൽ കുന്തങ്ങളും യന്ത്രത്തോക്കുകളുടെ മുന്നിൽ നാടൻ തോക്കുകളും യന്ത്രോപകരണങ്ങളുടെ മുന്നിൽ കാലാൾപ്പടയും ടാങ്കുകളുടെ മുന്നിൽ കുതിരപ്പട്ടാളവും റോക്കററുകളുടെ മുന്നിൽ ടാങ്കുകളും അന്തർവാഹിനികളുടെ മുന്നിൽ സാധാരണ യുദ്ധക്കപ്പലുകളും അടിയറവുപറയുന്നു. ആകാശ മിസൈൽ ശക്തികൾ ഇതിനെയെല്ലാം വെല്ലുന്നു. ആണവ, ജൈവ, രാസായുധങ്ങൾ മററു സകലതിനെയും പരാജയപ്പെടുത്തുന്നു. തോക്കുകൾ നിറച്ച ഒരു ആയുധപ്പുരയിലിരുന്നാലും ആർക്കും സുരക്ഷ ഉറപ്പാക്കാൻ കഴിയില്ല. കടന്നു കയററക്കാരന്റെ പക്കൽ ശക്തിയേറിയ മിസൈലുകളോ യന്ത്രങ്ങളോ ഉണ്ടായേക്കാം. വായുവിലും ഭക്ഷണത്തിലും വെള്ളത്തിലും വിഷം കലർത്താൻ അയാൾക്ക് കഴിഞ്ഞെന്നു വരാം. ഉറപ്പുള്ള സുരക്ഷ നമുക്കു ലഭിക്കുന്നത് കൊല്ലാനുള്ള സന്നദ്ധത ഇല്ലാതെ വരുമ്പോഴാണ്.

അഹിംസാത്മക സുരക്ഷയിലേക്കുള്ള മാററം ഉണ്ടാക്കുന്നതിന് വിശ്വസനീയമായ ബദലുകൾ പ്രദാനം ചെയ്യുവാൻ രാഷ്ട്രമീമാംസയ്ക്ക് കഴിയണം. പരമ്പരാഗതമായി ഇതൊരു പഠനവിഷയമല്ലെങ്കിലും ഇപ്പോൾ ഈ മേഖലയിൽ ധാരാളം രചനകൾ വരുന്നുണ്ട്. നാസി കൂട്ടക്കൊലകൾക്കെതിരേ പൗരന്മാർ നടത്തിയ പ്രതിഷേധത്തിന്റെ വിവരങ്ങളും ഇപ്പോൾ ലഭ്യമാണ്. (ഹാലി 1979) ഫോഗൽമാൻ 1994, സെമെലിൻ 1994) ഡാനിലോ ഡോൾസിയുടെ അക്രമരഹിതസാമൂഹിക പ്രതിരോധസംവിധാനം, മനുഷ്യാവപ്രവർത്തകരുടെ നിരായുധരായ ബോഡി ഗാർഡുകൾ (മഹോനി & ഏഗുറൻ 1997), പട്ടാള വിപ്ലവങ്ങൾക്കെതിരേയുള്ള അക്രമരഹിത

## അദ്ധ്യായം : 5

# സ്ഥാപനപരമായ ശേഷികൾ

അവശ്യസംഘടനകൾ എന്ന് നാം വിളിക്കുന്നവ നമുക്ക് പൊതുവെ സാധാരണ പരിചയമുള്ള സംഘടനകളല്ലാതെ ഒന്നും തന്നെയല്ല. മാത്രമല്ല സാമൂഹ്യ വ്യവസ്ഥയിൽ സാധ്യതകളുടെ മണ്ഡലം വിവിധ സമൂഹങ്ങളിൽ ജീവിക്കുന്ന മനുഷ്യർക്ക് സങ്കല്പിക്കാൻ കഴിയുന്നതിനേക്കാൾ ഏറെ വിപുലവുമാണ്.

അഹലഃശ ഠീലൂൗല്ശഹഹല

ലോകത്തിൽ ജീവിതത്തിന് ഭീഷണി സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ കൂട്ടായി സൃഷ്ടിക്കപ്പെടുന്നവയാണ്; അവ കൂട്ടായി ബാധിക്കുന്നു, അവയെ രൂപാന്തരപ്പെടുത്തുവാൻ നാം കൂട്ടായി പ്രവർത്തിക്കേണ്ടിവരുന്നു.

ജലൃൃമ ഗ. ഗലഹഹ്യ

രാഷ്ട്രമീമാംസയിലെ നാശാത്മകമല്ലാത്ത നീതിശാസ്ത്ര- അനുഭവാസ്വദനമാററത്തിന് വ്യവസ്ഥാപിതമായ സൂചികകൾ എന്തെല്ലാമാണ്? അത് കൈകാര്യം ചെയ്യുന്നവർക്ക് ഡാം പ്രദായികമായ ഒരുന്നുഘടനയ്ക്ക് അറിവിന്റെ മററു ശാഖകളുമായി അതിനുള്ള ബന്ധത്തിന്, പ്രാദേശിക സമൂഹം മുതൽ മാനവരാശി ഒട്ടാകെ വരെ വിനാശകാരിയല്ലാത്ത സമൂഹത്തിന് ഒട്ടാകെ കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ വിവിധ സംഘടനകൾക്ക് അവയെ കൈകാര്യം ചെയ്യുന്നവർക്ക് അത് എന്താണ് ധ്വനിപ്പിക്കുന്നത്? മാനവികതയുടെ ആവശ്യങ്ങളുടെയും അഭിലാഷങ്ങളുടെയും പ്രതികരണമായി ലക്ഷ്യബോധമുള്ള സാമൂഹ്യബന്ധങ്ങളുടെ ഫലമാണ് സംഘടനകൾ.

നാഗരികതയുടെ ചരിത്രത്തിന്റെ മുഖ്യഭാഗം സംഘടനകളുടെ നവീ

കരണ പ്രക്രിയകളുടെ ചരിത്രമാണ്. വിശ്വാസം എന്ന ആശയത്തിൽ നിന്ന് ക്ഷേത്രങ്ങൾ, ഡിനഗോഗുകൾ, ക്രൈസ്തവ ദേവാലയങ്ങൾ, മോസ്ക്കുകൾ എന്നിവയുമായി ബന്ധപ്പെട്ട സംഘടനകൾ ഉത്ഭവിക്കുന്നു. രാഷ്ട്രീയ പങ്കാളിത്തത്തിനായി രാഷ്ട്രീയ പാർട്ടികൾ, തെരഞ്ഞെടുപ്പ്, പാർലമെന്റ് എന്നിവ ഉണ്ടാകുന്നു. സാമൂഹ്യ നിയന്ത്രണത്തിനുവേണ്ടി പോലീസ്, കോടതികൾ, ജയിൽ എന്നിവ ഉണ്ടാകുന്നു. യുദ്ധം, ആക്രമണം എന്നിവയ്ക്ക് വേണ്ടി കര, കടൽ, ആകാശ യുദ്ധസജ്ജമായ സാങ്കേതിക സേനകൾ സംഘടിപ്പിക്കുന്നു. ഭരണാവശ്യത്തിനും പട്ടാളത്തിനും ആവശ്യമായ സാമ്പത്തികാവശ്യങ്ങൾക്കായി കരം പിരിക്കുന്നതിന് ഉദ്യോഗസ്ഥവൃന്ദം ഉണ്ടാക്കുന്നു. എശില്യ 1997, 1617, 2021) ആറ്റംബോംബ് നിർമ്മിക്കൽ ദേശീയ വരുമാനത്തിന്റെ ഒരു മാൽഹട്ടൻ പ്രോജക്ട് ഉണ്ടാക്കുന്നു. അജ്ഞാതമായ ചുഴിഞ്ഞ് അന്വേഷിക്കാൻ തൃഷ്ണാശാസ്ത്രം, സാങ്കേതിക വിദ്യ, വൈദഗ്ദ്ധ്യം, 15-ാം നൂറ്റാണ്ടിലെ നാവികനായ ഹെന്റി രാജകുമാരനു വേണ്ടി കടൽ യാത്രകൾ 20-ാം നൂറ്റാണ്ടിൽ ചന്ദ്രനിൽ മനുഷ്യനെ പ്രതിഷ്ഠിക്കാൻ അപ്പോളോ പ്രോജക്ട് എന്നിവ സമാഹരിക്കുന്നു.

വിനാശകാരിയല്ലാത്ത ഒരു ആഗോള സമൂഹത്തിലേക്ക് പരിവർത്തനം ചെയ്യുന്നതിന് രാഷ്ട്രമീമാംസയ്ക്ക് സംഭാവന ചെയ്യാൻ സംഘടനാപരമായ എന്തെല്ലാം പരിവർത്തനങ്ങൾ വിവക്ഷിക്കപ്പെടുന്നു? സമകാലീന ആശയ വിനിമയവും വിവര സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ടവർക്ക് സംഘടനാപരമായ പരിവർത്തനം മുൻകൂട്ടിക്കണ്ട് വിനാശകരമല്ലാത്ത ആഗോള ജീവിതം സംഘടിപ്പിക്കുന്നതിന് വ്യാപകമായി തയ്യാറെടുപ്പോടെയുള്ള അദ്ധ്വാനം ആവശ്യമായി വരുന്നു. വിനാശകരമല്ലാത്ത കാഴ്ചപ്പാടിനെ പങ്കാളിത്ത ജനാധിപത്യം ലിംഗപദവി, വർണ്ണം, വർഗ്ഗം, രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളും പ്രത്യേകതകൾ എന്നിങ്ങനെ നിലവിലുള്ള ആശയങ്ങളെ ഉൾക്കൊള്ളിക്കയോ, സ... യിപ്പിക്കയോ ചെയ്യണം. അതിനുപകരം പഴയതിനെ പുതുക്കി സംഘടിപ്പിക്കുന്നതിലേക്കോ സമാന്തരപരിവർത്തനാത്മകസംഘടനകളെ രൂപ്പെടുത്തുന്നതിലേയ്ക്കോ വിനാശകരമല്ലാത്ത ശക്തമായ പ്രവർത്തനത്തിന് വേണ്ടി എല്ലാ ശക്തി സ്രോതസുകളെയും സമാഹരിച്ച് ഒരു സങ്കരസംഘടനയെ കെട്ടിപ്പടുക്കുന്നതിലേക്കോ നയിക്കാം.

വിനാശകരമല്ലാത്ത സംഘടനയുടെ സൃഷ്ടിയെക്കുറിച്ച് ഗൗരവമായി ചിന്തിക്കുമ്പോൾ, വിനാശകമല്ലാത്തതിനും ശാസ്ത്രീയ അടിത്തറയുള്ളതിനും, മാനവികതയെ വീണ്ടെടുക്കുന്നതിനും അക്രമരാഹിത്യത്തിന് ശിക്ഷണവും പരിശീലനവും നൽകുന്നതിനും ജീവന് വിലമതിക്കുന്നതിനുതകുന്ന പ്രശ്നപരിഹാരത്തിനും മതേതരത്വത്തിനും സമൂഹത്തിന്റെ എല്ലാ

മേഖലകളിലും അഹിംസാധിഷ്ഠിതമായ ക്ഷേമം പ്രദാനം ചെയ്യുന്ന സേവനം ഒരുക്കുന്നതിനും വേണ്ടിയുള്ള അർപ്പണബോധത്തിന്റെ ആവശ്യകത ബോധ്യപ്പെടുന്നു.

തങ്ങൾ ആരെന്ന് ബോധ്യമുള്ളവരും ജനാധിപത്യം പ്രവൃത്തിക്കുന്നത് എങ്ങിനെയെന്ന് അറിയാവുന്നവരും പ്രവർത്തിക്കാനുള്ള മനോഭാവം ഉള്ളവരുമായ ജനാധിപത്യവിശ്വാസികളാണ് ജനാധിപത്യത്തിന് രൂപം കൊടുത്തത് എന്നതുപോലെ വിനാശകരമല്ലാത്ത സംഘടനകളെയും സമൂഹങ്ങളെയും രൂപപ്പെടുത്തുന്നത് അക്രമവാസനയില്ലാത്ത വ്യക്തികളാണ്. ഹിംസാരാഹിത്യത്തിനും ഉണർവ്വിനും ധാരാളം മാർഗ്ഗങ്ങൾ ഉള്ളതുകൊണ്ട് എല്ലാ മാർഗ്ഗത്തിനും വേണ്ടി എല്ലാവരെയും ചിട്ടപ്പെടുത്താൻ കഴിയുകയില്ല, ജന്മം, വിശ്വാസം, വിവേകം, മാനസാഘാതം (മാനസികാവസ്ഥ) അനുകമ്പ, മൂല്യ-നേട്ട വിശകലനം, അനുകരണം, ചിന്താശക്തി ഇവയെല്ലാം വിനാശകരമല്ലാത്ത കണ്ടെത്തലുകളുടെയും പ്രവർത്തനങ്ങളുടെയും സരണികളാണ്. മനുഷ്യന്റെ വിനാശകരമല്ലാത്ത അർപ്പണബോധത്തിന്റെ വിപുലമായ ചരിത്രവും സമകാലികവുമായ തെളിവുകൾ പരിവർത്തനാത്മകമായ നമ്മുടെ സ്വന്തം കഴിവിനെ കണ്ടെത്തുന്നതിന് പ്രേരണയാകും.

രാഷ്ട്രമീമാംസയുടെ വിനാശകരമല്ലാത്ത പ്രവർത്തന മേഖല (ശാഖ-ഡിപ്പാർട്ടുമെന്റ്)

നിലവിലുള്ള ഓരോ രാഷ്ട്രമീമാംസാ പ്രത്യയശാസ്ത്രം, ശാഖ, സംഘടന എന്നിവയിലേക്ക് വിനാശകരമല്ലാത്ത ആത്മാവിനെ സന്നിവേശിപ്പിക്കേണ്ടത് ആവശ്യമായിരിക്കുന്നതുപോലെ തന്നെ വിനാശകരമല്ലാത്ത ഒരു ശാഖ നിലവിലുള്ള പ്രത്യയ ശാസ്ത്രങ്ങളെ പുനർഉദ്ഭവിഷ്കരിക്കാനും ആഗോളതലത്തിൽ ഉയർന്നു വരുന്ന സർവ്വകലാശാലകളിൽ പുതിയ ഡിപ്പാർട്ടുമെന്റ് ആരംഭിക്കാനും മാതൃകയാകണം.

ഈ ഡിപ്പാർട്ടുമെന്റ് അഥവാ ശാഖ പൊതുവായ ഉദ്ദേശത്തിൽ നിന്ന് വ്യതിരിക്തമായിരിക്കണം. നരഹത്യ ഒഴിവാക്കുക, നരഹത്യക്ക് എതിരാവുക - മാരക സ്വഭാവം ആഗോളതലത്തിലുള്ള ജീവിതത്തിന്റെ നിലനിൽപ്പുമായി ബന്ധപ്പെടുത്തണം. ഇത് അക്രമത്തിൽ അധിഷ്ഠിതമായ ഉദാര ജനാധിപത്യവ്യവസ്ഥിതിയെ അനുകൂലിക്കുന്ന ശാഖകളിൽ നിന്നും അക്രമത്തിൽ അധിഷ്ഠിതമായ ശാസ്ത്രീയ സോഷ്യലിസത്തിൽ നിന്നും, അക്രമത്തിൽ അധിഷ്ഠിതമായ ഏകാധിപത്യത്തിൽ നിന്നും വ്യത്യസ്തമായിരിക്കും. വിനാശകാരിയല്ലാത്ത ഈ വകുപ്പ് മൂല്യത്തോട് കെട്ടപ്പെട്ടതായിരിക്കയില്ല. ഇത് വ്യത്യസ്ഥമൂല്യാധിഷ്ഠിതമാണ്.

പ്രാരംഭവിദ്യാഭ്യാസം മുതൽ ഡോക്ടറേററിനുള്ള പഠനം വരെയുള്ള പഠനത്തിന്റെ വളർച്ച കണക്കിലെടുക്കുമ്പോൾ ഈ ഡിപ്പാർട്ടുമെന്റ് വിനാശകാരികളല്ലാത്ത സമൂഹങ്ങളെ മനസ്സിലാക്കുന്നതിനും നിലനിർത്തുന്നതിനും ആവശ്യമായ സ്വഭാവ വൈശിഷ്ഠ്യവും വൈദഗ്ദ്ധ്യവും പരിപോഷിപ്പിക്കാൻ നേരിട്ട് ശ്രമിക്കുന്നു.

നാലുതരം വൈദഗ്ദ്ധ്യങ്ങളാണ് അടിസ്ഥാനപരമായി ആവശ്യമായിട്ടുള്ളത്. ഗവേഷണത്തിനുള്ളത്, പഠനത്തിനും പരിശീലനത്തിനുമുള്ളത്, കർമ്മ പദ്ധതിക്കുള്ളത്, ആശയ വിനിമയത്തിനുള്ള മാദ്ധ്യമങ്ങൾ വഴിയും ദൈനംദിന ജീവിതത്തിൽ കൂടിയും വിമർശനാത്മക പ്രതികരണം പ്രകടിപ്പിക്കുന്നത്. വിദ്യാർത്ഥികളുടെ പ്രവേശനം, മനുഷ്യന് പൈതൃകമായിട്ടുള്ള ജീവനാശകമായ ചരിത്രത്തെ അഭിമുഖീകരിക്കേണ്ടി... രാഷ്ട്രീയ തൊഴിലാക്കിയവരും പൗരസേവകനേതാക്കളും ആയവരുടെ സർഗ്ഗശക്തിയെയും മാനവ വ്യവസ്ഥിതിയിൽ നിന്ന് നരഹത്യയെ നീക്കം ചെയ്യുക എന്നതുമായ വെല്ലുവിളി ക്ഷണിച്ചു വരുത്തുകയും ചെയ്യും. അപ്പോൾ അവർ രാഷ്ട്രീയ നവീകരണത്തിനും സാമൂഹ്യജീവിതത്തിന്റെ എല്ലാ മേഖലകളിലും മനുഷ്യന്റെ അന്തസ് വർദ്ധിപ്പിക്കാനുള്ള സമാധാനപരമായ സേവന ജീവിതത്തെ മനസ്സിലാക്കാനുള്ള മനുഷ്യന്റെ കഴിവിലും ശാക്തീകരിക്കപ്പെടും. (ആറീയ്യശേി 1983, 1992, 1998, ഠീലൈുഎീ 1985)

അടുത്തപടി പ്രശ്നപരിഹാരത്തിനുള്ള പ്രവർത്തനങ്ങൾ ( അക്രമം, സാമ്പത്തിക കാര്യങ്ങൾ, മനുഷ്യാവകാശങ്ങൾ, പരിസ്ഥിതി, സഹകരണം) എന്നിവക്കെതിരെയുള്ള സമകാലിക വെല്ലുവിളികൾ, സമകാലിക രാഷ്ട്രീയ സാഹചര്യങ്ങളും പ്രശ്നപരിഹാരത്തിനുള്ള പരിപാടികളും (പ്രാദേശികം, ദേശീയം, അന്തർദേശീയം, ആഗോളതലം) നരഹത്യക്കെതിരെയുള്ള വിശകലനത്തിന്റെ തത്വശാസ്ത്രവുമായി ബന്ധപ്പെട്ട ഏററവും ആധുനിക അറിവുകൾ നരഹത്യക്കെതിരെയുള്ള ആശയങ്ങൾ മനസ്സിലാക്കാനുള്ള വർത്തമാനകാല തീരുമാനങ്ങൾക്ക് പ്രചോദനം നൽകുന്ന പ്രവർത്തന തത്വം എന്നിവക്കെതിരെയുള്ള പ്രധാനപ്പട്ട ആധുനിക വെല്ലുവിളികൾ എന്നിവയെ പുനരവലോകനം ചെയ്യുക എന്നുള്ളതാണ്.

അടുത്തപടി പ്രശ്നപരിഹാര പ്രവർത്തനങ്ങൾ, താല്പര്യങ്ങളെയും കഴിവുകളെയും പരിശോധിച്ചു നോക്കാനും താരതമ്യപ്പെടുത്താനും സഹായകരമായ സാമൂഹ്യസേവനങ്ങളെയും കണ്ടെത്താൻ ബന്ധപ്പെട്ടതും മററു തരത്തിലുള്ളതുമായ അവസരങ്ങൾ വിദ്യാർത്ഥികൾക്ക് നൽകുക എന്നുള്ളതാണ്. ഗവേഷണം, പഠനപരിശീലനപരിപാടികൾ, നേതൃത്വ പൗരപ്രവർത്തനങ്ങൾ, വിമർശനാത്മകമായ രാഷ്ട്രീയ വിലയിരുത്തൽ എന്നിവയ്ക്കുള്ള വൈദഗ്ദ്ധ്യം സൃഷ്ടിക്കുക എന്നത് ഇതിനാവശ്യമാണ്. വൈ

വിദ്ധ്യമാർന്ന താല്പര്യങ്ങൾക്കും കഴിവുകൾക്കുമുള്ള അവസരം നിഷേധിക്കുക എന്നല്ല ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. അഹിംസയിലധിഷ്ഠിതമായ സാമൂഹ്യപരിവർത്തനം ഏററവും ശക്തമായി പരിപോഷിപ്പിക്കുന്നതിന് മേല്പറഞ്ഞ നാലുതരം വൈദഗ്ദ്ധ്യങ്ങളും പിന്തുടരുന്നതും പ്രയോഗത്തിൽ വരുത്തുന്നതും അംഗീകരിക്കണം. ഗ്രാമീണകരകൗശല പ്രവർത്തകർക്കും കായകരംഗത്ത് ചാമ്പ്യൻമാരായ ടീമുകൾക്കും സ്വായത്തമായ പരസ്പരബന്ധമുള്ള കഴിവുകളെ അംഗീകരിക്കില്ല. അവരുമായി സഹകരിക്കലും ആവശ്യമാണ്.

ഇത്തരത്തിലുള്ള തയ്യാറെടുപ്പുകൾക്കുശേഷം അടുത്തപടി പഠനത്തിനും ഗവേഷണത്തിനും ആയി വൈദഗ്ദ്ധ്യം വിനിയോഗിച്ച് വ്യക്തിഗതവും ഗ്രൂപ്പ് അടിസ്ഥാനത്തിലും ഉള്ള പ്രോജക്ടുകൾ പിന്തുടരുകയെന്നതും, കായിക അതിക്രമം, സംഘടനാടിസ്ഥാനത്തിലുള്ള അതിക്രമം മനുഷ്യാവകാശലംഘനം, പരിസ്ഥിതിക്ക് ആഘാതം ഏൽപ്പിക്കൽ, പ്രശ്നപരിഹാരാർത്ഥമുള്ള സഹകരണത്തെ എതിർക്കുന്നതും അക്രമവാസനയുള്ളതുമായ എതിർപ്പുകൾ എന്നിവയ്ക്കെതിരെ മററു വഴികൾ തേടാൻ വിമർശനാത്മക പ്രതികരണം രൂപപ്പെടുത്തുകയാണ്. ഇതിനുള്ള പ്രോജക്ടുകൾ പ്രാദേശിക, ദേശീയ, അന്തർദേശീയ, ആഗോളതല സാഹചര്യങ്ങൾ നേരിടുന്നതിനുള്ളവയായിരിക്കണം. ഗ്രാജുവേററ് തീസിസായി അവതരിപ്പിക്കപ്പെടുന്ന ഈ പ്രോജക്ടുകളുടെ ഫലം ഡിപ്പാർട്ടുമെന്റൽ മെമ്മറി ബാങ്കുകളിലേക്ക് സമർപ്പിക്കപ്പെടുകയും വ്യക്തിഗതവും സാമൂഹ്യാധിഷ്ഠിതവുമായ തീരുമാനമെടുക്കൽ പ്രക്രിയയെ സഹായിക്കുവാൻ വേണ്ടി ആഗോളതലത്തിൽ വെബ്സൈററിൽ പ്രസിദ്ധീകരിക്കയും വേണം.

ബിരുദധാരികൾ ഉദ്യോഗരംഗത്തും സിവിൽ സമൂഹത്തിലും പുതുമയുള്ള പ്രവർത്തനത്തിന് തുടക്കം കുറിക്കും (ബന്ധപ്പെട്ട സ്ഥാപനങ്ങൾ താഴെ ചേർത്തിരിക്കുന്നത് കാണുക) അവർ വിനാശകരമല്ലാത്ത രാഷ്ട്രമീമാംസയിൽ എം. എ. പി. എച്ച്.ഡി. തുടങ്ങിയ ബിരുദങ്ങൾക്ക് പഠനത്തിന് എത്തുകയും നിലവിലുള്ള മേഖലകളിൽ പ്രവേശിക്കയും രാഷ്ട്രമീമാംസയുടെ പുതിയ മേഖലകളിൽ പര്യവേഷണങ്ങൾ നടത്തുകയും മററ് വിജ്ഞാനശാഖകളിലും തൊഴിൽ മേഖലകളിലും താല്പര്യത്തോടെ മുന്നേറുകയും ചെയ്യും.

വിനാശകാരികളല്ലാത്ത ഈ ശാഖകൾ വ്യക്തമായും സേവനത്തിലും തൊഴിലിലും അധിഷ്ഠിതമായിരിക്കും. അത് പ്രാഥമിക തലം തൊട്ട് ഡോക്ടറൽ തലംവരെയുള്ള വിദ്യാർത്ഥികൾക്ക് അറിവും വൈദഗ്ദ്ധ്യവും ഉത്തരോത്തരം വർദ്ധിപ്പിക്കുന്നത് സവിശേഷതയാക്കും. ഫാക്കൽററികളും ഡിഗ്രി വിദ്യാർത്ഥികളും വ്യക്തമായ പ്രശ്നപരിഹാരാർത്ഥമുള്ള പ്രവർ

ത്തന രീതിക്കു പരസ്പര പങ്കാളിത്തത്തോടെ നടപ്പാക്കുന്നതിന് പുതിയ പ്രവർത്തന മേഖലകൾ രൂപീകരിക്കും. പുതിയ അറിവുകളും പഠനത്തിലും പരിശീലനത്തിലും അവയ്ക്കുള്ള പ്രയോജനം, സമൂഹം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ പരിഹാരാർത്ഥം അവയുടെ പ്രയോഗം എന്നിവയ്ക്ക് പരസ്പരബന്ധം സുഗമമാക്കുന്നതിന് തുറന്ന് പ്രവർത്തിക്കും. അതിന്റെ സ്വന്തം പെരുമാററത്തിലും വിവാദങ്ങൽ തീർക്കുന്നതിലും അത് വിനാശകാരിയല്ലാത്ത സമൂഹത്തിന് മാതൃകയായി ഉത്തരോത്തരം പ്രവർത്തിക്കും. പുരുഷനും സ്ത്രീയും തുല്യതയുടെ അടിസ്ഥാനത്തിൽ പരസ്പര ബഹുമാനത്തിന്റെ പുതിയ സംസ്കാരം വളർത്തിയെടുക്കുകയും വിനാശകാരിയല്ലാത്ത സമൂഹത്തിന്റെ ഹൃദയ ഐക്യം ആഘോഷിക്കയും ബഹുമാനിക്കയും ചെയ്യും. ഗ്രാജുവേററുകൾക്ക് ഗവേഷണത്തിന് പുതിയ ആവശ്യങ്ങൾ കണ്ടെത്തുന്നതിനും മുൻകൂട്ടി കാണാത്ത ചുമതലകളുമായി പൊരുത്തപ്പെടുന്നതിനും വിദ്യാർത്ഥികൾക്ക് പര്യാപ്തമായ തയ്യാറെടുപ്പ് നടത്തുന്നതിനുവേണ്ടി പഠനകാലാവധിയോളം നീളുന്ന ആനുകാലിക പുനരവലോകന സംവിധാനം ഏർപ്പെടുത്തുകയും ചെയ്യും. അനുഭവപരിചയമുള്ള നേതാക്കന്മാരും മററ് പഠനമേഖലകളിൽ നിന്നുള സഹപ്രവർത്തകരും ഒററക്കും ഇടക്കിടെ കൂട്ടായും ഉള്ള പ്രവർത്തനങ്ങൾ വഴി കോളേജിലെ പഠന പ്രക്രിയയ്ക്ക് സംഭാവന ചെയ്തുകൊണ്ടിരിക്കും. വിനാശകരമല്ലാത്ത അറിവും വൈദഗ്ദ്ധ്യവും ആഗോളതലത്തിൽ ആവശ്യമുള്ളതാകയാൽ കോളേജിലെ മികവുകൾ നേരിട്ടുള്ള പങ്കാളിത്തം വഴിയും, കമ്പ്യൂട്ടർ മററു ആശയവിനിമയ സംവിധാനങ്ങൾ എന്നിവ വഴിയും ലോകമെമ്പാടും എത്തിക്കുന്നതിന് പരിശ്രമം ഉണ്ടായിരിക്കും. ആഗോളതലത്തിലുള്ള ക്ഷേമ ഐശ്വര്യങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടി വരുമ്പോൾ പ്രാദേശിക സമൂഹത്തിന്റെ പ്രവർത്തന നിരത ആഗോളസ്വഭാവമുള്ളതായി കണക്കാക്കപ്പെടും.

ഒരു യൂണിവേഴ്സിററി ശാന്തിസേന

നിലവിൽ ലോകത്തിലുള്ള കോളേജുകളിലും യൂണിവേഴ്സിററികളിലും നൽകുന്നതോ ആവശ്യമുള്ളതോ ആയ മിലിററി ട്രെയിനിംഗിന് പകരമായി അഹിംസാത്മകമായ വിദ്യാർത്ഥി സേവന സേന രൂപീകരിക്കുന്നത് വിനാശകാരിയല്ലാത്ത സമൂഹത്തിലേക്കുള്ള മാററത്തിന്റെ ലക്ഷണമാണ്. ഇതിന് നേതൃത്വം വഹിക്കേണ്ട ചുമതല രാഷ്ട്രമീമാംസ വകുപ്പിന്റേതാണെങ്കിലും മററു പഠന വിഭാഗങ്ങളിൽ നിന്നുള്ള അംഗങ്ങളെയും ഇതിലേക്ക് കൂട്ടിചേർക്കാം.

ശാന്തിസേന- ഉചിതമായ പേരാകാം - അച്ചടക്കമുള്ളതും തിരിച്ചറിയാവുന്ന വ്യതിരിക്തതയുള്ളതുമായ ഒരു സേനയായിരിക്കും. അതിലെ

അംഗങ്ങൾ അഹിംസയിൽ ഊന്നി നിന്നുകൊണ്ട് പ്രശ്നപരിഹാരത്തിനും രഞ്ജിപ്പിനും സാമൂഹ്യസുരക്ഷിതത്വം, പൗര പ്രതിരോധം, പാരാ മെഡിക്കൽ ആതുര ജീവരക്ഷാ പ്രവർത്തനം, അത്യാഹിത രക്ഷാ പ്രവർത്തനം, സാമൂഹ്യ ആവശ്യങ്ങൾക്ക് വേണ്ടിയുള്ള ക്രീയാത്മക സേവനം എന്നിവയും പരിശീലനം സിദ്ധിച്ചവരായിരിക്കും. സ്വഭാവ രൂപീകരണവും നേതൃത്വവൈദഗ്ദ്ധ്യവും വിദ്യാഭ്യാസത്തിന് സമാന്തരവും പൂരകവുമായി നൽകും. ജീവിതം ആഘോഷമാക്കി തീർക്കുന്ന വിശ്വാസത്തിന്റെ പ്രചോദനം സംഗീതവും കലയും പ്രോത്സാഹിപ്പിക്കൽ, കായിക വിനോദവും കലാസംസ്കാരിക പ്രവർത്തനങ്ങളും ചൈതന്യപൂർണ്ണമാക്കൽ, ശരിയായ സേവനം നൽകുന്നതിൽ നിന്നും ലഭിക്കുന്ന സംതൃപ്തി എന്നിവയിലേക്ക് ശ്രദ്ധ ആകർഷിക്കും. ക്യാമ്പസിലും പുറത്തും പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ ശാന്തിസേനയെ വിളിക്കയും മററു സാമൂഹ്യ സംഘടനകൾക്കും നേതൃത്വപാടവും സമാഹരിക്കുന്നതിന് സഹായിക്കയും ചെയ്യും. മിലിട്ടറിക്ക് പരിശീലനം നൽകുന്നതിന് നിലവിലുള്ളതിനേക്കാൾ ഒട്ടും കുറവല്ലാത്ത സാമ്പത്തിക സഹായവും പിന്തുണയും ശാന്തിസേനയുടെ പരിശീലനത്തിനും പ്രവർത്തനത്തിനും ഉണ്ടായിരിക്കും. ഇത് യൂണിവേഴ്സിററികളിലെ വിദ്യാഭ്യാസരംഗത്തും നടപ്പാക്കാവുന്നതാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ശാന്തിസേന സംഘടിപ്പിക്കുന്നത് സംബന്ധിച്ച അനുഭവജ്ഞാനത്തിന്റെ വിലപ്പെട്ട സ്രോതസ്സുകൾ ഇന്ത്യയിലെ ഗാന്ധി യൂണിവേഴ്സിററി പ്രൊ. എൻ. രാധാകൃഷ്ണന്റെ പ്രബന്ധത്തിൽ കൊടുത്തിട്ടുണ്ട്. (രാധാകൃഷ്ണൻ 1997 a, 1997 b) "ഖുദായ് ഖിത്മത്ഗാർസ് (ടല്യൂമിഭൈ്ള ഏീറ ദൈവത്തിന്റെ സേവകർ) അഹിംസാത്മക സാമൂഹ്യമാററത്തിനുള്ള പ്രസ്ഥാനം അതുപോലുള്ള മററ് അഹിംസാത്മക പരിശീലന അനുഭവവും ഇതോടു കൂട്ടിചേർക്കാവുന്നതാണ്. (ഖുദായ്ഖിദ്മത്ഗാർഡ് 80, 000 അംഗങ്ങളുള്ള അഹിംസയിൽ അധിഷ്ഠിതമായ 1930 – 47 കാലഘട്ടങ്ങളിലെ മുസ്ലീം വിമോചനസേനയാണ്.)

വിനാശകാരികളല്ലാത്ത യൂണിവേഴ്സിററികൾ

വിനാശകാരികളല്ലാത്ത സമൂഹത്തിലേക്കുള്ള പരിവർത്തനം കേവലം ഒരു പഠനവിഭാഗത്തിന്റേയോ ഒരു യൂണിവേഴ്സിററി ഡിപ്പാർട്ടുമെന്റിന്റേയോ കഴിവിന് അപ്പുറമായ അറിവുകളും വൈദഗ്ദ്ധ്യങ്ങളും വേണ്ടി വരുന്ന കാര്യമാണ്. രാഷ്ട്രമീമാംസയുടെ വിനാശകാരിയല്ലാത്ത പരിവർത്തനത്തിന്റെ അർത്ഥം സാമൂഹ്യശാസ്ത്രം, പ്രകൃതി ശാസ്ത്രം, മാനവ ശാസ്ത്രം, തൊഴിലധിഷ്ഠിത പഠനശാഖകൾ എന്നീ മേഖലകളിലേക്ക് വ്യാപിപ്പിക്കയും പ്രതിഫലിപ്പിക്കയുമെന്നതാണ്. പ്രാദേശിക ദേശീയ, അന്തർദേശീയ, ആഗോളതലത്തിൽ സമൂഹത്തിന്റെ ജീവനത്തിന് വിനാ

ശകാരിയല്ലാത്ത സേവനം പ്രദാനം ചെയ്യാൻ സകല യൂണിവേഴ്സിററിക ളുടെയും അർപ്പണമനോഭാവം അത് ആവശ്യപ്പെടുന്നു.

യുദ്ധകാലത്ത് അക്രമത്തെ സഹായിക്കാൻ ബൗദ്ധികശേഷിയും മാ നവശേഷിയും സമാഹരിക്കാനുള്ള ശേഷി യൂണിവേഴ്സിററികൾ പ്രകടി പ്പിച്ചിട്ടുള്ളതാണ്. ഹാർവാർഡ് യൂണിവേഴ്സിററിയിലെ പ്രസിഡന്റായിരുന്ന ജയിംസ് ബി. കോനാന്റ് 1942 ജൂൺ 18 ന് ഇപ്രകാരം പ്രഖ്യാപിച്ചു. " അച്ചുതണ്ട് ശക്തികൾ നിരുപാധികം കീഴടങ്ങുന്ന ദിവസത്തിന് വേഗത നൽകാൻ, പണ്ഡിതന്മാരുടെ പ്രാചീന സമൂഹം ആയ ഞങ്ങൾ ഞങ്ങളു ടെ വിഭവങ്ങൾ അർപ്പിക്കുന്നു." തങ്ങളുടെ സ്ഥാപനത്തിന്റെ ജീവിതം യുദ്ധാവശ്യങ്ങൾക്കായി രൂപപ്പെടുത്തി സമർപ്പിച്ചതിനാൽ ഹാർവാർഡി കോനന്റിന്റെ ആയുധപുര എന്ന് അറിയപ്പെടാൻ തുടങ്ങി. ന്യൂ മെക്സി ക്കോയിലെ ലോഡ് അലാമോഡിലെ അതിരഹസ്യ അണുബോംബ് പ്രോ ജക്ടിൽ പ്രവർത്തിക്കാൻ ഹർവാർഡ് യൂണിവേഴ്സിററിയിലെ ചെറുപ്പ ക്കാരായ ഫിസിക്സ് വിദ്യാർഥികളെ റിക്രൂട്ടു ചെയ്തിരുന്നു. ഒരാൾ ഓർ മ്മിക്കുന്നതുപോലെ അത് ഒരു ശാസ്ത്രീയ യൂട്ടോപ്യ ആയിരുന്നു... പ്രാ യം, വിദ്യാഭ്യാസ സ്ഥാപനത്തിലെ റാങ്ക്, മുൻകാല നേട്ടങ്ങൾ ഒന്നും പ രിഗണിക്കാതെ സ്വതന്ത്ര്യമായി ആശയങ്ങൾ കൈമാറുന്ന ഏററവും നല്ല പ്രതിഭകളുടെ ഒരു തുറന്ന സമൂഹം ആയിരുന്നു. (ഹാർവാർഡ് മാസിക സെപ്തംബർ - ഒക്ടോബർ 1995, കവർ 32-33)

മനുഷ്യവർഗ്ഗത്തിന്റെ ക്ഷേമത്തിനും നിലനില്പിനുതന്നെയും ഭീഷണി യാകുന്ന യുദ്ധത്തെയും എല്ലാ രീതിയിലുമുള്ള പാതകങ്ങളെയും ഇല്ലാ യ്മ ചെയ്യാനുള്ള യജ്ഞം അതേ ഊർജ്ജസ്വലതയോടെ പഴയതും പു തുയതുമായ യൂണിവേഴ്സിററികൾ ഏറെറടുക്കേണ്ടതല്ലേ? സമാധാന പഠന കോഴ്സുകൾ, പരിപാടികൾ, ഡിപ്പാർട്ടുമെന്റുകൾ എന്നിവ അവത രിപ്പിക്കാനും സദാചാരവും മൂല്യവും ഉൾക്കൊള്ളുന്ന കോടിക്കണക്കിന് ഡോളറുകളുടെ എൻഡോവ്മെന്റുകളുടെ യൂണിവേഴ്സിററി വ്യാപകമായ പ്രോഗ്രാമുകളിൽ സദാചാരവും മൂല്യവും ഉൾക്കൊള്ളിക്കാനുള്ള യൂണി വേഴ്സിററികളുടെ വൈമുഖ്യം യൂണിവേഴ്സിററികളിൽ ഉന്നത പഠനത്തി ന് വിനാശവിരുദ്ധ പദ്ധതികൾ ഉൾപ്പെടുത്തേണ്ടതിന്റെ അടിസ്ഥാനത്തി ന് പ്രസക്തി നൽകുന്നു.

വിനാശകാരികളല്ലാത്ത രാഷ്ട്രീയ പാർട്ടികൾ

എല്ലാവരുടെയും ക്ഷേമത്തിന് വേണ്ടിയുള്ള സാമൂഹ്യ പ്രശ്നപരിഹാ രപ്രക്രിയയിൽ അവശ്യാധിഷ്ഠിതമായി പങ്കാളികളാകുന്ന വിനാശകാരി കളല്ലാത്ത രാഷ്ട്രീയ പാർട്ടികളുടെ സേവനം പ്രായോഗിക വിനാശകാ

രികളല്ലാത്ത രാഷ്ട്രമീമാംസയിൽ പ്രസക്തമാണ്. അപ്രകാരമുള്ള പാർട്ടികൾക്ക് പൊതുവെ " അഹിംസാ സർവ്വോദയ പാർട്ടി" എന്ന് പേർ പറയാം. അങ്ങിനെയുള്ള പാർട്ടികൾ താത്വികമായും പേരുകൊണ്ടും ഘടനാപരമായും പ്രത്യേക സാമൂഹ്യ സാംസ്കാരിക സാഹചര്യങ്ങളിൽ നിന്ന് ഉത്ഭവിക്കുന്ന കർമ്മപദ്ധതികളിൽ കൂടി രൂപപ്പെടേണ്ടതാണ്. വിനാശകാരികളല്ലാത്ത അത്തരം പാർട്ടികളുടെ ലക്ഷ്യം പ്രാദേശികമായും ആഗോളതലത്തിലും വിനാശകാരികളല്ലാത്ത സമൂഹത്തെ അംഗീകരിക്കുക എന്നത് ആയിരിക്കണം. വർഗ്ഗാടിസ്ഥാനത്തിലല്ലാതെ അവർ അക്രമത്തിൽ നിന്നും അതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നിന്നും ഒഴിഞ്ഞു നിൽക്കുകയും സ്വാതന്ത്ര്യം, നീതി, ഭൗതികക്ഷേമം എന്നീ വിനാശകരമല്ലാത്ത സാഹചര്യങ്ങളിൽ താല്പര്യം കൂട്ടിവയ്ക്കുകയും എല്ലാ നല്ല കാര്യങ്ങളിലും താല്പര്യം കാണിക്കയും ചെയ്യുമെന്നതിനാൽ ഇതേവരെയുണ്ടായ രാഷ്ട്രീയ പാർട്ടികളിൽ നിന്നും വ്യത്യസ്ഥത പുലർത്തുന്നു. വിനാശകരമല്ലാത്ത തത്വങ്ങളിൽ മത്സരിക്കുന്ന ധാരാളം പാർട്ടികളുടെ സാന്നിദ്ധ്യവും പ്രതീക്ഷിക്കാം.

തെരഞ്ഞെടുപ്പ് മത്സരങ്ങൾ, പൊതുനയരൂപീകരണം എന്നീ കാര്യങ്ങളിൽ വിനാശകരമല്ലാത്ത രാഷ്ട്രീയ പാർട്ടികളിൽ നിന്നും പ്രതീക്ഷിക്കുന്ന സൃഷ്ടിപരമായ സംഭാവനകൾ എന്നിവ നേരിട്ടുള്ള രാഷ്ട്രീയ ഇടപെടലിനെ നിരോധിച്ചു കൊണ്ടുള്ള ഗാന്ധിയൻ തത്വങ്ങളിൽ നിന്നുള്ള വ്യതിചലനമാണ് 1947 ഡിസംബറിൽ അഹിംസാവാദികളായ നിർമ്മാണ പ്രവർത്തകരോട് ഗാന്ധിജിക്കുള്ള അവസാന ഉപദേശം. രാഷ്ട്രീയം അനിവാര്യമായും അഴിമതിയിലേക്ക് നയിക്കുന്നതിനാൽ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ നിന്നും ഒഴിഞ്ഞു നിൽക്കണം എന്നതായിരുന്നു. എന്നാൽ ജനസമൂഹങ്ങളുടെ ആവശ്യം അനവധിയാകയാൽ അഹിംസാവാദികളായ സമൂഹത്തിലെ പ്രവർത്തകർ രാഷ്ട്രീയക്കാരെയും നയരൂപീകരണത്തെയും പുറത്തുനിന്നുകൊണ്ട് സ്വാധീനിക്കത്തക്കവിധത്തിൽ അവരോടൊത്ത് പ്രവർത്തിക്കണം. എന്നാൽ കോടികളുടെ നികുതി പണ വിനിയോഗത്തെയും കോടിക്കണക്കിന് ജനങ്ങളെയും അവരുടെ ജീവിതത്തിന്റെ എല്ലാ തുറകളെയും - യുദ്ധം, സുരക്ഷ, ഭക്ഷണം, വസ്ത്രം, പാർപ്പിടം, ആരോഗ്യം, സാമ്പത്തികഭദ്രത, സംസ്കാരം, പരിസ്ഥിതി തുടങ്ങിയവ - ബാധിക്കുന്ന കാര്യങ്ങളിൽ മററുള്ളവർ തീരുമാനമെടുക്കുകയും അഴിമതി കാണിക്കയും ചെയ്യുവാൻ വിട്ടേക്കുക എന്നതാണ് ഈ വാദഗതി. അതേസമയം അഹിംസാവാദികളും അവരുടെ കൂടെയുള്ളവരും അഴിമതിക്കാരെയും അവരെ പിന്തുടരുന്നവരെയും നന്മ ചെയ്യാൻ പ്രേരിപ്പിക്കും. എന്നിരുന്നാലും ഗാന്ധിജിയുടെ രാഷ്ട്രീയത്തിനതീതമായ താക്കീതും അദ്ദേഹത്തിന്റെ പങ്കാളത്തം എന്ന ആശയം മുൻകൂട്ടികണ്ടുകൊണ്ട് ഉള്ളതായിരുന്നു. പക്ഷേ ജനങ്ങൾക്ക് നല്ല... തോന്നുകയും അത് പറയുക

യും, മററാരു അധികാരം കൈയാളരുത് എന്ന് കരുതുകയും ചെയ്യുന്ന ഒരു ഘട്ടം വന്നു ചേരും. അപ്പോൾ ഇക്കാര്യം പരിഗണിക്കേണ്ടിവരും. (223)

നാശകരമല്ലാത്ത അസാമൂഹ്യപരിവർത്തനം കൊണ്ടുവരാൻ പററുന്ന ഏററവും ഉചിതമായ സംഘടനാവിനാശകാരികളല്ലാത്ത രാഷ്ട്രീയ പാർട്ടികളാണ് അവയുടെ ഉത്ഭവത്തിന് അനുയോജ്യമായ സാഹചര്യങ്ങളുടെ വിഭിന്നത വിപുലമാണ്. കക്ഷികൾ, തെരഞ്ഞെടുപ്പുകൾ, ജനപ്രതിനിധിസഭകൾ എന്നിവ സമൂഹം അംഗീകരിച്ച് സ്വീകരിച്ചാൽപോലും അവയുടെ സൃഷ്ടി അത്രവിപുലമായ പ്രക്രിയയല്ല. ജനങ്ങളുടെ ആവശ്യങ്ങളോട് പ്രതികരിക്കുന്ന പ്രവർത്തനക്രമങ്ങൾക്കും നയപരിപാടികൾക്കും സംഭാവന നൽകാൻ ത്യാഗപൂർണ്ണമായ പോരാട്ടത്തിന് വിനാശകാരികളല്ലാത്ത രാഷ്ട്രീയ പാർട്ടികൾക്ക് പങ്കാളികളാകാൻ കഴിയും. വിവാദപരമായ ചില സമകാലിക പ്രശ്നങ്ങൾ എടുത്തുനോക്കിയാൽ അത് പ്രശ്നപരിഹാര നടപടികൾക്ക് പുതിയ അറിവുകൾ, പുതിയ വൈദഗ്ദ്ധ്യം, പുതിയ തരത്തിലുള്ള സംഘടനകൾ എന്നിവയുമായി ബന്ധപ്പെട്ട ഫലപ്രദമായ പ്രശ്നപരിഹാരനടപടികളമായി കൂട്ടിയോജിപ്പിക്കുന്നത് ഒരു വെല്ലുവിളിയായി വിശദീകരിക്കപ്പെടാം. സമകാലീന പ്രശ്നങ്ങളിൽ ഗർഭച്ഛിദ്രം, മരണശിക്ഷ, നിർബന്ധമായ പട്ടാളസേവനം, യുദ്ധം, സായുധവിപ്ലവം, ഭീകരവാദം, വംശഹത്യ, കുററവാസന, സാമൂഹ്യ അതിക്രമം, സാംസ്ക്കാരിക അതിക്രമം, നിരായുധീകരണം, സാമ്പത്തിക ഉപരോധം എന്നിവ ഉൾപ്പെടുന്നു.

അഹിംസയുടെ പൊതുസേവന വകുപ്പുകൾ

എല്ലാ ഭരണതലങ്ങളിലും ആവശ്യമായതും ഒരു കാബിനററ് മന്ത്രിയുടെ ചുമതലയിലുള്ള അഹിംസയുടെ ഒരു പൊതുസേവന വകുപ്പ് ആണ്. അതിന്റെ ചുമതല വിനാശകരമല്ലാത്ത രാഷ്ട്രീയ വിശകലനത്തിന്റെ യുക്തിയമായി ബന്ധപ്പെട്ട സാമൂഹ്യാവസ്ഥ വിലയിരുത്തി കോട്ടങ്ങൾ തീർക്കുക, പ്രശ്നപരിഹാരാർത്ഥമുള്ള പ്രാവീണ്യമുള്ള പരിശീലനത്തിനും യുദ്ധാനന്തര പുനരധിവാസ നടപടികൾക്കും പിന്തുണ നൽകുക, വിനാശകരമല്ലാത്ത സാമൂഹ്യക്ഷേമം ഉറപ്പുവരുത്തുന്ന പൊതുനയം സംബന്ധിച്ച് ഉപദേശം നൽകുക തുടങ്ങിയവയായിരിക്കണം.

അക്രമങ്ങൾ നടക്കുന്നത് സംബന്ധിച്ച വിവരങ്ങൾ അഹിംസാവകുപ്പ് ശേഖരിക്കയും പൊതു-സ്വകാര്യമേഖലകളിൽ നടക്കുന്ന അക്രമങ്ങൾ, ഇല്ലായ്മ ചെയ്യുന്നതിന് ഉള്ള ശുപാർശകൾ സമാഹരിക്കയും, ചെയ്യണം. അവർ ഗവൺമെന്റിന്റെ നയരൂപീകരണ സംവിധാനത്തിനും, സാമൂഹസം

ഘടനാംഗങ്ങൾക്കും നിശ്ചിത ഇടവേളകളിൽ ഒരു സ്വതന്ത്ര്യ ഓഡിററ് ഏജൻസി എന്ന പോലെ തൽസ്ഥിതി റിപ്പോർട്ടും വിനാശകരമല്ലാത്ത നയരൂപീകരണ ശുപാർശകളും നൽകണം. നിഷ്കൃഷ്ടമായ ശ്രദ്ധ ആവശ്യമുള്ള വിഷയങ്ങളിൽ ഏററവും പ്രധാനപ്പെട്ടവ ഇവയാണ്. ആത്മഹത്യയും നരഹത്യയും ഗാർഹിക പീഡനം (ശിശുക്കൾ, സ്ത്രീകൾ, ഇണ, വൃദ്ധർ എന്നിവർക്കെതിരെ) സ്കൂളിലെ പീഡനം, സാമ്പത്തിക പീഡനം, മിലിട്ടറി, പാരാ മിലിട്ടറി, ഗറില്ലാ സേന എന്നിവയുടെ അതിക്രമങ്ങൾ, കൊലയാളികളുടെ അവരുടെ ബന്ധുക്കൾ, പീഡിപ്പിച്ചവരുടെ ബന്ധുക്കൾ, പൊതുവായ സമൂഹ മനസാക്ഷിക്ക് എതിരായവർ എന്നിവരുടെ പേരിൽ യുദ്ധാനന്തരമാനസികാഘാതസമ്മർദ്ദങ്ങൾ. ഈ റിപ്പോർട്ട് അഹിംസാത്മക പരിവർത്തന കാര്യപ്രാപ്തിയുടെ നേട്ട കോട്ടങ്ങളിലും ഊന്നൽ നൽകുകയും പ്രശ്നപരിഹാരത്തിനുള്ള കർമ്മ പരിപാടികൾ സംബന്ധിച്ച ശുപാർശകൾ ഉൾക്കൊള്ളുകയും വേണം. ഈ റിപ്പോർട്ടിന് സ്റേറാക്ക് മാർക്കററ് റിപ്പോർട്ടുകൾ, കായിക മത്സര വാർത്തകൾ, കാലാവസ്ഥ പ്രവചന റിപ്പോർട്ടുകൾ എന്നിവയേക്കാൾ കുറയാത്ത പ്രാധാന്യം കൊടുക്കണം.

വിനാശകരമല്ലാത്ത പൊതുസുരക്ഷാ സ്ഥാപനങ്ങൾ

വിനാശകരമല്ലാത്ത സമൂഹത്തിലേക്കുള്ള പരിവർത്തനത്തിനും കരയിലും കടലിലും ആകാശത്തും സുരക്ഷയ്ക്കും മാനവസേവന പ്രവർത്തനങ്ങൾക്കും പരമ്പരാഗത മിലിട്ടറി, പോലീസ് എന്നിവയേ പോലെ തന്നെ വിനാശകരമല്ലാത്ത പൊതുസുരക്ഷാ സേവന ആവശ്യമാണ്. ഈ സേനയ്ക്ക് പൊതുപ്രതിരോധം, പ്രതിസന്ധികളുമായി പൊരുത്തപ്പെടൽ, പുനരുദ്ധാരണ പ്രവർത്തനങ്ങൾ, പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി വിലയിരുത്തൽ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ പരിശീലനം നൽകണം. നിലവിലുള്ള മിലിട്ടറി പോലീസ് അക്കാഡമികളിൽ മാററം വരുത്തി അവിടെ നിന്നോ എല്ലാവർക്കും പരിശീലനം ലഭിക്കത്തക്കവിധം സംയോജിത പരിശീലനം നൽകുന്നതിന് വേണ്ടി പുതുതായി സ്ഥാപിക്കുന്ന അഹിംസാത്മക സേവന ആക്കാഡമികളിൽ നിന്നോ നേതൃത്വം ലഭിക്കയും തുടർന്ന് ഓരോ പ്രത്യേക ചുമതലകൾക്കും ആവശ്യമായ വൈദഗ്ദ്ധ്യത്തിനുള്ള പ്രത്യേക പരിശീലനം നൽകുകയും ചെയ്യണം. നേതൃത്വത്തിനുള്ള മറെറാരു സ്രോതസാണ് യൂണിവേഴ്സിററികളിലെ ശാന്തിസേന.

സമീപകാലത്ത് മിലിട്ടറി, പോലീസ് സേനകളിൽ അക്രമപ്രതിരോധ സംവിധാനങ്ങൾ, അവരെ സമാധാന ദൗത്യങ്ങൾക്കും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും നിയോഗിക്കൽ, മാരകമല്ലാത്ത ആയുധങ്ങളുടെ പ്രയോഗം സംബന്ധിച്ച ഗവേഷണങ്ങൾ, സംഘട്ടനങ്ങൾ ഒഴിവാക്കുന്ന പ്രവർത്തനത്തിനുള്ള പരിശീലനം എന്നിങ്ങനെയുള്ള പ്രവണതകൾ ഉള്ള

തിനാൽ അഹിംസാത്മക സുരക്ഷാ സേനയുടെ രൂപീകരണം നിസ്സാര മായി തള്ളരുത്.

അഹിംസാത്മക പൊതു സുരക്ഷ എന്നത് ലക്ഷ്യമാക്കുന്ത് പ്രാദേശിക, ദേശീയ, അന്തർദേശീയതലത്തിൽ മൊത്തം ജനങ്ങളുടെയും ചുമതലപ്പെടലാണ്. അഹിംസാത്മക പഠന കേന്ദ്രങ്ങൾ സ്ഥാപിച്ചും ആവാസ കേന്ദ്രങ്ങളിലും ആരാധനാ സ്ഥലങ്ങൾ, തൊഴിൽ ശാലകൾ കൂടാതെ ഇലക്ട്രോണിക് സാങ്കേതിക വിദ്യ ഉപയോഗിച്ച് പൊതുസുരക്ഷാ സമൂഹങ്ങളുടെ ശ്രംഖല രൂപീകരിച്ചും ഇത് സുഗമമാക്കാവുന്നതാണ്. ഇപ്പോൾ തന്നെ പല മേഖലകളിലും ഇപ്രകാരം പരിവർത്തനം ചെയ്യാവുന്ന പ്രാദേശിക പൗരസംഘടനകൾ നിലവിലുണ്ട്.

അഹിംസാത്മക പൊതുസുരക്ഷാ കൗൺസിലുകൾ, ഇന്റലിജൻസ് ഏജൻസികൾ എന്നിവ ദേശീയതലത്തിൽ എന്ന പോലെ നയതന്ത്രസ്ഥാപനങ്ങളിലും അഹിംസാത്മക സാംസ്കാരിക അററാഷെകൾ തുടങ്ങിയവയും അഹിംസാത്മക സുരക്ഷാ സംവിധാനം കൊണ്ട് ഉദ്ദേശിക്കുന്നുണ്ട്. അക്രമ വാസനയുള്ള രാഷ്ട്രങ്ങൾ, അവരുടെ അക്രമവാസനയുള്ള ഏജൻസികൾ എന്നിവയ്ക്ക് നയപരമായ പകരം സംവിധാനങ്ങൾ ഏർപ്പെടുത്താൻ അഹിംസാത്മകസുരക്ഷാ കൗൺസിലുകൾ ആവശ്യമാണ്. ഉദാഹരണത്തിന് അക്രമവാസനയുടെ കാര്യത്തിൽ ഏററവും താഴെതട്ടിൽ നിൽക്കുന്ന രാഷ്ട്രങ്ങൾക്ക് ഐക്യരാഷ്ട്ര സംഘടനാതലത്തിൽ ഒരു ആഗോള അഹിംസാത്മക സുരക്ഷാ കൗൺസിൽ രൂപീകരിക്കാവുന്നതാണ്. അവിടെ അണുവായുധങ്ങൾ വേണ്ട, പട്ടാളം വേണ്ട, മരണശിക്ഷയില്ല, കുറഞ്ഞ കൊലപാതകവായുധങ്ങൾ വേണ്ട, പട്ടാളം വേണ്ട, മരണശിക്ഷയില്ല, കുറഞ്ഞ കൊലപാതകനിരക്ക്, അങ്ങിനെ പലതും. എല്ലാ തരത്തിലുമുള്ള ആക്രമണഭീഷണികൾ പുറത്തുകൊണ്ടുവരാനും പരിവർത്തനപരമായ പൊതുസ്വകാര്യ പ്രവർത്തനങ്ങളെ സമതുലനം ചെയ്യുന്നതിനുള്ള കഴിവുകൾ കണ്ടെത്തുന്നതിനും അന്വേഷണാത്മക പൊതുമാദ്ധ്യമ, പൗരജാഗ്രതയോടൊപ്പം ഒരു അഹിംസാത്മക ഇന്റലിജൻസി ഏജൻസി ആവശ്യമാണ്. പരമ്പരാഗത മിലിററി അററാഷെമർ, സാമ്പത്തിക ബന്ധത്തിന് വേണ്ടിയുള്ള ഉദ്യോഗസ്ഥർ എന്നിവരേക്കാൾ ഒട്ടും പ്രാധാന്യം കുറവില്ലാത്ത അഹിംസാ സ്പെഷ്യലിസ്റ്റുകാരെ നയതന്ത്രസ്ഥാപനങ്ങളിൽ ആവശ്യമാണ്. അഹിംസാത്മക സാംസ്ക്കാരിക അററാഷെമാർ സാംസ്കാരിക കണ്ടെത്തലുകൾ, പരസ്പര അറിവുകൾ, പങ്കുവെയ്ക്കൽ എന്നീ കാര്യങ്ങളിലുള്ള വിടവുകൾ നികത്തുകയും ആഭ്യന്തര രംഗത്തും ആതിഥേയ രാഷ്ട്രത്തിലും എല്ലാ തുറയിലുമുള്ള അഹിംസാത്മക ക്ഷേമത്തിന് വേണ്ടി സഹകരണം കെട്ടിപ്പടുക്കുകയും ചെയ്യും. പരമ്പരാഗത

മായ സർക്കാർ, കോർപ്പറേറ്റ് സംവിധാനങ്ങൾ, വസ്തുതകൾ സംബന്ധിച്ച് മാദ്ധ്യമ നിർവചനങ്ങൾ എന്നിവയെ ആശ്രയിക്കാതെ ആഗോളതലത്തിൽ പൗരസമൂഹത്തിന് സുരക്ഷിതത്വവിവരങ്ങൾ പങ്കുവെച്ച് കൂട്ടായ അഹിംസാത്മക കർമ്മ പരിപാടി ആവിഷ്ക്കരിക്കാൻ ഇന്റർനെറ്റ് സൗകര്യം വലിയ വാഗ്ദാനമാണ്.

ഗവൺമെന്റിലും സ്വകാര്യ സ്ഥാപനങ്ങളിലും വിനാശകരമല്ലാത്ത സേവനത്തിനുള്ള വൈദഗ്ദ്ധ്യം പുഷ്ടിപ്പെടുത്താൻ അഹിംസാത്മക പരിശീലനം നൽകാൻ അനുയോജ്യമായ സ്ഥാപനങ്ങളുടെ ആവശ്യകത ഉണ്ട്. പ്രാരംഭത്തിൽ മിലിട്ടറി കോളേജുകൾ, നാഷണൽ ഡിഫൻസ് യൂണിവേഴ്സിററികൾ, മിലിട്ടറി സർവ്വീസ് അക്കാഡമികൾ, പോലീസ് അക്കാഡമികൾ, പബ്ളിക് അഡ്മിനിസ്ട്രേഷൻ ഇൻസ്റ്റിററ്യൂട്ടുകൾ, സിവിൾ സമൂഹത്തിൽ ഹിംസയെ അംഗീകരിക്കുന്ന തൊഴിൽപരമായ പരിശീലനം നൽകുന്ന അതുപോലുള്ള മററ് സ്ഥാപനങ്ങ എന്നിവയ്ക്ക് പകരം അതേ രീതിയിൽ പ്രവർത്തിക്കുന്ന അഹിംസാത്മക പരിശീലന സ്ഥാപനങ്ങൾ ആവശ്യമാണ്.

വിനാശകരമല്ലാത്ത സിവിൽ സമൂഹ സ്ഥാപനങ്ങൾ

വിനാശകാരികളല്ലാത്ത സമൂഹങ്ങളുടെ ആവിർഭാവം പരിരക്ഷണം, അവയെ സൃഷ്ടിപരമാക്കൽ എന്നിവയ്ക്ക് സംഭാവന നൽകാൻ സിവിൽ സമൂഹത്തിനുള്ള അവസരം ഏറെയാണ്. വിനാശകാരിയല്ലാത്ത ധാരാളം സ്ഥാപനങ്ങൾ ഇപ്പോൾ തന്നെ ഉണ്ടായിട്ടുണ്ട്, പ്രത്യേക പ്രാധാന്യമുള്ളവയെ ഇനിയും പ്രതീക്ഷിക്കാം.

വിനാശകരമല്ലാത്ത ആദ്ധ്യാത്മിക കൗൺസിലുകൾ

ജനനം മുതൽ മരണം വരെ മാനവജീവിതവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കും കലവറയില്ലാത്ത ബഹുമാനം നൽകുന്നതിന് എല്ലാ തലത്തിലും അഥവാ സമൂഹത്തിന്റെ ഓരോ കൂട്ടായ്മയിലും വിനാശകരമല്ലാത്ത ആദ്ധ്യാത്മിക കൗൺസിലുകൾ ആവശ്യമാണ്. അപ്രകാരമുള്ള അന്തർവിശ്വാസകൗൺസിലുകൾ അവരുടെ പാരമ്പര്യത്തിന്റെ ശക്തവും വിനാശകാരിയല്ലാത്തതുമായ സത്യങ്ങൾ ധൈര്യപൂർവ്വം പ്രഖ്യാപിക്കാൻ ശക്തരും സന്ദർഭത്തിന് അനുയോജ്യമായ വിശ്വാസവും തത്വശാസ്ത്രവും മതപരവും മാനുഷികവുമായ കാര്യങ്ങളുടെ പ്രയോക്താക്കളുമായിരിക്കും. മതപരവും മതേതരവുമായ അതിക്രമങ്ങൾക്ക് ക്ഷമ ചോദിക്കുന്ന പരമ്പരാഗത കൗൺസിലുകൾക്ക് പകരം അത്തരം കൗൺസിലുകൾ അക്രമ പ്രവണത ഇല്ലായ്മ ചെയ്യാൻ പൊതുവായതും സ്വകാര്യമായതും – ദേശീയം, പ്രാദേശികം, അന്തർദേശീയം – ആയ എല്ലാ യടങ്ങൾക്കും

പ്രചോദനാത്മകമായ പിന്തുണ നൽകുകയും ചെയ്യും. പ്രചോദനത്തിനുള്ള എല്ലാ സ്രോതസുകളും ഉൾക്കൊണ്ട്കൊണ്ട് വിനാശകരമല്ലാത്ത ആദ്ധ്യാത്മിക കൗൺസിലുകൾക്ക് ഓരോ വ്യക്തിയിലും സാമൂഹ്യ സ്ഥാപനങ്ങളിലും അന്തർലീനമായ കഴിവുകളെ ഉപയോഗിച്ച് മനുഷ്യന്റെ വിനാശത്തിനെതിരായ മനസാക്ഷിയെ ശക്തിപ്പെടുത്തുന്ന ഏററവും വലിയ സംഭാവന നൽകുന്നവരാകും.

വിനാശകരമല്ലാത്ത കൂടിയാലോചനാ ഗ്രൂപ്പുകൾ

ആഗോള വിഭവങ്ങൾ വിനിയോഗിച്ചുകൊണ്ട് സമൂഹങ്ങൾക്കുള്ളിലും സമൂഹങ്ങൾ തമ്മിലും പ്രശ്നപരിഹാരത്തിനുതകുന്ന മററു സംവിധാനങ്ങൾ തിരിച്ചറിയാൻ സഹായിക്കുന്നതിന് വിനാശകാരികളല്ലാത്ത കൂടിയാലോചന - ഉപദേശക സമിതികൾ ആവശ്യമാണ്. ചുമതലാധിഷ്ഠിതമായ ആദ്ധ്യാത്മിക വിഭവങ്ങൾ, മററു തരത്തിലുള്ള വിഭവങ്ങൾ എന്നിവ ഏകോപിപ്പിച്ചുകൊണ്ടും നേരിട്ടും അല്ലാതെയും ഈ ഗ്രൂപ്പുകൾ രക്തച്ചൊരിച്ചിൽ തടയാൻ ആഗ്രഹിക്കുന്നവരെ സഹായിക്കാനും, കശാപ്പു നടക്കുന്നത് തടയാനും സ്ഥിരമായ രഞ്ജിപ്പിനും പുനനിർമ്മാണത്തിനുമുള്ള സാഹചര്യം സൃഷ്ടിക്കാനും തങ്ങളെ തന്നെ ലഭ്യമാക്കും. വിനാശകാരികളല്ലാത്ത ഇത്തരം കൂടിയാലോചനാ സമിതികൾ അക്രമശക്തിയുടെയോ, സാമ്പത്തിക ഉപരോധത്തിന്റെയോ ബലത്തിൽ കൂടിയാലോചനക്ക് പ്രേരിപ്പിക്കുന്ന പരമ്പരാഗത മദ്ധ്യസ്ഥരേക്കാൾ വ്യത്യസ്ഥരായിരിക്കും. അല്ലെങ്കിൽ ഇവർ ഒററപ്പെട്ട സന്മാർഗിക ശബ്ദത്തേക്കാൾ ഇവരുടെ സ്പഷ്ടമായ അക്രമവിരുദ്ധ മനോഭാവത്തിന്റെ കൂട്ടായ്മയോടെ അക്രമാസക്തമായ രാഷ്ട്രങ്ങളെക്കാളും അവരുടെ ആക്രമകാരികളായ എതിരാളികളേയും വ്യത്യസ്ഥത പുലർത്തും. അനുഭവങ്ങൾ സമാഹരിച്ചുകൊണ്ടും അവരുടെ ഫലപ്രാപ്തി വർദ്ധിപ്പിച്ചു കൊണ്ടും സ്വകാര്യ സ്ഥാപങ്ങളാൽ സാമ്പത്തിക സഹായം നൽകപ്പെടുന്ന, അത്തരം സ്ഥാപനങ്ങൾക്കും അപ്രകാരമുള്ള കൂടിയാലോചനാസേവനം നൽകാൻ കഴിയും. ശാന്തിപ്രചാരത്തിലുള്ള പ്രശ്നപരിഹാരവും മനുഷ്യത്വപരമായ സേവനവും അതുപോലെ ഭാഗികമായിട്ടെങ്കിലും മതപരവും മനുഷ്യത്വപരവുമായ ആദർശമുള്ള.. ദർശനം നല്കുന്ന സമാശ്വാസ ഏജൻസികളാണ് ആവശ്യമായിട്ടുള്ളത്.

രാജ്യാന്തര പ്രശ്നപരിഹാര സഹായ സമിതി

മുകളിൽ നിന്ന് താഴോട്ട് എന്നു പറയാവുന്ന വിനാശകാരികളല്ലാത്ത രാഷ്ട്രീയ സംഘടനകൾ ( ഉദാഹരണത്തിന് : രാഷ്ട്രീയ കക്ഷികൾ, പൊതു സേവന വകുപ്പുകൾ, പൊതു സുരക്ഷാ സ്ഥാപനങ്ങൾ)ക്ക് പൂര

കമായി താഴെ നിന്നും മുകളിലേക്കുള്ള വിനാശകാരികളല്ലാത്ത ശക്തമായ പരിവർത്തനാത്മക സേനയുടെ സഹായ സമിതികൾ ആവശ്യമാണ്. അതിനൊരു ഉദാഹരണം ഡിൃലയ്യൂലലിലേറ ചമശേീി മിറ ജലീുഹല ഛൃഴമിശമെശേീി ഡചജഛ (പ്രാതിനിധ്യമില്ലാത്ത രാഷ്ട്രങ്ങളുടെയും ജനങ്ങളുടെയും സംഘടന) - ഐക്യരാഷ്ട്രസഭയെയും ഗവൺമെന്റുകളെയും സ്വാധീനിക്കാൻ അഹിംസാത്മക പ്രവർത്തനത്തോട് വ്യക്തമായ അർപ്പണ ബോധമുള്ള ജനങ്ങളുടെ ഒരു കൂട്ടായ്മയും തങ്ങളുടെ കൂട്ടായ മനുഷ്യാവകാശങ്ങളെ അംഗീകരിക്കുന്ന മററ് സ്ഥാപനങ്ങളും ആലനെസ്റ്റി ഇന്റർനാഷണൽ ഗ്രീൻപീസ്, ഇന്റർനാഷണൽ ഫെലോഷിപ്പ് ഓഫ് റിക്കൺഡിലിയേഷൻ എന്നിവ മററ് ഉദാഹരണങ്ങളാണ്. ആഗോളവ്യവസ്ഥിതിയിൽ നിന്ന് കൊല നീക്കം ചെയ്യുന്നതൊഴികെ സഹായസമിതി അംഗങ്ങൾ ആവശ്യപ്പെടുന്ന മററു കാര്യങ്ങൽ സഹായ സമിതികളുടെ പങ്കാളികൾ അംഗീകരിക്കണമെന്നില്ല. തീവ്രമായ കൊലപാതകങ്ങൾ നടക്കുന്ന മേഖലകളിലും അക്രമം നിലനിൽക്കുന്ന പ്രദേശങ്ങളിലും സാമ്പത്തിക കാര്യങ്ങൾ, മനുഷ്യാവകാശം, പരിസ്ഥിതി സഹകരണം എന്നിവയ്ക്കുവേണ്ടി സഹായ സമിതിയുടെ പ്രവർത്തനം വികസിപ്പിക്കേണ്ടത് ക്രമേണ വിനാശകാരിയല്ലാത്ത ഒരു ലോകത്തിന് വേണ്ടി സ്തീ പുരുഷ പങ്കാളിത്തമായ ശക്തമായ ആഗോളപൗരസഹായസമിതി അഖില ലോക ക്ഷേമം ശക്തമാക്കാൻ ഉയർന്നുവരണം.

വിനാശകാരിയല്ലാത്ത പരിശീലന സ്ഥാപനങ്ങൾ

അക്രമത്തിന്റെ വികലമായ ഭീതി സംബന്ധിച്ച കർത്തവ്യബോധത്തിന്റെയും സൃഷ്ടിപരമായ അഹിംസ അതിനുപരി ശക്തിപ്പെടുത്തുന്നതിനുമായി ഏററുമുട്ടലുകൾ അവസാനിപ്പിക്കുന്നതിനും അഹിംസാത്മകമായ സാമൂഹ്യ പരിവർത്തനത്തിനും ഉതകുന്ന അഹിംസാത്മക നേതൃത്വത്തിന്റെ വൈദഗ്ദ്ധ്യത്തിന്റെ ആവശ്യകത വർദ്ധിച്ചുവരുന്നു. കിംഗിയൻ, ഗാന്ധിയൻ, ബുദ്ധമതാഷ്ടിതം, ക്രിസ്തുമതാധിഷ്ഠിതം, മതേതരം ആയതും അഹിംസാത്മക പാരമ്പര്യം ഉള്ളതുമായ വിദഗ്ദ്ധരായ പരിശീലകരുടെ ആവശ്യം വലുതാണ്. സാമൂഹ്യ നീതിക്കു വേണ്ടിയുള്ള പ്രസ്ഥാനങ്ങൾ, സ്കൂളുകൾ, തൊഴിൽ ശാലകൾ, പോലീസ്, ജയിൽ എന്നിവിടങ്ങളിലേക്കെല്ലാം ഇതാവശ്യമാണ്. സിവിൽ സമൂഹ സ്ഥാപനങ്ങൾ മററു വിധത്തിലുള്ള വൈദഗ്ദ്ധ്യത്തോടുകൂടി തന്നെ അഹിംസാത്മക പൗരപരിശീലനവും പ്രൊഫഷണൽ പരിശീലനവും പ്രൊഫഷണൽ പരിശീലകരെ ഇതിനുവേണ്ടി പരിശീലിപ്പിച്ചും സർട്ടിഫിക്കററ് നൽകലും ഏറെറടുക്കേണ്ടതുണ്ട്.

വിനാശകാരിയല്ലാത്ത നേതൃത്വ പഠനത്തിനും പുനരുജ്ജീവനത്തിനും

ഉള്ള കേന്ദ്രങ്ങൾ

പുനരുജ്ജീവന കാലഘട്ടത്തിലും പരിചിന്തന വേളയിലും എഴുതുന്ന സമയത്തും അനുഭവങ്ങൾ പങ്കിടുന്ന വേളയിലും അഹിംസാത്മക സംഘടനകളിലെ നേതാക്കൾക്ക് പ്രവർത്തിക്കാനുള്ള സ്ഥാപനങ്ങൾ ആവശ്യമാണ്. ജീവന് ഭീഷണി സൃഷ്ടിക്കുന്നതും സമ്മർദ്ദതന്ത്രപ്രവർത്തനത്തിലും ഏർപ്പെട്ടിരിക്കുന്ന നേതാക്കൾക്ക് അഹിംസാത്മക സാമൂഹ്യ മാററത്തെക്കുറിച്ച് ചിന്തിക്കാനുള്ള ഇടവേള ജയിൽ ജീവിതമോ, ആശുപത്രിക്കിടക്കയിലായിരിക്കുമ്പോഴോ ആണ്. അഹിംസാധിഷ്ഠിതമായ ഒരു സ്വമേധയാ പ്രവർത്തനവും ആവശ്യമാണ്. നേതാക്കൾ പീഡിപ്പിക്കപ്പെടുമ്പോൾ പീഡനത്തിന് ഇരയാകുന്നവർക്ക് പുനരധിവാസനകേന്ദ്രവുമായുള്ള സഹകരണം അത്യാവശ്യമാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ചിതറിക്കിടക്കുന്ന അപ്രകാരമുള്ള അഹിംസാധിഷ്ഠിത പുനരധിവാസ കേന്ദ്രങ്ങൾ ആദ്ധ്യാത്മികവും ശാരീരികവുമായ പുനരുജ്ജീവനത്തിന് അവസരം ഒരുക്കുകയും ആത്മപരിശോധനയ്ക്കും ജീവചരിത്ര പഠനത്തിനും വിനാശകാരിയല്ല, തത്വങ്ങൾക്ക് വേണ്ടി വിവിധ രാജ്യങ്ങളിൽ നിലകൊള്ളുന്ന പരിചയ സമ്പന്നരായ സഹപ്രവർത്തകരുമായി ആശയവിനിമയം നടത്തുന്നതിനും അടുത്ത കാൽവയ്പിനുള്ള ദീർഘവീക്ഷണത്തോടുകൂടിയ പരിചിന്തനത്തിനും അവസരം നൽകും. ഇങ്ങനെയുള്ള കേന്ദ്രങ്ങൾ സ്വതന്ത്രസ്ഥാപനങ്ങളായി സ്വകാര്യ സംരംഭങ്ങളോ, വിനാശകാരിയല്ലാത്ത സാമൂഹ്യമാററത്തിന് വേണ്ടി നിലകൊള്ളുന്ന ആതിഥേയസ്ഥാപനങ്ങൾ ദത്തെടുക്കുന്നതോ ആകാം.

വിനാശകാരിയല്ലാത്ത കലാസൃഷ്ടികേന്ദ്രങ്ങൾ

കലകൾക്കുള്ളിലും കലകൾക്ക് വേണ്ടിയും വിനാശകാരിയല്ലാത്ത സൃഷ്ടിപരമായ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുന്ന സ്ഥാപനങ്ങൾ ആവശ്യമാണ്. സ്വിസ് എഴുത്തുകാരനായ റൊമെയ്ൻ റോളണ്ട് ടോൾ സ്റേറായിയെ ഉദ്ധരിച്ചിട്ടുള്ളത് നോക്കുക: " കല അക്രമത്തെ അമർച്ച ചെയ്യണം; കലയ്ക്ക് മാത്രമേ അതു ചെയ്യാൻ കഴിയൂ" (ഞീഹഹമിറ 19112003) ഷെല്ലിയുടെ കവിതയിലെ അക്രമരാഹിത്യത്തെക്കുറിച്ചുള്ള പഠനത്തിൽ ആർട്ട്യൂണ്ട് നിരീക്ഷിക്കുന്നു: അക്രമരാഹിത്യം രാഷ്ട്രീയ ചിന്തയേക്കാൾ മുന്തിയ ഒരു സാധനമാണ്. അത് കവിതയുടെയും ജീവിതത്തിന്റെയും ഉള്ളടക്കമാണ്" (1975:165) പട്ടാളത്തിന്റെ മനോവീര്യത്തിന് വേണ്ടിയുള്ള രണസംഗീതത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ഓർമ്മക്കുറിപ്പുകളിൽ കിംഗിയൻ പാരമ്പര്യത്തിലുള്ള ഒരു ചൊല്ല് ഇപ്രകാരമാണ് : "നിങ്ങൾക്ക് സംഗീതമില്ലെങ്കിൽ നിങ്ങൾക്ക് ഒരു പ്രസ്ഥാനം ഇല്ല" (ഥീൗിഴ 1996:161 184)

സ്ഥാപനപരമായ ഒരു മാതൃക: ഏഴു കലകളെയും അഥവാ ചിത്രകാരന്മാർ, കവികൾ, സാഹിത്യകാരന്മാർ എന്നിവരിൽ സർഗ്ഗശക്തിയുള്ളവരെ പിന്താങ്ങുന്ന കേന്ദ്രങ്ങൾ - മനുഷ്യന് നേരെയുള്ള അതിക്രമങ്ങൾക്കെതിരെ വിനാശകരമല്ലാത്ത സർഗ്ഗശക്തി പ്രകടിപ്പിക്കാൻ എല്ലാ വിഭാഗങ്ങളിലുമുള്ള കലാകാരന്മാരുടെ ഒത്തുചേരൽ ആഘോഷിക്കാനുള്ള അവസരം ഒരുക്കുക എന്നുള്ളതാണ്. വിനാശകരമല്ലാത്ത സർഗ്ഗശക്തിയോടുള്ള വെല്ലുവിളിയെ അതിജീവിക്കാൻ കഴിയുന്ന കലകൾ, സാഹിത്യം, കവിത, ചിത്രകല, കൊത്തുപണി, സംഗീതം, നൃത്തം, നാടകം, സിനിമ, ടെലിവിഷൻ, ഫോട്ടോഗ്രഫി, ശില്പശാസ്ത്രം (വാസ്തുവിദ്യ), വസ്ത്രങ്ങളിൽ ഡിസൈൻ ചെയ്യൽ, പൊതുമാദ്ധ്യമം എന്നിവയാണ്. അക്രമത്തിൽ നിന്നുള്ള മോചനം കണ്ടെത്തുക എന്നുള്ളത് എല്ലാ കലാകാരന്മാർക്കും ഉള്ള വെല്ലുവിളിയാണ്. ഉദാഹരണത്തിന് കൊലപാതകക്കുരുക്ക് അഴിക്കുന്ന പരമ്പരാഗതമായ ഡിറക്ടീവ് നോവലുകൾക്ക് പകരം അക്രമരാഹിത്യത്തിൽ വിശ്വസിക്കുന്ന ഒരു ഡിറക്ടീവ് തന്റെ വൈദഗ്ദ്ധ്യം കൊണ്ടും കൊലപാതകമോ ആത്മഹത്യയോ നടക്കുന്നതിന് മുമ്പ് അതു കണ്ടെത്തി അതിനെ തടയുന്നു. മുമ്പോട്ടുള്ള പരിവർത്തനാത്മകമായ നിർണ്ണായകയഞ്ജത്തിന് വേണ്ടി മനുഷ്യന്റെ ആത്മാവിനെയും ഭാവനാശക്തിയെയും കലാകാരന്മാരിലുള്ള വിനാശകരമല്ലാത്ത സംയുക്തസർഗ്ഗശക്തിക്ക് ഉണർത്താൻ കഴിയും.

വിനാശകരമല്ലാത്ത കലാസംഭാവനകൾ കാഴ്ച വെയ്ക്കുന്ന കലാകാരന്മാരെ പ്രോത്സാഹിപ്പിക്കാൻ നോബൽ പ്രൈസിനേക്കാൾ കുറവല്ലാത്ത പ്രാധാന്യമുള്ള സമ്മാനങ്ങൾ നൽകി ... ക്കൾക്ക് ആഗോള അംഗീകാരം ലഭ്യമാക്കാം.

വിനാശകരമല്ലാത്ത ഗവേഷണ നയവിശകലന ഇൻസ്റ്റിറ്റ്യൂട്ടുകൾ

അന്തരാഷ്ട്ര സുരക്ഷാ നയം മുതൽ രാഷ്ട്രീയം, സാമ്പത്തികശാസ്ത്രം, സാമൂഹ്യ സാംസ്കാരിക ജീവിതം വരെയുള്ള കാര്യങ്ങളിൽ ഗവൺമെന്റിനും പൊതുജനങ്ങൾക്കും ഉപദേശം നൽകുന്ന ഇൻസ്റ്റിറ്റ്യൂട്ടുകളുടെ മാതൃകയിൽ സാമൂഹ്യാധിഷ്ഠിത നയ രൂപീകരണത്തിനും വിവരം നൽകാനും, വിശകലനം ചെയ്യാനും വേണ്ടി വിനാശകരമല്ലാത്ത നയരൂപീകരണ ഇൻസ്റ്റിറ്റ്യൂട്ടുകൾ ആവശ്യമാണ്. അതിക്രമം, സാമ്പത്തികശാസ്ത്രം, മനുഷ്യാവകാശം, പരിസ്ഥിതി, സഹകരണം തുടങ്ങിയ വിഷയങ്ങളിൽ വിനാശകരമല്ലാത്ത രാഷ്ട്രമീമാംസയ്ക്കും പ്രശ്നപരിഹാരബാധ്യത ഏറ്റെടുക്കാനുമുള്ള കഴിവ് വർദ്ധിപ്പിക്കാൻ ഇപ്രകാരമുള്ള ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രയോജനപ്പെടും. അവയ്ക്ക് വിനാശകരമല്ലാത്ത ആദ്ധ്യാത്മിക കൗൺസിലുകൾ, പാർട്ടികൾ, പൊതു സുരക്ഷാ സ്ഥാപ

നങ്ങൾ, കൂടിയാലോചന സമിതികൾ, മററ് സിവിൾ സൊസൈററി സ്ഥാപനങ്ങൾ എന്നിവയുടെ സംയോജിത യടത്തെ പിന്തുണയ്ക്കാനും വ്യക്തികളായ പൗരന്മാർക്ക് ആവശ്യമായ വിവരങ്ങൾ നൽകാനും കഴിയും.

ആശയ വിനിമയത്തിനുള്ള വിനാശകാരിയല്ലാത്ത മാദ്ധ്യമങ്ങൾ

വ്യക്തികളെയും പൊതുനയം രൂപീകരിക്കുന്നവരെയും തീരുമാനങ്ങൾ കൈക്കൊള്ളുന്നവരെയും സഹായിക്കാനാവശ്യമായ വാർത്തകളും നിരൂപണങ്ങളും നൽകാൻ വിനാശകരമല്ലാത്ത ആശയവിനിമയ മാദ്ധ്യമം ആവശ്യമാണ്. മനുഷ്യന് കൊല ചെയ്യാനുള്ള കഴിവിനെ അവഗണിക്കുന്ന മാദ്ധ്യമങ്ങളെ ഒഴിവാക്കണമെന്ന് ഇതുകൊണ്ട് ഉദ്ദേശിക്കുന്നില്ല. എന്നാൽ കൊലപാതകം അനിവാര്യമാണെന്നും അത് അ... അംഗീകരിക്കേണ്ടതാണെന്നോ ഉള്ള സന്ദേശം നൽകുന്ന പരമ്പരാഗത മാദ്ധ്യമങ്ങളെ ഉദ്ദേശിച്ചിരിക്കുന്നു. വിനാശകാരികളല്ല മാദ്ധ്യമങ്ങളുടെ എഡിറേറാറിയൽ വിനാശകരമല്ലാത്ത രാഷ്ട്രീയ വിശകലനത്തെ പ്രതിഫലിപ്പിക്കുന്നു. അതായത്, ഈ സന്ദേശം അക്രമത്തിന്റെ യഥാർത്ഥ്യങ്ങളിലേക്ക് അന്വേഷണം നടത്തുന്നു. പകരം നിൽക്കേണ്ട അക്രമരാഹിത്യത്തിന്റെ യാഥാർഥ്യങ്ങൾ സംബന്ധിച്ച ബോധം നൽകുന്നു; പരിവർത്തനത്തിന്റെ പ്രക്രിയ, വിജയങ്ങൾ, പരാജയങ്ങൾ റിപ്പോർട്ട് ചെയ്യുന്നു; എല്ലാ കലകളിലും ശാസ്ത്രങ്ങളിലും, മാനവശാസ്ത്രത്തിലും, തൊഴിലുകളിലും ദൈനംദിന ജീവിതത്തിന്റെ എല്ലാദ്ധരണികളിലും സർഗ്ഗാത്മകവും വിനാശകരമല്ലാത്തതുമായ അഭിലാഷങ്ങൾക്ക് ശബ്ദം നൽകുന്നു. ഈ സമീപനം അനന്തമായ അക്രമവാസന, അക്രമവാസനയോടുള്ള ദോഷൈക ദർശനത്തിലേക്കോ നേരിട്ടോ അല്ലാതെയോ മനസിനെ അടിമപ്പെടുത്തുന്ന പ്രവണതയെ വെല്ലുവിളിക്കാനുള്ള മാദ്ധ്യമങ്ങളേക്കാൾ മൂല്യാധിഷ്ഠിതമാണ്. പത്രങ്ങളിലും മാസികകളിലും റേഡിയോയിലും ടെലിവിഷനിലും സിനിമയിലും ആഗോളതലത്തിലുള്ള കമ്പ്യൂട്ടർ വിവരശൃംഖലയിലും ഈ മാദ്ധ്യമ ത്യാജ്യഗ്രാഹ്യവിവേകം ആവശ്യമാണ്. നിരൂപണങ്ങൾക്കും വിശകലനങ്ങൾക്കും വിനാശകാരികളല്ലാത്ത രാഷ്ട്രമീമാംസകൾ ഉചിതമായ ഉറവിടമാണ്.

വിനാശകാരികളാല്ലാത്ത സ്മാരകങ്ങൾ

വിനാശകാരികളല്ലാത്ത സംസ്കാരത്തിന്റെ പൈതൃകങ്ങൾ, വ്യക്തികളുടെയും സമൂഹങ്ങളുടെയും സംഭവങ്ങളുടെയും സംഘടനകളുടെയും അജ്ഞാതരുടെയും വീണ്ടെടുക്കാനും ആദരിക്കാനും അവ ബഹുമാനത്തോടെ എല്ലാ സമൂഹത്തിലും നിർമ്മിക്കേണ്ടതുണ്ട്. ആദരിക്കേണ്ടവൻ കൊല്ലാൻ വിമുഖത കാണിച്ചവരും, വിനാശകരമല്ലാത്ത ആഗോള സംസ്കാരത്തിന് വേണ്ടി ദീർഘകാല പര്യടനം നടത്തിയവരും ആണ്. ഇതു ഈ ഗ്രന്ഥത്തിൽ അടയാളം സൃഷ്ടിക്കത്തക്കവിധം വിജയശ്രീലാളിത

രായവരും പരാജിതരായവരും ആയ കൊലയാളികളുടെ പ്രതിമകളും സ്മാരകങ്ങളും നീക്കം ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ട് ഉള്ളതല്ല. കാരണം ഇവ ചരിത്രപരമായ ആക്രമണങ്ങളുടെ യാഥാർത്ഥങ്ങളുടെ ഓർമ്മകളാണ്. എന്നാൽ വിനാശകാരികളല്ലാത്ത സ്മാരകങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നതും മനുഷ്യന്റെ നിലനിൽപ്പിന് ഇന്നത്തെ കാലഘട്ടത്തിലെ ഏററവും വലിയ ആവശ്യമായി വളർന്നുകൊണ്ടിരിക്കുന്ന അക്രമരാഹിത്യം എന്ന ഇതരമാർഗ്ഗം പ്രചരിപ്പിച്ചവർ എക്കാലത്തും ഉണ്ടായിരുന്നുവെന്നതാണ്. ബഹുമാനിക്കപ്പെടേണ്ടവരിൽ മതനേതാക്കൾ, അക്രമശക്തികളോട് സത്യം സംസാരിച്ച രക്തസാക്ഷികൾ, യുദ്ധവിരോധികൾ, മനസാക്ഷിക്കൊത്ത് എതിർപ്പ് പ്രകടിപ്പിച്ചവർ, മരണശിക്ഷയെ എതിർത്തവർ, സമാധാനത്തിന്റെ കവികൾ, ജയിൽ ശിക്ഷ, കഠിനപീഡനം, മരണം എന്നിവയെപോലും തൃണവൽഗണിച്ച് അക്രമരഹിതമായി അനീതിയെ എതിർത്ത പാടിപുകഴ്ത്തപ്പെടാത്ത പുരുഷന്മാരും സ്ത്രീകളുമായ ജനസമൂഹം എന്നിവർ ഉൾപ്പെടുന്നു.

വിനാശകരമല്ലാത്ത സമാധാനമേഖലകൾ

വിവക്ഷിത സിവിൾ സമൂഹസംഘടനകൾ, ഗ്രാമീണ, നഗരപ്രദേശസംഘടനകൾ തൊട്ട് ദേശീയ അന്തർദേശീയ ഉടമ്പടികൾ വരെ വിനാശകരമല്ലാത്ത സമാധാന മേഖലകളാണ്. മതപരമായ പവിത്രസ്ഥാനങ്ങൾ, വിപ്ലവശക്തികളുടെയും പ്രതിവിപ്ലവ ശക്തികുടെ ഇരയായി തീർന്ന ഗ്രാമീണർ സമാധാന മേഖലയായി പ്രഖ്യാപിച്ച സ്ഥലങ്ങൾ, വിശാലമാക്കാവുന്ന വെട്ടിനിരത്തൽ മേഖലകൾ, നിരായുധീകരണ സമൂഹങ്ങളുടെ പ്രസ്ഥാനങ്ങൾ, കുററവാളികളുടെയും കള്ളന്മാരുടെയും ഒഴിവുമേഖലയായി മാററാൻ പൗരന്മാർ ശ്രമിക്കുന്ന ആവാസ മേഖലകൾ, അണുവായുധ നിരോധന മേഖല സ്ഥാപിക്കാൻ വേണ്ടിയു അന്തരാഷ്ട്രകരാറുകൾ ഇവയെല്ലാം സമാധാനമേഖലയുടെ മുന്നോടിയാണ്. പിന്തുണയ്ക്കുന്ന വിനാശകാരിയല്ലാത്ത സ്ഥാപനങ്ങളെ പരസ്പര പിന്തുണയ്ക്കും പ്രചാരത്തിനും വേണ്ടി അപ്രകാരമുള്ള മേഖലയിൽ കണ്ടെത്തുന്നതും അവയുടെ ശൃംഖല രൂപീകരിക്കുന്നതും അവയെ ഉൾപ്പെടുത്തുന്നത് വിനാശകരമല്ലാത്ത സ്ഥാപനങ്ങളുടെ വികസനത്തിനെതിരെയുള്ള പ്രധാന വെല്ലുവിളിയാണ്.

വിനാശകാരിയല്ലാത്ത സാമ്പത്തിക സംരംഭങ്ങൾ

യുദ്ധാവശ്യങ്ങൾക്കും ആക്രമണസംസ്കാരത്തിനുവേണ്ടിയുള്ള സംരംഭങ്ങൾ ചിലർക്ക് ലാഭം നൽകുന്നുണ്ടെങ്കിൽ അനേകരുടെ ജീവന്റെ നിർണ്ണയാതീതമായ വിലയാണ് അത്. എന്നാൽ വിനാശകരമല്ലാത്ത ക്ഷേമത്തിന് വേണ്ടിയുള്ള സംരംഭങ്ങൾ എല്ലാവർക്കും കൂടുതൽ ലാഭം നൽ

കുന്നതായിരിക്കണം. വിനാശകരമല്ലാത്ത കാഴ്ചപ്പാടിൽ നിന്ന് നോക്കിയാലും വിനാശകരമല്ലാത്ത സാംസ്കാരിക വസ്തുക്കൾ, സേവനങ്ങൾ, വിനോദം, ഉല്ലാസത്തിനുള്ള ഇതര മാർഗ്ഗങ്ങൾ എന്നിവയുടെ കാഴ്ചപ്പാടിൽ നിന്ന് നോക്കിയാലും വിനാശകരമല്ലാത്ത സംരംഭങ്ങൾക്കുള്ള സാധ്യതകൾ സീമാതീതമാണ്. പകരം സംവിധാനങ്ങൾ കണ്ടെത്താനുള്ള ഒരു മാർഗ്ഗം ആക്രമണാവശ്യത്തിനുള്ള സംരംഭങ്ങളുടെയും അവയുടെ വിനാശകാരിയായ സാധ്യതകളുടെയും ഒരു കണക്കെടുപ്പാണ്. യുദ്ധപരമായ കളിക്കോപ്പുകൾക്ക് പകരം സമാധാനസന്ദേശമുള്ള കളിക്കോപ്പുകൾ, ആക്രമണപരമായ വീഡിയോ ഗെയിമിന് പകരം നല്ല സന്ദേശം ഉൾക്കൊള്ളുന്ന അഹിംസാത്മക ഗെയിം, യുദ്ധോപകരണ ഫാക്ടറികൾക്ക് പകരം സമാധാനാവശ്യങ്ങൾ ഉല്പാദിപ്പിക്കുന്ന ഫാക്ടറി, ആക്രമണോസുകമായ വിനോദമാദ്ധ്യമങ്ങൾക്ക് പകരം വിനാശകരമല്ലാത്ത നാടകകലകൾ, തൊഴിൽ നശിപ്പിക്കുന്ന അധ്വാനങ്ങൾക്ക് പകരം തൊഴിലിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ. യുദ്ധരഹിത കാലങ്ങളിലെ അക്രമരഹിത സാമ്പത്തിക സ്ഥിതി യുദ്ധകാലത്തെ സ്ഥിതിയുമായി താരതമ്യം ചെയ്യൽ ഏററവും നല്ല ഉദാഹരണമാണ്. ഒരു സാ.,.... തകിടം മറിച്ചിലിന് പകരം വിനാശകരമല്ലാത്ത സമൂഹത്തിലേക്കുള്ള ആഗോളതലത്തിലുള്ള മാററത്തിനുള്ള യഥാർത്ഥ ആവശ്യകതക കണ്ടെത്തുകയും അതിന് പ്രതികരിക്കത്തക്കവിധം ഉള്ള സേവനങ്ങൾ സൃഷ്ടിക്കുകയുമാണ്.

### ആഗോളതല അക്രമരാഹിത്യ കേന്ദ്രങ്ങൾ

വിനാശകരമല്ലാത്ത ലോകം എന്ന കാഴ്ചപ്പാട് ലക്ഷ്യമാക്കുന്നത് പരിപൂർണ്ണമായി പൊള്ളയായ കാഴ്ചപ്പാടിൽ നിന്ന് ഉള്ള പരിവർത്തനത്തിന് പര്യാപ്തമായ സ്ഥാപനം എന്നാണ്. അത്തരം സ്ഥാപനങ്ങൾ അഹിംസാപരമായ സാർവ്വലൗകികതയിൽ വേരൂന്നിയതും ആദ്ധ്യാത്മികവും സാംസ്കാരികവുമായ പാരമ്പര്യം പുലർത്തുന്നതും ആഗോളതലത്തിൽ ശാസ്ത്രീയവും വൈദഗ്ദ്ധ്യം, കലാപരം, സ്ഥാപനപരമായ വിഭവങ്ങൾ എന്നിവ ആക്രമണ സ്വഭാവത്തിൽ നിന്നും അതിന്റെ അനന്തഫലങ്ങളിൽ നിന്നും മാനവജാതിക്ക് വിമോചനം നൽകാനുള്ള വഴി കണ്ടെത്താൻ സഹായിക്കുന്ന രാസത്വരകവും ആയിരിക്കണം. കമ്പ്യൂട്ടർ ഭാഷയിൽ പറഞ്ഞാൽ ഗവൺമെന്റും സിവിൽ സമൂഹ സ്ഥാപനങ്ങളുടെയും സേവനമാകുന്ന ഹാർഡ്വെയറിൽ മനുഷ്യന്റെ ആവശ്യങ്ങൾ നേടിയെടുക്കാനുള്ള രാസത്വരകമായ സോഫ്ട്വെയർ ആണ് അപ്രകാരമുള്ള കേന്ദ്രങ്ങൾ. ഫലപ്രദമായി പ്രവർത്തിക്കുന്നതിന് അത്തരം കേന്ദ്രങ്ങൾ അക്രമം ആവശ്യമായ സർക്കാരിന്റെയും സ്വകാര്യ താല്പര്യങ്ങളുടെയും നിയന്ത്രണത്തിൽ

നിന്ന് പരിപൂർണ്ണമായി സ്വതന്ത്രമായിരിക്കണം. അത് സ്ഥിരമായി കാഴ്ച പ്പാടുള്ള ധർമ്മിഷ്ടരുടെയും പൊതു സംഭാവനകളുടെയും മററ് സാധ്യ തകളുടെയും സനാഥീകരണത്തിൽ ആയിരിക്കണം.

ആഗോള അഹിംസയുള്ള കേന്ദ്രം അതിന്റെ ലക്ഷ്യബോധവും പ്രത്യ ക്ഷതയും കാണുന്നത് പരിപൂർണ്ണമായ മാനവസർഗ്ഗശക്തിയുടെ താഴെ പറയുന്ന മേഖലകളിലായിരിക്കും, ആദ്ധ്യാത്മികവും തത്വചിന്താപരവും ആയ പാരമ്പര്യത്തിലുള്ള അഹിംസ, ജീവശാസ്ത്രം, നാഡീശാസ്ത്രപര മായ അഹിംസ, ലിംഗബന്ധങ്ങളും അഹിംസയും സാമ്പത്തിക ശാസ്ത്ര വും പട്ടാളത്തിന്റെയും പോലീസിന്റെയും ചുമതല. അക്രമരഹിതമായ നേതൃത്വം, അക്രമരഹിതമായ മാനവ പ്രകൃതിയും.

ഓരോ രാജ്യത്തിന്റെയും ഓരോ പ്രദേശത്തിന്റെയും സാഹചര്യം കണ ക്കിലെടുത്തുകൊണ്ട് അക്രമരഹിതമായ സാംസ്കാരിക സ്രോതസുകളു ടെ ഒരു കണക്കെടുപ്പാണ് സന്ദർഭത്തിന് യോജിച്ച ചരിത്രപരമായ ഏററ വും പ്രധാനപ്പെട്ട ജോലി. വിനാശകരമല്ലാത്ത ചരിത്രപരമായ പാരമ്പര്യ ങ്ങൾ ഇപ്പോഴത്തെ പ്രകടനം, ഭാവിയിലുള്ള സാധ്യതകൾ എന്നിവയിലേ ക്കുള്ള ഒരു അന്വേഷണം ഇതിന് വേണ്ടി വരും. ഭാവിയിലുള്ള പുരോ ഗതി അളക്കത്തക്കവിധത്തിൽ വിനാശകരമല്ലാത്ത മാനവശക്തിയുടെ ആദ്യത്തെ പരിപൂർണ്ണ അറിവ് ഇത്തരം കണ്ടെത്തലുകളുടെ ആഗോളത ലത്തിലുള്ള ആകെത്തുക മനുഷ്യജാതിക്ക് പ്രദാനം ചെയ്യും.

ആഗോളതലത്തിൽ ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന നരഹത്യ കൾ, കൊലക്കുള്ള ഭീഷണികൾ, അതുമായി ബന്ധപ്പെട്ട നിഷേധിക്കലു കൾ എന്നിവ വിനാശകരമല്ലാത്ത വിഭവങ്ങളിലേക്കുള്ള പരിവർത്തനം സംബന്ധിച്ച് മനുഷ്യന് ലഭ്യമായ അറിവുകൾ ലഭ്യമാക്കുന്നതിന് ആഗോള അക്രമരാഹിത്യ കേന്ദ്രങ്ങൾ സജ്ജമായിരിക്കണം. ആക്രമണത്തിനുള്ള സ്ഥിരമായ വെല്ലുവിളികൾ അഭിമുഖീകരിച്ചുകൊണ്ട് അത്തരം കേന്ദ്രങ്ങൾ അത്തരം സൃഷ്ടിപരമായ അറിവുകൾ വിനിയോഗിച്ച് ആദ്ധ്യാത്മികം, ശാസ്ത്രീയം, വൈദഗ്ദ്ധ്യപരം, കലാപരം, സ്ഥാപനപരം ആയ വിഭവങ്ങൾ സമാഹരിക്കയും അപ്രകാരമുള്ള വിഭവങ്ങൾ പൊതുനയം, ഗവേഷണം, വിദ്യാഭ്യാസം, അതിജീവനത്തിനും ക്ഷേമത്തിനും ആഗ്രഹമുള്ള മാനവ ജാതിക്ക് പരിശീലനവും നൽകുന്നതിന് നിർദ്ദേശിക്കാം.

വിനാശകാരികളല്ലാത്ത സ്ഥാപനങ്ങൾ ആവശ്യം

വിനാശകരമല്ലാത്ത സമൂഹത്തിന് വേണ്ടി യടിക്കണമെന്ന ബോധ്യ മുള്ള ഒരു രാഷ്ട്രമീമാംസ അതിൽ തന്നെ ആരംഭിച്ചു. മററുള്ള സ്ഥാപ നങ്ങൾ വഴി വിദ്യാഭ്യാസം പ്രവർത്തിനത്തിന് പുതുമയും നൽകും. ജീ

വനെ മാനിക്കുന്ന ആദ്ധ്യാത്മിക ഉറപ്പുകൾക്ക് സ്ഥാപനങ്ങൾ ആവശ്യമാണ്. കണ്ടെത്തുകൾ, സംയോജിപ്പിക്കൽ, അറിവുകളുടെ പങ്കുവെയ്ക്കൽ. പൊതുനയരൂപീകരണത്തിനും തീരുമാനമെടുക്കലിനും, അക്രമരഹിതമായ പൊതുസമൂഹത്തിന് സാമ്പത്തിക ക്ഷേമത്തിന്. എല്ലാ കലകളിലും തൊഴിലുകളിലും ജീവിതം ബഹുമാനിക്കപ്പെടുന്നു.

ആഗോള അക്രമരാഹിത്യത്തിന് സർഗ്ഗാത്മകമായി സംയോജിപ്പിക്കുക എന്നതും പരിവർത്തനം എന്ന ചുമതല ആവശ്യപ്പെടുന്നു. ധാരണയ്ക്കും എല്ലാവരുടെയും അഹിംസാത്മകമായ ആവശ്യങ്ങൾ പരിപോഷിപ്പിക്കുന്നതിനും പരസ്പരം പിന്തുണയ്ക്കുള്ള വ്യക്തികളിൽ നിന്നാണ് വിനാശകാരികളായ സ്ഥാപനങ്ങളുടെ ശക്തി ഉത്ഭവിക്കുന്നത്. വിനാശകരമല്ലാത്ത ഒരു ലോകത്തിലേക്കുള്ള പരിവർത്തനത്തിനെ പരിപോഷിപ്പിക്കാൻ ഓരോ വ്യക്തിക്കും രാഷ്ട്രമീമാംസകർക്കും ആഗോളതലത്തിലുള്ള അക്രമരാഹിത്യത്തിനുള്ള കേന്ദ്രമായിരിക്കാൻ കഴിയും.

## അദ്ധ്യായം : 6

# സ്ഥാപനപരമായ ശേഷികൾ

അവശ്യസംഘടനകൾ എന്ന് നാം വിളിക്കുന്നവ നമുക്ക് പൊതുവെ സാധാരണ പരിചയമുള്ള സംഘടനകളല്ലാതെ ഒന്നും തന്നെയല്ല. മാത്രമല്ല സാമൂഹ്യ വ്യവസ്ഥയിൽ സാധ്യതകളുടെ മണ്ഡലം വിവിധ സമൂഹങ്ങളിൽ ജീവിക്കുന്ന മനുഷ്യർക്ക് സങ്കല്പിക്കാൻ കഴിയുന്നതിനേക്കാൾ ഏറെ വിപുലവുമാണ്.

അഹലഃശഒ റീലൂൗല്ശഹഹല

ലോകത്തിൽ ജീവിതത്തിന് ഭീഷണി സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ കൂട്ടായി സൃഷ്ടിക്കപ്പെടുന്നവയാണ്; അവ കൂട്ടായി ബാധിക്കുന്നു, അവയെ രൂപാന്തരപ്പെടുത്തുവാൻ നാം കൂട്ടായി പ്രവർത്തിക്കേണ്ടിവരുന്നു.

ജലഗ്യേമ ഗ. ഗലഹഹ്യ

രാഷ്ട്രമീമാംസയിലെ നാശാത്മകമല്ലാത്ത നീതിശാസ്ത്ര- അനുഭവാസ്വദനമാററത്തിന് വ്യവസ്ഥാപിതമായ സൂചികകൾ എന്തെല്ലാമാണ്? അത് കൈകാര്യം ചെയ്യുന്നവർക്ക് ഡാം പ്രദായികമായ ഒരുന്നുഘടനയ്ക്ക് അറിവിന്റെ മററു ശാഖകളുമായി അതിനുള്ള ബന്ധത്തിന്, പ്രാദേശിക സമൂഹം മുതൽ മാനവരാശി ഒട്ടാകെ വരെ വിനാശകാരിയല്ലാത്ത സമൂഹത്തിന് ഒട്ടാകെ കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ വിവിധ സംഘടനകൾക്ക് അവയെ കൈകാര്യം ചെയ്യുന്നവർക്ക് അത് എന്താണ് ധ്വനിപ്പിക്കുന്നത്? മാനവികതയുടെ ആവശ്യങ്ങളുടെയും അഭിലാഷങ്ങളുടെയും പ്രതികരണമായി ലക്ഷ്യബോധമുള്ള സാമൂഹ്യബന്ധങ്ങളുടെ ഫലമാണ് സംഘടനകൾ.

നാഗരികതയുടെ ചരിത്രത്തിന്റെ മുഖ്യഭാഗം സംഘടനകളുടെ നവീ

കരണ പ്രക്രിയകളുടെ ചരിത്രമാണ്. വിശ്വാസം എന്ന ആശയത്തിൽ നിന്ന് ക്ഷേത്രങ്ങൾ, ഡിനഗോഗുകൾ, ക്രൈസ്തവ ദേവാലയങ്ങൾ, മോസ്ക്കുകൾ എന്നിവയുമായി ബന്ധപ്പെട്ട സംഘടനകൾ ഉത്ഭവിക്കുന്നു. രാഷ്ട്രീയ പങ്കാളിത്തത്തിനായി രാഷ്ട്രീയ പാർട്ടികൾ, തെരഞ്ഞെടുപ്പ്, പാർലമെന്റ് എന്നിവ ഉണ്ടാകുന്നു. സാമൂഹ്യ നിയന്ത്രണത്തിനുവേണ്ടി പോലീസ്, കോടതികൾ, ജയിൽ എന്നിവ ഉണ്ടാകുന്നു. യുദ്ധം, ആക്രമണം എന്നിവയ്ക്ക് വേണ്ടി കര, കടൽ, ആകാശ യുദ്ധസജ്ജമായ സാങ്കേതിക സേനകൾ സംഘടിപ്പിക്കുന്നു. ഭരണാവശ്യത്തിനും പട്ടാളത്തിനും ആവശ്യമായ സാമ്പത്തികാവശ്യങ്ങൾക്കായി കരം പിരിക്കുന്നതിന് ഉദ്യോഗസ്ഥവൃന്ദം ഉണ്ടാക്കുന്നു. എശില്യ 1997, 1617, 2021) ആററംബോംബ് നിർമ്മിക്കൽ ദേശീയ വരുമാനത്തിന്റെ ഒരു മാൽഹട്ടൻ പ്രോജക്ട് ഉണ്ടാക്കുന്നു. അജ്ഞാതമായ ചുഴിഞ്ഞ് അമ്പേഷിക്കാൻ തൃഷ്ണാശാസ്ത്രം, സാങ്കേതിക വിദ്യ, വൈദഗ്ദ്ധ്യം, 15-ാം നൂററാണ്ടിലെ നാവികനായ ഹെന്റി രാജകുമാരനു വേണ്ടി കടൽ യാത്രകൾ 20-ാം നൂററാണ്ടിൽ ചന്ദ്രനിൽ മനുഷ്യനെ പ്രതിഷ്ഠിക്കാൻ അപ്പോളോ പ്രോജക്ട് എന്നിവ സമാഹരിക്കുന്നു.

വിനാശകാരിയല്ലാത്ത ഒരു ആഗോള സമൂഹത്തിലേക്ക് പരിവർത്തനം ചെയ്യുന്നതിന് രാഷ്ട്രമീമാംസയ്ക്ക് സംഭാവന ചെയ്യാൻ സംഘടനാപരമായ എന്തെല്ലാം പരിവർത്തനങ്ങൾ വിവക്ഷിക്കപ്പെടുന്നു? സമകാലീന ആശയ വിനിമയവും വിവര സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ടവർക്ക് സംഘടനാപരമായ പരിവർത്തനം മുൻകുട്ടിക്കണ്ട് വിനാശകരമല്ലാത്ത ആഗോള ജീവിതം സംഘടിപ്പിക്കുന്നതിന് വ്യാപകമായി തയ്യാറെടുപ്പോടെയുള്ള അദ്ധ്വാനം ആവശ്യമായി വരുന്നു. വിനാശകരമല്ലാത്ത കാഴ്ചപ്പാടിനെ പങ്കാളിത്ത ജനാധിപത്യം ലിംഗപദവി, വർണ്ണം, വർഗ്ഗം, രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളും പ്രത്യേകതകൾ എന്നിങ്ങനെ നിലവിലുള്ള ആശയങ്ങളെ ഉൾക്കൊള്ളിക്കയോ, സ... യിപ്പിക്കയോ ചെയ്യണം. അതിനുപകരം പഴയതിനെ പുതുക്കി സംഘടിപ്പിക്കുന്നതിലേക്കോ സമാന്തരപരിവർത്തനാത്മകസംഘടനകളെ രൂപ്പെടുത്തുന്നതിലേയ്ക്കോ വിനാശകരമല്ലാത്ത ശക്തമായ പ്രവർത്തനത്തിന് വേണ്ടി എല്ലാ ശക്തി സ്രോതസുകളെയും സമാഹരിച്ച് ഒരു സങ്കരസംഘടനയെ കെട്ടിപ്പടുക്കുന്നതിലേക്കോ നയിക്കാം.

വിനാശകരമല്ലാത്ത സംഘടനയുടെ സൃഷ്ടിയെക്കുറിച്ച് ഗൗരവമായി ചിന്തിക്കുമ്പോൾ, വിനാശകമല്ലാത്തതിനും ശാസ്ത്രീയ അടിത്തറയുള്ളതിനും, മാനവികതയെ വീണ്ടെടുക്കുന്നതിനും അക്രമരാഹിത്യത്തിന് ശിക്ഷണവും പരിശീലനവും നൽകുന്നതിനും ജീവന് വിലമതിക്കുന്നതിനുതകുന്ന പ്രശ്നപരിഹാരത്തിനും മതേതരത്വത്തിനും സമൂഹത്തിന്റെ എല്ലാ

മേഖലകളിലും അഹിംസാധിഷ്ഠിതമായ ക്ഷേമം പ്രദാനം ചെയ്യുന്ന സേവനം ഒരുക്കുന്നതിനും വേണ്ടിയുള്ള അർപ്പണബോധത്തിന്റെ ആവശ്യകത ബോധ്യപ്പെടുന്നു.

തങ്ങൾ ആരെന്ന് ബോധ്യമുള്ളവരും ജനാധിപത്യം പ്രവൃത്തിക്കുന്നത് എങ്ങിനെയെന്ന് അറിയാവുന്നവരും പ്രവർത്തിക്കാനുള്ള മനോഭാവം ഉള്ളവരുമായ ജനാധിപത്യവിശ്വാസികളാണ് ജനാധിപത്യത്തിന് രൂപം കൊടുത്തത് എന്നതുപോലെ വിനാശകരമല്ലാത്ത സംഘടനകളെയും സമൂഹങ്ങളെയും രൂപപ്പെടുത്തുന്നത് അക്രമവാസനയില്ലാത്ത വ്യക്തികളാണ്. ഹിംസാരാഹിത്യത്തിനും ഉണർവ്വിനും ധാരാളം മാർഗ്ഗങ്ങൾ ഉള്ളതുകൊണ്ട് എല്ലാ മാർഗ്ഗത്തിനും വേണ്ടി എല്ലാവരെയും ചിട്ടപ്പെടുത്താൻ കഴിയുകയില്ല, ജന്മം, വിശ്വാസം, വിവേകം, മാനസാഘാതം (മാനസികാവസ്ഥ) അനുകമ്പ, മൂല്യ-നേട്ട വിശകലനം, അനുകരണം, ചിന്താശക്തി ഇവയെല്ലാം വിനാശകരമല്ലാത്ത കണ്ടെത്തലുകളുടെയും പ്രവർത്തനങ്ങളുടെയും സരണികളാണ്. മനുഷ്യന്റെ വിനാശകരമല്ലാത്ത അർപ്പണബോധത്തിന്റെ വിപുലമായ ചരിത്രവും സമകാലികവുമായ തെളിവുകൾ പരിവർത്തനാത്മകമായ നമ്മുടെ സ്വന്തം കഴിവിനെ കണ്ടെത്തുന്നതിന് പ്രേരണയാകും.

